





പോരൂക്കര തോമ്മാമൽപ്പാൻ

ഭാരത ക്രൈസ്തവ സന്ന്യാസത്തിന്റെ കുലപതി

K 91
K 157
ORKS
00
ALORE
31
M COLLEGE

ബഹു: പോരൂക്കര തോമ്മാമൽപ്പാനച്ചന്റെ 150-ാം ചരമവാർഷികം

DHARMARAM COLLEGE
LIBRARY
BANGALORE-29

സ്മരണിക


DHARMARAM COLLEGE LIBRARY
Ac. No ....6214.....
Call No...(T62) K91/
K157








The Man of God




Bl. Kuriakose Elias Chavara


The Man of God

Bl. Kuriakose Elias Chavara




His Holiness Pope John Paul II







മേജർ ആർച്ച് ബിഷപ്പ്
കർദ്ദിനാൾ ആൻറണി പടിയറ





ചങ്ങനാശ്ശേരി ആർച്ച് ബിഷപ്പ്
മാർ ജോസഫ് പൗവ്വത്തിൽ






റവ. ഡോ. തോമസ് മാമ്പ്രാ

സി. എം. ഐ. പ്രിയോർ ജനറൽ





ഫാ. ജെയിംസ് തയ്യിൽ


സി. എം. ഐ. പ്രൊവിൻഷ്യാൾ



സ്ഥാപക പിതാക്കൻമാർ




ബഹു: പോരൂക്കര തോമ്മാമൽപ്പാനച്ചന്റെ കബറിടം മാന്നാനം സെന്റ് ജോസഫ്സ് ദേവാലയത്തിൽ ഒന്നാമതായി അടക്കംചെയ്തത് ബഹ: പോരൂക്കര തോമ്മാമൽപ്പാനച്ചനെയാണ്.



ബഹു: പോരൂക്കര തോമ്മാമൽപ്പാനച്ചന്റെ ഛായാചിത്രം പൗരസ്ത്യ തീരുസംഘം പ്രിഫെക്ട് അത്യുന്നത കർദ്ദിനാൾ അക്കിലേ സിൽവസ്ട്രീനി അനാഛാദനം ചെയ്യുന്നു





1995 ഡിസംബർ 27,28,29 തീയതികളിൽ ചമ്പക്കുളം കല്ലൂർക്കാട് ഫൊറോനാപള്ളി കേന്ദ്രീകരിച്ച് നടന്ന ബഹുമാനപ്പെട്ട പോരൂക്കര തോമ്മാമല്പാനച്ചന്റെ നൂറ്റിഅൻപതാം ചരമ വാർഷികാഘോഷങ്ങളോടനുബന്ധിച്ച് തയ്യാറാക്കിയ ഈ "സ്മരണിക" സവിനയം പൊതുജന സമക്ഷം സമർപ്പിക്കുന്നു.

ഈ സ്മരണിക അണിയിച്ചൊരുക്കുവാൻ സഹായിച്ച എല്ലാവരേയും കൃതജ്ഞതയോട് സ്മരിക്കുന്നു. പ്രത്യേകിച്ച് ലേഖനങ്ങൾ, പ്രബന്ധങ്ങൾ കവിത തുടങ്ങിയവ തയ്യാറാക്കി തന്ന മാന്യ വ്യക്തികൾക്കും പരസ്യങ്ങൾ തന്നു സഹായിച്ച സ്ഥാപനങ്ങൾക്കും വ്യക്തികൾക്കും ആകർഷണീയമായ പുറംചട്ട തയ്യാറാക്കിയ റവ. ഫാ. നൈനാൻ തെക്കുംതറ സി.എം.ഐ.യ്ക്കും അച്ചടി ഭംഗിയായി നിർവഹിച്ച ആലപ്പുഴ വാണി പ്രിന്റേഴ്സിനും നന്ദി.


പ്രൊഫ. കെ. ജെ. ജോർജ്ജ് കാട്ടാമ്പള്ളി


കൺവീനർ സുവനീർ കമ്മറ്റി.
















യശ്ശശരീരനായ പോരൂക്കര തോമ്മാമല്പാൻ

റവ: ഡോ. ആൻറണി കുര്യാളശ്ശേരി

കുട്ടനാട് - ചരിത്രത്തിലൂടെ:-

എ.ഡി. 52 ൽ വി. തോമ്മാശ്ലീഹാ കൊടുങ്ങല്ലൂരിൽ വന്നിറങ്ങുകയും ക്രിസ്തുമതം പ്രചരിപ്പിക്കുകയും ചെയ്തുവെന്നത് ഒരു ചരിത്രസത്യമാണ്. ഐതിഹ്യമോ പരമ്പരാഗത വിശ്വാസമോ അനുസരിച്ച് മാർത്തോമ്മാശ്ലീഹായിൽ നിന്നും വിശ്വാസം സ്വീകരിച്ചവരിൽ ഏതാനും കുടുംബക്കാർ പാലയൂരിൽ നിന്നും തെക്കോട്ടുപോന്നു കുറവിലങ്ങാടും പരിസരപ്രദേശങ്ങളിലുമായി സ്ഥിരതാമസമാക്കിയെന്നു പറയപ്പെടുന്നു. ശ്ലീഹായിൽ നിന്നും ക്രിസ്തുമതം സ്വീകരിച്ച പാലയൂർ ഗ്രാമവാസികളായ നാലു ബ്രാഹ്മണ ഇല്ലക്കാരുടെ സന്തതിപരമ്പര ക്രൈസ്തവം ആദിമ നൂറ്റാണ്ടുകൾ മുതൽ കുറവിലങ്ങാട്ടും അയൽകരകളിലും അധിവസിച്ചു വന്നിരുന്നുവെന്നും അവരിൽ ഗണ്യമായ ഭാഗം പല അവസരങ്ങളിൽ ഈ സ്ഥലങ്ങളിൽ നിന്നു കേരളത്തിൻെറ വിവിധ ഭാഗങ്ങളിലേയ്ക്ക് മാറിതാമസിച്ച് അവിടങ്ങളിൽ പൂർവ്വികരോടൊപ്പം ക്രൈസ്തവ ദീപം ഉജ്ജ്വലമായി പരിപാലിക്കുന്നു എന്നുള്ളതും കുറവിലങ്ങാടിൻെറ അപദാനങ്ങളിൽപെടുന്നതാണ്. [1]

ക്രിസ്താനികൾ കുട്ടനാടൻ പ്രദേശങ്ങളിലേയ്ക്ക് കുടിയേറ്റം ആരംഭിച്ചത് ഏ. ഡി. 400-ാം ആണ്ടോടടുത്താണ് എന്ന് കരുതപ്പടുന്നു. കൊല്ലം, നിലയ്ക്കൽ, കുറവിലങ്ങാട്, നിരണം, കടുത്തുരുത്തി, കൊടുങ്ങല്ലൂർ, ഇടപ്പള്ളി, മുതലായ സ്ഥലങ്ങളിൽ നിന്നാണ് അധികമാളുകളും കുടിയേറ്റക്കാരായി വന്നത്. പുളിങ്കുന്ന്, ചമ്പക്കുളം, കൈനകരി, മുതലായ കുട്ടനാട്ടിലെ സ്ഥങ്ങളിലുള്ള പലകുടുംബക്കാരും അവരുടെ ആരംഭം കുറിച്ചിലങ്ങാട്ടെ നാലുകുടുംബങ്ങളിൽ ഒന്നായി അഭിമാനപൂർവ്വം അവകാശപ്പെടാറുണ്ട്. സുറിയാനിക്കാർക്ക് നാട്ടുമെത്രാൻമാരെ ലഭിക്കുന്നതിനു വേണ്ടി അത്യധികം ത്യാഗങ്ങൾ സഹിക്കുകയും പിന്നീട് എറണാകുളം വികാരിയാത്തിൻെറ ആദ്യ വികാരി അപ്പോസ്തലിക്കാ ആക്കുകയും ചെയ്ത പുളിങ്കുന്ന് പഴേപറമ്പിൽ മാർ ളൂയീസ് മെത്രാൻെറ കുടുംബം ഏ.ഡി. 15-ാം നൂറ്റാണ്ടിൽ കുറവിലങ്ങാട്ടെ നാലു കുടുംബങ്ങളിൽ ഒന്നായ ശങ്കുരിക്കൽ കുടുംബത്തിൽ നിന്നും ഒരു കാരണവർ പുളിങ്കുന്നിൽ വന്ന് താമസിച്ച് ആരംഭിച്ചതാണ് എന്ന് ഷെവലിയർ ഐ. സി. ചാക്കോ മാർ ളൂയിസ് പഴേപ്പറമ്പലിൻെറ ജീവചരിത്രത്തിൽ പറഞ്ഞിട്ടുണ്ട്. [2]

കുട്ടനാട്ടിലേയ്ക്ക് കുടിയേറ്റം നടന്നത് ഏതെല്ലാം കാലഘട്ടങ്ങളിലായിരുന്നുവെന്നോ ഏതെല്ലാം കാരണങ്ങളാലായിരുന്നുവെന്നോ കൃത്യമായി കാണിക്കുന്ന ചരിത്രരേഖകൾ വളരെ ചുരുക്കമാണ്. ചരിത്രാതീതകാലത്തുണ്ടായ ഒരു ഭൂമികുലുക്കം മൂലമോ മറ്റോ താഴ്ന്നു പോയ കുട്ടനാടൻ പ്രദേശം അധികഭാഗവും വെള്ളത്തിനടിയിലായതും പമ്പാനദിയും കൈവഴികളും ഈ പ്രദേശത്തിൻെറ മദ്ധ്യഭാഗത്തുകൂടി ഒഴുകിയിരുന്നതും നെൽക്കൃഷിക്കുള്ള സാദ്ധ്യതയേറ്റി. തൻമൂലം കൃഷിയിൽ തല്പരരായ പലരും ഈ ഭാഗത്തേയ്ക്കു ആകർഷിക്കപ്പെട്ടു. ചിറകളിലും വലിയ ആഴമില്ലാത്ത പാടശേഖരങ്ങളിലും നന്നായി കൃഷിചെയ്യാനാവുമെന്ന് അവർ കണ്ടെത്തി. അധികം ക്ലേശിച്ചാണെങ്കിലും വെള്ളം മൂടിയ സ്ഥലങ്ങൾ നെൽപ്പാടങ്ങളാക്കുവാനും ചിറകളിലും പറമ്പുകളിലും തെങ്ങു കൃഷിചെയ്യാനും കൃഷിസ്ഥലങ്ങൾ അന്വേഷിച്ചെത്തിയവർക്കു കഴിഞ്ഞു. എന്നാൽ യാത്രാസൗകര്യങ്ങൾ തീർത്തും പരിമിതമായിരുന്ന അന്നത്തെ ഏകമാർഗ്ഗം വള്ളത്തിൽ കൂടിയുള്ള യാത്രമാത്രമായിരുന്നു. ഏതാണ്ട് ഈ കാലത്ത് ചൈനയുമായിട്ടുണ്ടായിരുന്ന വ്യാപാരബന്ധം വഴിയായി അന്നു ചൈനയിൽ സാധാരണമായിരുന്ന 'കെട്ടുവള്ളം' കേരളത്തിലും നിർമ്മിക്കുവാൻ തുടങ്ങി. ഒറ്റത്തടി വള്ളത്തേക്കാൾ വലുപ്പത്തിൽ പലകകൾ ചേർത്ത് ചകിരിയും കയറും യോജിപ്പിച്ചു വെള്ളം കയറാത്ത രീതിയിൽ വലിയ കെട്ടുവള്ളങ്ങൾ ഇവിടെ നിർമ്മിച്ചത് ചൈനാക്കാരുടെ സ്വാധീനത്തിലാണെന്ന് സുപ്രസിദ്ധ ചരിത്രകാരനും ചൈനയിലെ ആദ്യത്തെ ഇൻഡ്യൻ അമ്പാസിഡറുമായിരുന്ന ഡോ. കെ. എം. പണിക്കർ അഭിപ്രായപ്പെട്ടിട്ടുണ്ട്. ഇവിടുത്തെ കമ്പവലയും (ചീനവലയെന്നും പേരുണ്ട്.) ചീനച്ചട്ടിയും, ചീനവെടിയും ഒക്കെ ചൈനാബന്ധത്തിൽ നിന്നും നമുക്കു ലഭിച്ചതാണെന്നാണ് അദ്ദേഹത്തിൻെറ അഭിമതം. കുട്ടനാട്ടിലേയ്ക്കുള്ള കുടിയേറ്റത്തിനും കൃഷിക്കും ഈ കെട്ടുവള്ളങ്ങൾ വളരെ സഹായിച്ചിട്ടുണ്ട്. കേരളത്തിലെ തീരപ്രദേശങ്ങളിലും പ്രത്യേകിച്ച് കുട്ടനാടൻ പ്രദേശങ്ങളിലും തെങ്ങു കൃഷിക്കു വിദേശീയരും കച്ചവടമനസ്ഥിയുമായി വന്ന ഡച്ചുകാരും പ്രോത്സാഹനം നൽകിയെന്നത് നമുക്കു ചിലപ്പോൾ അവിശ്വസനീയമായി തോന്നിയേക്കാം. പ്രസിദ്ധ ചരിത്രകാരനും കേരളചരിത്രം ആഴത്തിൽ പഠിച്ചിട്ടുള്ള ആളുമായ ഏ. ശ്രീധരമേനോൻ അദ്ദേഹത്തിൻെറ കേരളചരിത്രത്തിൽ പറയുന്നു, കേരളവാണിജ്യത്തിനു പുനരുജ്ജീവനം സംഭവിക്കാനനുകൂലമായ സാഹചര്യങ്ങൾ അവർ (ഡച്ചുകാർ) സൃഷ്ടിച്ചു. കേരളത്തിലെ കാർഷിക സമ്പദ്ഘടന മെച്ചപ്പെടുത്താനുദ്ദേശിച്ചുകൊണ്ട് പുതിയ തരം ഉല്പന്നങ്ങളും ശാസ്ത്രീയമായ കൃഷിരീതികളും ഡച്ചുകാർ ഇവിടെ നടപ്പിലാക്കി. അവരുടെ ആഭിമുഖ്യത്തിൽ



കേരളത്തിന്റെ തീരപ്രദേശങ്ങളിൽ തെങ്ങുകൾ വിപുലമായി നട്ടുപിടിപ്പിക്കപ്പെട്ടു. തെങ്ങു കൃഷിക്കു പ്രോത്സാഹനം നൽകുവാൻ നല്ലതരം തൈകളും ശാസ്ത്രീയമായ കൃഷി സമ്പ്രദായങ്ങളും അവർ പ്രചരിപ്പിച്ചു.[3]

കുട്ടനാട് കുരുമുളകിനു കേഴ്വികേട്ടതാണെന്ന് ചരിത്രകാരന്മാർ അവകാശപ്പെടുന്നു. "മുസ്സിരിസ്സിന് (കൊടുങ്ങല്ലൂർ) തെക്കുമാറിയുള്ള 'ബറക്കേ(ബക്കറെ) ഒരു മികച്ച വാണിജ്യ കേന്ദ്രമായിരുന്നു. പ്രസിദ്ധ ചരിത്രകാരനായ പ്ലീനി ഈ സ്ഥലത്തെക്കുറിച്ച് വിശദമായ വിവരങ്ങൾ നൽകുന്നുണ്ട്. ബാരീസ്, നദീമുഖത്തുള്ള ഒരു തുറമുഖമായിരുന്നു 'ബറക്കേ' ചിലരുടെ അഭിപ്രായത്തിൽ 'ബാരീസ്' പമ്പാനദിയാണ്. വിദേശ കപ്പലുകൾക്ക് 'ബറക്കേ'യിൽ സൗകര്യമായി അടുക്കുവാൻ പറ്റുമായിരുന്നു. മുസ്സിരീസ്സിലെ പോലെ അവിടെ കടൽക്കൊള്ളക്കാരുടെ ഉപദ്രവം ഉണ്ടായിരുന്നില്ല. ഉൾനാടൻ പ്രദേശമായ "കൊട്ടനോറ"യിൽ നിന്ന് ധാരാളം കുരുമുളക് "ബറക്കേ"യിൽ എത്തിയിരുന്നതായി പെരിപ്ലസുകാരൻ പറയുന്നു. 'ബറക്കേ' ആലപ്പുഴക്കു തെക്കുള്ള പുറക്കാടാണെന്നും, 'കൊട്ടനോറ' പമ്പയുടെ മുഖത്തുള്ള ഫലഭൂയിഷ്ഠവും ഒന്നാംതരം കുരുമുളകിന് കീർത്തികേട്ടതുമായ കുട്ടനാടാണെന്നും അഭിപ്രായമുണ്ട്. പുറക്കാടിനും ബറേക്കായ്ക്കും ഭാഷാശാസ്ത്രപരമായ സാമ്യം കാണാം. പോർട്ടുഗീസുകാരും ഡച്ചുകാരുമായ ഗ്രന്ഥകാരന്മാർ "പൊർക്ക", "പൊർക്കൈ" എന്നിങ്ങനെയാണ് പുറക്കാടിനെ പരാമർശിക്കുന്നത്. ഏതു രീതിയിൽ നോക്കിയാലും 'പുറക്കാട് ഒരു കാലത്ത് ഒരു നല്ല തുറമുഖമായിരുന്നെന്നു കാണാം [4].

1729-ൽ മാർത്താണ്ഡവർമ്മ സ്ഥാനാരോഹണം ചെയ്യുന്നതുവരെ തിരുവിതാംകൂർ ഒരു ചെറുകിട രാജ്യമായിരുന്നു. 1731-ൽ കേവലം 25 വയസ്സിൽ തിരുവിതാംകൂർ വിപുലപ്പെടുത്തുന്നതിനുള്ള ശ്രമങ്ങൾ ആരംഭിച്ചു. ആദ്യം കൈവശപ്പെടുത്തിയത് അയൽരാജ്യമായ കൊല്ലമായിരുന്നു. കായംകുളം, പുറക്കാട്, വടക്കുംകൂർ, കൊച്ചി, എന്നീ രാജ്യങ്ങളിലെ ഭരണാധിപന്മാർ ഒരുമിച്ചു കൂടി മാർത്താണ്ഡവർമ്മയുടെ അക്രമത്തിന് എതിരായി നീങ്ങി. പക്ഷേ മാർത്താണ്ഡ ഇത് അവസരമാക്കി ആ രാജ്യങ്ങളെ കീഴടക്കുകയാണ് ചെയ്തത്.

ഇതിനോടകം സുപ്രസിദ്ധമായി തീർന്ന പുറക്കാട് തുറമുഖവും അവിടുത്തെ കുരുമുളകു വ്യാപാരവും യുദ്ധം മൂലം കുഴപ്പത്തിലായി.

ഈ കാലത്തുതന്നെ ലന്തക്കാരും ഇംഗ്ലീഷുകാരും പുറക്കാട്ടു വന്ന് കുരുമുളക് വ്യാപാരം നടത്തിയിരുന്നു. യുദ്ധം കാരണം കൊല്ലത്തു നിന്നും കയറ്റുമതി പ്രയാസമായപ്പോൾ കൊല്ലം ഉൾപ്പെടെയുള്ള തെക്കൻ പ്രദേശങ്ങളിൽ നിന്നും കുട്ടനാട്ടിൽ നിന്നുമുള്ള കുരുമുളക് പലപ്പോഴും പുറക്കാട്ടേയ്ക്ക് ഒളിച്ചു കടത്തി കയറ്റുമതി നടത്തിയിരുന്നു. എന്നാൽ ഇതിനകം ഡച്ചുകാർ കേരളത്തിലെ പലനാടുവാഴികളുമായി ഉടമ്പടികൾ ഉണ്ടാക്കിയിരുന്നു. ഈ ഉടമ്പടികളിലൂടെ വാണിജ്യ കുത്തക ഡച്ചുകാരെ ഏല്പിച്ചുകൊടുത്തു. "1642-ൽ ചെമ്പകശ്ശേരി രാജാവുമായി ഉടമ്പടിചെയ്തു. 1643-ൽ പുറക്കാട്ടെയും കായംകുളത്തെയും രാജാക്കന്മാരുമായും പുതിയ ഉടമ്പടികൾ ഉണ്ടാക്കി. യൂറോപ്പിലെ ഇതര ശക്തികളുമായി യാതൊരിടപാടും നടത്തുകയില്ലെന്ന് അവർ സമ്മതിച്ചു"[5]. ഡച്ചുകാരുമായി നാടുവാഴികൾ ഇപ്രകാരം ഉടമ്പടിയുണ്ടാക്കിയെങ്കിലും ഇതിനോടകം ഇംഗ്ലീഷുകാർ ശക്തി പ്രാപിച്ചുകൊണ്ടിരുന്നു. " 1664-ൽ ഇംഗ്ലീഷുകാർ പുറക്കാട്ട് ഒരുപണ്ഡകശാല സ്ഥാപിച്ചിരുന്നു. എന്നാൽ ഡച്ചുകാരുമായുള്ള ഉടമ്പടി അനുസരിച്ച് അവരെ അവിടെ നിന്നും രാജാവ് പറഞ്ഞയച്ചു. കുരുമുളകിനു കൂടുതൽ വിലകൊടുക്കുന്നതിനും നേരിട്ട് കമ്പോളത്തിൽ വന്ന് വാങ്ങുന്നതിനും ഇംഗ്ലീഷുകാർ തയ്യാറായിരുന്നതുകൊണ്ട് അവർ തമ്മിലുള്ള മത്സരം വളരെ വേഗം മൂർഛിച്ചു"[6]. ഈ കാലത്ത് ചെമ്പകശ്ശേരിയുടെ ആൾക്കാർ രാജാവിന്റെ അറിവോടുകൂടിതന്നെ കുരുമുളകു ശേഖരണത്തിനായി തെക്കൻ പ്രദേശങ്ങളിലേയ്ക്ക് വള്ളങ്ങളിൽ പോയിരുന്നു. എന്നാൽ പലപ്പോഴും കൊള്ളയും മത്സരങ്ങളും ആ ഭാഗങ്ങളിൽ നടന്നിരുന്നു. ഇങ്ങനെ കുരുമുളകു ശേഖരിച്ച് ചെമ്പകശ്ശേരിയെ ഏല്പിക്കുകയും ചെമ്പകശ്ശേരി പുറക്കാട്ട് ലന്തക്കാർക്ക് കൊടുക്കുകയുമായിരുന്നു പതിവ്. ഇപ്രകാരം കുരുമുളകു ശേഖരണത്തിൽ ഉണ്ടാകുന്ന സംഘട്ടനങ്ങൾ ഒഴിവാക്കുന്നതിന് നാട്ടുകാരായ മല്ലന്മാരുടെയും മുഷ്കന്മാരുടേയും സഹായവും പിന്തുണയും ആവശ്യമായിവന്നു"[7]. അങ്ങനെയുള്ളവരെ രാജകക്ഷിയിൽ ചേർത്ത് ചെമ്പകശ്ശേരിയെ സഹായിച്ചവരിൽ ഒരുവനായിരുന്നു അഷ്ടമുടികായലിന്റെ കിഴക്കോട്ടുള്ള കയറ്റത്തിന്റെ തീരത്തുള്ള തേവലക്കര പോരൂക്കര ഭാഗത്തുണ്ടായിരുന്ന പോരൂക്കരക്കാരൻ കുഞ്ഞുതൊമ്മൻ. ഈ കുഞ്ഞുതൊമ്മൻ ആ ഭാഗത്ത് ജനസമ്മതിയും ആൾ സ്വാധീനവുമുള്ള ആളായിരുന്നു.

കുട്ടനാട്ടിൽ, അധിവാസം ഉറപ്പിച്ച ക്രിസ്താനികൾക്ക് ആദ്യകാലങ്ങളിൽ തങ്ങളുടെ ആത്മീയാവശ്യങ്ങൾ നിർവഹിക്കുവാൻ 15 മൈൽ അകലെയുള്ള നിരണത്തുപള്ളിയിൽ പോകേണ്ടിയിരുന്നു (മാർത്തോമ്മായാൽ സ്ഥാപിതമായത്). ഒരു പള്ളളിയുടെ ആവശ്യവും നിരണത്തുപോകുവാനുള്ള യാത്രാക്ലേശങ്ങളും കണക്കിലെടുത്ത് കുട്ടനാട്ടിൽ ഒരു പള്ളി പണിയുവാൻ തീരുമാനിച്ചു. അക്കാലത്ത് ക്രിസ്താനികൾക്ക് ഇവിടെ ഭൂവുടമാവകാശം ഉണ്ടായിരുന്നില്ല. ദേവസ്വം വകയും ബ്രഹ്മസ്വം വകയും കോവിലകം കാര്യങ്ങളുടെയും വസ്തുക്കൾ മാത്രമേ ഉണ്ടായിരുന്നുള്ളു. ഈ മൂന്നിനം വസ്തുക്കളുടേയും അധികാരികളുടെ സമ്മതത്തോടെ ക്രിസ്താനികൾ സർവ്വസ്വാതന്ത്ര്യമായി താമസിച്ചു ആദായമെടുത്ത് ഉപജീവിച്ചിരുന്നു. പള്ളിവെയ്ക്കുന്നതിന് ദേവസ്വം അധികാരികൾ കൊടുത്ത സ്ഥലം 'കല്ലൂർക്കാട്' എന്ന പുരയിടമായിരുന്നു[8]. ഏ.ഡി. 427-ൽ ചമ്പക്കുളത്തുപള്ളി പണി ആരംഭിച്ചതായി രേഖകളിൽ കാണുന്നു



ണ്ട്. പുഷ്പറോസ നാഥയ്ക്ക് സമർപ്പിതമായ പ്രസ്തുത പള്ളി കല്ലൂർക്കാട് പള്ളി എന്ന പേരിൽ അറിയപ്പെട്ടു. പള്ളിയോടു ചേർന്നുള്ള സാമാന്യം ജനനിബിഡമായ പ്രദേശം കല്ലൂർക്കാട്ടങ്ങാടി എന്നും പ്രസിദ്ധമായി. കല്ലൂർക്കാട്ടങ്ങാടിയിൽ ധാന്യം അളക്കുന്നതിന് ഉപയോഗിച്ചിരുന്ന പറയുടെ തോത് പൊതുവിൽ അംഗീകരിക്കപ്പെട്ടിരുന്നതിനാൽ "കല്ലൂർക്കാടൻ പറ" പ്രശസ്തമായിത്തീർന്നു[9].

കുടുംബ ചരിത്രം

പോരൂക്കര കുടുംബം ചമ്പക്കുളത്ത് (കല്ലൂർക്കാട്ട്) വന്നതിനെപ്പറ്റിയും രണ്ടഭിപ്രായം കാണുന്നുണ്ട്. തേവലക്കര പോരൂക്കര (കൊല്ലം - കരക്കേണി) ഭാഗത്തു നിന്നും ചമ്പക്കുളത്തു വന്നവരാണ് പോരൂക്കര കുടുംബക്കാർ എന്നാണ് ഒരു വിശ്വാസം. പോരൂക്കര കുടുംബവുമായി പലവിധത്തിൽ ബന്ധമുള്ളയാളും "കല്ലൂർക്കാട്ട് പള്ളിയും സുറിയാനി ക്രിസ്ത്യാനികളും" എന്ന ചരിത്ര ഗ്രന്ഥത്തിന്റെ കർത്താവുമായ ശ്രീ. ജേക്കബ് ജെ. കുര്യാളശ്ശേരി ഇപ്രകാരം അഭിപ്രായപ്പെടുന്നു. "രാജകക്ഷിയിൽ ചേർന്ന് രാജപ്രീതി (ചെമ്പകശ്ശേരി രാജാവിന്റെ) സമ്പാദിച്ചവരിൽ ഒരാളായിരുന്നു പോരൂക്കരക്കാരൻ കുഞ്ഞിതൊമ്മൻ. ഈ കുഞ്ഞിതൊമ്മൻ ചമ്പക്കുളത്തു വന്ന് ചെമ്പകശ്ശേരി രാജാവിന്റെ സേനാനായകനായ വെള്ളൂർ കുറുപ്പിന്റെ സഹായത്താൽ ചമ്പക്കുളത്ത് താമസിക്കുന്നതിന് അനുവാദം വാങ്ങിച്ചു. വെള്ളൂർ വീടിനടുത്തുള്ള ആറ്റിനരികലുള്ള പൊറ്റയിൽ പുരയിടത്തിൽ വെള്ളൂർക്കാരുടെ സംരക്ഷണയിൽ താമസമാക്കി. ഇതിനിടയിൽ കുഞ്ഞുതൊമ്മന്റെ ഭാര്യയും കുട്ടികളും ഒന്നുരണ്ടു സഹോദരന്മാരും കൂടി പൊറ്റയിൽ വന്നുചേർന്നു. ഇങ്ങനെ കുടിയേറി താമസിച്ച ബുദ്ധിമാനും കുശാഗ്രബുദ്ധിയും അസാമാന്യ സമർത്ഥനുമായിരുന്ന കുഞ്ഞിതൊമ്മൻ അചിരേണ ചെമ്പകശ്ശേരി രാ.ാവിന്റെ പ്രീതിബഹുമാനങ്ങൾക്കു പാത്രീഭവിച്ചു. എല്ലാവർക്കും കൂടിയുള്ള പൊറ്റയിലെ താമസം അസൗകര്യമായപ്പോൾ രാജാവിനോട് സങ്കടമുണർത്തിച്ച് ആറ്റിന് പടിഞ്ഞാറേക്കര പള്ളിയോട് (കല്ലൂർക്കാട്) അടുത്തുള്ള പുരയിടം കിട്ടുന്നതിന് അപേക്ഷിച്ചു. ആശ്രിതനും ഉറ്റമിത്രവും കാര്യപ്രാപ്തനുമായ കുഞ്ഞിതൊമ്മന്റെ അപേക്ഷ രാജാവ് അനുവദിച്ചു കൊടുത്തു. ഇങ്ങനെ വീടു വച്ച് കുടുംബമാക്കിയ സ്ഥലത്തിന് കുഞ്ഞിതൊമ്മന്റെ ജന്മസ്ഥലമായ "പോരൂക്കര" എന്ന പേരും കൊടുത്തു. ഇന്ന് കല്ലൂർക്കാട്പള്ളിയുടെ വടക്കുവശം വൈദിക മന്ദിരം, മാതാ നേഴ്സറി എന്നിവ സ്ഥിതി ചെയ്യുന്ന സ്ഥലത്തായിരുന്നു പോരൂക്കര കുടുംബം.

പോരൂക്കര കുടുംബത്തിന്റെ കല്ലൂർക്കാട്ടെയ്ക്കുള്ള കുടിയേറ്റത്തെപ്പറ്റി കേരള സഭാ ചരിത്ര പണ്ഡിതനായ ഷെവലിയർ വി.സി. ജോർജിന്റെ അഭിപ്രായം ഇപ്രകാരമാണ്. "പല ശതാബ്ദങ്ങൾക്കു മുൻപ് കാളികാവ് കുടുംബാംഗങ്ങളിൽ പലരും പുളിങ്കുന്ന് ചമ്പക്കുളം ആദിയായ കുട്ടനാടൻ പ്രദേശങ്ങളിലേയ്ക്ക് കുറവിലങ്ങാട്ടു നിന്നും അയൽക്കരകളിൽ നിന്നും താമസം മാറ്റി ഇങ്ങനെ ദേശാന്തര ഗമനം ചെയ്തവരുടെ സന്തതികൾ ഇപ്പോൾ എവിടെയെല്ലാം കാണപ്പെടുന്നുവെന്ന് അനിഷേധ്യമായി പ്രസ്താവിക്കുവാൻ സാധിക്കുകയില്ല. എന്നാൽ പോരൂക്കര, കുര്യാളശ്ശേരി ആദിയായ കുട്ടനാട്ടിലെ ചില കുടുംബങ്ങൾക്ക് പുരാതന കാളികാവ് കുടുംബവുമായി വംശബന്ധമുണ്ടെന്നാണ് ചരിത്രം. ഒരു കാളികാവ് കുടുംബാംഗം തോടിന്റെയോ നദിയുടേയോ ഒരുകരയിൽ കുറെക്കാലം താമസിച്ചു കഴിഞ്ഞപ്പോൾ മറ്റേക്കരയിൽ താമസിച്ച സ്വന്തക്കാർ "പോരൂ ഇക്കരയ്ക്ക്" എന്നു പറഞ്ഞതനുസരിച്ച് മറ്റെക്കരയിൽ ചെന്നു താമസിച്ചതുകൊണ്ട് "പോരൂക്കര കുടുംബനാമം ഉണ്ടായി എന്നൊരു ഐതിഹ്യമുണ്ട്" [10]. കല്ലൂർക്കാടിന്റെ തീരത്ത് പള്ളിക്കടുത്തുള്ള ചെമ്പകശ്ശേരി രാജാവിൽ നിന്നും ആശ്രിത വത്സലനായ കുഞ്ഞിതൊമ്മന് ദാനമായി ലഭിച്ച വസ്തുവിൽ മൂത്തമകൻ കോര മാറി താമസിച്ചു. ഇങ്ങനെ പോരൂക്കര (പൊറ്റയിൽ നിന്നു മാറി) താമസിച്ച കേരയുടെ മൂത്തമകൻ കുഞ്ഞുതൊമ്മി കോയിക്കരിയിലും (മാപ്പിളശ്ശേരി) രണ്ടാമൻ ഇട്ടിക്കുരുവിള പേരയിലും മൂന്നാമൻ ഈപ്പൻ പോരൂക്കരയിലും (കുടുംബം) താമസിച്ചു[11].

പേരയിൽ താമസിച്ച ഇട്ടിക്കുരുവിളയ്ക്ക് അഞ്ച് ആണും മൂന്നുപെണ്ണും സന്താനങ്ങൾ. മൂത്തമകൻ തോമ്മാ പട്ടത്വം സ്വീകരിച്ചു. (നമ്മുടെ കഥാപുരുഷൻ) രണ്ടാമൻ അന്തോനി തലസ്ഥാനമായിരുന്ന കൊല്ലം പട്ടണത്തിലെ കോടതിയിൽ ഒരു വക്കീലായിരുന്നു. ടി അന്തോനി കല്ല്യാണം കഴിച്ചു പുല്പത്തറയിൽ താമസിച്ചു. മൂന്നാമൻ വർക്കി പേരയിൽ തന്നെ താമസിച്ചു. ഇദ്ദേഹം ഇടപ്രായത്തിൽ മരിച്ചു. നാലാമനും പേരയിൽ താമസിച്ചു. അഞ്ചാമൻ കുറിയാക്കോ (വലിയ പ്രയോരച്ചൻ എന്നറിയപ്പെടുന്ന സി.എം.ഐ. സഭയുടെ രണ്ടാമത്തെ പ്രയോർ ജനറൽ ആയ കുരിയാക്കോസ് ഏലീശാച്ചൻ) വൈദികനായി. പേരയിൽ താമസിച്ചു. മരിച്ചവർക്കിയുടെ ഏകപുത്രൻപടിഞ്ഞാറെ വീട്ടിൽ താമസിച്ചു[12].

നമ്മുടെ കഥാപുരുഷനായ പോരൂക്കര തോമ്മാ മല്പാനച്ചന്റെ സഹോദരനായ കുര്യാക്കോസ് ഏലീശാച്ചനെപ്പറ്റിയും ഒരു വാക്ക് ഇവിടെ ചേർത്തു കൊള്ളട്ടെ. 12-ാംമത്തെ വയസ്സിൽ പള്ളിപുറത്തു സെമിനാരിയിൽ വൈദിക പഠനം ആരംഭിച്ച ഇദ്ദേഹം 1839 മാർച്ച് 16-ാം തീയതി വൈദികപട്ടം സ്വീകരിച്ചു. അക്കാലത്ത് പാദ്രുവാദോ ശീശ്മയിൽ ഉൾപ്പെട്ട കൊല്ലം ഭാഗത്തുള്ള പള്ളികളെ വീണ്ടെടുക്കുന്നതിനായി നിയോഗിക്കപ്പെട്ട ജ്യേഷ്ഠൻ തോമ്മാമല്പാൻ രോഗബാധിതനാകയാൽ അദ്ദേഹത്തെ ശുശ്രൂഷിക്കുന്നതിനും മിഷൻ പ്രവർത്തനങ്ങളിൽ സഹായിക്കുന്നതിനും 1844 വരെ കൊല്ലം മിഷനിൽ



ജോലി ചെയ്തു. ജ്യേഷ്ഠൻ തോമ്മാമല്പാന്റെയും സഹപ്രവർത്തകരുടേയും പരിശ്രമഫലമായി മാന്നാനത്തു രൂപം കൊണ്ടിരുന്ന സന്യാസ ഭവനത്തിൽ ജീവിച്ചു കൊണ്ട് ആയുഷ്കാലം ദൈവത്തിന് പ്രതിഷ്ഠിക്കണമെന്നായിരുന്നു അദ്ദേഹത്തിന്റെ ആഗ്രഹം. ചമ്പക്കുളത്ത് വികാരി ആയിരിക്കുമ്പോൾ തന്നെ അദ്ദേഹം ഇടയ്ക്കിടെ മാന്നാനത്തു പോയി താമസിക്കുമായിരുന്നു. 1860 മുതൽ സ്ഥിരമായി മാന്നാനത്തു താമസിച്ചുകൊണ്ട് പുണ്യപൂർണ്ണത പ്രാപിക്കുന്നതിനുള്ള യത്നങ്ങളിൽ വ്യാപൃതനായിരുന്നു. "1862 മുതൽ മാന്നാനം കൊവേന്തയുടെ വികാരിയായി പൊതു പ്രയോർ ചാവറ കുര്യാക്കോസച്ചൻ അദ്ദേഹത്തെ നിയമിച്ചു. 1871-ൽ ചാവറ കുര്യാക്കോസച്ചൻ ദിവംഗതനാകയാൽ ലെയോനാർദ് മെത്രാപ്പോലീത്താ (വരാപ്പുഴ) ഇദ്ദേഹത്തെ 1871 ഫെബ്രുവരി 22-ാം തീയതി സഭയുടെ രണ്ടാമത്ത് പൊതു പ്രയോരായി നിയമിച്ചു. അതോടൊപ്പം തെക്കൻ ദിക്കുകളിലെ പള്ളികളുടെ വികാരി ജനറാളായും പ്രവർത്തിച്ചു. ഇദ്ദേഹത്തിന്റെ കാലത്തായിരുന്നു മേലൂസ് മെത്രാന്റെ ആഗമനം. മേലൂസ് ശീശ്മക്കെതിരായ സമരത്തിൽ ധീരമായി നേതൃത്വം വഹിച്ച അദ്ദേഹം അതിൽ വിജയശ്രീലാളിതനാകുകയും ചെയ്തു."[13]

സ്വന്തം റീത്തിലും ജാതിയിലും പെട്ട മെത്രാന്മാരെ ലഭിക്കുവാൻ വേണ്ടി റോമിലേയ്ക്ക് നിവേദനങ്ങൾ അയച്ച കാരണത്താൽ ഏഴുപേരെ കർമ്മലീത്താ സഭയിൽ നിന്നും (ഏഴു വ്യാകുലങ്ങൾ) ബഹിഷ്ക്കരിക്കുവാൻ ഇടയായത് ഇദ്ദേഹത്തിന് വളരെ ഹൃദയ വേദന ഉളവാക്കിയ സംഭവമായിരുന്നു. ചമ്പക്കുളത്തെ (കല്ലൂർക്കാട്)ഇന്നത്തെ ദേവാലയം പണിയുന്നതിനു നേതൃത്വം കൊടുത്തതും പോരൂക്കര കുര്യാക്കോസ് ഏലീശ്വാ അച്ചനാണ്.

പോരൂക്കര തോമ്മാമല്പാൻ – സ്മരണകളിലൂടെ

പ്രഥമ കേരള സുറിയാനി സഭയ്ക്ക് അടിസ്ഥാനമിട്ട വന്ദ്യനായ പോരൂക്കര തോമ്മാമല്പാനച്ചൻ ഭാഗ്യമരണം പ്രാപിച്ചിട്ട് 1996 ജനുവരി 8-ാം തീയതി ഒന്നര നൂറ്റാണ്ടു പൂർത്തിയാവുകയാണ്. 1946 ജനുവരി 8-ാം തീയതി ഇദ്ദേഹം ദിവംഗതനായിട്ട് ഒരു നൂറ്റാണ്ട് തികഞ്ഞകാലം ചങ്ങനാശ്ശേരി മെത്രാൻ അഭിവന്ദ്യമാർ ജെയിംസ് കാളാശ്ശേരി തിരുമനസ്സുകൊണ്ട് പ്രസിദ്ധപ്പെടുത്തിയ ഒരു അനുസ്മരണാ ലേഖനത്തിൽ ഇപ്രകാരം പ്രസ്താവിച്ചിരിക്കുന്നു. ഈ ശതാബ്ദ പൂർത്തി സഭയുടെ മാതൃഭവനമായ മാന്നാനത്ത് സവിശേഷമായി അനുസ്മരിക്കപ്പെടുന്നത് സമിചീനമാണ്. നാമും അതിൽ സന്തോഷിക്കുന്നു. സ്ഥാപക പിതാക്കന്മാരുടെയും അനുയോജ്യരായിരുന്ന അനന്തരഗാമികളുടേയും സംഘാത പരിശ്രമഫലമാണ് ഇന്ന് നാം കാണുന്ന കർമ്മലീത്താ സഭയെങ്കിലും അതിന് അടിത്തറ പാകിയവരിൽ അഗ്രിമസ്ഥാനി, കർമ്മലീത്താ സഭയുടെ പ്രഥമ ഭവനത്തിന് മാന്നാനത്ത് ശിലാസ്ഥാപനം നടത്തുകയും രോഗാതുരനായി വിദൂര രംഗത്ത് ശയ്യാവലംബിയായിരുന്നിട്ടും കായക്ലേശം വകവെയ്ക്കാതെ മാന്നാനത്ത് വന്ന് താൻ നട്ട സഭയുടെ പോഷണത്തിനോ എന്ന് തോന്നുമാറ് അവിടെവച്ച് സ്വജീവനെ നിത്യപിതാവിൻ പക്കൽ അക്ഷരാർത്ഥത്തിൽ സുബോധത്തോടെ സമർപ്പിക്കുകയും ചെയ്തതു ഈ ത്യാഗിവര്യനാണെന്നു പറയാം. ഇദ്ദേഹം നട്ടുവളർത്തിയ കർമ്മലീത്താ സഭ പിൽക്കാലത്ത് കത്തോലിക്കാ സഭയെ ചില വിപത്തുകളിൽ നിന്നും രക്ഷിച്ചതു കൂടി അനുസ്മരിക്കുമ്പോൾ ഇദ്ദേഹം ദൈവപരിപാലനയുടെ വിദഗ്ദ്ധ ഹസ്തങ്ങളിലെ ഒരുപകരണമായിരുന്നുവെന്ന് തോന്നിപ്പോകുന്നതതിൽ അസാംഗത്യമില്ല. തീവ്രമായ ഈശ്വരഭക്തി, ദൈവപരിപാലനയിൽ അനന്യ സാധാരണമായ വിശ്വാസം, സർവ്വോപരി ആത്മാക്കളുടെ രക്ഷയിൽ അതീരറ്റ ആഗ്രഹം ഇവയായിരുന്നു സ്മര്യപുരുഷനെ അദ്ദേഹത്തിന്റെ പരിയത്നങ്ങളിലെല്ലാം നയിക്കുകയും നിയന്ത്രിക്കുകയും ചെയ്തിരുന്നത്.

ചരിത്രകാരനായ ശ്രീ. വർഗ്ഗീസ് കാഞ്ഞിരത്തുങ്കൽ രചിച്ച സ്ഥാപകരിൽ ഒന്നാമൻ എന്ന ജീവചരിത്രഗ്രന്ഥത്തിന്റെ ഉപോദ്ഘാദത്തിലേയ്ക്ക് വായനക്കാരുടെ ശ്രദ്ധ ക്ഷണിക്കുകയാണ്. "കടുകുമണി മുളച്ചു വളർന്ന് വൻ വൃക്ഷമാവുക, ചെറുകുല്യകാലപ്രവാഹത്തിൽ വിശാല സരോവരമായി വികാസം പ്രാപിക്കുക, കേവല മൊരു കൈത്തിരിവെട്ടം പടർന്നുയർന്ന് പ്രകാശത്തിന്റെ ഒരു പുത്തൻ ചക്രവാളം സൃഷ്ടിക്കുക, അത്തര മൊരു അത്ഭുതപരിപാലനാപരിപാകമാണ് ഒന്നര ശതാബ്ദത്തിനു മുമ്പ് കേരള സഭയിൽ ബീജാവാപം ചെയ്ത സി. എം. ഐ. എന്ന ബീജാക്ഷര പ്രസിദ്ധമായ അമലോത്ഭവ മാതാവിന്റെ കർമ്മലീത്താ സഭയുടെ വികാസ പരിണാമ ചരിത്രത്തിൽ നിഷ്പക്ഷമതികൾക്ക് കാണാൻ കഴിയുക. കേരളത്തിന്റെ നാലതിരുകൾക്കുള്ളിൽ വളർച്ചയുടെ പല പടവുകളും കടന്ന സഭ പെരിയാറും ഭാരതപ്പുഴയും തരണം ചെയ്ത് സഹ്യനും വിന്ധ്യനും പിന്നിട്ട് വിശാല ഭാരതത്തിന്റെ വിരിമാറിൽ ഗംഗയും യമുനയും തഴുകുന്ന മണ്ണിൽ ക്രിസ്തീയ സ്നേഹസാഫല്യത്തിന്റെ അജ്ഞാത മേഖലകളിൽ സുവിശേഷ സാക്ഷീകരണം നൽകുന്നതിൽ വ്യാപൃതമായിരിക്കുന്നു".

പോരൂക്കര തോമ്മാമല്പാനച്ചന്റെ സഹോദരനായ കുര്യാക്കോസ് ഏലീശ്വാ അച്ചൻ തന്റെ ഡയറിക്കുറിപ്പുകളിലൂടെ മല്പാനച്ചന്റെ വിശുദ്ധ ജീവിതത്തിന് സാക്ഷ്യം നൽകുന്നുണ്ട്.

ഇങ്ങനെ ഭാരത ക്രൈസ്തവ സഭയിലെന്നല്ല ലോകക്രൈസ്തവ സഭയിൽ തന്നെ എണ്ണപ്പെട്ട സംഭാവനകൾ നൽകികൊണ്ടിരിക്കുന്ന സി.എം.ഐ. സഭയ്ക്ക് അടിസ്ഥാനമിട്ട ആൾ എന്നും അടിത്തറ പാകിയവരിൽ അഗ്രിമസ്ഥാനി എന്നും ചരിത്രപഠിതാക്കൾ വിളിച്ചിട്ടു



ള്ള പോരൂക്കരയച്ചന്റെ ലഘു ജീവചരിത്രമാണ് ഇവിടെ കുറിക്കുന്നത്.

ജനനവും ബാല്യവും

കുട്ടനാട്ടിലെ കല്ലൂർക്കാട്ട് ഇടവകയിൽ പോരൂക്കര കുടുംബത്തിൽ ഇട്ടിക്കുരുവിളയുടേയും മറിയത്തിന്റെയും (മണ്ണംപ്ലാക്കൽ, ചിറക്കടവ്) സീമന്ത പുത്രനായി പോരൂക്കര തോമ്മാമല്പാൻ ഭൂജാതനായി. ഇദ്ദേഹത്തിനു നാലു സഹോദരന്മാരും മൂന്ന് സഹോദരിമാരുമാണുണ്ടായരുന്നത്. ദൈവഭക്തിയും വിജ്ഞാനവും വിനയസൗശീല്യാദി സദ്ഗുണങ്ങളും തികഞ്ഞവരായിരുന്നു ഇദ്ദേഹത്തിന്റെ മാതാപിതാക്കന്മാർ. പിതാവായ ഇട്ടിക്കുരുവിള ധനാഢ്യനും നാട്ടുപ്രമാണിയും തരകസ്ഥാനീയനുമായിരുന്നു. പകമനസ്ക്കനും വിവേകമതിയുമായിരുന്ന ഈ അത്മായ പ്രമുഖൻ സഭാകാര്യങ്ങളിൽ അതീവ താൽപര്യം പ്രദർശിപ്പിച്ചിരുന്നു. കേരള സഭയെ അന്ന് അലട്ടികൊണ്ടിരുന്ന അസ്വസ്തതകൾക്കും ഛിദ്രവാസനകൾക്കും ആത്മീയാലസ്യത്തിനും സിദ്ധൗഷധം വിജ്ഞാനവും അർപ്പണബോധവുമുള്ള വൈദീകസമൂഹത്തിന്റെ സന്യാസോചിതമായ ജീവിതമായിരിക്കുമെന്ന് ഉറച്ചു വിശ്വസിച്ചിരുന്ന ഇട്ടിക്കുരുവിള തന്റെ വത്സല മക്കൾക്കു ആ വിശ്വാസത്തിനു അനുരൂപമായ ശിക്ഷണം നൽകുന്നതിൽ ബദ്ധശ്രദ്ധനായിരുന്നു. തന്റെ വത്സല പുത്രനു നൽകിയ ഈ ശിക്ഷണം പില്ക്കാലത്ത് കേരളസഭയ്ക്കും സന്യാസ സമൂഹത്തിനും ശ്രദ്ധേയമായ സംഭാവനകൾ നൽകുവാൻ ഈ മകനെ പ്രാപ്തമാക്കിയെന്നുള്ളത് തർക്കമറ്റ കാര്യമാണ്. നാട്ടുനടപ്പുള്ള പ്രാഥമിക വിദ്യാഭ്യാസത്തിനു ശേഷം അദ്ദേഹത്തിന്റെ പിതാവ് അഞ്ചുതെങ്ങിൽ നിന്നും ഒരു ഭാഷാപണ്ഡിതനെ വരുത്തി തമിഴ്, ഇംഗ്ലീഷ്, പോർട്ടുഗീസ് ഭാഷകൾ അഭ്യസിപ്പിച്ചു. തമിഴ് ഭാഷയിലുള്ള അഗാധമായ ജ്ഞാനം ആ ഭാഷയിലെ ആദ്ധ്യാത്മിക ഗ്രന്ഥങ്ങളുമായി പരിചയപ്പെടുവാൻ അവസരമുണ്ടാക്കി. അക്കാലത്ത് ദേവാലയത്തിൽ തമിഴിലുള്ള സത്യവേദ പുസ്തകം വായിക്കുവാൻ തോമ്മാച്ചനെയത്രേ നിയോഗിച്ചിരുന്നത്. സത്യസന്ധനും സൗമ്യനും ധീഷണശാലിയുമായിരുന്ന തോമ്മാച്ചൻ ഗുരുഭൂതരുടേയും സഹപാഠികളുടേയും സ്നേഹവാത്സല്യങ്ങൾക്കു പാത്രീഭൂതനായതിൽ അത്ഭുതത്തിനവകാശമില്ല. ദൈവീക ജീവിതത്തോടുള്ള തോമ്മാച്ചന്റെ ആഭിമുഖ്യം മനസ്സിലാക്കിയ സൂക്ഷ്മദൃക്കായ പിതാവ് അവനെ വൈദിക വിദ്യാഭ്യാസത്തിനയയ്ക്കുവാൻ ആഗ്രഹിച്ചു. കേരളകത്തോലിക്കരുടെ ആത്മീയോൽക്കർഷത്തിനു സുഖകരമായ ഒരു മാർഗ്ഗം വെട്ടിത്തെളിക്കണമെന്നുള്ള ഇട്ടിക്കുരുവിളത്തരകന്റെ ഉത്ഘടമായ അഭിനിവേശമാണ് തന്റെ വാത്സല്യസുതനെ വൈദികവിദ്യാഭ്യാസത്തിനയയ്ക്കുവാൻ പ്രേരിപ്പിച്ചത്. തന്റെ ലക്ഷ്യം സാക്ഷാത്ക്കരിക്കപ്പെടുവാൻ ഒരു സന്ന്യാസ സഭയുടെ സ്ഥാപനവും അദ്ദേഹം മുന്നിൽ കണ്ടിട്ടുണ്ടാവുമെന്ന് പിന്നീടുണ്ടായ സംഭവ പരമ്പരകളിൽ നിന്നും അനുഭവങ്ങളിൽ നിന്നും അനുമാനിക്കാവുന്നതാണ്. പില്ക്കാലത്ത് തന്റെ പിതാവിന്റെ ശുദ്ധലാക്കിനു തക്കവണ്ണം ലോകപ്രപഞ്ചങ്ങളിലും വീട്ടുകാര്യങ്ങളിലും കലരാതെ ദൈവശുശ്രൂഷയിൽ കാലം പോക്കണമെന്നുള്ള ആഗ്രഹപ്രകാരം സഭാസ്ഥാപനത്തിൽ പ്രദർശിപ്പിച്ച താത്പര്യവും വൈദികജീവിതത്തോടുള്ള അഭിനിവേശവും അദ്ദേഹത്തിൽ രൂഢമൂലമായിരുന്നുവെന്നതിന്റെ തെളിവാണ്. "കുർബാനപ്പട്ടം ഏറ്റുവന്നാൽ വാശ്ശ വനവാസത്തിനു പൊയ്ക്കളയാം" എന്നും ഒരിക്കൽ അദ്ദേഹം പറഞ്ഞത്.

അക്കാലങ്ങളിൽ വൈദിക വിദ്യാഭ്യാസം ഏതാണ്ടൊരു ഗുരുകുല വിദ്യാഭ്യാസ രീതിയിലായിരുന്നു. പാണ്ഡിത്യവും ജീവിത വിശുദ്ധിയും പൊതുജനാംഗീകാരവും നേടിയിട്ടുള്ള വൈദികാചാര്യന്മാരുടെ കീഴിൽ, അവരോടൊപ്പം താമസിച്ച് വൈദിക വിദ്യാർത്ഥികൾ പരിശീലനം നേടുകയായിരുന്നു പതിവ്. മല്പാൻ ഭവനങ്ങൾ എന്ന പേരിലാണ് ഇത്തരം പരിശീലന കേന്ദ്രങ്ങൾ അറിയപ്പെട്ടിരുന്നത്. കേരളത്തിലെ വടയാർ, കുമരകം, പള്ളിപ്പുറം മുതലായ കേന്ദ്രങ്ങളിലെ വൈദിക ഗുരുകുലങ്ങൾ ഏറെ പ്രസിദ്ധങ്ങളായിരുന്നു. എന്നിരിക്കിലും അക്കാലത്തെ വൈദിക വിദ്യാലയങ്ങളിൽ മുൻപന്തിയിൽ നിന്നിരുന്ന വരാപ്പുഴ അപ്പസ്തോലിക്കാ സെമിനാരിയിൽ ചേർന്നു പഠിക്കുവാൻ പോരൂക്കര തോമ്മാച്ചനു അവസരം ലഭിച്ചു. ഞാറയ്ക്കൽ സ്വദേശിയായ ചെറിയാൻ കുര്യൻ എന്ന വൈദികൻ അന്ന് വരാപ്പുഴ സെമിനാരിയിൽ മല്പാനായിരുന്നു. വരാപ്പുഴ മെത്രാസനത്തിലെ നിർദ്ദേശ പ്രകാരം കല്ലൂർക്കാട്ടു പള്ളിയിൽ കണക്കു പരിശോധനയ്ക്കു നിയോഗിക്കപ്പെട്ടിരുന്ന ഈ വൈദികനെ സമീപിച്ച് ഇട്ടിക്കുരുവിളത്തരകൻ തന്റെ പുത്രനെയും വരാപ്പുഴ സെമിനാരിയിൽ ചേർക്കണമെന്ന് അപേക്ഷിച്ചു. ഇടവകയോഗവും അതിനെ അനുകൂലിച്ചു. അക്കാലത്ത് ഇടവകയോഗത്തിന്റെ അനുകൂലാഭിപ്രായം സെമിനാരി പ്രവേശനത്തിന് ആവശ്യമായിരുന്നു. മല്പാനച്ചനും സമ്മതം നൽകി. അങ്ങനെ സഹപാഠികൾക്കും ഗുരുഭൂതർക്കും തികച്ചും സംതൃപ്തി ജനകമായ വിധത്തിൽ തോമ്മാശെമ്മാശ് സെമിനാരി ജീവിതം ആരംഭിച്ചു.

പതിനേഴാമത്തെ വയസ്സിൽ ബോംബെ മെത്രാനായിരുന്ന പീറ്റർ ദെൽക്കാന്തർതിരുനേയിൽ നിന്നും പ്രാരംഭപട്ടം സ്വീകരിച്ചു. അടുത്തവർഷം നാലാം പട്ടവും വൈദിക വിദ്യാർത്ഥിയായിരുന്ന കാലത്ത് സെമിനാരിയിലെ നാളാഗമം പൊതുപ്രാധാന്യമുള്ള അനുദിന വാർത്തകൾ എന്നിവ എഴുതുന്നതിന് ഇദ്ദേഹം നിയോഗിക്കപ്പെട്ടു. ആകർഷകമായും ആശയസമ്പുഷ്ടമായും ആദ്ധ്യാത്മിക പ്രഭാഷണങ്ങൾ നടത്തുവാൻ അനന്യ സാധാരണമായ പ്രാഗത്ഭ്യം നേടിയിരുന്നു. തിരുന്നാളുകൾ,



പൗരോഹിത്യ സ്വീകരണം തുടങ്ങിയ വിശേഷദിവസങ്ങളിൽ പോലും ആത്മീയ പ്രഭാഷണത്തിന് ഇദ്ദേഹത്തെ ചുമതലപ്പെടുത്താറുണ്ടായിരുന്നു. ഇതരദേവാലയങ്ങളിലും പ്രസംഗത്തിനായി തോമ്മാശെമ്മാശൻ ക്ഷണിക്കപ്പെട്ടിരുന്നു. വാഗ്വിത്വത്തിൽ എന്നപോലെ പഠനത്തിലും ജീവിത വിശുദ്ധിയിലും ഇദ്ദേഹം മുൻപന്തിയിലായിരുന്നു. ഇക്കാലഘട്ടത്തിലാണ് (1918) തോമ്മാച്ചന്റെ സർവ്വസ്വവും പ്രചോദന കേന്ദ്രവുമായിരുന്ന വത്സല പിതാവിന്റെ മരണം. താൻ പൗരോഹിത്യത്തിന്റെ പദവികൾ കയറുന്നതു കാണുവാൻ കൊതിച്ചിരുന്ന തന്റെ പിതാവ് അകാലത്തിൽ ഈ ലോകത്തോടു വിടപറഞ്ഞതു തോമ്മാച്ചന്റെ ജീവിതത്തിൽ അഗാധമായ വ്യഥയുടെ കരിനിഴൽ പരത്തി. എങ്കിലും ദൈവഹിതത്തിനു സമ്പൂർണ്ണമായി കീഴ്പ്പെട്ടു സ്വപിതാവിന്റെ ജീവിതാഭിലാഷ സാക്ഷാത്ക്കാരത്തിനായി പ്രാർത്ഥനാപൂർവ്വം തയ്യാറായി കാത്തിരുന്നു. അങ്ങനെ സമയത്തിന്റെ പൂർണ്ണതയിൽ പോരൂക്കര കുടുംബത്തിന്റെ ആശാവല്ലരി പൂവണിഞ്ഞു. തോമ്മാശെമ്മാശൻ 1823-ൽ തന്റെ 23-ാം മത്തെ വയസ്സിൽ പൗരോഹിത്യ പദവിയിലേയ്ക്ക് ഉയർത്തപ്പെട്ടു.

ഇടവക പ്രേഷിതത്വം

വൈദികാഭിഷിക്തനായി ഏറെകഴിയും മുൻപേ പോരൂക്കര കൊച്ചച്ചൻ സ്വന്തം ഇടവകയായ ചമ്പക്കുളം കല്ലൂർക്കാടിന്റെ വികാരിയായി നിയമിതനായി. രണ്ടുവർഷം അദ്ദേഹം അവിടെ സേവനമനുഷ്ഠിച്ചു. ഇടവകയുടെ ആദ്ധ്യാത്മിക നവോത്ഥാനത്തിന്റെ നാളുകളായിരുന്നു അവ. "സംഗീതോപകരണങ്ങളുപയോഗിച്ച് ഒരു ഗായകസംഘത്തെ ചിട്ടപ്പെടുത്തി അവരുടെ സഹകരണത്തോടെ അദ്ദേഹം ദേവാലയ കർമ്മങ്ങളെ ഏറ്റം ഭക്തി സാന്ദ്രമായും സമാകർഷകമായും രൂപാന്തരപ്പെടുത്തി. അക്കാലത്ത് ഞായറാഴ്ചകളിൽ ദേവാലയങ്ങളിൽ സുവിശേഷ പ്രസംഗം നടത്തുന്ന പതിവുണ്ടായിരുന്നില്ല. സാധാരണ ജനങ്ങൾക്ക് സുവിശേഷ സത്യങ്ങളെക്കുറിച്ചും ആദ്ധ്യാത്മിക ജീവിതത്തെക്കുറിച്ചും വ്യക്തമായ അറിവു നൽകുവാനുള്ള ഒരു അസുലഭ അവസരമായി ഞായറാഴ്ചകളെ മുന്നിൽ കണ്ട പോരൂക്കരയച്ചനാണ് പള്ളികളിൽ കുർബാന മദ്ധ്യേ സുവിശേഷ പ്രസംഗം നടത്തുന്ന പതിവ് ആരംഭിച്ചത്"[16]. തന്റെ ഹൃദയാന്തരാളത്തിൽ കത്തിയെരിഞ്ഞിരുന്ന ദൈവസ്നേഹാഗ്നിയുടെ ബഹിൽ സ്ഫുരണങ്ങളായിരുന്നു പോരൂക്കരയച്ചന്റെ ഞായറാഴ്ച പ്രസംഗങ്ങൾ. അസാധാരണ പണ്ഡിതനും നലംതികഞ്ഞ വാഗ്മിയുമായിരുന്ന അദ്ദേഹം ആദ്ധ്യാത്മിക വിഷയങ്ങളെ ആസ്പദമാക്കി നടത്തിയ പ്രസംഗങ്ങൾ ജനങ്ങളിൽ ആത്മീയനവോത്ഥാനത്തിനു കളമൊരുക്കി. ചമ്പക്കുളത്തെ ജനങ്ങളുടെ മതവിജ്ഞാനവും ആദ്ധ്യാത്മിക പ്രബുദ്ധതയും കണ്ടറിഞ്ഞ ഇതര വൈദികരും അദ്ദേഹത്തെ അനുകരിക്കുവാൻ തുടങ്ങി. വൈദികർ ളോവ ധരിക്കുന്ന പതിവ് അക്കാലത്തുണ്ടായിരുന്നില്ല. വരാപ്പുഴ സെമിനാരിയിൽ വിദേശിയ വൈദികരിൽ നിന്നും വൈദികപരിശീലനം ലഭിച്ച പോരൂകരയച്ചൻ വൈദികാഭിഷിക്തനായ നാൾ തുടങ്ങി ളോവ ധരിക്കുവാനും തുടങ്ങി.

വി. യൗസേപ്പിനോട് അനിതര സാധാരണമായ ഭക്തി പുലർത്തിയിരുന്ന പോരൂക്കരയച്ചൻ ഈ വിശുദ്ധനോടുള്ള ഭക്തി പ്രചാരണാർത്ഥം ഒരു ഭക്ത സംഘത്തിനു രൂപംകൊടുത്തു. എല്ലാ ബുധനാഴ്ചകളിലും ഈ സംഘാംഗങ്ങളെ ഒരുമിച്ചുകൂട്ടി പ്രത്യേക പ്രാർത്ഥനകൾ നടത്തിയിരുന്നു. വി. യൗസേപ്പിന്റെ ഒരു സ്വരൂപം വാങ്ങുവാൻ അദ്ദേഹം വളരെയധികം ആഗ്രഹിച്ചു. അതിനുവേണ്ടി ഓരോ ചക്രം പിരിച്ചെടുത്തു. മാന്നാനം ആശ്രമദേവാലയത്തിലെ പ്രധാന അൾത്താരയിൽ സ്ഥാപിക്കപ്പെട്ടിരിക്കുന്ന വി. യൗസേപ്പിതാവിന്റെ പ്രതിമ ഇങ്ങനെ നിർമ്മിച്ചു നൽകിയതാണ്. കല്ലൂർക്കാട്ടപ്പള്ളിയിൽ യൗസേപിതാവിന്റെ തിരുനാളിനു തുടക്കം കുറിച്ചതു പോരൂക്കരയച്ചനാണ്. അദ്ദേഹത്തിന്റെ ആഗ്രഹ പ്രകാരം ആദ്യകാലങ്ങളിൽ ആ തിരുനാൾ അദ്ദേഹത്തിന്റെ വീട്ടുകാർ തന്നെ ഏറ്റെടുത്തു നടത്തുകയായിരുന്നു. ഇപ്പോൾ 'കൊമ്പിരിയായി' സ്ഥാപിച്ചു വളരെ ആഘോഷമായി നടത്തിവരുന്നു.

1827-ൽ പോരൂക്കര തോമ്മാച്ചൻ തങ്കശ്ശേരി പുത്തൻപ്പള്ളിയുടെ വികാരിയായി നിയമിക്കപ്പെട്ടു. പോർട്ടുഗീസ് സംസ്ക്കാരത്തിന്റെ ദൂഷിത വലയത്തിൽ കുടുങ്ങികിടന്നിരുന്ന തദ്ദേശവാസികളുടെയിടയ്ക്ക് തീഷ്ണമതിയായ ഒരു പ്രേഷിതനെപ്പോലെയും സ്നേഹസമ്പന്നനായ ഒരു ഉപദേഷ്ടാവിനെ പോലെയും അദ്ദേഹം വർത്തിച്ചു. സന്മാർഗ്ഗികാവബോധം നഷ്ടപ്പെട്ട് അക്രൈസ്തവവും അധാർമ്മികവുമായ ജീവിതം നയിച്ചിരുന്നവരെ കണ്ടെത്തി യഥാർത്ഥമായ ക്രൈസ്ത ജീവിതത്തിലേയ്ക്ക് പ്രത്യാനയിക്കുവാൻ പോരൂക്കരയച്ചൻ അത്യദ്ധ്വാനം ചെയ്തു. ഈ ആത്മീയ പുനരുദ്ധാരണ ശ്രമങ്ങളിൽ അത്ഭുതകരമായ വിജയം വരിക്കുവാൻ അദ്ദേഹത്തിനു കഴിഞ്ഞു. വിശ്വാസികളിൽ പാപത്തെക്കുറിച്ചുള്ള പശ്ചാത്താപം ഉളവാക്കുവാൻ കുമ്പസാര വേദിയും പ്രസംഗപീഠവും അദ്ദേഹം ശരിക്കും ഉപയോഗിച്ചു. ആത്മാർത്ഥമായ അനുതാപത്തോടുകൂടി ജനങ്ങൾ പാപമോചനത്തിനായി തങ്ങളുടെ വികാരിയച്ചനെ സമീപിച്ചു. അടുക്കലടുക്കൽ അനുതാപത്തിന്റെ കൂദാശ സ്വീകരിക്കുവാൻ അദ്ദേഹം വിശ്വാസികൾക്കു പ്രേരണയും പ്രോത്സാഹനവും നൽകി. അദ്ദേഹത്തിന്റെ സുകൃത ജീവിതം ജനങ്ങളിൽ വിശുദ്ധ ജീവിതത്തിനുള്ള ആഗ്രഹം ജനിപ്പിക്കുകയുണ്ടായി. പോരൂക്കരയച്ചന്റെ അസാധരണമായ ഭരണപാടവവും ലത്തീൻ ഭാഷാപരിജ്ഞാനവും സഭാധികാരികളുടേയും ഉദ്യോഗസ്ഥമേധാവികളുടേയും മുക്തകണ്ഠമായ പ്രശംസയ്ക്കു



പാത്രീഭവിച്ചു. അദ്ദേഹത്തിന്റെ ഇടവക പ്രേഷിതത്വത്തെക്കുറിച്ച് സമകാലികനും സഹോദരനുമായ പോരൂക്കര കുര്യാക്കോസ് ഏലീശ്വാച്ചന്റെ വാക്കുകൾ ശ്രദ്ധേയമാണ്. "ആ ദേശക്കാർ എല്ലാവരും വിസ്മയിക്കുവാൻ തക്ക പുണ്യമാതൃകയാലും ജ്ഞാനപടാർത്ഥകളാലും ഏറ്റിക്കപ്പെട്ട ഉൽസാഹത്താലും നല്ലഭരിപ്പു ഉണ്ടായിട്ടില്ല എന്നിരിക്കുന്ന ആ ദിക്കിൽ ഇടിയാലെ ഭൂമി ഇളക്കി പഞ്ചഫലാദികളെ മുളപ്പിക്കുന്നതുപോലെ ഏറിയ കാലമായി കുമ്പസാരിക്കാതിരുന്നവരേയും ഏറിയ ദുർന്നടപ്പുകാരേയും വലിയവരായിട്ടും ചെറിയവരായിട്ടുമുള്ളവരെയും ദൈവഭയത്താൽ ഇളക്കി ഭക്തരാക്കി. ഇന്നും ആ ഓർമ്മ വിടാതെ ഭക്തിക്കാരായിരിക്കുന്നവരുണ്ട്. ശനിയാഴ്ച തോറും കൂട്ടമായിവരുന്ന ഭിക്ഷക്കാർക്കു സൽബുദ്ധി പറഞ്ഞു കൊടുത്ത് അവരോടുകൂടി പള്ളിയിൽ പോയി അൻപത്തുമൂന്നുമണി എത്തിച്ചിടു ഭിക്ഷ കൊടുത്തയച്ചിരുന്നു. നിത്യവും സന്ധ്യാസമയം പൈതങ്ങൾ പള്ളിയിൽ വരുന്നതിന് ചട്ടമിട്ടു പ്രാർത്ഥന നമസ്ക്കരിച്ചിരുന്നു. കുമ്പസാരിപ്പാൻ വരുന്നവർക്കു ആസ്തപ്പാടുചൊല്ലികൊടുത്തു കുമ്പസാരിപ്പിച്ചിരുന്നു. അടുക്കലടുക്കൽ ഭക്തിയായി കുമ്പസാരിച്ചു വരുന്ന മുറ അവിടെ തന്നിൽ നിന്നു തുടങ്ങിയപ്പോലെ തോന്നുന്നു. അതെന്തേ ഈ എഴുത്തുകാരൻ പുസ്തകമെടുത്തു മാറ്റിവെപ്പാൻ പാടില്ലാത്ത ചെറുപ്രായത്തിൽ കുർബാനയ്ക്കു കൂടുന്നതു പഠിച്ചു. അപ്പോൾ ഈ വേലയ്ക്കായി അവിടെ പാർത്തിരുന്നു. കണ്ണാലെ ഇതൊക്കെയും കണ്ടതുപോലെ ആയിരിക്കുന്നു. ആ ദിക്കുകാർക്ക് ഒക്കെയ്ക്കും ബഹുസമ്മതമായിരുന്നു..... "[17]. ലൗകയതികത്വത്തിന്റെ കെട്ടുപാടുകളിൽ നിന്നും വിമുക്തരായി കത്തോലിക്കാ കുടുംബങ്ങൾ ആത്മീയതയുടെ ഉന്നത മാനങ്ങളിലേയ്ക്ക് അനായാസം പ്രയാണം ആരംഭിച്ചു.

പോരൂക്കരയച്ചന്റെ ഉജ്വലമായ ദൈവഭക്തി അഗാധമായ ജീവിതവിശുദ്ധി, അക്ഷീണമായ പരിശ്രമശീലം, അസാധാരണമായ കാര്യശേഷി തുടങ്ങിയ സത്ഗുണങ്ങൾ ജനഹൃദയങ്ങളിൽ വിശുദ്ധജീവിതത്തിനുള്ള ഉൾവിളിയുണർത്തി.

രണ്ടുവർഷത്തോളം പോരൂക്കരയച്ചൻ തങ്കശ്ശേരിയിൽ സേവനമനുഷ്ഠിച്ചു!

ആയിടയ്ക്ക് വരാപ്പുഴ മെത്രാനായി അധികാരമേറ്റ മാർ. മൗറേലിയൂസിന് പരിചയസമ്പന്നനായ ഒരു സെക്രട്ടറിയുടെ ആവശ്യം നേരിട്ടു. അന്ന് പള്ളിപ്പുറം സെമിനാരിയിലെ അദ്ധ്യാപകനായിരുന്ന പാലയ്ക്കൽ തോമ്മാച്ചൻ ആ സ്ഥാനത്തേയ്ക്ക് നിർദ്ദേശിക്കപ്പെട്ടു. എന്നാൽ സെമിനാരി പ്രവർത്തനങ്ങൾക്ക് തടസ്സം ഉണ്ടാകുമെന്നു കരുതിയ പാലയ്ക്കലച്ചൻ പ്രസ്തുത ജോലി സ്വീകരിക്കുവാൻ വൈമനസ്യം പ്രദർശിപ്പിച്ചു. ഈ ഘട്ടത്തിൽ പാലയ്ക്കൽ മൽപ്പാൻ തന്റെ ആത്മമിത്രവും ആദരപാത്രവുമായിരുന്ന പോരൂക്കരയച്ചനെ ആ ചുമതല ഏറ്റെടുക്കുവാൻ പ്രേരിപ്പിച്ചു. തോമ്മാമൽപ്പാന്റെ നിർബന്ധപൂർവ്വമായ പ്രേരണയ്ക്ക് വഴങ്ങി പോരൂക്കരയച്ചൻ അൽപ്പം വൈമനസ്യത്തോടെയെങ്കിലും തങ്കശ്ശേരിയോട് വിടപറഞ്ഞു വരാപ്പുഴ അരമനയിൽ ചെന്ന് പുതിയ ജോലി ഏറ്റെടുത്തു. താൻ ഗുരുതുല്യം ആദരിച്ച് പോന്ന മൽപ്പാനുമായി കൂടുതൽ സമ്പർക്കം പുലർത്തുവാൻ വരാപ്പുഴത്തെ താമസം പോരൂക്കരയച്ചന് സഹായകമായി. സഭാസംബന്ധമായ കാര്യാലോചനയ്ക്കായി പാലയ്ക്കൽ തോമ്മാമൽപ്പാൻ അരമനയിൽ ചെല്ലാറുണ്ടായിരുന്നു. പലപ്പോഴും അദ്ദേഹത്തിന്റെ ഉപദേശം തേടി പോരൂക്കരയച്ചൻ വരാപ്പുഴയ്ക്കും പോയിരുന്നു. അങ്ങനെ അവർ തമ്മിലുള്ള ആത്മബന്ധം കൂടുതൽ ദൃഢതരമായി.

സന്യാസ ജീവിതത്തിലേയ്ക്ക്

വൈദിക വിദ്യാർത്ഥിയായിരുന്ന കാലത്തുതന്നെ പോരൂക്കരയച്ചനിൽ സന്യാസജീവിതത്തോടുള്ള ഒടുങ്ങാത്ത അഭിനിവേശം ദൃശ്യമായിരുന്നു. "ഞാൻ കുർബാനപ്പട്ടം ഏറ്റുവന്നാൽ നമുക്കു രണ്ടുപേർക്കും കൂടി വാച്ച വനവാസത്തിനു പൊയ്ക്കളയാം. ലോകത്തിൽ പെരുമാറിയാൽ രക്ഷപ്പെടാൻ പ്രയാസം"[18] എന്ന് ഒരിക്കൽ അദ്ദേഹം തന്റെ സഹപാഠിയായ കണിയാന്തറ യാക്കോബിനോടു പറയുകയുണ്ടായി. "തന്റെ പിതാവിന്റെ ശുദ്ധലാക്കിനു തക്കവണ്ണം ലോകപ്രപഞ്ചങ്ങളിലും വീട്ടുകാര്യങ്ങളിലും കലരാതെ തമ്പുരാന്റെ ഊഴിയ വേലയിൽ കാലം പോക്കണമെന്നുള്ളതായിരുന്നു പോരൂക്കരയുടെ ചിരകാലഭിലാക്ഷം"[19]. പോരൂക്കരയച്ചന്റെ മാതൃകയും മാർഗ്ഗനിർദ്ദേശവുമനുസരിച്ച് വിരക്ത ജീവിതം നയിക്കുവാൻ കണിയാന്തറ യാക്കോബും ദൃഢനിശ്ചയം ചെയ്തു. ഇക്കാലത്ത് ഒരു വിഭാഗം ലത്തീൻക്കാരുടെ എതിർപ്പുമൂലം മൗറേലിയൂസ് മെത്രാൻ വരാപ്പുഴയിൽ നിന്ന് അർത്തുങ്കൽ വന്ന് താമസിച്ചു. പോരക്കരയച്ചനും അർത്തുങ്കലേയ്ക്ക് പോയി. യാക്കോബും അനുഗമിച്ചു. തന്റെ സന്യാസ ജീവിത സാക്ഷാത്ക്കാരത്തിനു വേണ്ടിയുള്ള തിവ്രശ്രമങ്ങൾ ഉണ്ടായത് ഈ കാലഘട്ടത്തിലാണ്. പോരൂക്കരയച്ചൻ കൂടെക്കൂടെ പാലയ്ക്കൽ മല്പാനെ സന്ദർശിച്ചു. സന്യാസജീവിതാശ്ലേഷണത്തിനുള്ള മാർഗ്ഗങ്ങൾ ചർച്ചചെയ്തിരുന്നു. "ഈ മലയാളത്തിൽ പട്ടക്കാർക്കുപോലും ഒരു തപസ്സുഭവനം ഇല്ലായ്കയാൽ ഏറിയ നന്മകളുടെ വിഘ്നമായിരിക്കകൊണ്ട് വല്ല പ്രകാരത്തിലും പട്ടക്കാർക്കെങ്കിലും ഒരു ദർശനവീടുണ്ടാക്കണം".[20] എന്നതായിരുന്നു അവരുടെ ആഗ്രഹം. പാലയ്ക്കൽ മല്പാന്റെ പ്രിയശിഷ്യനും അടുത്ത ബന്ധുവുമായിരുന്ന ചാവറ കുര്യാക്കോസ് ഏലിയാസ് ശെമ്മാശനും ഇവരുടെ ആശയത്തോടു പൂർണ്ണമായും യോജിച്ചു. വൈദികർ ഒരുമയിലും സാഹോദര്യത്തിലും ദാരിദ്ര്യാരൂപിയിലും ജീവിച്ചുകൊണ്ട് അവരുടെ സംഘാ



ത്മക പ്രവർത്തനങ്ങൾ വഴി കേരള സഭയ്ക്ക് ഏറിയ നന്മകൾ കൈവരിക്കുവാൻ ഉതകുന്ന ഏതദ്ദേശീയ സന്യാസ പ്രസ്ഥാനം കെട്ടിപ്പടുക്കുവാൻ അവർ ശ്രമമാരംഭിച്ചു. അവർ തങ്ങളുടെ ആഗ്രഹം അഭിവന്ദ്യ മൗറേലിയൂസ് മെത്രാനെ അറിയിച്ചു. ഏകാന്തമായ തപോജീവതത്തിന് പകരം ഒരാശ്രമം സ്ഥാപിച്ചു. കൂട്ടായ സുവിശേഷ ദൗത്യം നിർവഹിക്കുവാൻ അദ്ദേഹം അവരെ പ്രേരിപ്പിച്ചു. ആശ്രമസ്ഥാപനത്തിന്റെ ലക്ഷ്യം വിശദീകരിച്ചു കൊണ്ടും അതിനാവശ്യമായ സാമ്പത്തിക സഹായം നൽകണമെന്ന് നിർദ്ദേശിച്ചുകൊണ്ടും ഒരു അംഗീകാരപത്രിക അവർക്കു നൽകി. ധർമ്മക്കടലാസ് എന്ന പേരിൽ അറിയപ്പെടുന്ന പ്രസ്തുത അധികാര പത്രം മൗറേലിയൂസ് മെത്രാന്റെ താൽപര്യ പ്രകാരം തയ്യാറാക്കി സമർപ്പിച്ചത് പോരൂക്കര തോമ്മാച്ചനായിരുന്നു. സുവിശേഷ പ്രഘോഷണം, സാമൂഹ്യ നന്മ, സന്മാർഗ്ഗിക ശിക്ഷണം, പ്രേഷിത പ്രവർത്തനം, ആരാധനാ ശുശ്രൂഷ, ആതുര സേവനം, വൈയക്തിക വികസനം, അർപ്പിത ജീവിതം എന്നിവയാണ് നിർദ്ദിഷ്ട സന്യാസ സഭയുടെ അടിസ്ഥാന ലക്ഷ്യങ്ങളായി ധർമ്മക്കടലാസിൽ ഉൾക്കൊള്ളിച്ചിരുന്നത്. മൗറേലിയൂസ് മെത്രാൻ സ്വന്തം കൈയൊപ്പും മുദ്രയും ചാർത്തി ഈ പത്രികയെ ഔദ്യോദികമായി അംഗീകരിച്ചു. 200 രൂപാ സംഭാവനയായി നൽകുകയും ചെയ്തു.

1829-ൽ ലഭിച്ച അധികാര പത്രികയുടെ അടിസ്ഥാനത്തിൽ പോരൂക്കര തോമ്മാച്ചനും പാലയ്ക്കൽ തോമ്മാച്ചനും സന്യാസാർത്ഥിയായ കണിയാന്തറ യാക്കോബും പള്ളിപ്പുറത്തുകാരൻ ഇട്ടൻ എന്ന അഗ്രൈസ്തവനും ഉൾപ്പെട്ട അന്വേഷണ സംഘം ആശ്രമസ്ഥാപനത്തിനു അനുയോജ്യമായ സ്ഥലം കണ്ടെത്തുവാൻ ശ്രമം ആരംഭിച്ചു. ഇതിനുവേണ്ടി വള്ളത്തിലും കാൽനടയായും ഉത്തര തിരുവിതാംകൂറിന്റെ മിക്ക സ്ഥലങ്ങളും നോക്കിക്കണ്ടു. "ജനവാസം കുറഞ്ഞിരിക്കണം, ഉയർന്ന കുന്നോ മലയോ ആയിരിക്കണം. എന്നാൽ വഞ്ചിയും വണ്ടിയും വന്നടുക്കുവാൻ സൗകര്യമുണ്ടായിരിക്കണം. ശുദ്ധജലം സുലഭമായിരിക്കണം"[21]. ഈ ദൃശ്യ ലക്ഷണങ്ങൾ ഒത്തിണങ്ങിയ ഒരു സ്ഥലമായിരുന്നു അവരുടെ നോട്ടം. ഒരുവർഷത്തെ നിരന്തരമായ അന്വേഷണത്തിനു ശേഷം മാന്നാനത്ത് 'ഓലൻ കണ്ണാമുകൾ' എന്ന കുന്നിൻ പ്രദേശം ആശ്രമസ്ഥാപനത്തിന് അനുയോജ്യമെന്നു കണ്ടെത്തി. തയ്യിൽ-പെരുമാലിൽ തറവാട്ടു വകയായിരുന്ന ആകുന്ന് പെരുമാലിൽ കുര്യൻ തരകനും അദ്ദേഹത്തിന്റെ സഹോദരൻ പോത്തൻ മാപ്പിളയും കൂടി ആശ്രമ സ്ഥാപനത്തിനുവേണ്ടി ഔദാര്യപൂർവ്വം വിട്ടു കൊടുത്തു. 'ബേസ് റൗമ്മ' (ഉയർന്ന ഭവനം) എന്ന പേരിൽ ഇതറിയപ്പെട്ടു. ധർമ്മക്കടലാസിലെ അഭ്യർത്ഥനയനുസരിച്ച് കുട്ടനാട്ടിലെ പല ദേവാലയങ്ങളിൽ നിന്നും നിർലോഭമായ സാമ്പത്തിക സഹായം ലഭിക്കുകയുണ്ടായി. ആശ്രമ സ്ഥാപനത്തിന് തഹസിൽദാരുടെ അനുവാദം വിളംബം കൂടാതെ ലഭിക്കുവാൻ പെരുമാലിൽ തരകന്റെയും അനുജൻ കൊച്ചുപോത്തൻ മാപ്പിളയുടേയും തയ്യിൽ സഹോദരന്മാരുടെയും ജനസമ്മതിയും അന്നാട്ടുകാരുടെ പൊതുസമ്മതവും കാരണമായി. താമസിയാതെ ആശ്രമസ്ഥാപനത്തിനായി മാന്നാനം കുന്ന് വെട്ടിത്തെളിക്കുവാൻ ദിവാൻജിയുടെ അനുവാദപത്രവും ലഭിച്ചു. 1831 മേടം 28-ാം തീയതി വലിയ നോയമ്പിലെ വിശുദ്ധവാരത്തിലെ ബുധനാഴ്ച കുന്നിൻ മുകളിൽ കുരിശു നാട്ടി കാടുവെട്ടിത്തെളിക്കുവാൻ ആരംഭിച്ചു. 1831 ഇടവം 11-ാം തീയതി മൗറേലിയൂസ് മെത്രാന്റെയും പാലയ്ക്കൽ, ചാവറ തുടങ്ങിയ വൈദിക ശ്രേഷ്ഠന്മാരുടെയും ഏതാനും അൽമായ പ്രമുഖരുടെയും സാന്നിദ്ധ്യത്തിൽ വി. യൗസേഫ്പിതാവിന്റെ നാമത്തിൽ കേരളത്തിലെ പ്രഥമ ഏതദ്ദേശീയ സന്യാസ സഭയുടെ മാതൃഭവനത്തിന് പോരൂക്കര തോമ്മാമല്പാൻ ശിലാസ്ഥാപനം നടത്തി. മന്നാനം കുന്നിൽ കുരിശു സ്ഥാപിച്ച ദിവസം ഒരു വിഷസർപ്പത്തിന്റെ കടിയേറ്റ് മോഹാലസ്യപ്പെട്ട ഒരു ബാലനെ ഹന്നാൻ വെള്ളം തളിച്ച് പ്രർത്ഥിച്ചുകൊണ്ട് പോരൂക്കര തോമ്മാച്ചൻ സുഖപ്പെടുത്തിയ സംഭവം അത്ഭുതാവഹമെന്നേ പറയേണ്ടൂ. മാന്നാനം കുന്നിലെ ബേസ് റൗമ്മയിൽ തന്റെ പ്രിയ ശിഷ്യനിലൂടെ ഈശോ അത്ഭുതം പ്രവർത്തിച്ച നിമിഷങ്ങളായിരുന്നു അവ.

മാന്നാനത്ത് ആശ്രമം പണി നടന്നുകൊണ്ടിരുന്ന കാലത്ത് കേരളത്തിലെ ലത്തീൻ സമുദായത്തിലെ അന്തഃഛിദ്രം മൂലം മൗറേലിയൂസ് മെത്രാൻ റോമിലേയ്ക്കു തിരിച്ചു പോകുവാൻ നിർബന്ധിതനായി. 1832-ൽ മാർ ഫ്രാൻസിസ് സേവ്യർ, മാർ മൗറേലിയൂസിന്റെ പിൻഗാമിയായി വന്നു. മൗറേലിയൂസ് മെത്രാനോട് എതിർപ്പുണ്ടായിരുന്ന ലത്തീൻ വിഭാഗക്കാരും സുറിയാനിക്കാരും പുതിയ മെത്രാന്റെ അടുക്കൽ ആശ്രമസ്ഥാപനത്തെക്കുറിച്ച് അടിസ്ഥാനരഹിതമായ ആരോപണങ്ങൾ ഉന്നയിച്ചു. അതേ തുടർന്ന് അദ്ദേഹം ആശ്രമസ്ഥാപനത്തിന് പ്രതികൂലമായ ചില തീരുമാനങ്ങൾ കൈക്കൊള്ളുകയുണ്ടായി.

മാന്നാനത്തു താമസിച്ച് ആശ്രമ നിർമ്മാണ പ്രവർത്തനങ്ങൾക്കു നേതൃത്വം നൽകിയിരുന്ന ചാവറ കുര്യാക്കോസച്ചനെ പള്ളിപ്പുറം പള്ളിയുടെ വികാരിയായി നിയമിച്ചു. നാടുനീളെ സഞ്ചരിച്ച് സന്യാസഭവനത്തിനുവേണ്ടി പണശേഖരണം നടത്തുകയും ഇടയ്ക്കിടയ്ക്ക് മാന്നാനത്തുവന്ന് പണിയുടെ പുരോഗതി വിലയിരുത്തുകയും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുവാൻ ബദ്ധശ്രദ്ധനാവുകയും ചെയ്തിരുന്ന പോരക്കര തോമ്മാച്ചനെ കായംകുളം, പിള്ളത്തോപ്പ് എന്നീ പള്ളികളുടെ വികാരിയായി സ്ഥലം മാറ്റി. അങ്ങനെ പണികൾക്കു നേതൃത്വം കൊടുക്കുവാൻ കണിയാന്തറ യാക്കോബു മാത്രമായി. എന്നാൽ പുണ്യചരിതരായ ഈ വൈദികവരേണ്യർ തികഞ്ഞ വിധേയത്വത്തോടു കൂടി തന്നെ ദൈവപരിപാലനയിൽ വിശ്വാസമർപ്പിച്ചുകൊണ്ട് അവരെ ഭരമേ



ല്പിച്ച ജോലിയിൽ വ്യാപൃതരായി. അധികം താമസിയാതെ തന്നെ മാർ ഫ്രാൻസിസ് സേവ്യറിന്റെ മനോഭാവത്തിനു മാറ്റം വന്നു. ചാവറയച്ചനെ ഇടവക ജോലിയിൽ നിന്നും വിമുക്തനാക്കി മാന്നാനത്തു താമസിക്കുവാൻ അനുവദിച്ചു. പോരൂക്കരയച്ചനേയും ഔദ്യോഗിക ചുമതലകളിൽ നിന്നും ഒഴിവാക്കി.

മാന്നാനം ആശ്രമത്തോടനുബന്ധിച്ച് ഒരു വൈദിക സെമിനാരിയും ആരംഭിക്കപ്പെട്ടു. ആശ്രമത്തിൽ പ്രവേശനം കാംക്ഷിച്ചു സെമിനാരിയിൽ വന്നവരെ വേർതിരിച്ചു അവർക്കു പ്രത്യേക ജീവിത ക്രമങ്ങൾ നൽകി. സന്യാസ ജീവിത ചര്യ അഭ്യസിപ്പിക്കുവാൻ പോരൂക്കരയച്ചൻ നടത്തിയ ശ്രമങ്ങൾ ചിലരെ അതൃപ്തരാക്കി. എന്നാൽ അദ്ദേഹത്തിന്റെ ഉദ്ദേശ ശുദ്ധിയും ആത്മാർത്ഥതയും ഒരിക്കലും ചോദ്യം ചെയ്യാനാവാത്തതായിരുന്നു. അദ്ദേഹത്തിന്റെ ഭക്തിതീഷ്ണതയും കർമ്മശേഷിയും പ്രശംസനീയമായിരുന്നു. "പണിക്കാര്യത്തിൽ പണിക്കാരോടുകൂടി വേലചെയ്യുകയും പലപ്പോഴും രാത്രിയിൽ മസ്മോറാ പാടികൊണ്ട് കക്കാ, കല്ല് മുതലായവ ചുമക്കുകയും ചെയ്തു. വഞ്ചിയും അതിനുവേണ്ട അനുസാരികളും ഇല്ലായ്കയാൽ മഹാ ബുദ്ധിമുട്ടോടെ എല്ലായിടങ്ങളിലും ധർമ്മത്തിനായി യാത്ര ചെയ്തിരുന്നു. വേലയുടെ നടത്തിപ്പിനു വേണ്ടി തന്റെ അവസ്ഥയെ വിട്ടുകൊണ്ട് കാട്ടിയ എളിമയും അനുഭവിച്ച ബുദ്ധിമുട്ടുകളും കഴിച്ച യാത്രകളും എത്രമാത്രമെന്ന് വിവരിക്കാവുന്നതല്ല"[22].

ഉദാരമനസ്ക്കരായ വ്യക്തികളുടെയും സ്ഥാപനങ്ങളുടേയും സഹകരണങ്ങൾ നിർലോഭം ലാഭിച്ചതുകൊണ്ട് ആശ്രമവും ദേവാലയവും പൂർത്തിയാക്കുവാൻ കഴിഞ്ഞെങ്കിലും ആശ്രമത്തിലെ അനുദിന ചിലവുകൾ നിർവഹിക്കുവാൻ എന്തെങ്കിലും മാർഗ്ഗം കണ്ടെത്തണമായിരുന്നു. നിത്യകുർബാന വ്യവസ്ഥയിൽ സ്ഥാപരവസ്തുക്കൾ ദാനം ചെയ്യുന്ന ഒരു പദ്ധതിക്കു പോരൂക്കരയച്ചൻ രൂപം കൊടുത്തു. ധനാഢ്യരായ പല വ്യക്തികളും ഈ പദ്ധയിയോടു സഹകരിച്ചു. അങ്ങനെ സാമ്പത്തിക പ്രശ്നങ്ങൾ ഒട്ടൊക്കെ പരിഹരിക്കാൻ കഴിഞ്ഞു. എന്നാൽ ബാലാരിഷ്ടതകൾ തരണം ചെയ്തിട്ടില്ലാത്ത ഈ സന്യാസ സമൂഹത്തിന് 1841 ജനുവരി 16-ാം തീയതി ഒരു വലിയ ആഘാതമുണ്ടായി. സ്ഥാപക പിതാക്കന്മാരിൽ പ്രഥമനും, ആചാര്യ ശ്രേഷ്ഠനുമായിരുന്ന പാലയ്ക്കൽ തോമ്മാമാല്പാൻ പള്ളിപ്പുറത്തു വച്ചു ദിവംഗതനായി. അങ്ങനെ പോരൂക്കര തോമ്മച്ചനും ചാവറ കുര്യാക്കോസച്ചനും പക്വമതിയായ ഒരുപദേഷ്ടാവും സഹപ്രവർത്തകനും നഷ്ടമായി. എല്ലാം അവർ തന്നെ വഹിക്കേണ്ടിവന്നു.

പോരൂക്കരയച്ചനും അദ്ദേഹം നേതൃത്വം നൽകുന്ന സന്യാസ സമൂഹവും തിരുസഭാധികാരികളോടും സഭാ നിയമങ്ങളോടും കൂറും അനുസരണയും ഉള്ളവരാണെന്നുള്ള സത്യം മാർ ഫ്രാൻസിസ് സേവ്യറിനു മനസ്സിലാക്കാനുള്ള അവസരം താമസിയാതെ വന്നു ചേർന്നു. 1838-ൽ 'മുൽത്താ പ്രെക്ലാര' എന്ന തിരുവെഴുത്താൽ മാർപ്പാപ്പ പോർത്തുഗീസ് രാജാവിനുണ്ടായിരുന്ന 'പദ്രുവാദൊ' എന്നു പറയപ്പെട്ടിരുന്ന അധികാരം നിറുത്തലാക്കി. ഇതിന്റെ പേരിൽ കേരളസഭയിൽ അന്തഃഛിദ്രം പൊട്ടിപ്പുറപ്പെട്ടു. കൊല്ലം, കോട്ടാർ തുടങ്ങിയ തെക്കൻ പ്രദേശങ്ങളിലാണ് ഈ അന്തഃഛിദ്രം രൂക്ഷമായത്. മാർ. ഫ്രാൻസിസ് സേവ്യറിന്റെ താൽപര്യപ്രകാരം കൊല്ലം. കോട്ടാർ തുടങ്ങിയ തെക്കൻ പ്രദേശങ്ങളിലേയ്ക്ക് പോരൂക്കരയച്ചൻ പ്രയാണം ആരംഭിച്ചു. ഈ യാത്രയിൽ പോരൂക്കരയച്ചനു സ്വഭാവിരോധിയുള്ളിൽ നിന്നും വളരെയേറെ എതിർപ്പുകൾ നേരിടേണ്ടിവന്നു. യാത്രാക്ലേശങ്ങൾ അതിലുമധികം. പോരൂക്കരയച്ചന്റെ അതിദീർഘമായ സുവിശേഷ പ്രഘോഷണ പര്യടനങ്ങളും പ്രേഷിത ദൗത്യങ്ങളും അത്ഭുതകരമായ വിജയം കണ്ടു. ശീശ്മനിർമൂലനം ചെയ്ത് അദ്ദേഹം കേരള സഭയിൽ സമാധാനം പുനസ്ഥാപിച്ചു. മാർഫ്രാൻസിസ് സേവ്യറിനു പോരൂക്കരയച്ചന്റെ മേൽ മതിപ്പുളവാക്കുവാൻ ഇടയാക്കി. പോരൂക്കരയച്ചനും ചാവറയച്ചനും അദ്ദേഹം മല്പാൻ പദവി നൽകി സുറിയാനിക്കാരുടെ മേൽ പ്രത്യേക അധികാരം കൊടുത്തു. അതോടുകൂടി വരാപ്പുഴ രൂപതയിൽ പെട്ട സീറോമലബാർക്കാരായ വൈദിക വിദ്യാർത്ഥികളെ പരീക്ഷിക്കുക, അവർക്കു പട്ടം കൊടുക്കുക, കുമ്പസാരവും പ്രസംഗവും നടത്താൻ വൈദികർക്ക് അനുവാദം കൊടുക്കുക തുടങ്ങിയ അധികാരങ്ങൾ അവർക്കു നൽകപ്പെട്ടു. പോരൂക്കരയച്ചന്റെ ജീവിത വിശുദ്ധി, സമുദായ സ്വാധീനം, അഗാധപാണ്ഡിത്യം, പ്രായോഗിക പരിജ്ഞാനം എന്നിവയ്ക്കുള്ള അംഗീകാരമായി ഈ സ്ഥാനലബ്ധിയെ കണക്കാക്കാവുന്നതാണ്.

ഏതാനും വർഷങ്ങളിലെ കഠിനമായ അദ്ധ്വാനം പോരൂക്കര തോമ്മാമല്പാന്റെ ആരോഗ്യത്തെ സാരമായി ബാധിച്ചു. പ്രമേഹ രോഗവും മൂർഛിച്ചു. 1846 ജനുവരി 8-ാം തീയതി 46-ാമത്തെ വയസ്സിൽ മാന്നാനം ആശ്രമത്തിൽ വച്ചു ആ മഹത് ജീവിതത്തിനു തിരശ്ശീല വീണു.

കേരളസഭയ്ക്കുവേണ്ടിയും സി.എം.ഐ. സഭയ്ക്കുവേണ്ടിയും സമർപ്പിതമായ ആ പുണ്യചരിതന്റെ ഭൗതികാവശിഷ്ടങ്ങൾ മാന്നാനം ആശ്രമ ദേവാലയത്തിലെ പ്രധാന ബലിപീഠത്തിനു താഴെ സംസ്ക്കരിക്കപ്പെട്ടു.

സി.എം.ഐ. സഭയുടെ വികാസ പരിണാമങ്ങൾ

ഏതദ്ദേശികവും പൗരസ്ത്യപാരമ്പര്യങ്ങൾക്കു അനുയോജ്യവുമായ ഒരു സന്യാസ ജീവിത ശൈലിയായിരുന്നു പോരൂക്കരയച്ചനും മറ്റും ലക്ഷ്യം വച്ചതും അനുധാവനം ചെയ്തതതും. വാഴ്ത്തതപ്പെട്ട ചാവറ



കുര്യാക്കോസച്ചനാൽ എഴുതപ്പെട്ട ഈ സന്യാസ സമൂഹത്തിന്റെ ചരിത്രത്താളുകൾ പരിശോധിച്ചാൽ ഈ യാഥാർത്ഥ്യം കൂടുതതൽ വ്യക്തമാകും. "ബ. പോരൂക്കരയച്ചന്റെ ജ്ഞാന ശുഷ്കാന്തിയിൽ ദിവസത്തിൽ മൂന്നു പ്രാവശ്യമായിട്ടു 153 മണിജപവും ഞായറാഴ്ച തോറും ഉച്ചയ്ക്ക് പാട്ടു കുർബാന പ്രസംഗം മുതലായതും ഹൃദയം കാനോന നമസ്ക്കാരങ്ങളും പ്രത്യേകമായി വലിയ നോയമ്പിന്റെ കാലത്തു ഗസ്സാ നമസ്ക്കാരവും ഒരു നേരത്തിന്റെ വെള്ളിയാഴ്ചതോറും മൂന്നുമണിക്ക് മലയുടെ അടിയിൽ തുടങ്ങുകയും ഉച്ചിയിൽ അവസാനിപ്പിക്കുകയും 14 സ്ഥലങ്ങളിലായി കുരിശുനാട്ടി കഴിക്കുകയും ചെയ്തിരുന്നതായ വിയാസാക്രാ എന്നു പറഞ്ഞു വരുന്ന സ്ലീവാപാഥയും നടത്തിവന്നു"[23].

"ആശ്രമത്തിലായിരിക്കുമ്പോൾ സഭാംഗങ്ങൾ മുഴുവനും പ്രാർത്ഥനയ്ക്കും വേദപുസ്തക വായനയ്ക്കും പഠനങ്ങൾക്കുമായി ചെലവഴിച്ചിരുന്നു. അതുപോലെ പള്ളികൾ തോറും സഞ്ചരിച്ച് ജനങ്ങളോട് പ്രസംഗിക്കുകയും അവർക്ക് മതബോധനം നൽകുകയും ചെയ്തിരുന്നു." എന്ന് ഫാ. ബർണാഡ് സന്യാസ സഭാചരിത്രത്തിലും രേഖപ്പെടുത്തിയിട്ടുണ്ട്. "അരൂപിക്കടുത്ത നമസ്ക്കാരങ്ങളും ധ്യാനങ്ങളും നോയ്മ്പും, ഉറക്കമൊഴിച്ചിൽ, എത്രയും നീളിക്കപ്പെട്ട ഹൃദറാ നമസ്ക്കാരം, മൂന്ന നോയ്മ്പിന്റെ നമസ്ക്കാരം, ഞായറാഴ്ച പെരുന്നാളുകളിൽ റാസ, പാട്ടുകുർബാന മുതലായ തുകളും പടാർത്ഥയും" ഈ സന്യാസ സമൂഹത്തിന്റെ ആദ്ധ്യത്മികതയ്ക്കു മിഴിവേകി. ചുരുക്കത്തിൽ തികച്ചും ഏതദ്ദേശിയ സന്യാസ സമൂഹത്തിനാണ് പോരൂക്കരയച്ചനും മറ്റും രൂപം കൊടുത്തത്. വൈദേശികമായ യാതൊന്നും അവിടെ കടന്നു കൂടാതിരിക്കണമെന്ന് അവർ നിഷ്കർഷിച്ചിരുന്നു. തികച്ചും ഏകാന്തമായ വനവാസ ജിവിതം അനുഷ്ടിക്കാനുള്ള അനുവാദത്തിനാണ് അവർ മൗറേലിയൂസ് മെത്രാനെ സമീപിച്ചത്. "എന്നാൽ അല്പം വല്ലതും തിരിയുന്ന നിങ്ങൾ ഒന്നുരണ്ടു പേരുള്ളതു വാച്ചടത്തും മിണ്ടടക്കമായി ഒതുങ്ങിപ്പാർത്താൽ പിന്നെ ലോകരെ പഠിപ്പിക്കാൻ ആരെന്നും അങ്ങിനെ നിങ്ങൾക്കു മനസ്സുണ്ടെങ്കിൽ ഒരു കൊവേന്ത വെപ്പിൻ. എന്നാൽ എല്ലാവർക്കും ഉപകാരമുണ്ടല്ലോ"[24]. എന്ന അഭിവന്ദ്യപിതാവിന്റെ വീക്ഷണമനുസരിച്ച് ധ്യാനാത്മകവും പ്രവർത്തനാത്മകവുമായ ജീവിത ശൈലിയാണ് ഈ സന്യാസ സമൂഹം സ്വീകരിച്ചത്.

തികച്ചും പൗരസ്ത്യ ആദ്ധ്യാത്മികതയുടെ തനിമ സ്വാംശീകരിച്ച് സമാരംഭിച്ച ഈ സമൂഹം പോരൂക്കര തോമ്മാച്ചന്റെ കാലത്തും തുടർന്ന് 1861 ഫെബ്രുവരി 27-ാം തീയതി ഈ സന്യാസ സമൂഹം കർമ്മലിത്താ മൂന്നാം സഭയായി സ്ഥാപിതമാകുന്നതുവരെയും പ്രാരംഭ ജീവിത ശൈലിതന്നെ സമൂഹാംഗങ്ങൾ അനുധാവനം ചെയ്തു. എന്നാൽ കേരള സുറിയാനി സഭയുടെ ഭരണസാരഥ്യം വഹിച്ചിരുന്ന കർമ്മലീത്തരുടെ ഇടപെടലും സമ്മർദ്ദവും ഏറിവന്നപ്പോൾ സ്ഥിതി ഗതികൾക്കു മാറ്റം സംഭവിച്ചു. വരാപ്പുഴ വികാരി അപ്പസ്തോലിക്കാ സന്യാസ പരിശീലനത്തിനായി കർമ്മലീത്താ സഭാംഗമായ മർസലീനോസ് മിഷനറിയെ നിയമിച്ചു. തങ്ങളുടെ ലക്ഷ്യപ്രാപ്തിക്കുപകരിക്കുന്നവയും തനി പാശ്ചാത്യവുമായ കർമ്മലീത്താ ആചാരരീതികളും ജീവിത ശൈലിയും സന്യാസാർത്ഥികളെ പിശീലിപ്പിച്ചു. കർമ്മലീത്താ നിയമസംഹിത തന്നെ പ്രാവർത്തികമാക്കി. സന്യാസ സമർപ്പണത്തിന് കർമ്മലീത്താ വ്രതവാചകവും നിഷ്കർഷിച്ചു. കർമ്മലീത്താ സഭക്കാരെക്കാൾ അല്പം താഴ്ന്ന പദവി നൽകുമാറ് "കർമ്മലീത്താ മൂന്നാം സഭ" (ക.നി.മൂ.സ., T.O.C.D.) എന്നു നാമകരണം ചെയ്തു. ആദ്യ പിതാക്കന്മാർ ഈ സന്യാസ സമൂഹത്തിന് അമലോത്ഭവ മാതാവിന്റെ ദാസന്മാർ (S.M.I.) എന്ന സ്വതന്ത്ര നാമധേയമാണ് നൽകിയിരുന്നത്. സമൂഹ നന്മയ്ക്കു വേണ്ടിയുള്ള നിസ്വാർത്ഥ സേവനങ്ങളിലൂടെ ജനങ്ങളുടെ വിശ്വാസവും മതിപ്പും ആർജ്ജിച്ച എസ്.എം.ഐ. സഭയെ 1861 ഫെബ്രുവരി 27-ാം തീയതി കർമ്മലീത്താ ഒന്നാം സഭയുടെ ഒരു പ്രോവിൻസാക്കി മാറ്റി. വരാപ്പുഴ വികാരി അപ്പസ്തോലിക്കാ വൈസ് പ്രൊവിൻഷ്യലുമായി. വിദേശ വൈദികാധികാരികളോടും മിഷനറിമാരോടും അവരുടെ നയ വൈകല്യം മൂലം ഉണ്ടായികൊണ്ടിരുന്ന അമർഷവും എതിർപ്പും എസ്. എം. ഐ. വൈദികരിലൂടെ നിർമ്മൂലനം ചെയ്യുകയെന്നതായിരുന്നു ഇതിന്റെ ലക്ഷ്യം. സഭാംഗങ്ങളോടും അന്നത്തെ സമൂഹാധിപനായിരുന്ന ചാവറ കുര്യാക്കോസച്ചനോടും ആലോചിക്കപോലും ചെയ്യാതെ എടുത്ത അത്യന്തികമായ വ്യതിയാനങ്ങൾ ഉൾക്കൊള്ളുന്ന ഗൗരവാഹമായ ഈ തീരുമാനം സമൂഹാംഗങ്ങൾക്കു തീരാത്ത മനോ വേദനയുളവാക്കി എന്നു പറയേണ്ടതില്ലല്ലോ. പുതിയ സംവിധാനത്തിൽ ചാവറയച്ചനുണ്ടായിരുന്ന അധികാരാവകാശങ്ങൾ നഷ്ടപ്പെട്ട് അദ്ദേഹം കേവലം ആശ്രമാധിപൻ മാത്രമായി ചുരുങ്ങി. ഇനിയും ശൈശവാവസ്ഥയെ തരണം ചെയ്തിട്ടില്ലാത്ത ഈ സന്യാസ സമൂഹം തങ്ങളുടെ ആസ്തിത്വത്തിനു തന്നെ ഭീഷണി ഉണ്ടായേക്കുമെന്ന് കരുതി നിശബ്ദമായിരുന്നതേയുള്ളൂ. ചാവറയച്ചന്റെ നിര്യാണത്തിനുശേഷം 1872 മുതൽ സഭാംഗങ്ങളുടെ പ്രതിഷേധത്തിന്റെ അലകൾ പരാതികളുടെ രൂപത്തിൽ റോമിലേയ്ക്ക് പ്രവഹിക്കുവാൻ തുടങ്ങി. 1885-ൽ പരി. സിംഹാസനം പഴയ എസ്. എം. ഐ. സഭയുടെ നിയമ സംഹിത പുനപരിശോധിച്ചു അംഗീകരിച്ചു. അതോടെ കർമ്മലീത്താ ആധിപത്യം തുടച്ചു നീക്കപ്പെട്ടു. 1958-ൽ T.O.C.D. എന്ന സംജ്ഞ മാറ്റി സി.എം.ഐ. എന്ന പുതിയ നാമവും സ്വീകരിക്കയുണ്ടായി. അങ്ങനെ കേരളത്തിലെ പ്രഥമ ഏതദ്ദേശീയ സന്യാസ സംഹമായ S.M.I., T.O.C.D. യായും അവസാനം സി.എം.ഐ. ആയും



രൂപാന്തരപ്പെട്ടു.

വളർച്ചയുടെ പടവുകൾ പിന്നിട്ട് ഭാരതതിന്റെ അതിരുകളും കടന്ന് ഇന്ന് സി.എം.ഐ. സഭ ലോകമൊട്ടാകെ സുവിശേഷ പ്രഘോഷണം നടത്തുന്നതിൽ വ്യാപൃതരായിരുന്നു. കലാലയങ്ങൾ, വിദ്യാലയങ്ങൾ, ആസ്പത്രികൾ, വൃദ്ധമന്ദിരങ്ങൾ, അനാഥാലയങ്ങൾ, സാമൂഹ്യ ക്ഷേമകേന്ദ്രങ്ങൾ തുടങ്ങിയവയിലെല്ലാം ഈ സഭാംഗങ്ങൾ അർപ്പണബുദ്ധ്യാ സേവനമനുഷ്ഠിക്കുന്നുണ്ട്. മുദ്രാലയപ്രേഷിത രംഗത്ത് പ്രവർത്തിച്ചു തത്വദീക്ഷയും മൂല്യ നിഷ്ഠയുമുള്ള ഒരു തലമുറയ്ക്കു രൂപം കൊടുക്കുന്നതിനും സംസ്ക്കാര പോഷണത്തിനും സാമൂഹ്യ ശിക്ഷണത്തിനും ഉതകുന്ന സംഘടിത യത്നങ്ങൾക്കും ഈ സന്യാസ സമൂഹം നേതൃത്വം നൽകുന്നു. ഇവർ കൈവയ്ക്കാത്ത പ്രേക്ഷിത രംഗങ്ങളില്ല. കടന്നു ചെല്ലാത്ത ഭൂവിഭാഗവും ഇല്ല. പ്രാർത്ഥനയും പ്രവർത്തനവും സമഞ്ജസമായി സമ്മേളിപ്പിച്ചു കൊണ്ടുള്ള സഭയുടെ ഈ ജീവിത ശൈലിക്കു രൂപഭാവങ്ങൾ നൽകിയതും മറ്റാരുമല്ല. സഭാ പിതാക്കന്മാർ തന്നെ. കേരളത്തിന്റെ ആദ്ധ്യാത്മിക സാമൂഹ്യസാംസ്ക്കാരിക തലങ്ങളിൽ നിർണ്ണായക സ്വാധീനം ചെലുത്തുന്ന ഈ സന്യാസ സമൂഹത്തിന്റെ പേരിൽ കേരള സഭയ്ക്കു തീർച്ചയായും അഭിമാനിക്കാവുന്നതാണ്.

ഉപസംഹാരം

ദൈവസ്നേഹത്തിൽ നിന്നും ഉയിർകൊണ്ട സഹോദര സ്നേഹത്താൽ പ്രേരിതനായി കേരള കത്തോലിക്കരുടെ ഭൗതികവും ആദ്ധ്യാത്മികവുമായ പുരോഗതിക്കുവേണ്ടി സമർപ്പിതമായ ഒരു വലിയ ജീവിതത്തിന്റെ ഉടമയായിരുന്നു പോരൂക്കര തോമ്മാ മല്പ്പാൻ. മാനുഷിക മൂല്യങ്ങൾ ഉയർത്തിപ്പിടിച്ച വൈദികാചാര്യൻ. കേരളസഭയുടെ തനതായ ആദ്ധ്യാത്മിക ചിന്തകൾക്കും പൈതൃകത്തിനും അനുയോജ്യമായ വിധത്തിൽ അദ്ദേഹം രൂപംകൊടുത്ത സന്യാസസഭയിലൂടെ കേരള സഭയ്ക്കുണ്ടായ നേട്ടങ്ങൾക്ക് പരിധികുറിക്കാനാവില്ല. ഈ സഭയ്ക്ക് രൂപഭാവങ്ങൾ നൽകുവാൻ ഒരു പുരുഷയുസ്സുമുഴുവൻ ചെലവിട്ട പേരൂർക്കര തോമ്മാമല്പാനോട് നാം ഒരു വലിയ അളവ് കടപ്പെട്ടിരിക്കുകയാണ്. പദ്രവാദോശീശ്മയുടെ കരാള ദംഷ്ട്രത്തിൽ നിന്നും കേരളസഭാഗാത്രത്തെ രക്ഷിക്കാൻ ആത്മസമർപ്പണം ചെയ്ത ആ സഭാസ്നേഹിയുടെ നാമം സഭാചരിത്ര താളുകളിൽ സുവർണ്ണലിപികളാൽ കോറിയിട്ടിട്ടുണ്ട്. കേവലം 46 വർഷങ്ങൾകൊണ്ട് ഒരു ജനപഥത്തിന്റെ മുഴുവൻ ആദ്ധ്യാത്മിക വളർച്ചയ്ക്കും മാർഗ്ഗദർശിയായി മാറിയ പോരൂക്കര തോമ്മാമല്പാനെ കേരളസഭയ്ക്ക് ഒരിക്കലും മറക്കാനാവില്ല. സ്ഥാപക പിതാക്കന്മാരുടെയും അനുയോജ്യരായിരുന്ന അനന്തരഗാമികളുടേയും സംഘാത പരിശ്രമഫലമാണ് ഇന്നും നാം കാണുന്ന കർമ്മലീത്താ സഭ. എങ്കിലും അതിനുവേണ്ടി അടിത്തറ പാകിയവരിൽ അഗ്രിമസ്ഥാനീയൻ, കർമ്മലീത്താസഭയുടെ പ്രഥമഭവനത്തിനു ശിലാസ്ഥാപനം നിർവഹിക്കുകയും ആ ഭവനത്തിന്റെ നിർമ്മാണത്തിനുവേണ്ടി എണ്ണിയാലൊടുങ്ങാത്ത ദുർവഹമായ കായക്ലേശങ്ങൾ അനുഭവിക്കുകയും ചെയ്ത ആ ധന്യാത്മാവ് സമർപ്പണ ജീവിതത്തിന്റെ പര്യായമായിരുന്നു. അന്യാദൃശ്യമായ ദൈവഭക്തി, ദൈവപരിപാലനയിലുള്ള ആഴമായ വിശ്വാസം ആത്മാക്കളുടെ രക്ഷയിലുള്ള അതിതീവ്രമായ ആഗ്രഹം, ഇവയായിരുന്നു അദ്ദേഹത്തിന്റെ പ്രവർത്തനധനം. ലാളിത്യവും എളിമയുമായിരുന്നു അദ്ദേഹത്തിന്റെ ജീവിതമുദ്ര. ഇദ്ദേഹം നട്ടുവളർത്തിയ കർമ്മലീത്താ സഭ എന്നും കേരള സഭയ്ക്ക് താങ്ങും തണലുമായിരുന്നു. ഗൗരവമേറിയ പ്രശ്നങ്ങളെ തരണം ചെയ്യേണ്ട അവസരങ്ങളിൽ സഭാധികാരികൾക്കു ഈ സന്യാസ സമൂഹാംഗങ്ങളിൽ വിശ്വാസവും പ്രതീക്ഷയും അർപ്പിക്കാം. തന്റെ ആയുഷ്കാലം മുഴുവൻ സജീവമായി തിരുസഭാ സേവനത്തിനർപ്പിച്ച ഇദ്ദേഹത്തിന്റെ ജീവിത മാതൃക ആയിരങ്ങൾക്കിനിയും പ്രചോദനം അരുളട്ടെ. സ്ഥാപകപിതാക്കന്മാർ സ്വാംശീകരിച്ച സാഹോദര്യത്തിന്റെയും ലാളിത്യത്തിന്റെയും ആത്മത്യാഗത്തിന്റെയും സന്ദേശം പേറുന്ന ജീവിതശൈലി അനുധാവനം ചെയ്യുവാൻ ഈ സഭാംഗങ്ങൾക്കു കഴിയട്ടെ എന്നും പ്രാർത്ഥിക്കുകയാണ്. "ഈ ഭാഗ്യപ്പെട്ട ആത്മാവിൽ കത്തിയെരിഞ്ഞിരുന്ന ദൈവസ്നേഹവും അതിൽ നിന്നു പുറപ്പെട്ട പരസ്നേഹവും അതുവഴിയായിട്ടു ചെയ്തുവന്നിരുന്ന പരാക്രമ പുണ്യജീവിതവും ദൈവസ്തുതിക്കായിട്ടും പരോപകാരത്തിനായിട്ടും ആരംഭിച്ച ദർശന സമൂഹവും ഇതിന്റെ നടപ്പിനായി ചെയ്തപോലെ വേലകളും ബുദ്ധിമുട്ടുകളും സങ്കടങ്ങളും നടന്ന വഴികളും ചെയ്ത അപേക്ഷകളും എന്തുമാത്രമെന്നു സംക്ഷേപിപ്പാൻ പ്രയാസം തന്നെ".

(ബഹു: കുറിയാക്കോസ് ഏലിയാസച്ചൻ)

1 കുറവിലങ്ങാടും മർത്താമറിയം പള്ളിയും. By ഷെവലിയർ വി. സി. ജോർജ്. പേജ് 7

2 മാർ ളൂയിസ് പഴേപറമ്പിൽ ജീവിതവും കാലവും. പേജ് 7. ഷെവലിയർ ഐ. സി. ചാക്കോ

3 കേരളചരിത്രം. എ. ശ്രീധരമേനോൻ.M.A. AM Harward. Page 325-326

4 ശ്രീധരമേനോൻ - കേരളചിത്രം. പേജ് 87-88

5 റവ: ഡോ. സേവ്യർ കുടപ്പുഴ. ഭാരതസഭാചരിത്രം. പേജ് 327

6 സർദാർ കെ. എം. പണിക്കർ. കേരള സ്വാതന്ത്ര്യ സമരം. പേജ് 367

7 കല്ലൂർക്കാട് പള്ളിയും സുറിയാനി ക്രിസ്ത്യാനികളും By ജേക്കബ് കെ. കുര്യാളശ്ശേരി. പേജ് 98

8 കല്ലൂർക്കാടു പള്ളിയും സുറിയാനി ക്രിസ്ത്യാനികളും By ജേക്കബ് ജെ. കുര്യാളശ്ശേരി. പേജ് 91

9 കല്ലൂർക്കാടുപള്ളിയിൽ നിന്നും പ്രസിദ്ധീകരിച്ച ഒരു ലഘുചരിത്രം. പേജ് 1

10 ഷെവ. വി. സി. ജോർജ് കുറവിലങ്ങാട് മാർത്തമറിയം പള്ളിയും കേരള നസ്രാണികളും. പേജ് 429

11 ജയിക്കബ് ജെ. കുര്യാളശ്ശേരി. പേജ് 136



12 ജയിക്കബ് ജെ. കുര്യാളശ്ശേരി. പേജ് 137
13 കേരളസഭാ താരങ്ങൾ By Sri. M.O. Joseph Nedumkunnam. Page 105-106.
14 മാർ ജെയിംസ് കാളാശ്ശേരി സന്ദേശം
15 സ്ഥാപക പിതാക്കന്മാർ BY റവ. ഫാ. കുര്യാക്കോസ് സി. എം. ഐ. പേജ് 21
16 സ്ഥാപകപിതാക്കന്മാർ പേജ് 21
17 സ്ഥാപകരിൽ ഒന്നാമൻ By വർഗീസ് കാഞ്ഞിരത്തുങ്കൽ പേജ് 20
18 സ്ഥാപകരിൽ ഒന്നാമൻ By വർഗീസ് കാഞ്ഞിരത്തുങ്കൽ പേജ് 20
19 സ്ഥാപകരിൽ ഒന്നാമൻ By വർഗീസ് കാഞ്ഞിരത്തുങ്കൽ പേജ് 20
20 സ്ഥാപകരിൽ ഒന്നാമൻ By വർഗീസ് കാഞ്ഞിരത്തുങ്കൽ പേജ് 23
21 സ്ഥാപകരിൽ ഒന്നാമൻ By വർഗീസ് കാഞ്ഞിരത്തുങ്കൽ പേജ് 39
22 സ്ഥാപകരിൽ ഒന്നാമൻ By വർഗീസ് കാഞ്ഞിരത്തുങ്കൽ പേജ് 32
23 സഭാചരിത്രം, ഫാ. ബർണാഡ് പേജ് 6

With Best Compliments From :

A WELL WISHER





പോരൂക്കരയച്ചന്റെ ആദ്ധ്യാത്മികത

(റവ: ഡോ. ജെ. ബി. ചെത്തിമറ്റം)

പത്തൊൻപതാം നൂറ്റാണ്ടിന്റെ പ്രഥമാർദ്ധത്തിൽ കേരള കർമ്മലീത്താ സഭയ്ക്ക് അടിസ്ഥാനമിട്ടുകൊണ്ട് സഭയ്ക്കു മുഴുവനും സമുദായത്തിനും ഉദാത്തമായ നേതൃത്വം കൊടുത്ത വ്യക്തിയാണ് ബഹു: പോരൂക്കര തോമ്മാമല്പാനച്ചൻ. അദ്ദേഹത്തിന്റെ ചരമത്തിന്റെ നൂറ്റമ്പതാം വാർഷികം ആചരിക്കുന്ന ഇന്നും അദ്ദേഹത്തിന്റെ മാതൃകയും നേതൃത്വവും സംഗതം തന്നേ.

സന്യാസത്തിനുള്ള പ്രചോദനം

ചില പണ്ഡിതന്മാരുടെ അഭിപ്രായത്തിൽ സന്യാസം ആര്യസംസ്ക്കാരത്തിന്റെ ഭാഗമായിരുന്നില്ല. എന്നു തന്നെയല്ല ആര്യേതര പാരമ്പര്യത്തിൽ നിന്ന് ത്യാഗബദ്ധമായ പ്രസ്തുത ജീവിത രീതി കടമെടുത്തപ്പോൾ സാമൂഹ്യ സംഘടനയെ തന്നെ അതു പിടിച്ചുലച്ചു. അതുകൊണ്ടാണ് ചാതുർവർണ്ണ്യ സംവിധാനത്തിൽ സന്യാസം ഒരിക്കലും പൂർണ്ണമായി ഒന്നു ചേരാതിരിന്നിട്ടുള്ളത്. എന്നാൽ മറ്റു ചില ഗവേഷകരുടെ അഭിപ്രായത്തിൽ പ്രവർത്തന ബദ്ധമായ ആര്യജീവിതത്തിലെ കർമ്മ വിധികളുടെ സ്വഭാവത്തിൽ നിന്നു തന്നെയാണ് സന്യാസ ജീവിതത്തിന്റെ ഉത്ഭവം. ജീവിതത്തെ ഗ്രസിക്കുന്ന പാപം, മരണം, എന്നിവയിൽ നിന്നും രക്ഷപ്പെടുവാൻ ദീക്ഷയനുഷ്ഠിക്കുന്നയാൾ പുരോഹിതനിൽനിന്ന് യജ്ഞ കർമ്മം അഭ്യർത്ഥിക്കുമ്പോൾ അദ്ദേഹത്തിന് ദക്ഷിണയും ദാനവും കൊടുക്കേണ്ടതുണ്ട്. അങ്ങനെ ദാനം സ്വീകരിക്കുന്ന പുരോഹിതൻ അതോടുകൂടി ദീക്ഷിതാവിൽ നിന്ന് പാപവും മരണവും ഏറ്റുപേറുകയാണ്. അതിൽ നിന്നും രക്ഷപ്പെടുവാൻ രണ്ടു മാർഗ്ഗങ്ങളാണ് നിർദ്ദേശിക്കപ്പെട്ടിരിക്കുന്നത്. പ്രജാപതിയെതന്നെ പുരോഹിതനായി ക്ഷണിച്ച് സ്വന്ത തിന്മയും മരണവും അദ്ദേഹത്തെ ഏല്പിക്കുക. നിരന്തരം മരണം വരിക്കുന്ന വ്യക്തിയാണല്ലോ പ്രജാപതി. അതല്ലെങ്കിൽ പുരോഹിതൻ ഉള്ളതെല്ലാം വിട്ടൊഴിഞ്ഞ് ചാതുർവർണ്ണ്യത്തിനതീതമായ സന്ന്യാസത്തിൽ മുക്തി നേടുക. ഈ രണ്ടാമത്തെ രീതി അവലംബിച്ച് തന്റെ ആദ്ധ്യാത്മികത വികസിപ്പിച്ചെടുത്ത വ്യക്തിയാണ് 1846 ജനുവരി 8-ാം തീയതി നിര്യാതനായ പോരൂക്കര തോമ്മാമല്പാനച്ചൻ.

പോരൂക്കരയച്ചന്റെ ബാല്യകാല സുഹൃത്തായിരുന്ന കണിയാന്തറ യാക്കോബിന്റെ സാക്ഷ്യമനുസരിച്ച് സന്യാസജീവിതം അവലംബിക്കുവാനുള്ള ആഗ്രഹം അദ്ദേഹത്തിനു നേരത്തെ ഉണ്ടായിരുന്നു. "ഞാൻ കുർബാന പട്ടം ഏറ്റു വന്നാൽ നമുക്കു രണ്ടുപേർക്കും കൂടെ വല്ല വനവാസത്തിനും പോയ്ക്കളയാം. ലോകത്തിൽ പെരുമാറിയാൽ രക്ഷപ്പെടാൻ പ്രയാസം" എന്ന് ഒരിക്കൽ അദ്ദേഹം സ്നേഹിതനോടു പറയുകയുണ്ടായി. എന്നു തന്നെയല്ല, വൈദികനായി വന്നപ്പോൾ സ്നേഹിതനെ വീണ്ടും കണ്ട് കല്ല്യാണം കഴിക്കാൻ സമ്മതംമൂളിക്കഴിഞ്ഞിരുന്നയാളെ പൂർവ്വ നിശ്ചയം വീണ്ടും ഓർപ്പിച്ച് ഗ്രഹസ്ഥാശ്രമപരിപാടിയിൽ നിന്ന് അദ്ദേഹത്തെ പ്രതിനിവർത്തിപ്പിക്കുകയും ചെയ്തു. എന്നാൽ കർമ്മോദ്യുക്ത ജീവിതം തന്നെയാണ് സന്യാസജീവിതത്തിന് ഒരുക്കമായി പോരൂക്കരയച്ചനും സ്വീകരിച്ചത്. പല ചെറിയ രാജ്യങ്ങളായി കേരളം പിരിഞ്ഞു കിടന്ന കാലത്ത് തെക്കുംകൂർ, വടക്കുംകൂർ, ചെമ്പകശ്ശേരി മുതലായവയിൽ ക്രിസ്താനികൾ അധികമുണ്ടായിരുന്നവയിൽ ക്രൈസ്തവർക്ക് സ്വാധീനവും മുൻഗണനയുമുണ്ടായിരുന്നു. എന്നാൽ മാർത്താണ്ഡവർമ്മ മഹാരാജാവ് വേണാടു വികസിപ്പിച്ചു മറ്റു രാജ്യങ്ങളെല്ലാം പിടിച്ചെടുത്ത് തിരുവിതാംകൂറാക്കിയപ്പോൾ ക്രിസ്ത്യാനികളുടെ നിലനിൽപ്പു തന്നെ അവതാളത്തിലായി. പുതിയ സംവിധാനത്തിൽ എങ്ങനെ സമുദായത്തെ വളർത്താം എന്നതായിരുന്നു ഏവരുടേയും ചിന്ത. ഒരിടത്തരം ഗവൺമെൻറുദ്യോഗസ്ഥനും പുരോഗമന കാംക്ഷിയുമായിരുന്ന പോരൂക്കര ഇട്ടിക്കുരിവിള തരകൻ സ്വന്തമക്കൾക്കെല്ലാം വേണ്ട വിദ്യാഭ്യാസം നൽകുന്നതിൽ ശ്രദ്ധ ചെലുത്തി. അദ്ദേഹം തന്നേയും മലയാളം കൊണ്ടു മാത്രം തൃപ്തിപ്പെടാതെ മറ്റു ഭാക്ഷകളിലുള്ള പുസ്തകങ്ങളും ഉപയോഗിച്ച് സ്വന്ത വീക്ഷണം വികസിപ്പിക്കാൻ ശ്രമിച്ച ആളായിരുന്നു. പ്രത്യേകം അദ്ധ്യാപകരെ വരുത്തി സ്വന്തമക്കളേ ഇംഗ്ലീഷ്, പോർട്ടുഗീസ് മുതലായ ഭാക്ഷകൾ പഠിപ്പിക്കാൻ പണം ചിലവാക്കുന്നതിൽ അദ്ദേഹത്തിനു മടിയുണ്ടായിരുന്നില്ല. അങ്ങനെ നല്ല ശിക്ഷണം സ്വീകരിച്ച പ്രഥമ പുത്രനായ തോമസിനെ വൈദികജീവിതത്തിലേയ്ക്ക് തിരിച്ചുവിടണമെന്നായിരുന്നു ആ വത്സല പിതാവിന്റെ ആഗ്രഹം.

അതിന് വടയാർ, കുമരകം മുതലായ സ്ഥലങ്ങളിൽ പണ്ഡിതരായ ഓരോ വൈദികർ നടത്തിയിരുന്ന ഗ്രാമീണ സെമിനാരികളിൽ മകനെ അയയ്ക്കുന്നതിനു പകരം ഒരു വൈദിക വിദ്യാലയത്തിന്റെ നിലവാരം പുലർത്തിയിരുന്ന വരാപ്പുഴ അപ്പസ്തോലിക സെമിനാരിയിൽ അദ്ദേഹത്തെ ശിക്ഷണത്തിനു ചേർത്തു. പോരൂക്കരയച്ചന്റെ ഇളയ അനുജനും കേരള കർമ്മലീത്താ സഭയുടെ രണ്ടാം പ്രിയോരുമായിരുന്ന കുര്യാക്കോസ് ഏലിശ്വാച്ചൻ സ്വന്തസഹോദരന്റെ വൈദീക പരിശീലനത്തെപ്പറ്റി ഇങ്ങനെയാണ് പറയുന്നത് "തന്റെ പിതാവിന്റെ ശുദ്ധലാക്കിനു തക്കവണ്ണം ലോക പ്രഞ്ചങ്ങളിലും വീട്ടു കാര്യങ്ങളിലും കലരാതെ ദൈവശുശ്രൂഷയിൽ കാലം പോക്കണമെന്നുള്ള ആഗ്രഹപ്രകാരം സെമിനാരിയിൽ തന്റെ



മല്പാനച്ചനും യജമാനന്മാരും കൂട്ടുകാരും വിസ്മയിപ്പാനും സന്തോഷിപ്പാനും തക്കവണ്ണം പഠനകാര്യത്തിലും പുണ്യജീവിതത്തിലും ജീവിക്കയാൽ മല്പാനച്ചനും മറ്റും വളരെ പ്രിയവും സമ്മതവുമായിരുന്നു". (സ്ഥാപക പിതാക്കന്മാർ 4.20) പ്രസ്തുത ശിക്ഷണ പരിപാടിയുടെ മദ്ധ്യത്തിൽ അദ്ദേഹത്തിനു പതിനെട്ടു വയസ്സായിരിക്കുമ്പോൾ പിതാവ് പെട്ടെന്നു മരിച്ചു പോയെങ്കിലും വൈദീകവൃത്തിക്കുള്ള സ്വന്ത ഉദ്യമത്തിൽ നിന്ന് അദ്ദേഹം പിന്മാറിയില്ല. സ്വന്ത സഹോദരങ്ങളുടെ വിദ്യാഭ്യാസത്തിനും കുടുംബഭരണത്തിനും വേണ്ട ഏർപ്പാടു ചെയ്തിട്ട് അദ്ദേഹം സെമിനാരിയിലേയ്ക്കു തന്നെ മടങ്ങി.

കർമ്മയോഗി

ഇരുപത്തിമൂന്നാം വയസ്സിൽ 1823 സെപ്റ്റംബർ 22-ാം തീയതി വൈദീകനായി തീർന്നശേഷം അധികം താമസിയാതെ സ്വന്തം ഇടവകയായ കല്ലൂർക്കാട്ടു പള്ളിയിൽ വികാരിയായി നിയമിക്കപ്പെട്ടു പോരൂക്കരയച്ചൻ. യുവത്വത്തിന്റെ ചുറുചുറുപ്പോടെ ആത്മപാലന പ്രക്രിയയിൽ അദ്ദേഹം ഏർപ്പെടുകയും രണ്ടുമൂന്നു കൊല്ലം കൊണ്ട് ആളുകളുടെജീവിതാഭിമുഖ്യത്തിൽ ഒരു സമൂല പരിവർത്തനം സാധിക്കുകയും ചെയ്തു. വൈഭാഗിക ചിന്തകൾക്കും ഗ്രൂപ്പുമത്സരങ്ങൾക്കും വഴി കൊടുക്കാതെ എല്ലാവരും ദൈവ സേവനത്തിൽ ഉദ്യുക്തരാകത്തക്ക സംവിധാനമാണ് അദ്ദേഹം സൃഷ്ടിച്ചത്. സ്വന്ത സഹോദരങ്ങളെ തന്നെ ഉൾപ്പെടുത്തി സജീവമായ ഒരു ഗായകസംഘം രൂപീകരിച്ചു. ആളുകളുടെ ആദ്ധ്യാത്മികതയ്ക്കു ഉന്മേഷം പകരുന്ന സുവിശേഷ പ്രഘോഷണം പതിവാക്കി.

1827 ആഗസ്റ്റ് 15-ാം തീയതിയാണ് അദ്ദേഹം കൊല്ലത്ത് തങ്കശ്ശേരിപ്പള്ളിയിൽ വികാരിയായി നിയമിതനായത്. ദിവാൻകച്ചേരിയും, റസിഡൻറാഫീസും ഉൾപ്പെടെ രാഷ്ട്രീയ പ്രവർത്തനത്തിന്റെ കേന്ദ്രമായിരുന്ന പ്രസ്തുത സ്ഥലത്ത് ആളുകളുടെ ആദ്ധ്യാത്മിക നിലവാരം ഒട്ടും ആശാസ്യമായിരുന്നില്ല. പോരൂക്കരയച്ചന്റെ വിദേശഭാക്ഷാപരിജ്ഞാനം അവിടെ ഉണ്ടായിരുന്ന വിദേശികളെ സ്വാധീനിക്കാൻ വളരെ ഉപകരിച്ചു. ഏതാണ്ടു രണ്ടു കൊല്ലത്തോളമേ അദ്ദേഹം അവിടെ പ്രവർത്തിച്ചുള്ളുവെങ്കിലും ആ സമയം കൊണ്ട് ആളുകളുടെ ജീവിതത്തിൽ കാതലായ വ്യത്യാസം തന്നേ വരുത്തി അദ്ദേഹം. അദ്ദേഹത്തോടുകൂടി താമസിച്ച് ബാല്യകാല വിദ്യാഭ്യാസം കഴിച്ച അനുജൻ കുര്യാക്കോസ് ഏലിശ്വാച്ചൻ അനുഭവസാക്ഷ്യം നൽകുന്നത് ഇങ്ങനെയാണ്. "അദ്ദേശക്കാരെല്ലാവരും വിസ്മയിക്കാൻ തക്ക പുണ്യ മാതൃകയാലും ജ്ഞാന പടാർത്ഥകളാലും ഏറ്റിക്കപ്പെട്ട ഉത്സാഹത്താലും നല്ല ഭരിപ്പുണ്ടായിട്ടില്ല എന്നിരിക്കുന്ന ദിക്കിൽ ഇടയാലെ ഭൂമി ഇളകി പഞ്ചഫലാദികളെ മുളപ്പിക്കുന്നതുപോലെ ഏറിയ ദുർന്നടപ്പുകാരെയും വലിയവരായിട്ടും ചെറിയവരായിട്ടുമുള്ളവരെയും ദൈവഭയത്താൽ ഇളക്കി ഭക്തരാക്കി." (സ്ഥാപക പിതാക്കമനാർ പു. 17) ലത്തീൻ റീത്തിൽപ്പെട്ട അനേകം ക്രൈസ്തവരുണ്ടായിരുന്നവർക്കു വേണ്ടി കുർബാന ഒഴികെയുള്ള ക്രമങ്ങൾ ലത്തീനിൽ തന്നെ അദ്ദേഹം നിർവ്വഹിച്ചു. അങ്ങനെ ലേദീസ്, മെല്ലോ മുതലായവരുടെ വീടുകൾ സന്യാസഭവനങ്ങൾ പോലെ ആയിത്തീർന്നു.

സന്യാസ ജീവിത സംരംഭം

1828 ലാണ് പാലയ്ക്കൽ മല്പാനച്ചന്റെ അഭിപ്രായമനുസരിച്ച് മൗറിലിയൂസ് സ്ഥബലീനി മെത്രാൻ പോരൂക്കരയച്ചനെ സ്വന്ത സെക്രട്ടറിയായി നിയമിച്ചത്. ജനമദ്ധ്യത്തിൽ പല വിഭിന്ന ഗ്രൂപ്പുകൾ ഉണ്ടായിരുന്ന സാഹചര്യത്തിൽ ആത്മപാലനം ക്ലിഷ്ടമായിരുന്നു. പാലയ്ക്കലച്ചനും പോരൂക്കരയച്ചനും മെത്രാനച്ചനെ സഹായിക്കാൻ ശ്രമിച്ചു. തദവസരം ഉപയോഗിച്ചുകൊണ്ട് ഇരുവരും കൂടെ രൂപതാദ്ധ്യക്ഷനെ അറിയിച്ചു അജപാലന രംഗത്തു നിന്നും വിരമിച്ചു ഏകാന്തതയിൽ ജീവിതം ചെലവഴിക്കുന്നതിനുള്ള തങ്ങളുടെ ആഗ്രഹം. കഴിവുറ്റ രണ്ടു പ്രേഷിതരെ അങ്ങനെ നഷ്ടപ്പെടുമെന്നു കണ്ടപ്പോൾ മെത്രാനച്ചൻ ഉപദേശിച്ചു ഒരു സന്യാസ ഭവനം സ്ഥാപിച്ച് ഏകാന്തതയും അജപാലനവും ഒന്നിപ്പിച്ചുള്ള സന്യാസ ജീവിതത്തിനു തുടക്കമിടുവാൻ. അതിലേയ്ക്കാവശ്യമായ പണം ആളുകളിൽ നിന്നും പള്ളികളിൽ നിന്നും സംഭാവനയായി സ്വീകരിക്കുവാൻ അംഗീകാരവും ശുപാർശയും രേഖപ്പെടുത്തിയുള്ള ഔദ്യോഗിക കത്തും മെത്രാനച്ചൻ അവർക്കു കൊടുത്തു. നേരത്തെ പരാമർശിച്ചതു പോലെ മുറ്റുള്ളവരുടെ പാപങ്ങൾ ഏറ്റുവാങ്ങുന്ന പുരോഹിതൻ ഇടയ്ക്കിടെ സാമാന്യ ജീവിതത്തിൽ നിന്നു പിൻവാങ്ങി ഏതാനും ദിവസങ്ങൾ ദാനവും ദക്ഷിണയും മറ്റും നൽകി സ്വന്ത പാപങ്ങളെ നീക്കി പുതിയ ജീവിതം പ്രാപിക്കണമെന്ന് വൈദിക വിധികളുണ്ടായിരുന്നു ആര്യമതത്തിൽ (കാഥക സംഹിത 34-8-11; തൈന്തരീയ സംഹിത 7.2., 10.2.; ആപസ്തംഭശ്രൗതസൂത്ര 13.6. 4-6). ഇതേ ചൈതന്യത്തിലായിരുന്നു കർമ്മമലയിൽ സന്യാസം വരിച്ചവർ നിർദ്ദേശിച്ചത് ധ്യാനിക്കണം ധ്യാനിച്ചവ മറ്റുള്ളവർക്കു പകർന്നു കൊടുക്കണം വീണ്ടും ധ്യാനത്തിലൂടെ ചൈതന്യം ആർജ്ജിക്കണമെന്ന്. ഈ വീക്ഷണത്തോടുകൂടിയാണ് പോരൂക്കരയച്ചനും സഹകാരികളും മാന്നാനം കുന്നിൽ സന്യാസ ജീവിതത്തിന് അടിത്തറയിട്ടത്.

19-ാം നൂറ്റാണ്ടിന്റെ ആദ്യദശകങ്ങളിൽ തിരുവിതാംകൂറിൽ ഒരു ക്രൈസ്തവദേവാലയം സ്ഥാപിക്കുക എത്രദുഷ്ക്കരമായിരുന്നു എന്ന വസ്തുതയാണ് മാന്നാനം ആശ്രമദേവാലയത്തിന്റെ സ്ഥാപനത്തിനുവേണ്ടി പോരൂക്കരയച്ചൻ കഴിച്ച അത്യദ്ധ്വാനങ്ങൾ കാണിക്കുന്നത്. മുമ്പ് കൊല്ലത്ത് താമസിച്ച് സമ്പാദിച്ച സർവ്വ സ്വാധീ



നവും പ്രയോഗിച്ചും ബ്രിട്ടീഷ് റസിഡൻറിന്റെയും മറ്റു ദ്യോഗസ്ഥരുടെയും ശുപാർശയോടെയുമാണ് അനുവാദത്തിനുള്ള അപേക്ഷ ദിവാൻജിക്കു സമർപ്പിച്ചത്. അന്ന് കൊച്ചിയിൽ കൂടെ കടന്നു പോയ മദ്രാസ് ഗവർണറുടെ ശുപാർശപോലും അപേക്ഷകർ അതിലേയ്ക്കു തേടുകയുണ്ടായി. അതിനു പുറമെ കരക്കാരുടെ സമ്മതവും ആവശ്യവുമായിരുന്നു ആദ്യം പുല്ലരിക്കുന്നിൽ ദേവാലയം സ്ഥാപിക്കുവാൻ നോക്കിയപ്പോൾ അത് കുമാരനെല്ലൂർ ഭഗവതിയുടെ ആവാസസ്ഥാനമാണെന്നു പറഞ്ഞു കരക്കാർ തടഞ്ഞു. അവസാനം മാന്നാനം കുന്നിൽ പള്ളി വെയ്ക്കാൻ അനുവാദം കിട്ടിയത് വലിയ കാര്യമായി കരുതി ഉടൻ തന്നെ കുരിശാശിർവദിച്ച് ആഘോഷപൂർവ്വം സ്ഥാപിച്ചുകൊണ്ടാണ് ഉണ്ടാകാമായിരുന്ന പ്രതിബന്ധങ്ങളെ ഒഴിവാക്കിയത്.

പുതുതായി ജന്മമെടുത്ത സന്യാസ സഭയുടെ പ്രധാനാചാര്യനും പിതാവും പാലയ്ക്കലച്ചനായിരുന്നെങ്കിലും അതിന്റെ രൂപവും ഭാവവും ചൈതന്യവുമെല്ലാം നിർണ്ണയിക്കുന്നതിൽ നേതൃത്വം വഹിച്ചത് പോരൂക്കരയച്ചനായിരുന്നു. പരിത്യാഗ ജീവിതത്തെക്കുറിച്ചു ആദ്യം ആവേശം തോന്നിയത് അദ്ദേഹത്തിനായിരുന്നല്ലോ. പള്ളി സ്ഥാപിക്കാൻ കുരിശാശിർവദിച്ചത് അദ്ദേഹമായിരുന്നു. അനാരോഗ്യവാനായിരുന്ന സ്ഥബിലിനി മെത്രാന്റെയും വിനീതനായ പാലയ്ക്കലച്ചന്റെയും ആഗ്രഹപ്രകാരം ദേവാലയത്തിന് ശിലാസ്ഥാപനം നടത്തിയതും അദ്ദേഹം തന്നെ. ഭവനം വിശുദ്ധ യോഹന്നാന്റെ നാമത്തിൽ വേണമെന്ന് മെത്രാനച്ചനും വിശുദ്ധ ഡൊമിനിക്കിന്റെ നാമത്തിലായിരിക്കണമെന്ന് പാലയ്ക്കലച്ചനും ആഗ്രഹിച്ചെങ്കിലും അത് വിശുദ്ധ യൗസേഫിന്റെ നാമത്തിൽ വേണമെന്ന് പോരൂക്കരയച്ചൻ നിർദ്ദേശിച്ചപ്പോൾ മുതിർന്നവർ ഇരുവരും അതിന് വഴങ്ങി കൊടുത്തു. പോരൂക്കരയച്ചന്റെ നോട്ടത്തിൽ ദൈവപുത്രന്റെ മനുഷ്യാവതാര രഹസ്യത്തിന് സംരക്ഷകനായിരുന്ന വിശുദ്ധ യൗസേഫ് സന്യാസ ജീവിതത്തിന്റെ തന്നെ പ്രതീകമാണ്. അദ്ദേഹത്തിന് പ്രസ്തുത വിശുദ്ധനോട് പ്രത്യേക ഭക്തിയുണ്ടായിരുന്നതിനാൽ ആത്മപാലന ജോലി ഏറ്റെടുത്ത ഉടനെ തന്നെ അദ്ദേഹത്തിന്റെ നാമത്തിൽ ഒരു ഭക്തസംഘടന തുടങ്ങി. പ്രത്യേക പണപ്പിരുവു നടത്തി ഒരു പേരുകേട്ട കലാകാരനെക്കൊണ്ട് അദ്ദേഹം കൊത്തിച്ചെടുത്ത വിശുദ്ധന്റെ രൂപമാണ് ഇന്നും മാന്നാനം ആശ്രമ ദേവാലയത്തിന്റെ പ്രധാനപീഠത്തിലിരിക്കുന്നത്. അവസാനം കർമ്മലസഭയുടെ ധ്യാന ചൈതന്യം പുതിയ സന്യാസ ഗണം ആശ്ലേഷിക്കണമെന്നും നിർദ്ദേശിച്ചതും പോരൂക്കരയച്ചൻ തന്നെ.

പാലയ്ക്കലച്ചന്റെ ഇംഗിതത്തിനു വഴങ്ങി മാന്നാനത്തും വൈദീക വിദ്യാർത്ഥികൾക്കുള്ള സെമിനാരി തുടങ്ങിയെങ്കിലും ഇടവക ജീവിതത്തിനുള്ളവരും സന്യാസ ജീവിതത്തിനുള്ളവരും വ്യത്യസ്ത സമൂഹങ്ങളായി താമസിച്ച് താന്താങ്ങൾക്കുള്ള പ്രത്യേക പരിശീലനം സ്വീകരിക്കണമെന്ന് പോരൂക്കരയച്ചൻ നിഷ്കർഷിച്ചു. അതിൽ പ്രതിക്ഷേധിച്ച് കുറേ വിദ്യാർത്ഥികൾ പിരിഞ്ഞു പോയെങ്കിലും അദ്ദേഹം തന്റെ നിശ്ചയത്തിൽ ഉറച്ചു നിന്നു. ഇങ്ങനെയാണ് പുതുതായി ജന്മംകൊണ്ട സഭയ്ക്ക് രൂപവും ഭാവവും നൽകാൻ അദ്ദേഹത്തിന് കഴിഞ്ഞത്

വ്യക്തിഗതമായ വിശുദ്ധി

പാലയ്ക്കലച്ചന്റെയും പോരൂക്കരയച്ചന്റെയും യുവസഹകാരിയായിരുന്ന വാഴ്ത്തപ്പെട്ട ചാവറയച്ചൻ പ്രസ്താവിക്കുന്നതുപോലെ ദൃഢമായ വിശ്വാസവും കഠിനാധ്വാനത്തിനുള്ള ശീലവുമാണ് പോരൂക്കരയച്ചനെ കർമ്മയോഗിയാക്കിയത്. മാന്നാനം ദേവാലയത്തിനുള്ള അനുമതി സർക്കാരിൽ നിന്നു കിട്ടുക വളരെ പ്രയാസമുള്ളതാണെന്നു കണ്ടിട്ട് അതിനു വേണ്ടി വളരെ പ്രാർത്ഥിക്കുകയും ദിവ്യബലിയർപ്പിക്കുയും മറ്റുള്ളവരെക്കൊണ്ടും ദിവ്യബലിയർപ്പിക്കുകയും ചെയ്തശേഷമാണ് അപേക്ഷയുമായി കൊല്ലത്തിനു പുറപ്പെട്ടത്. അധികം കൈക്കൂലികൊടുക്കാതെ കാര്യം സാധിച്ചു കഴിഞ്ഞപ്പോൾ അത്യധികം സന്തോഷിച്ച് നന്ദിപ്രകടനമായി പാട്ടു കുർബാനയർപ്പിച്ചു. ദേവാലയത്തിനു കുരിശു സ്ഥാപിച്ച അവസരത്തിൽ ഒരു ബാലനെ വിഷം തീണ്ടിയപ്പോൾ അവനെ വിഷകാരികളുടെ അടുത്തു വിടാതെ വിശുദ്ധ ജലം തളിച്ചും പ്രാർത്ഥിച്ചും പൂർണ്ണമായി സുഖപ്പെടുത്തുവാനുള്ള വിശ്വാസം പോരൂക്കരയച്ചനുണ്ടായിരുന്നു.

മാന്നാനത്ത് ആശ്രമം പണിതുടങ്ങിയ ഉടനെയാണ് ഫ്രാൻസിസ് സേവ്യർ മെത്രാൻ വികാരിഅപ്പസ്തോലിക്കാ ആയി വന്നത്. അദ്ദേഹത്തിന് ഏതദ്ദേശീയ ആശ്രമ സംരംഭത്തോട് വലിയ താല്പര്യമുണ്ടായിരുന്നില്ല. വിരോധികളായ പിലരുടെയും എതിർ പ്രചരണവും ഉണ്ടായിരുന്നു. അതിനാൽ മാന്നാനത്തു പണിയിൽ നേതൃത്വം കൊടുത്തിരുന്ന ചാവറയച്ചനേയും പോരൂക്കരയച്ചനേയും അവിടെന്നിന്നു മാറ്റി. ദൈവപരിപാലനയിൽ വിശ്വസിച്ചു കൊണ്ട് ഇരുവരും അനുസരിച്ചു. പോർട്ടുഗീസ് മേൽക്കോയ്മയുടെ പദ്രുവാദോ ഭരണം നിർത്തലാക്കിയതിൽ പ്രതിഷേധിച്ച് വിഘടിതരായി നിന്നിരുന്ന ചിലതെക്കൽ പള്ളികളെ ഐക്യത്തിൽ കൊണ്ടു വരാനാണ് പോരൂക്കരയച്ചനെ നിയോഗിച്ചത്. അദ്ദേഹം പ്രശ്നം വിശദമായി കൈകാര്യം ചെയ്ത് അനുരജ്ഞനം സാധിച്ചതിൽ മെത്രാൻ സന്തുഷ്ടനായി മാന്നാനം സംരംഭത്തിൽ കൂടുതൽ തല്പരനാവുകയും ഇരു വൈദികരെയും തിരിച്ചുചെന്ന് അതിൽ ഉദ്യുക്തരാകുവാൻ അനുവദിക്കുകയും ചെയ്തു.

അനുജൻ കുര്യാക്കോ ഏലീശ്വാച്ചൻ സാക്ഷിക്കുന്നതുപോലെ തോമ്മാച്ചൻ പ്രാർത്ഥനയുടെ മനുഷ്യനായിരുന്നു. ദീർഘമായ പ്രാർത്ഥനകളുടെയും ആഴമായ ധ്യാനത്തിന്റെയും ദിനചര്യയാണ് അദ്ദേഹം മാന്നാന



ത്ത് നടപ്പാക്കിയത്. പോരൂക്കരയച്ചന്റെയും ചാവറയച്ചന്റെയും ആഗ്രഹം ഒരു പ്രകാരം നിറവേറ്റിയ ഉടനെ ഇവരുടെ ഹൃദയത്തിൽ കത്തിയെരിഞ്ഞിരുന്ന ഭക്തിയുടെ ജ്വാല പൊങ്ങുവാൻ തുടങ്ങി. അരൂപിക്കടുത്ത നമസ്ക്കാരങ്ങളും, ധ്യാനങ്ങളും, നോയമ്പും, ഉറക്കമൊഴിച്ചിൽ, എത്രയും വിളിക്കപ്പെട്ട ഹുദറാനമസ്ക്കാരം, മൂന്നുനോയമ്പിന്റെ നമസ്ക്കാരം മുതലായതുകളും വിശേഷ പെരുന്നാളുകളിൽ പാട്ടുകുർബാന മുതലായതുകളും ഉണ്ടായിരുന്നു". (സ്ഥ. പി. 4.2) ചില അവസരങ്ങളിൽ പോരൂക്കരയച്ചൻ രാത്രി മുഴുവൻ തന്നെ പ്രാർത്ഥനയിൽ ചെലവഴിച്ചിരുന്നു. ഇപ്രകാരമുള്ള തീവ്രമായ തപോനിഷ്ഠ കൊണ്ടാകണം അദ്ദേഹത്തിന്റെ ആരോഗ്യത്തിന് ഹാനി ഭവിച്ചത്.

പുറമെ നടത്തുന്ന പ്രാർത്ഥന പരിപാടികളെ ആന്തരീകരിക്കുന്നതാണല്ലോ സന്യാസം. ബ്രഹദാരണ്യ കോപനിഷദ് പ്രസ്താവിക്കുന്നതുപോലെ "തം ഏതം വേദാനു വചനേ ബ്രാഹ്മണാ വിവിദിശന്തിയജ്ഞേന ദാനേന തപസാനാശകേനയിതം ഏവ വിദിത്വായുനിർഭവന്തി" വേദോച്ചാരണ യജ്ഞം ദാനം തപസ്സ് ഭക്ഷണത്യാഗം മുതലായവ വഴിയാണ് ദൈവജ്ഞാനമന്വേഷിക്കുന്നവർ മുനികളായിത്തീരുന്നത്. ബൗധായന ധർമ്മസൂത്രം 2.7-12 ആത്മയജ്ഞം, മാനസയജ്ഞം മുതലായവ സന്യാസിയുടെ പ്രത്യേകതകളായി വിവരിക്കുന്നുണ്ട്. എന്നു തന്നെയല്ല നല്ല യജ്ഞത്തിൽ നിന്ന് ലഭ്യമാകുന്ന സൽഫലങ്ങളെയും കർമ്മ വിധിക്ക് അനുസൃതമല്ലാത്ത യജ്ഞത്തിൽ നിന്നുളവാകും ദുഷ്ഫലങ്ങളെയും സന്യാസ ജീവിതത്തിൽ ആന്തരീകരിച്ചപ്പോഴാണ് കർമ്മ സംസാരവാദം തന്നെ ഉണ്ടായതെന്ന് ചില പണ്ഡിതന്മാർ അഭിപ്രായപ്പെടുന്നുണ്ട്. (Herman W.Tull, The Vedic Origins of Karma, Cosmosar Man in Ancient Indian Myth and Ritnals New York Press 1989 P.15) ദേവയാനവും പിതൃയാനവും കർമ്മ വിധികളുടെ അനുഷ്ഠാനത്തിൽ നിന്നു ഉളവാകുന്ന വ്യത്യാസമായിരുന്നല്ലോ. ബലിയർപ്പിക്കുന്നവൻ കർമ്മാനുഷ്ഠാനം വഴി വിശ്വവുമായി ഐക്യപ്പെട്ട് പരിവർത്തനം പ്രാപിക്കുന്നു. ജനസേവനാർത്ഥമുള്ള പ്രാർത്ഥനകളും ദിവ്യബലിയും വേദഘോഷണവും വഴി സ്വന്ത ആന്തരീക പരിവർത്തനം തന്നെ സാധിക്കുകയായിരുന്നു പോരുക്കരയച്ചൻ അവതരിപ്പിച്ച സന്യാസത്തിന്റെ ലക്ഷ്യം.

പോരൂക്കരയച്ചന്റെ സർവ്വ മതവീഷണം

ക്രൈതവ വിശ്വാസികളുടെ അഭിവൃദ്ധിക്കായി സന്യാസ ജീവിതത്തിന്റെ ആദർശം ഉയർത്തിപ്പിടിച്ചു കൊണ്ട് സമുദായത്തിന്റെ മുഴുവൻ പുരോഗമനം ഉന്നം വയ്ക്കുകയാണ് പോരൂക്കരയച്ചൻ ചെയ്തത്. ജാതിമതഭേദമന്യെ എല്ലാവരുടെയും സഹകരണം അദ്ദേഹം തേടി. പുല്ലരിക്കുന്നിൽ ആശ്രമം സ്ഥാപിക്കുവാൻ ഹിന്ദുക്കളായ കരക്കാർ തടസ്സമുണ്ടാക്കിയപ്പോൾ ചിലർ ഉപദേശിച്ചതുപോലെ അവരുമായി ഒരേറ്റുമുട്ടലിലേർപ്പെടുന്നതിനേക്കാൾ വേറെ മാർഗ്ഗം തേടുകയാണ് വേണ്ടതെന്ന് അദ്ദേഹം കട്ടായം പറഞ്ഞു. മന്നാനം കുന്നു വെട്ടിതെളിയ്ക്കാൻ ക്രിസ്താനികളോടൊപ്പം ഒശനാരുമേത്തരെപ്പോലെയുള്ള മുസ്ലിമുകളും വേലക്കാരെ വിട്ടു സഹായിച്ചു. വേലക്കാരോടൊപ്പം പോരൂക്കരയച്ചനും മണ്ണു വെട്ടുന്നതിനും തടി വലിച്ചു മാറ്റുന്നതിനും മടിച്ചില്ല. ചിറ്റേഴത്ത് നായരുടെ കളപ്പുരയിലാണ് അച്ചന്മാർക്ക് തല്ക്കാലം താമസിക്കാൻ സൗകര്യം നൽകിയത്. ഇങ്ങനെ എല്ലാവരും ജാതി മത ഭേദമന്യെ എല്ലാവരുടെയും രക്ഷയ്ക്കായി ഒന്നിച്ചു പ്രവർത്തിക്കുകയാണ് വേണ്ടതെന്ന് പോരൂക്കരയച്ചൻ വ്യക്തമാക്കി. നസ്രസ്സിലെ ഈശോ ക്രിസ്താനികളുടെ കുത്തകയല്ല. അദ്ദേഹം എല്ലാവരുടെയും അവകാശമാണ്. അതുപോലെ ശ്രീബുദ്ധന്റെ സന്ദേശവും ശ്രീശങ്കരാചാര്യരുടെ അനുഭവവും മുഹമ്മദു നബിയുടെ വിശ്വവീക്ഷണവും മനുഷ്യർക്കെല്ലാം പൊതു മുതലാണ്. ദൈവമക്കളായ മനുഷ്യരെല്ലാം ഒരു കുടുംബത്തിന്റെ അംഗങ്ങളാണല്ലോ. നമ്മിൽ ചിലർ ക്രിസ്ത്യാനികളായിപ്പോയി. ചിലർ ഹിന്ദുക്കളും ചിലർ മുസ്ലീമുകളും. പക്ഷേ ക്രിസ്തുവിന്റെ ആഹ്വാനത്തിനും മുഹമ്മദു നബിയുടെ ദൈവനിയമത്തെക്കുറിച്ചുള്ള ചിന്തയ്ക്കും ശ്രീബുദ്ധന്റെ ധർമ്മ വിജയ പരിപാടിക്കും ചെവി കൊടുക്കുവാൻ എല്ലാവർക്കും ഉത്തരവാദിത്വം ഒരുപോലെയുണ്ട്.





ചരിത്ര സ്മൃതികളുടെ നടതുറക്കുന്ന കല്ലൂർക്കാട് ദേവാലയം

ഫാ: ജെ. നെല്ലിക്കുന്നത്ത്

വെള്ളിക്കസവു വരയിട്ട പച്ചപട്ടുടുത്ത്, കണ്ണിൽ മഷിയെഴുതി കനകചിലങ്കയണിഞ്ഞു നിൽക്കുന്ന പ്രകൃതി അതിന്റെ അകൃത്രിമ സൗന്ദര്യത്തിന്റെ ധാരാളിത്വം പ്രകടമാക്കുന്ന കുട്ടനാട് കേരളത്തിന്റെ സാംസ്ക്കാരിക ചരിത്രത്തിൽ സുപ്രധാനമായ ഒരു സ്ഥാനം വഹിക്കുന്നു. വിവിധ മതങ്ങളുടെ സംഗമ വേദിയായ ഈ പ്രദേശത്തിന്റെ സംസ്ക്കാര ധാരയിൽ ക്രിസ്തുമതത്തിന്റെ സ്വാധീനം ഒട്ടും അപ്രധാനമല്ലാത്ത ഒന്നു തന്നെ. വയലേലകളെതഴുകി തലോടി, ഗതകാലചരിത്രത്തിന്റെ മധുര സ്മരണകളുമായി അലസഗമനം ചെയ്യുന്ന പമ്പയാറിന്റെ തീരത്തു നിലകൊള്ളുന്ന കല്ലൂർക്കാട് പള്ളി കുട്ടനാട്ടിലെ ക്രൈസ്വജീവിതത്തിന്റെയും ക്രൈസ്തവ സംസ്ക്കാരത്തിന്റെയും പിള്ളത്തൊട്ടിലാണെന്നു പറയാം. കേരളത്തിലെ അതിപുരാതന ക്രൈസ്തവ ദേവാലയങ്ങളിൽ ഒന്നാണ് കല്ലൂർക്കാടു പള്ളിയെന്നത് പൊതുവേ അംഗീകരിക്കപ്പെട്ടിട്ടുള്ള വസ്തുതയാണ്. ഇന്ന് ചങ്ങനാശ്ശേരി അതിരൂപതയിലെ മറ്റ് ഏതൊരു പള്ളിയെക്കാളും പൗരാണികത്വത്തിൽ ഒന്നാമതു നിൽക്കുന്ന ഈ ദേവാലയമുത്തശ്ശി കുട്ടനാട്ടിലെയും പരിസര പ്രദേശങ്ങശിലെയും എല്ലാ ക്രൈസ്തവദേവാലയങ്ങളുടെയും മാതൃത്വം വഹിക്കുന്നു. കല്ലൂർക്കാട് പള്ളിയെന്ന പേര് ഇതിനു ലഭിച്ചത് ഈ ദേവാലയം സ്ഥിതിചെയ്യുന്ന സ്ഥലത്തിന്റെ പേരിൽ നിന്നാണെന്ന് പറയപ്പെടുന്നു[1]. അത് എങ്ങനെയായാലും പ്രാചീന രേഖകളിലെല്ലാം കല്ലൂർക്കാട് എന്ന പേരുകൊണ്ടാണ് ഈ ദേവാലയത്തെ നാമനിർദ്ദേശം ചെയ്യുന്നതെന്നുള്ളത് ശ്രദ്ധിക്കപ്പെടേണ്ടതുതന്നെ.

മാർത്തോമാശ്ലീഹായാൽ സ്ഥാപിതമായതെന്നു പ്രസിദ്ധിപെറ്റതാണല്ലോ പാലയൂർ, കൊടുങ്ങല്ലൂർ, കോട്ടക്കാവ്, കോക്കമംഗലം, നിരണം, കൊല്ലം, ചായൽ (നിലയ്ക്കൽ) എന്നിവിടങ്ങളിലെ പള്ളികൾ. ഇവയ്ക്കുശേഷം കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ ഏതാനും നൂറ്റാണ്ടുകൾക്കിടയിൽ അതിപുരാതന ദേവാലയങ്ങളാണ് മൈലക്കൊമ്പ്, കടുത്തുരുത്തി, അരുവിത്തറ, കുറവിലങ്ങാട്ട്, കല്ലൂർക്കാട് (പമ്പക്കുളം) ഉദയമ്പേരൂർ, ഇടപ്പള്ളി എന്നീ പള്ളികൾ.[2] ഇങ്ങനെ ചരിത്ര പരിപ്രേക്ഷ്യത്തിൽ സ്ഥാപനകാലം വച്ചു നോക്കുമ്പോൾ രണ്ടാം ഗണത്തിൽ പെടുന്ന ഒരു ദേവാലയമാണ് കല്ലൂർക്കാട് എന്നു കാണാം.

ചരിത്ര വസ്തുതകൾ രേഖപ്പെടുത്തി വയ്ക്കാനും അവകൃത്യമായി സൂക്ഷിക്കുവാനും കേരളീയർക്കു പൊതുവേ ഉണ്ടായിരുന്ന അനാസ്ഥ മൂലം, എത്രയെത്ര വിലപ്പെട്ട വിവരങ്ങളാണ് പിൻതലമുറയ്ക്ക് അലഭ്യമായി കാലത്തിന്റെ അന്ധകാരഗഹ്വരങ്ങളിൽ തള്ളപ്പെട്ടു പോയിട്ടുള്ളത്. തന്നിമിത്തം ചരിത്ര പ്രകീർത്തിതമായ പല സ്ഥാപനങ്ങളുടേയും പൂർവ്വകഥകൾ സംബന്ധിച്ച് ചില പാരമ്പര്യ വൃത്താന്തങ്ങളെയും ഐതിഹ്യങ്ങളേയും മാത്രം നമുക്ക് ആലംബമാക്കേണ്ടി വരുന്ന ദുസ്ഥിതിയാണ് ഇന്നുള്ളത്. സുദീർഘമായ പാരമ്പര്യത്തിന്റെ സമ്പന്നതയാർന്ന ഒട്ടുമിക്ക സ്ഥാപനങ്ങളുടേയും പൊതുനിയമമെന്നു പറയാവുന്ന ഈ ദുർവിപാകത്തിൽ നിന്ന് കല്ലൂർക്കാട്പള്ളിയും അധികമൊന്നും മുക്തമല്ല.

നൂറ്റാണ്ടുകളുടെ വിശ്വാസ പൈതൃകം കൈമുതലായുള്ള കല്ലൂർക്കാടു പള്ളിയുടെ ആദ്ധ്യാത്മികതയുടെ സ്രോതസ്സിൽ നിന്ന് ശക്തിയാർജ്ജിച്ച് പുരാതന കാലത്ത് സമൂഹത്തിനു മാർഗ്ഗദീപങ്ങളായി വർത്തിച്ച പല വ്യക്തിത്വങ്ങൾ ഏതൊക്കെയായിരുന്നുവെന്ന് ഇന്നു നമുക്കറിയാൻ മാർഗ്ഗമില്ല. താരതമ്യേന ആധുനികമെന്നു പറയാവുന്ന കാലഘട്ടത്തിൽ സഭയുടെ നഭസ്സിൽ തെളിഞ്ഞിരുന്ന താരങ്ങളാണ് സി. എം. ഐ. സഭയുടെ സ്ഥാപക പിതാക്കമെനാരിൽ ഒരാളായ പോരൂക്കര തോമ്മാമല്പാനച്ചൻ. (മറ്റൊരു സ്ഥാപക പിതാവായ പാലയ്ക്കൽ തോമ്മാ മല്പാനും അമ്മവഴിക്ക് ചമ്പക്കുളവുമായി ബന്ധപ്പെട്ട വ്യക്തിയാണെന്ന് ഓർമ്മിക്കുക.) സി.എം.ഐ. സഭയുടെ രണ്ടാമത്തെ പൊതുപ്രിയോർ പോരൂക്കര കുര്യാക്കോസ് ഏലീശാച്ചൻ, ചങ്ങനാശ്ശേരി രൂപതയുടെ പ്രഥമമെത്രാനായിരുന്ന ദൈവദാസൻ കുര്യാളശ്ശേരി മാർ തോമ്മാ മെത്രാൻ, ആരാധനാ സഭയുടെ ആദ്യത്തെ പൊതു ശ്രേഷ്ഠത്തി ഷന്താളമ്മ മുതലായവർ. ആത്മീയ ചൈതന്യത്തിന്റെ ഉദാത്ത മാതൃകയായിരുന്ന പോരൂക്കര തോമ്മാ മല്പാന്റെ 150-ാം ചരമവാർഷികം വിവിധ പരിപാടികളോടെ ആചരിക്കുന്ന ഈ സന്ദർഭത്തിൽ കല്ലൂർക്കാടിന്റെ അരുമസന്താനങ്ങളും അഭിമാനജനങ്ങളുമായ ഈ മഹദ് വ്യക്തികളെ ആരപൂർവ്വം നമുക്കു സ്മരിക്കാം. ഇവരുടെ ആത്മീയ ദർശനങ്ങളെ രൂപപ്പെടുത്തുകയും ക്രിസ്തീയ ജീവിതത്തിന്റെ ഉദാത്തമേഖലകളിലേയ്ക്കു ഇവരെ കൈപിടിച്ചു നയിക്കുകയും ചെയ്ത പ്രേരക ശക്തികളിൽ ഒട്ടും അപ്രധാനമല്ലാത്ത ഒരു സ്ഥാനം കല്ലൂർക്കാട് പള്ളിയുടെ പാരമ്പര്യത്തിൽ അലിഞ്ഞു ചേർന്നിരിക്കുന്ന ആദ്ധ്യാത്മിക സംസ്ക്കാരത്തിനുണ്ടെന്നു നിസ്സംശയം പറയാം. പൗരാണികതയുടെ കീർത്തി പരത്തുന്ന കല്ലൂർക്കാട് പള്ളിയുടെ ഗതകാല ചരിത്രത്തിലേയ്ക്കു



ള്ള ഒരു തിരിഞ്ഞു നോട്ടമാണ് ഈ ലേഖനത്തിന്റെ ലക്ഷ്യം.

കേരള ചരിത്രപശ്ചാത്തലം

ക്രിസ്തുവർഷം ആദ്യ ശതകങ്ങളിലെ കേരളീയ ജീവിതവുമായി ബന്ധപ്പെടുത്തി വേണമല്ലോ നസ്രാണി സമുദായത്തിന്റെ ഒരു പ്രധാന ദേവാലയമായ കല്ലൂർക്കാട് പള്ളിയുടെ സ്ഥാപനം കാണുവാൻ. കേരളചരിത്രത്തിലെ ആദ്യത്തെ അഞ്ചുനൂറ്റാണ്ടുകൾ തമിഴ് സാഹിത്യത്തിൽ പുകൾപെറ്റ സംഘം കൃതികളിൽ പ്രകീർത്തിക്കപ്പെടുന്ന ആദ്യ ചേരന്മാരുടെ ഭരണകാലമായിരുന്നു. അന്ന് വിശാലമായ തമിഴകത്തിന്റെ ഒരു അഭിന്നാംശമായിരുന്ന കേരളം വേണാട്, കുട്ടനാട്, കുടനാട്, പൂഴിനാട്, കർക്കനാട് എന്നിങ്ങനെ അഞ്ചുനാടുകളായി വിഭജിക്കപ്പെട്ടിരുന്നു.[3] ഇന്നത്തെ എറണാകുളം, കോട്ടയം, ഇടുക്കി, ആലപ്പുഴ, ജില്ലകളും കൊല്ലം ജില്ലയിലെ ചില പ്രദേശങ്ങളും ചേർന്നതായിരുന്നു അന്നത്തെ കുട്ടനാട്.[4] പിൽക്കാലത്ത് കേരളം മുഴുവനും അതിനപ്പുറം സേലം, കോയമ്പത്തൂർ പ്രദേശങ്ങളും (കൊങ്ങുനാട്) ഉൾകൊണ്ട് വികാസം പ്രാപിച്ച ചേര സാമ്രാജ്യം അതിന്റെ ആരംഭദശയിൽ കുട്ടനാട്ടിൽ ഒതുങ്ങി നിന്നിരുന്നതായി കരുതാമെന്നു തോന്നുന്നു[5]. ചരിത്രത്തിൽ അറിയപ്പെടുന്ന ആദ്യത്തെ ചേരരാജാവായിരുന്ന ഉതിയൻ ചേരലിന്റെ രാജധാനി കുട്ടനാട്ടിലെ 'കുഴുമൂർ' ആയിരുന്നെന്ന് അകനാനൂറിൽ (അകം: 168) പ്രസ്താവിച്ചിട്ടുണ്ട്.[6] പിന്നീടാണ് ചേര തലസ്ഥാനം 'വഞ്ചിയിലേയ്ക്കു മാറ്റി സ്ഥാപിക്കപ്പെട്ടത്. കേരളത്തിന്റെ നെല്ലറയായി എന്നും അറിയപ്പെട്ടിരുന്ന കുട്ടനാടിന്റെ അധീശനായി വർത്തിച്ച ഉതിയൻ ചേരൽ അതിഗംഭീരമായ സദ്യകൾ നടത്തി 'പെരും ചോറ്റുതിയൻ ആതൻ' എന്ന പ്രശസ്തി നേടിയതിൽ വിസ്മയിക്കാനില്ല.[7]

ചേരരാജാക്കന്മാർക്ക് കുട്ടുവച്ചാർ എന്ന പേരുണ്ടായിരുന്നു[8]. കുട്ടനാടിന്റെ അധിപന്മാർ എന്ന അർത്ഥത്തിലായിരിക്കണം ആ പേര് അവർക്കു സിദ്ധിച്ചത്. ചേര രാജാക്കന്മാരിൽ അതിപ്രശസ്ൻ 'കടൽ പിറകോട്ടിയ ചെങ്കടുവൻ' (അഥവാ വേൽ കെഴുകുട്ടുവൻ) തന്നെ സംശയമില്ല. കടൽപിറകോട്ടിയ എന്ന ബിരുദം അദ്ദേഹത്തിന്റെ സുസജ്ജമായ നാവിക ശക്തിയേയും അജയ്യമായ സമുദ്രാധിപത്യത്തെയും സൂചിപ്പിക്കുന്നു. പല രാജാക്കന്മാരുടെയും മുഖ്യന്മാരുടെയും സാന്നിദ്ധ്യത്തിൽ അദ്ദേഹം കൊടുങ്ങല്ലൂരിൽ കണ്ണകി പ്രതിഷ്ഠ നടത്തിയത് ഒരു ചിരസ്മരണീയ സംഭവമായി ചിലപ്പതികാരത്തിൽ വർണ്ണിക്കപ്പെട്ടിരിക്കുന്നു. പ്രതിഷ്ഠാവേളയിൽ സന്നിഹിതരായിരുന്ന പ്രശസ്താഥിതികളുടെ കൂട്ടത്തിൽ സിലോണിലെ രാജാവായ ഗജബാഹുവും ഉണ്ടായിരുന്നതായി പ്രസ്താവിക്കുന്നുണ്ട്. ഇതിൽ നിന്ന് ഈ മഹാസംഭവം നടന്നത് ഏ.ഡി. രണ്ടാം നൂറ്റാണ്ടിന്റെ അവസാനപാദത്തിലായിരിക്കണമെന്ന് ഗജബാഹുവിന്റെ ഭരണകാലത്തെ ആസ്പദമാക്കി ചരിത്രകാരന്മാർ അഭ്യൂഹിക്കുന്നു.[9]

അഞ്ചാം നൂറ്റാണ്ടായപ്പോഴേക്കും ചേരന്മാരുടെ ശക്തി തീർത്തും ക്ഷതോന്മുഖമായിക്കഴിഞ്ഞിരുന്നു. അഞ്ചാം നൂറ്റാണ്ടിന്റെ ആരംഭഘട്ടമാണല്ലോ കല്ലൂർക്കാട് പള്ളിയുടെ സ്ഥാപനകാലമായി പൊതുവേ കരുതപ്പെട്ടത്.

കല്ലൂർക്കാട് പള്ളിയുടെ സ്ഥാപനം

വളരെ പഴയ കാലം മുതൽക്കേ കല്ലൂർക്കാട് അങ്ങാടി പ്രശസ്തമായ ഒരു വ്യാപാര കേന്ദ്രമായിരുന്നു. ഇതു ക്രൈസ്തവരെ അങ്ങോട്ട് ആകർഷിച്ച മുഖ്യ പ്രേരക ശക്തിയാണെന്നു കരുതാം. കേരളത്തിലെ സുപ്രസിദ്ധ തുറമുഖങ്ങളിൽ ഒന്നായിരുന്ന പുറക്കാടുമായിട്ടുള്ള സാമിപ്യം ചമ്പക്കുളത്തിന്റെ വ്യാപാരാഭിവൃദ്ധിക്ക് ആക്കം കൂട്ടി. പൗരാണിക കേരളത്തിന്റെ വിദേശ വാണിജ്യങ്ങൾക്കു വാതിൽ തുറന്നു കൊടുത്തിരുന്ന തുറമുഖപട്ടണങ്ങളിൽ വളരെ പ്രധാധമായ ഒരു സ്ഥാനം പുറക്കാടിനുണ്ടായിരുന്നന്നു പ്രസിദ്ധമാണല്ലോ. 18-ാം ശതകത്തിന്റെ ഒടുവിൽ ആലപ്പുഴ ഒരു തുറമുഖമായി തെളിയുന്നതുവരെ കൊച്ചിക്കും കൊല്ലത്തിനും ഇടയ്ക്കുള്ള പ്രധാന തുറമുഖമായിരുന്നു പുറക്കാട്. പ്ലീനിയുടെ ഗ്രന്ഥത്തിൽ പറയുന്ന ബാരീസ് നദീമുഖത്തുള്ള 'ബറക്കേ' പുറക്കാടുതന്നെയാണ്.[10] ബാരീസ് നദിപമ്പയാറും[11]. ഉൾനാടൻ പ്രദേശമായ 'കൊട്ടനോറ' (കുട്ടനാട്) യിൽ നിന്ന് ധാരാളം കുരുമുളക് ബാറക്കേയിൽ എത്തിയിരുന്നതായ എറിത്രിയൻ കടലിലൂടെ ഒരു കപ്പൽ യാത്ര' (പെരിപ്ലസ്) എന്ന ഗ്രന്ഥത്തിന്റെ കർത്താവു പറയുന്നതും ഇവിടെ ഓർമ്മിക്കാവുന്നതാണ്[12].

ചമ്പക്കുളത്തും സമീപപ്രദേശങ്ങളിലുമായി ഗണ്യവും പ്രബലവുമായ ഒരു ക്രൈസ്തവസമൂഹം രൂപം കൊണ്ടപ്പോൾ അവർ അതുവരെയും ബന്ധപ്പെട്ടു നിന്നിരുന്ന നിരണം പള്ളിയിൽ നിന്നു പിരിഞ്ഞ് കല്ലൂർക്കാട്ട് ഒരു ദേവാലയം സ്ഥാപിക്കുവാൻ തീരുമാനിച്ചു. ഈ പ്രഥമ ദേവാലയത്തിന്റെ ശിലാസ്ഥാപനം ക്രി. വ. 427 ധനുമാസം 28-ാം തീയതി കുഞ്ഞിപ്പൈതങ്ങളുടെ തിരുനാൾ ദിനം നടന്നതായിട്ടാണ് പരമ്പര്യ വർത്തമാനം. ഇതിന്റെ പ്രരംഭപ്രവർത്തകർ ആരായിരുന്നെന്നോ, അക്കാലത്ത് ഇവിടുത്തെ ക്രൈസ്തവ സമൂഹത്തിന് നേതൃത്വം കൊടത്തിരുന്ന വൈദികർ ആരായിരുന്നെന്നോ നമുക്കറിവില്ല. പിന്നീടുള്ള നൂറ്റാണ്ടുകളിൽ അഭിവദ്ധ്യുന്മുഖമായിന്നീർന്ന ചമ്പക്കുളം പ്രദേശത്ത് കടുത്തുരുത്തി, നിരണം, കുറവിലങ്ങാട്, കുടമാളൂർ മുതലായ സ്ഥലങ്ങളിൽ നിന്നു നസ്രാണികുടുംബങ്ങൾ വന്നുകുടിതാമസിച്ചതായും അങ്ങനെ സമ്പുഷ്ടമായിത്തീർന്ന ഇവിടത്തെക്രൈസ്തവ സമൂഹം കുടുതൽ ശക്തിയും പ്രാ



ബല്യവും കൈവരിച്ചതായും പറയപ്പെടുന്നു.

കല്ലൂർക്കാടുപള്ളിയും ചെമ്പകശ്ശേരി രാജാക്കന്മാരും.

ചെമ്പകശ്ശേരി രാജ്യത്തിന്റെ പ്രഭാവകാലത്ത് ആരാജ്യത്തിലെ അതിപ്രധാനമായ ഒരു നസ്രാണി കേന്ദ്രമായി വളർന്നു കഴിഞ്ഞിരുന്നു ചമ്പക്കുളം. 12-ാം നൂറ്റാണ്ടിന്റെ ആദ്യഘട്ടത്തിൽ , വടക്ക് കോഴിക്കോട്ടു സാമൂതിരിയുടെ സൈന്യത്തിൽ നിന്നു പിരിച്ചുവിടപ്പെട്ട ഒരു സംഘം നായർ ഭടന്മാരുടെ സഹായത്തോടെ, അന്ന് ഒരു ദരിദ്ര ബ്രാഹ്മണനായിരുന്ന ചെമ്പകശ്ശേരിനമ്പൂതിരി കുടമാളൂർ പ്രദേശത്ത് ഒരു രാജ്യം സ്ഥാപിക്കുകയും, ക്രമേണ അദ്ദേഹം അമ്പലപ്പുഴ പ്രദേശങ്ങളിലെ ചെറുനാടുവാഴികളെ തോല്പിച്ച് തന്റെ അധിപത്യം ആ സ്ഥലങ്ങളിലേയ്ക്ക് വ്യാപിപ്പിക്കുകയും രാജധാനി അമ്പലപ്പുഴയിലേയ്ക്കു മാറ്റി സ്ഥാപിക്കുകയും ചെയ്തുവെന്നാണ് ചെമ്പകശ്ശേരി രാജ്യത്തിന്റെ ഉത്ഭവം സംബന്ധിച്ചുള പാരമ്പര്യ വർത്തമാനം[13] . ഇന്നത്തെ അമ്പലപ്പുഴ , കുട്ടനാടു താലൂക്കുകൾ വ്യാപിച്ചു കിടക്കുന്ന സ്ഥലമാണ് പണ്ടത്തെ ചെമ്പകശ്ശേരിരാജ്യമെന്നു പൊതുവേ പറയാം. യൂറോപ്യൻ രേഖകളിൽ പൊർക്ക (പുറക്കാടിന്റെ പാശ്ചാത്യവത്ക്കൃത രൂപം) എന്ന പേരിലാണ് ഈ രാജ്യം അറിയപ്പെടുന്നത്[14].

ദേവനാരണയണന്മാർ എന്ന കുലനാമത്തിൽ പ്രസിദ്ധരായിരുന്ന ചെമ്പകശ്ശേരി രാജാക്കന്മാർ മതസഹിഷ്ണുതയിൽ അദ്വിതീയരും ക്രിസ്ത്യാനികളോടും ക്രൈസ്തവ ദേവാലയങ്ങളോടും പ്രത്യേക താല്പര്യവും അനുഭാവവും കാണിച്ചുപോന്ന നാ[illegible]കളുമായിരുന്നു. വിശാലഹൃദയരും സംസ്ക്കാര [illegible]മായിരുന്ന അവർ കലാ സാഹിത്യാദികളെ പ്രോ[illegible]സാഹിപ്പിക്കുന്നതിൽ മുൻപന്തിയിൽ നിന്നിരുന്നെന്നുള്ളതും സ്മരണീയമാണ്. മേല്പത്തൂർ നാരായണഭട്ടതിരിയുടെയും കുഞ്ചൻനമ്പ്യാരുടെയും പുരസ്ക്കർത്താക്കളായിരുന്നു ചെമ്പകശ്ശേരി രാജാക്കന്മാരെന്നുള്ളതും പ്രസിദ്ധമാണമല്ലോ. അവർ തങ്ങളുടെ രാജ്യത്തു ക്രിസ്തീയ ദേവാലയങ്ങൾ സ്ഥാപിക്കുവാൻ പ്രോത്സാഹനം നൽകുകയും പല പള്ളികൾക്കും സാമ്പത്തികാനുകൂല്യങ്ങളും പ്രത്യേകവകാശങ്ങളും അനുവദിച്ചു കൊടുക്കുകയും ചെയ്തിട്ടുണ്ട്. ചെമ്പകശ്ശേരി രാജാക്കന്മാരുടെ പ്രത്യേക ശ്രദ്ധയ്ക്കും സവിശേഷമായ പ്രോത്സാഹനത്തിനും പാത്രീഭവിച്ച ഒരു ദേവാലയമാണ് കല്ലൂർക്കാട് പള്ളി.

പൂർവ്വ കാലത്തെ ഒരു ചെമ്പകശ്ശേരി രാജാവ് കല്ലൂർക്കാട് പള്ളി സ്ഥിതിചെയ്യുന്ന പുരയിടം കരമൊഴിവാക്കി കല്പന പുറപ്പെടുവിച്ചു[15]. പിൽക്കാലത്ത് തിരുവിതാംകൂർ സർക്കാർ ഈ പുരയിടത്തിന് 23 1/2 കലിപണം കരം നിശ്ചയിക്കുകയും അത് പള്ളിയിൽ വിളക്കുവയ്പിനു തിരികെ കൊടുക്കാൻ കല്പന പുറപ്പെടുവിക്കുകയുമുണ്ടായി. 1544 - ൽ ചെമ്പകശ്ശേരി രാജാവു മുൻകൈയ്യെടുത്ത് കല്ലൂർക്കാട്ടു പള്ളിയുടെ ജീർണ്ണോദ്ധാരണം നടത്തിച്ചതായി പറയപ്പെടുന്നു. ചെമ്പകശ്ശേരിയിലെ അവസാനത്തെ രാജാവ് കല്ലൂർക്കാട് പള്ളിക്ക് മൂന്നു നോയമ്പു ദിവസങ്ങളിലെ പാച്ചോറു നേർച്ചയ്ക്ക് 180 പറ നിലം തിരുവടയാളമായും 80 പറ നിലം വിശേഷാൽ അനുഭവമായും ദാനം ചെയ്തിട്ടുണ്ട്. പള്ളിയിലെ പ്രധാന തിരുനാളാവശ്യങ്ങൾക്ക് അമ്പലപ്പുഴ ക്ഷേത്രത്തിൽ നിന്നും വെടിക്കുറ്റി, തീവെട്ടി, ആലവട്ടം, വെഞ്ചാമരം, കുട, തഴ മുതലായ ആഡംബരോപകരണങ്ങൾ നൽകണമെന്ന് ചെമ്പകശ്ശേരി രാജാക്കന്മാർ ക്ഷേത്രാധികാരികളെ പ്രത്യേകം ചുമതലപ്പെടുത്തിയിരുന്നുവത്രെ. ഹിന്ദുമത വിശ്വാസികളായിരുന്ന ചെമ്പകശ്ശേരി രാജാക്കന്മാർ തങ്ങളുടെ സ്വന്തം ആരാധനാ കേന്ദ്രമായിരുന്ന അമ്പലപ്പുഴ ക്ഷേത്രത്തോടു തുല്യം ഈ ദേവാലയത്തെയും സ്നേഹിക്കുകയും ആദരിക്കുകയും ചെയ്തിരുന്നെന്ന് ഇതിൽ നിന്നെല്ലാം വ്യക്തമാകുന്നുണ്ടല്ലോ.

ചെമ്പകശ്ശേരി രാജാക്കന്മാരുടെ പ്രഭാവകാലത്ത് കല്ലൂർക്കാട് അങ്ങാടിയുടെ പ്രശസ്തി ഉച്ചകോടിയിലെത്തിയിരുന്ന വസ്തുത കൂടെ ഇവിടെ അനുസ്മരിച്ചു കൊള്ളട്ടെ. അങ്ങാടിയിലെ വ്യാപാരികൾ അധികവും നസ്രാണികളായിരുന്നു. കല്ലൂർക്കാട് അങ്ങാടിയുടെ പ്രാധാന്യം നിമിത്തം അങ്ങാടിയിലെ കമ്പോളനിലവാരം രാജ്യത്തെ അംഗീകൃത വിലനിരക്കായി പരിഗണിക്കപ്പെട്ടിരുന്നുവത്രെ. "കല്ലൂർക്കാടൻ പറ" ഈ പുരാതന അങ്ങാടിയുടെ പ്രശസ്തി ഇന്നും നിലനിർത്തുന്ന ഒരു സ്മാരകമാണെന്നു പറയാം. അങ്ങാടിയിൽ മുൻകാലങ്ങളിൽ നടന്നിരുന്ന വ്യാപാരങ്ങളിൽ പ്രമുഖമായ ഒരു സ്ഥാനം സ്വർണ്ണ വ്യാപാരത്തിനുണ്ടായിരുന്നു. കല്ലൂർക്കാട്ടങ്ങാടിയിലെ സ്വർണ്ണ വ്യാപാരികൾ സ്വർണ്ണത്തിന്റെ മാറ്റ് പരിശോധിക്കുവാൻ "ആണിക്കൂട്ടു പൊന്മാല" സൂക്ഷിച്ചിരുന്നു. വിവിധ മാറ്റുകളിലുള്ള ആ ആണികട്ടു പൊന്മാലയും ഉരച്ചു നോക്കിയ സ്വർണ്ണത്തിന്റെ നിറവും പരിശോധിച്ച് വളരെയെളുപ്പം അവർ സ്വർണ്ണത്തിന്റെ മാറ്റു നിശ്ചയിച്ചിരുന്നതായി പറയപ്പെടുന്നു[16]. പുറക്കാടിന്റെ തുറമുഖപ്രാധാന്യം ക്രമേണ നഷ്ടപ്പെട്ടതോടുകൂടിയാണ് കല്ലൂർക്കാട്ടങ്ങാടിയുടെ പ്രാധാന്യവും തിരോഭവിച്ചത്.

കേരളചരിത്രത്തിലെ ഒരു സുവർണ്ണ കാലഘട്ടത്തിൽ ഇവിടെ പുലർന്നിരുന്ന മതസൗഹാർദ്ദത്തിന്റെ സാക്ഷിയും സാക്ഷ്യവുമാണ് കല്ലൂർക്കാട് ദേവാലയം. അമ്പലപ്പുഴ ക്ഷേത്രപ്രതിഷ്ഠയോടു ബന്ധപ്പെട്ട് ആരംഭിച്ച ചമ്പക്കുളം മൂലം വള്ളംകളിയും അന്നത്തെ മതമൈത്രിയുടെ കഥതന്നെ നമ്മോടു പറയുന്നു. അമ്പലപ്പുഴ ക്ഷേത്രത്തിൽ പ്രതിഷ്ഠിക്കാനുള്ള പാർത്ഥസാരഥി വിഗ്രഹത്തിന് അന്ന് ജാതിമതഭേദമന്യെ ജനലക്ഷങ്ങൾ ചേർന്ന് ചമ്പക്കുളത്താറ്റിൽ ജലഘോഷയാത്രയോടെ നൽകിയ വരവേല്പിന്റെ ഓർമ്മ പുതുക്കലാണല്ലോ



വള്ളംകളി. ഇതിന്റെ ഉത്ഘാടന ചടങ്ങിനു വേണ്ട കൊടിയും കയറും വെടിക്കുറ്റിയും നൽകുകയെന്ന പരമ്പരീയ കർത്തവ്യം കല്ലൂർക്കാട്പള്ളി ഇന്നും നിർവഹിച്ചു വരുന്നു.

അഞ്ചുചരിത്ര രേഖകൾ[17]

പുരാതന പ്രസിദ്ധമായ കല്ലൂർക്കാട്ട് ദേവാലയത്തെ സംബന്ധിച്ച് ഇന്ന് അവശേഷിച്ചിട്ടുള്ള ചുരുക്കം ചില ചരിത്രരേഖകളിൽ അഞ്ചെണ്ണം പ്രത്യേകം ശ്രദ്ധേയമാണ്. അവയിൽ രണ്ടെണ്ണം ശിലാലിഖിതങ്ങളും ഒന്ന് തടിയിലുള്ള ലിഖിതവും മറ്റൊന്ന് ഒരു താളിയോല രേഖയും അവസാനത്തേത് ഒരു കുഭകത്തിലുള്ളിലെ ലിഖിതവുമാണ്. ഇതിൽ ഏറ്റം പുരാതനമായത് ഇന്നുള്ള ദേവാലയത്തിന്റെ പ്രധാനവാതിലിൽ കൂടിപുറത്തേയ്ക്കു കടക്കുമ്പോൾ മോണ്ടളത്തിന്റെ കിഴക്കേ അറ്റത്തുള്ള തളത്തിൽ നിന്നും വടക്കു വശത്തെ മുറ്റത്തേയ്ക്ക് ഇറങ്ങുവാനുള്ള ചവിട്ടു പടിയായി ഇട്ടിരിക്കുന്ന ചുവപ്പു നിറമുള്ള കരിങ്കൽ പാളിയിലെ ലിഖിതമാണ്. ഏതാണ്ട് നാലര അടിനീളം വരുന്ന ഈ ശില എവിടെയോ നാട്ടി നിറുത്തിയിരുന്നതാവാൻ ന്യായമുണ്ട്. മുകൾ ഭാഗം ഏറെക്കുറെ അർദ്ധവൃത്താകൃതിയിൽ ചെത്തി ശരിപ്പെടുത്തിയിരിക്കുന്ന കരിങ്കൽ പാളിയിലെ ലിഖിതത്തിനു മുകളിലായി ഒരു കുരിശു കൊത്തിയിരിക്കുന്നു. ലിഖിതഭാഗത്തിനു രണ്ടുവശത്തുമായി വരകൾ കാണാം. കുരിശിനു താഴെയുള്ള ആദ്യവരിയിലെ 844 എന്ന അക്കങ്ങൾ മാത്രം വായിച്ചു മനസ്സലാക്കാൻ കഴിയും. കീഴോട്ടുള്ള അഞ്ചുവരിയിലെ അക്ഷരങ്ങൾ വായിച്ചെടുക്കാൻ കഴിയാത്ത വണ്ണം തേഞ്ഞുമാഞ്ഞു പോയിരിക്കുന്നു. അതിനും താഴെയുള്ള എഴുത്തുകൾ കാല്പ്പെരുമാറ്റം മൂലം തീർത്തും മാഞ്ഞു പോയിരിക്കുകയാണ്.

വട്ടെഴുത്ത്, അഥവാ നാനംമോനം എന്നു പറയുന്ന പഴയ മലയാള ലിപിയിൽ എഴുതപ്പെട്ടിട്ടുള്ള ഒരു ലിഖിതമാണ് ഇതെന്നും, 844 എന്ന അക്കം കൊല്ല വർഷം 844നെയാണ് (ക്രി.വ. 1669) സൂചിപ്പിക്കുന്നതെന്നും ചരിത്ര ഗവേഷകർ അഭിപ്രായപ്പെടുന്നു. ഇത് ആരുടെയെങ്കിലും കുഴിമാടത്തിൽ സ്ഥാപിച്ചിരുന്ന സ്മാരക ശിലയായിരിക്കാൻ സാധ്യതയുണ്ട്.

കാലപ്പഴക്കം കൊണ്ട് രണ്ടാമതു വരുന്ന മറ്റൊരു രേഖ ഇപ്പോഴുള്ള പള്ളിയുടെ കിഴക്കേ അറ്റത്തെ ശീലാന്തിയിൽ കൊത്തിയിട്ടുള്ളതാണ്. ലിഖിതം ഇപ്രകാരമാണ്:- "മിശിഹ പിറന്ന 1730 താമല്ലൂർ ഇട്ടിക്കുരുവിളക്കത്തനാര് ഈ ശീലാന്തി പണിയിച്ചു. ഈ കൊല്ലം 905 മീനമാതം" ക്രിസ്തുവർഷം 1730-ൽ താമല്ലൂർ ഇട്ടിക്കുരുവിളക്കത്തനാർ ഈ ശീലാന്തി പണിയിച്ചെന്നും അത് കൊല്ല വർഷം 905 മീനമാസത്തിലായിരുന്നെന്നും ആണല്ലോ ഇതിന്റെ അർത്ഥം.

മൂന്നാമത്തെ രേഖ കേരള സർക്കാർ വക പുരാരേഖാലയത്തിൽ സൂക്ഷിക്കപ്പെടുന്നതും കൊ.വ. 996 ഇടവ മാസം 17-ാം തീയതി തിരുവിതാംകൂർ മഹാരാജാവ് തുല്യം ചാർത്തിയിട്ടുള്ളതുമായ ഒരു ഓലക്കരണമാണ്. പള്ളി സ്ഥിതിചെയ്യുന്ന പുരയിടത്തിനു നിശ്ചയിച്ച പാട്ടം 23 1/2 പണം പള്ളിയിലെ വിളക്കുവയ്പിനു വേണ്ടി തിരികെ പള്ളിക്കു കൊടുക്കുവാനുള്ള രാജകല്പനയാണ് ഇതിന്റെ ഉള്ളടക്കം. ഈ താളിയോല രേഖയിൽ നിന്ന് ഒരു ഭാഗം ഉദ്ധരിക്കാം:- ".....അതിന്മണ്ണം മേലെഴുതിയ പുരയിടത്തിനു 23 1/2 പണം പാട്ടം കണ്ടിരിക്കുന്നതു പണ്ടാരം വക പാട്ടമായിട്ടുക്കണക്കുകൂട്ടി ശേഷം പള്ളിയിരിക്കുന്ന പുരയിടത്തിലെ കരം പള്ളിയിൽ വിളക്കു വയ്പുവകയ്ക്കു ഒഴിഞ്ഞുകൊടുത്തു വരുന്നതിന്മണ്ണം ഈ വക പണം 23 1/2 മേലെഴുതിയ പള്ളിയിൽ വിളക്കുവയ്പു വകയ്ക്കു എഴുതി വന്നതിനാലാകുന്നു. അതിന്മണ്ണം തന്നെ മേലെഴുതിയ പുരയിടത്തിനു 92-ാമാണ്ടു പാട്ടം കണ്ടിരിക്കുന്ന പണം 23 1/2 പള്ളിയിൽ വിളക്കു വയ്പു വകയ്ക്കു എഴുതി ചിലവായിട്ടു പിരിവും ചിലവും എഴുതിച്ചുകൊള്ളുകയും വേണം എന്നും ഇക്കാര്യം ചൊല്ലി 996-ാമാണ്ട് ഇടവമാസം 17-ാം തീയതി ദിവാൻ ജനാർദ്ദനരായർ വെങ്കിട്ടരായർക്കു നീട്ടു എഴുതി വിടു എന്നും തിരിവുള്ളമായ നീട്ടു."

നാലാമത്തെ രേഖ ഇന്നുള്ള പള്ളിയുടെ തെക്കു വശത്ത് സിമിത്തേരി പള്ളിക്ക് അഭിമുഖമായി സ്ഥാപിച്ചിട്ടുള്ള കരിങ്കൽ കുരിശിന്റെ കൽത്തറയുടെ വശത്ത് ചുറ്റിലുമായി ചതുരവടിവക്ഷരത്തിൽ കൊത്തിയിട്ടുള്ളതാണ്. ആ ലിഖിതം ഇപ്രകാരമാണ്.

"ഈ കുരിശു കല്ലൂർക്കാടെന്നു നാമംവിളങ്ങും ഈ പള്ളിയുടെ കിഴക്കുവശം വച്ചിരിന്നു. പള്ളിപ്പണിചെയ്ത ഏറെക്കുറെ 670 വത്സരം ചെന്ന 1821-ാം കാലം മദ്ബഹാ പൊളിച്ചു പണികഴിപ്പിച്ചപ്പോൾ പൊളിച്ച് 1857-ാം കാലം സിമിത്തേരി പണിചെയ്തപ്പോൾ രണ്ടാമതു വച്ചു."

ഇതിന്റെയർത്ഥം ഈ കുരിശ് കല്ലൂർക്കാടെന്നു പ്രസിദ്ധിപെറ്റ ഈ പള്ളിയുടെ കിഴക്കുവശത്തു സ്ഥാപിച്ചിരുന്നു. പള്ളി പണിചെയ്ത് ഏകദേശം 670 വത്സരം കഴിഞ്ഞു 1821-ൽ മദ്ബഹാ പൊളിച്ച് 1857 ൽ സിമത്തേരി പണിക്കഴിച്ചപ്പോൾ രണ്ടാമതും സ്ഥാപിച്ചു.

അഞ്ചാമത്തെ ലിഖിതം ഇപ്പോഴുള്ള പള്ളിയുടെ മദ്ബഹായുടെ മുകളിൽ സ്ഥാപിച്ചിട്ടുള്ള കുംഭമകുടത്തിനുള്ളിൽ ടാർ കൊണ്ട് എഴുതിയിട്ടുള്ളതും 1885 ലെ ദേവാലയ നവീകരണത്തെ സൂചിപ്പിക്കുന്നതുമായ ഒരു വാക്യശകലമാണ്.

ദേവാലയത്തിന്റെ ചരിത്രം

കല്ലൂർക്കാട്ടെ പ്രഥമ ദേവാലയത്തിന്റെ ശിലാസ്ഥാപനം ക്രി.വ. 427-ൽ ആയിരുന്നെന്നാണു പാരമ്പര്യം. അതിനുശേഷം ഈ പള്ളി എത്ര തവണ എപ്പോഴൊക്കെ



പുതുക്ക പണിതിട്ടുണ്ടെന്നു കൃത്യമായി അറിയുവാൻ മാർഗ്ഗമൊന്നുമില്ല. ദേവാലയ നവീകരണം പലതവണ നടന്നിട്ടുണ്ടെന്നുള്ളതു സംശയ രഹിതമാണ്.

ഇപ്പോഴത്തെ ദേവാലയത്തിന്റെ തെക്കുവശത്തുള്ള കുരിശിലെ ലിഖിതത്തിൽ പള്ളിപണി ചെയ്ത് ഏകദേശം 670 വർഷം കഴിഞ്ഞ് 1821-ൽ മദ്ബഹാപൊളിച്ചു പണിക്കഴിപ്പിച്ചെന്നു പറഞ്ഞിരിക്കുന്നതിൽ നിന്ന് 1151-ാമാണ്ടിടയ്ക്ക് ഒരു പള്ളിപണി നടന്നിട്ടുണ്ടെന്നു മനസ്സിലാക്കാം. ശിലാലിഖിതം തയ്യാറാക്കിയവർ 670 വർഷം മുമ്പ് നടന്ന പള്ളിപണിയെക്കുറിച്ചു വ്യക്തമായ അറിവും ധാരണയുമുള്ളവരായിരുന്നെന്നു കരുതേണ്ടിയിരിക്കുന്നു.

ക്രി.വ. 1544-ൽ ചെമ്പകശ്ശേരി രാജാവിന്റെ ഉത്സാഹത്തിലും സഹകരണത്തിലും പള്ളിയുടെ ജീർണ്ണോദ്ധാരണം നടത്തിയതായും മദ്ബഹാ പൊളിച്ചു പണി ചെയ്തതായും പറയപ്പെടുന്നുണ്ട്[18]. എന്നാൽ ഇതിന് ഉപോത്ബലകമായ രേഖകളൊന്നും കാണാൻ കഴിഞ്ഞിട്ടില്ല.

കാലക്രമേണ കല്ലൂർക്കാട് ഇടവകയിലെ കുടുംബാംഗങ്ങളുടെ എണ്ണവും ജനസംഖ്യയും വർദ്ധിച്ചപ്പോൾ കൂടുതൽ വിശാലമായ ഒരു ദേവാലയം അനിവാര്യമായി തീർന്നതിനാലാവണം ക്രി.വ. 1720 നടുത്ത് ഇടവകക്കാർ യോഗം ചേർന്ന് ഒരു പുതിയ പള്ളി പണിയുവാൻ തീരുമാനമെടുത്തു. ഇക്കാര്യത്തിൽ ചെമ്പകശ്ശേരി രാജാവിന്റെ നിർദ്ദേശവും സഹായവും അവർക്കു ലഭിച്ചിരുന്നു. രാജാവിന്റെ ഔദാര്യത്താൽ നികത്തിയെടുത്ത സ്ഥലത്ത് 1720-ൽ ആരംഭിച്ച പള്ളിപണി 1730-ൽ പൂർത്തിയായി. ഈ ദേവാലയ നിർമ്മിതിയുടെ സ്മാരകമായി താമല്ലൂർ ഇട്ടിക്കുരുവിള കത്തനാരുടെ ശിലാന്തി രേഖ പരിഗണിക്കുന്നതിൽ തെറ്റില്ല.

1786 നടുത്ത് ഈ പള്ളിയുടെ എന്തോ ചില അറ്റക്കുറ്റ പണികൾ സാമാന്യം വിപുലമായ രുതിയിൽ നടത്തിയിട്ടുള്ളതായി കരുതേണ്ടിയിരിക്കുന്നു. ചരിത്രപ്രണയിയും പ്രസിദ്ധനുമായ ശ്രീ. ചിത്രമെഴുത്ത് കെ. എം. വർഗീസ് നസ്രാണി ദീപികയിൽ 1921 സെപ്തംബർ 30, 1922 ജനുവരി 20, 1922 ഏപ്രിൽ 29, 1922 മേയ് 2 എന്നീ തീയതികളിൽ കല്ലൂർക്കാട്ടു പള്ളിയിലെ ഗ്രന്ഥവരി എന്ന പേരിൽ പ്രസിദ്ധപ്പെടുത്തിയിട്ടുള്ള ലേഖന പരമ്പരയിൽ ഈ അറ്റകുറ്റപണിയോടു ബന്ധപ്പെട്ട ചില വിവരങ്ങൾ കൊടുത്തിട്ടുണ്ട്. പള്ളി റെക്കോർഡുകളിൽ നിന്ന് അദ്ദേഹം ഉദ്ധരിക്കുന്നു.

"961-ാമാണ്ട് തുലാമാസം 17-ാം തീയതി അനുവാദം കൂടാതെ പള്ളി അറ്റകുറ്റം തീർത്തതിനു ഈരേച്ചേരിൽ കുഞ്ഞുമാത്തൻ മുതൽ അഞ്ചുപേരും തിരുവനതപുരത്തു പോയി മുഖം കാട്ടി ചോദ്യം ഒഴിഞ്ഞ പ്രകാരം കല്പിച്ചു പത്മാനഭൻ ചെമ്പകരാമൻ വലിയ സർവ്വാധികാര്യക്കാരു അങ്ങത്തെ സാധനം വാങ്ങിച്ചുകൊണ്ട് വൃശ്ചികം 25-ാം തീയതി കല്ലൂർക്കാടു വന്ന് ചേർന്ന അഞ്ചു പേർക്കു ചിലവു വിവരം.

തുലാംമാസം 15-ാം തീയതി അഞ്ചുപേരെയും കൊണ്ടുപോകാൻ വന്നു ചേർന്ന ചെറിയ കുഞ്ഞുട്ടക്കാരു 4 ക്കു കൊടുത്ത ചക്രം 25.

തിരുവനന്തപുരത്തു ചെന്ന വലിയ സർവ്വാധികാര്യക്കാർക്കു കൊടുത്ത ചക്രം 155. വലിയ മേലെഴുത്തു കൊച്ചങ്കരപിള്ളയ്ക്കു കൊടുത്ത ചക്രം 40. പട്ടതിരി അച്ചനു കൊടുത്ത ചക്രം 32. കൊച്ചുശങ്കരപ്പിള്ളയ്ക്കു കൊടുത്ത ചക്രം 100. പെരുമാപ്പിള്ളക്കു കൊടുത്ത ചക്രം 16. സമ്പ്രതികേശവപിള്ളയ്ക്കു കൊടുത്ത ചക്രം 100. മുഖംകാട്ടിയതിനു അടിയറ വച്ച ചക്രം 4. വൃശ്ചികം 25-ാം തീയതി വരെ ചിലവു ചക്രം 202 1/2. ധനു 4-ാം തീയതി സർവ്വാധി അങ്ങത്തെ സാധനം അമ്പലപ്പുഴ കാര്യക്കാർക്കു കൊണ്ടുചെന്നു കൊടുത്തപ്പോൾ കൊടുത്ത ചക്രം 22. ചമ്പക്കുളത്തു പ്രവൃത്തി ഗോവിന്ദ അയ്യപ്പൻ പള്ളിയിൽ വന്നു പള്ളിക്കാര്യം പറഞ്ഞതിനു ടിയാനു കൊടുത്ത ചക്രം 22. വെറ്റില പാക്കിനു ചിലവു ചക്രം 2. കർക്കിടകം 10-ാം തീയതി മണ്ഡപത്തും വാതുക്കൽ കാര്യക്കാരു പള്ളിക്കടവിൽ വന്നു പള്ളിപണിക്കാര്യം പറഞ്ഞു പ്രവൃത്തിയാർക്കു ചീട്ടു തന്നതിനു കാര്യക്കാർക്കു കൊടുത്ത ചക്രം 160. വെറ്റില പാക്കു ചക്രം4".

ഈ കണക്കുകൾ ആധാരമാക്കി ശ്രീ. കെ. എം. വർഗീസ് നൽകുന്ന വിശദീകരണങ്ങളിൽ ഇങ്ങനെ പറയുന്നു. "ചെമ്പകശ്ശേരി രാജ്യം തിരുവിതാംകൂറിലേയ്ക്ക് അധീനപ്പെട്ടത് 929-മാണ്ടായിരുന്നു. അതിനുമുമ്പ് ചമ്പക്കുളം പള്ളിയെക്കുറിച്ചുള്ള രാഷ്ട്രീയാധികാരം നടത്തി വന്നത് ചെമ്പകശ്ശേരി രാജാക്കന്മാരായിരുന്നുവെന്നുള്ളത് ചരിത്ര പ്രസിദ്ധമായ സംഗതിയാണ്. ശത്രു രാജാവായ ചെമ്പകശ്ശേരി രാജാവിന്റെ രാജ്യാതിർത്തിയിൽ ഉൾപ്പെട്ട ചമ്പക്കുളം പള്ളിയെ സംബന്ധിച്ച് ആ രാജ്യം തിരുവിതാംകൂറിലേയ്ക്ക് അടങ്ങിയശേഷം തിരുവിതാംകൂർ മഹാരാജാവ് അന്വേഷണം നടത്തിയതായി വെളിപ്പെടുന്നില്ലെങ്കിലും പള്ളിയുടെ അറ്റകുറ്റം പോക്കുന്നതിന് മഹാരാജാവിന്റെ അനുമതി ആവശ്യമാണെന്ന് ഇവിടുത്തെ കീഴുദ്യോഗസ്ഥന്മാർ ധരിച്ചിരുന്നതായി തോന്നുന്നുണ്ട്. അതനുസരിച്ച് അവർ വിവരം മഹാരാജാവിനെ അറിയിച്ചതിന്റെ ഫലമായിട്ടാണ് പള്ളിപ്രതിനിധികൾ തിരുവനന്തപുരത്തു ചെന്ന് മുഖം കാണിച്ചത്. പള്ളിയുടെ അറ്റകുറ്റം പോക്കുന്നതിനെ സംബന്ധിച്ചു വിചാരണചെയ്യേണ്ട ആവശ്യമില്ലന്ന് ഈ മുഖംകാണിക്കലിന്റെ ഫലമായി തിരുമനസ്സിലേയ്ക്കു തോന്നിയതുകൊണ്ടാണ് ചോദ്യം ഒഴിഞ്ഞ പ്രകാരം കല്പനയുണ്ടായതെന്നുള്ളതു സ്പഷ്ടമത്രെ. ചോദ്യം ഒഴിഞ്ഞെന്നു പറഞ്ഞാൽ പള്ളിയുടെ അറ്റകുറ്റം പോക്കുന്നതിന്റെ ന്യായതയെക്കുറിച്ച് രാജസമക്ഷത്തിൽ നിന്നുണ്ടായ ചോദ്യാന്വേഷണങ്ങളെ പിൻവലിച്ചിരിക്കുന്നുവെന്നു സാരം. ഇപ്രകാരം ചോദ്യാന്വേഷണങ്ങൾ പിൻവലിച്ചതായി പ്രസ്താവിക്കത്തക്ക വിധം അത്രയ്ക്കു ന്യായതയോടുകൂടി



ചെയ്ത ഒരു പ്രവർത്തിയെ സംബന്ധിച്ചാണ് മേൽ പ്രസ്താവിച്ച സർക്കാർ ഉദ്യാഗസ്ഥന്മാർ പള്ളിക്കാരോട് ഓരോ നല്ല സംഖ്യ കൈപ്പറ്റിയതെന്നുള്ളത് നാം ഓർമ്മിപ്പാനുള്ളതാകുന്നു..... ഈ വക സംഭാവനകൾ ആ കാലത്തെ നാട്ടാചാരത്തിനും സാന്മാർഗ്ഗിക ബോധത്തിനും എതിരായിട്ടുള്ളതാണോ അല്ലയോ എന്നുള്ളതിനെ സംബന്ധിച്ച് ഇവിടെ യാതൊന്നു പറയണമെന്നു വിചാരിക്കുന്നില്ല. പള്ളിക്കാര്യത്തിൽ നിന്നു കോഴവാങ്ങിച്ചവരിൽ രാജാകേശവദാസനും (സമ്പ്രതി കേശവപിള്ള) ഉൾപ്പെടുന്നുണ്ടെങ്കിലും അദ്ദേഹത്തിനെറ രാജ്യസേവനത്തെയും ഭരണകുശലതയെയും പരിഗണിച്ച് ശ്രീ. വർഗീസ് അദ്ദേഹത്തിന്റെ പേരിൽ കളങ്കമാരോപിക്കുവാൻ വൈമുഖ്യം പ്രകടിപ്പിക്കുന്നു. എന്നാൽ കൈക്കൂലി വാങ്ങുന്നതിൽ കേശവദാസൻ ഒട്ടും പിന്നിലായിരുന്നില്ലെന്നുള്ളതിന് ചില നല്ല തെളിവുകൾ ശ്രീ. പി. ഭാസ്ക്കരനുണ്ണിയുടെ 'പത്തൊൻമ്പതാം നൂറ്റാണ്ടിലെ കേരളം' എന്ന ഗ്രന്ഥത്തിൽ കൊടുത്തിട്ടുണ്ട്[18].

ചമ്പക്കുളത്ത് ഇന്ന് കാണുന്ന ദേവാലയം 1885 ൽ പുതുക്കി പണിയിച്ചിട്ടുള്ളതാണ്. ഇതിനു സാരഥ്യം വഹിച്ചത് കല്ലൂർക്കാടുപള്ളി വികാരി കണ്ടക്കുളത്തിൽ ഇഗ്നാസിയോസ് കത്തനാരും ഇടവകയിലെ വൈദിക പ്രമുഖരായിരുന്ന പൂത്ര ഗീവർഗീസ് കത്തനാർ, കുര്യാള ശ്ശേരി തോമ്മാ കത്തനാർ, ചക്കാലയിൽ അലക്സാണ്ടർ കത്തനാർ എന്നിവരും മുണ്ടയ്ക്കൽ വർക്കി മാപ്പിള, പുത്തമ്പുരയ്ക്കൽ ഔസേഫ് മാപ്പിള, കറുകയിൽ ചാണ്ടി മാപ്പിള, കോയിക്കരി ഉമ്മൻ മാപ്പിള, ചക്കാലയിൽ ചാണ്ടി മാപ്പിള എന്നീ ഇടവക പ്രധാനികളും ആയിരുന്നു. ചമ്പക്കുളം ഇടവകകാരനും കർമ്മലീത്താ സഭയുടെ രണ്ടാമത്തെ പൊതു പ്രിയോരുമായിരുന്ന പോരൂക്കര പെ. ബ. കുര്യാക്കോസ് ഏലിശാ അച്ചൻ പള്ളിപണിക്കാര്യത്തിൽ പ്രത്യേകം താൽപര്യമെടുത്തിരുന്നതായും പള്ളിയുടെ മേൽ നോട്ടം വഹിച്ചിരുന്നതായും കാണുന്നു[19]. മുണ്ടയ്ക്കൽ വർക്കി മാപ്പിളയുടെ നിസ്തുല സേവനം എടുത്തു പറയേണ്ടതുതന്നെ. അന്നു നിലവിലുണ്ടായിരുന്ന പള്ളിയുടെ ഭിത്തിയും മുഖവാരവും പൊളിക്കാതെയും ആരൂഢം വ്യത്യാസപ്പെടുത്താതെയും മാണത്രെ പള്ളിക്കു പൊക്കവും വിസ്തൃതിയും വരുത്തിയിട്ടുള്ളത്. പുതുക്കി പണിത ദേവാലയത്തിന് പൗരസ്ത്യ ദേവാലയ സങ്കല്പമനുസരിച്ച് മദ്ബഹാ കെസ്ത്രോമ്മാ, ഹൈക്കലാ എന്ന വിഭജനമുണ്ട്. മദ്ബഹായിലെ ശില്പ സംവിധാനങ്ങൾ ഒരു കാലഘട്ടത്തിന്റെ പ്രത്യേകതയായിരുന്ന പോർട്ടുഗീസ് കലാമാതൃകയ്ക്ക് ഉത്തമനിദർശനമായി പരിലസിക്കുന്നു. 1885 ൽ ആരംഭിച്ച പുതിയ ദേവാലയത്തിന്റെ പണി പൂർത്തിയാകുവാൻ അഞ്ചാറു വർഷം വേണ്ടി വന്നു. 1891 സെപ്തംബർ 14-ാം തീയതി വി. കുരിശിന്റെ തിരുനാൾ ദിവസം കോട്ടയം വികാരി അപ്പസ്തോലിക്കാ മാർ കാർലോസ്ലവീഞ്ഞു മെത്രാന്റെ പ്രധാന കാർമ്മികത്വത്തിലും കൊല്ലം മെത്രാൻ ഫെർഡിനാൻഡ് ഓസി, വരാപ്പുഴ സഹായ മെത്രാൻ മാർ സലിനോസ് ബെരാർദി എന്നിവരുടെ സഹകാർമ്മികത്വത്തിലും പള്ളിയുടെ കൂദാശകർമ്മം നിർവഹിക്കപ്പെട്ടു[20].

ഈ ദേവാലയത്തിന്റെ നവീകരണം സുമാർ ഒരു നൂറ്റാണ്ടിനുശേഷം ഈ ലേഖകൻ കല്ലൂർക്കാട് പള്ളി വികാരിയായിരിക്കുമ്പോൾ 1985 ൽ ആരംഭിച്ചു. പിന്നീട് പെ.ബെ. തോമസ് നടുവിലേപ്പറമ്പിലച്ചന്റെ കാലത്ത് പണി തുടർന്നു പൂർത്തിയായി. ദേവാലയത്തിന്റെ വാസ്തു ശില്പങ്ങൾക്ക് ഒരു വ്യതിയാനവും വരുത്താതെ കെട്ടിടത്തിന്റെ കേടുപാടുകൾ പോക്കുകയും, ഭിത്തിയിലെ കുമ്മായം അപ്പാടെ പൊളിച്ചു കളഞ്ഞ് തത് സ്ഥാനത്ത് സിമൻറു തേച്ച് ഉറപ്പും പുതുമയും വരുത്തുകയും. ചിത്ര വേലകൾ തെളിച്ച് മിഴിവു വരുത്തുകയും ചെയ്യുക എന്ന നയമാണ് ഈ പുനരുദ്ധാരണ നവീകരണ പ്രക്രിയയിൽ സ്വീകരിച്ചത്.

കല്ലൂർക്കാടു പള്ളി കേരളസഭാചരിത്രത്തിൽ

അതി പുരാതനവും വിശ്വാസദാർഢ്യത്തിലും സമ്പദ് പ്രൗഢിയിലും മികച്ചു നിന്നിരുന്നതുമായ കല്ലൂർക്കാട് ഇടവക കേരളത്തിലെ നസ്രാണി സമുദായത്തിന്റെ ചരിത്രത്തിൽ സുപ്രധാനമായ ഒരു പങ്കു വഹിച്ചിരുന്നുവെന്നു കരുതുക അതിഭാവുകത്വമായിരിക്കുകയില്ല. 9-ാം നൂറ്റാണ്ടിൽ കൊല്ലത്തെത്തിയ മാർ സാപോർ, മാർ പ്രോത്ത് എന്നീ കൽദായ മെത്രാന്മാരും അതുപോലെ കേരള സഭാഭരണത്തിനു കൽദായ സഭയിൽ നിന്ന് ഓരോ കാലത്തു ഇവിടെ വന്നിട്ടുള്ള മറ്റു മെത്രാന്മാരും കല്ലൂർക്കാടു പള്ളി സന്ദർശിച്ചിട്ടുണ്ടാവണം. കേരളസഭയിൽ സമൂല പരിവർത്തനത്തിനു വഴിതെളിച്ച ഉദയമ്പേരൂർ സൂനഹദോസിലും, പോർട്ടുഗീസ് ജെസ്വീത്തരോടുള്ള എതിർപ്പ് ഒരു കൊടുങ്കാറ്റായി രൂപം കൊണ്ട കൂനൻ കുരിശു സത്യത്തിലും കല്ലൂർക്കാടിന്റെ മക്കൾ പങ്കെടുത്തിട്ടുണ്ടാവുമെന്നു തീർച്ച. എന്നാൽ ഇതിനൊക്കെ പിൻബലം നൽകാൻ ചരിത്രരേഖകൾ നമ്മുടെ പക്കൽ എത്തിയിട്ടില്ലെന്നു കൂടി പറയേണ്ടതുണ്ട്.

ഉദയപേരൂർ സൂനഹദോസിനെ തുടർന്ന് മെനേസിസ് മെത്രാപ്പോലീത്താ നടത്തിയ പള്ളി സന്ദർശന വേളയിൽ അദ്ദേഹം കല്ലൂർകാട് ദേവാലയം സന്ദർശിച്ചതായി ഗുവയായുടെ പുസ്തകത്തിൽ നിന്നു ഗ്രഹിക്കാം[22]. ആ സന്ദർഭത്തിൽ അദ്ദേഹം സുറിയാനിക്കാരുടെ സ്നേഹവും അനുഭാവവും സമ്പാദിക്കാൻ സ്വർണ്ണക്കാശുവച്ച കൊഴുക്കൊട്ട കുട്ടികൾക്കു വിതരണം ചെയ്തതായി ചില ഗ്രന്ഥകാരന്മാർ ഉദ്ധരിക്കുന്ന പാരമ്പര്യകഥയിൽ എത്രമാത്രം വാസ്തവമുണ്ടെന്നു തീർത്തു പറയുക പ്രയാസം[23].

കൂനൽ കുരിശു സത്യത്തിനു ശേഷം സുറിയാനി



ക്കാരുടെ ബഹുഭൂരിപക്ഷം പള്ളികളും ശീശ്മക്കാരനായ അർക്കദിയാക്കോന്റെ കീഴിലായി. ഈ പള്ളികളെയും ജനങ്ങളെയും ഗാർസ്യാ മെത്രാപ്പോലീത്തായുടെ കീഴിൽ കൊണ്ടുവരുവാൻ ചെയ്ത ശ്രമങ്ങളെല്ലാം വികാരവിക്ഷോഭം മൂലം നിന്ന അന്നത്തെ സാഹചര്യത്തിൽ ഫലശൂന്യമാകുകയാണ് ഉണ്ടായത്. അന്നത്തെ പോർട്ടുഗീസ് ജനറലായിരുന്ന ഇഗ്നഷ്യസ്സർമെന്തോയുടെ പ്രേരണാ ഫലമായി പോർട്ടുഗീസുകാരുടെ സഖ്യകക്ഷിയായിരുന്ന പുറക്കാടു രാജാവ് തന്റെ രാജ്യാതിർത്തിയിലുള്ള ക്രിസ്ത്യാനികളെല്ലാം ഗാസ്യാ മെത്രാപ്പോലീത്തായെ തന്നെ അനുസരിച്ചു കൊള്ളണമെന്ന് ഒരു കല്പന പുറപ്പെടുവിച്ചു. ഇതിന്റെ ഫലമായി 1659 ജൂലൈ ആരംഭത്തിൽ കല്ലൂർക്കാടുപള്ളിയെയും കുടമാളൂർ പള്ളിയേയും പ്രതിനിധീകരിച്ച് ഏതാനും കത്തനാരന്മാരും ശെമ്മാശന്മാരും ആലങ്ങാട്ടുചെന്ന് റോമിൽ നിന്നു മാർപ്പാപ്പയുടെ പ്രതിനിധിയായെത്തിയിരുന്ന ഫാ. ഹിയാസിന്തിനെ സന്ദർശിച്ചു. അവിടെ വച്ച് അവർ ശീശ്മ ഉപേക്ഷിക്കുകയും സഭാ ശിക്ഷകളിൽ നിന്നു മോചനം നേടുകയും ചെയ്തു. കൊടുങ്ങല്ലൂരിൽ ചെന്നു ഗാർസ്യാ മെത്രാപ്പോലീത്തായെക്കണ്ട് അദ്ദേഹത്തെ തങ്ങളുടെ ന്യായാനുസൃത അജപാലകനായി അംഗീകരിക്കുവാൻ അവർക്കു നിർദ്ദേശം നൽകപ്പെട്ടു. അവരെല്ലാവരും വളരെ വൈമനസ്യത്തോടു കൂടിയാണ് ഫാ. മാർസെൽ എന്ന കർമ്മലീത്താ വൈദികനുമൊന്നിച്ച് കൊടുങ്ങല്ലൂരിൽ പോയതെങ്കിലും മെത്രാപ്പോലീത്താ അവരെ, പ്രതീക്ഷയ്ക്കു വിപരീതമായി അതിരറ്റു സ്നേഹത്തോടും പൈതൃകവാത്സല്യത്തോടും കൂടെ സ്വീകരിച്ചുവത്രെ. തന്മൂലം അവർ തങ്ങളുടെ എതിർപ്പുകളെല്ലാം മറന്ന് സന്തോഷപൂർവ്വം അദ്ദേഹത്തിനു വിധേയത്വം പ്രഖ്യാപിക്കുകയുണ്ടായി[24]. ഇങ്ങനെ കൂനൻ കുരിശു സത്യത്തിനു ശേഷം ഏറെതാമസിയാതെ തന്നെ സഭയുടെ വിധേയത്വത്തിലേയ്ക്കു തിരിച്ചു വന്ന ഒരു സമൂഹമാണ് കല്ലൂർകാട് ഇടവക.

സുറിയാനി സമുദായത്തിലെ വിഘടിത വിഭാഗത്തെ ഐക്യത്തിന്റെ പാതയിലേയ്ക്കും പുനരാനയികകാൻ അപ്പസ്തോലിക് കമ്മിസറിയായും കേരള സഭയുടെ അഡ്മിനിസ്ട്രേറ്ററായും സെബസ്ത്യാനി മെത്രാൻ രണ്ടാം തവണ കേരളത്തിലെത്തിയപ്പോൾ പരി സിംഹാസനം അദ്ദേഹത്തിനു വിപുലമായ അവകാശാധികാരങ്ങൾ നൽകിയിട്ടുണ്ടായിരുന്നു. 1664 മേയ് 14-ാം തീയതി കൊച്ചിയിലെത്തിയ അദ്ദേഹം തുടർന്ന് തന്റെ ദൗത്യ നിർവ്വഹണത്തിനായി അക്ഷീണം പരിശ്രമിച്ചു. മഴക്കാലം കഴിഞ്ഞ് കാലാവസ്ഥ അനുകൂലമായപ്പോൾ അദ്ദേഹം ഏതാനും പള്ളികൾ സന്ദർശിക്കുകയും അവിടെയൊക്കെ കഴിവുറ്റ വൈദികരെ വികാരിമാരായി നിയമിക്കുകയും ജനങ്ങൾക്കു സ്ഥൈര്യലേപന കൂദാശ പരികർമ്മം ചെയ്യുകയും ചെയ്തു. ഇങ്ങനെ അന്ന് അദ്ദേഹം സന്ദർശിച്ചത് കല്ലൂർകാട്, മുട്ടം, പള്ളിപ്പുറം, ഉദയമ്പേരൂർ എന്നീ പള്ളികളാണ്[25].

17-ാം നൂറ്റാണ്ടിന്റെ അന്ത്യഘട്ടം കേരളസഭാന്തരീക്ഷത്തിൽ അസ്വസ്ഥതയുടെ കരിമേഘങ്ങൾ ഉരുണ്ടുകൂടിയ ഒരു ദശാസന്ധിയായിരുന്നു. ഈ കാലയളവിൽ അൽമായക്കാരൻ അന്ത്രയോസ് എന്നു പേരോടുകൂടിയ ഒരു യാക്കോബായ വൈദികൻ കേരളത്തിലെത്തി. 1676-ൽ ഇവിടെയെത്തിയ അദ്ദേഹം കുറേക്കാലം കല്ലൂർക്കാടുപള്ളിയിൽ താമസിച്ചിരുന്നതായി കാണുന്നു[26]. കേരളസഭയിലെ അറിയപ്പെടുന്ന ഒന്നാമത്തെ ഏതദ്ദേശീയ മേലദ്ധ്യക്ഷനായിരുന്ന പള്ളി വീട്ടിൽ ചാണ്ടി മെത്രാന്റെ സഹായ മെത്രാനായി കൊച്ചീക്കാരനും ലത്തീൻ റീത്തുകാരനുമായ റാഫേൽ ഫഗുരേദോ തിരഞ്ഞെടുക്കപ്പെടുകയും അദ്ദേഹം 1677 മേയ് 8-ാം തീയതി താനൂരിൽ വച്ച് അഭിഷേചിക്കപ്പെടുകയും ചെയ്തപ്പോൾ പഴയകൂറു സമുദായത്തിൽ അങ്ങോളമിങ്ങോളം പ്രതിഷേധ കൊടുങ്കാറ്റ് ആഞ്ഞടച്ചു. അസംതൃപ്തി മുറ്റി നിന്ന ആ സന്ദർഭത്തിൽ നിന്നു മുതലെടുക്കാൻ അന്ത്രയോസ് കശീശാ ഒരു പരിശ്രമം നടത്തി. താൻ മാർപ്പാപ്പയാൽ നിയമിക്കപ്പെട്ട ഒരു പാത്രിയർക്കീസാണെന്നു പ്രസ്താവിച്ചുകൊണ്ട് അദ്ദേഹം രംഗത്തു വന്നു. പക്ഷേ, സത്യം വെളിപ്പെടാൻ അധികകാലം വേണ്ടി വന്നില്ല. അന്ത്രയോസ്കശീശാ അമിതമദ്യപാനാക്സ്തിക്കു അടിമയായതിനാൽ അദ്ദേഹത്തിന്റെ സൽപ്പേരു വളരെ വേഗം നഷ്ടപ്പെട്ടു. കല്ലൂർക്കാട്പള്ളിയിലെ താമസം സുരക്ഷിതമല്ലെന്നു കണ്ടപ്പോൾ അദ്ദേഹം കല്ലടയുള്ള പുത്തൻകൂർ പള്ളിയിലേയ്ക്ക് താമസം മാറി. അവിടെ വച്ച് അദ്ദേഹം 1682-ൽ മദ്യപിച്ച് ഉന്മത്തനായിരുന്ന ഒരവസരത്തിൽ കല്ലടയാറ്റിൽ വീണു നിർഭാഗ്യകരമായ വിധം മരിക്കുകയാണുണ്ടായത്. 'കല്ലടമൂപ്പൻ' എന്ന പേരിൽ അറിയപ്പെടുന്നത് ഇദ്ദേഹമാണ്. ഇദ്ദേഹത്തെ സംസ്ക്കരിച്ച സ്ഥലത്തു വളരെക്കാലത്തേയ്ക്കു നേർച്ചകാഴ്ച്ചകൾ മുതലായവ നടന്നുകൊണ്ടിരുന്നുവത്രെ.

കൂനൽ കുരിശു സത്യത്തെ തുടർന്ന് കേരളത്തിലെ സുറിയാനി സമുദായത്തിൽ ശക്തി പ്രാപിച്ചിരുന്ന പോർട്ടുഗീസ് വിരുദ്ധ മനോഭാവവും ഡച്ച് ആക്രമണം മൂലം കേരളത്തിൽ പോർട്ടുഗീസുകാർക്കു സംഭവിച്ച അധികാര നഷ്ടവും മൂലം പര. സംഹാസനം കേരളത്തിൽ താൽക്കാലിക സംവിധാനമെന്ന നിലയിൽ വികാരി അപ്പസ്തോലിക്കാ ഭരണം ഏർപ്പെടുത്തി. ആദ്യത്തെ വികാരി അപ്പസ്തോലിക്കയായി നിയമിക്കപ്പെട്ടതു കർമ്മലീത്താക്കാരനായ ആഞ്ഞലൂസ് ഫ്രാൻസിസ് ആയിരുന്നു, ഇടക്കാലത്ത് പദ്രുവാദോ മെത്രാപ്പോലീത്താ ജോൺ റിബെറോ അധികാരയുക്തനായി പ്രത്യക്ഷപ്പെട്ടപ്പോൾ ആഞ്ജലൂസ് ഫ്രാൻസിസ് മെത്രാൻ ഭരണരം



ഗത്തു നിന്നു നിഷ്ക്രമിച്ചു. എന്നാൽ റിബൈറോ മെത്രാപ്പോലീത്തായുടെ ആഗമനം ഇവിടുത്തെ പ്രശ്നങ്ങൾക്ക് പരിഹാരമായില്ലെന്നു മാത്രമല്ല, സഭാവേദിയിലെ അനിശ്ചിതത്വം തുടരുകയുമാണുണ്ടായത്. തന്മൂലം മാർപ്പാപ്പ 1709 മാർച്ച് 13-ാം തീയതി ആഞ്ജലൂസ് ഫ്രാൻസിസിന്റെ വികാരി അപ്പസ്തോലിക്കാ ഭരണം തുടരുന്നതിനു കല്പന പുറപ്പെടുവിച്ചു. എന്നാൽ ഈ കല്പന കേരളത്തിൽ എത്തിയത് 1711 ഡിസംബർ 22-ാം തീയതി മാത്രമായിരുന്നു. ആഞ്ജലസ് ഫ്രാൻസിസ് മെത്രാൻ താമസം വിനാ അധികാരമേറ്റെടുക്കുകയും തീഷ്ണമതിയായ ഒരു അജപാലകന്റെ മനോഭാവം പ്രത്യക്ഷമാക്കികൊണ്ട് തന്റെ സേവനരംഗങ്ങളിലെല്ലാം 'കർമ്മനിരതനാവുകയും ചെയ്തു. 1712 മാർച്ച് 31 മുതൽ ആഗസ്റ്റു 3 വരെ അദ്ദേഹം വിവിധ പള്ളികൾ സന്ദർശിക്കുകയും ജനങ്ങൾക്ക് ഉദ്ബോധനം നൽകുകയും കൂദാശകൾ പരികർമ്മം ചെയ്യുകയും ചെയ്യുന്നതു നാം കാണുന്നു. ഇങ്ങനെ അദ്ദേഹം സന്ദർശിച്ച പള്ളികൾ ആലങ്ങാട്ട്, മലയാറ്റൂർ, ചൊവ്വര, കാഞ്ഞൂർ, കല്ലൂർക്കാട് എന്നിവയായിരുന്നു[27].

18-ാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ മാർ ഗബ്രിയേൽ എന്ന കൽദായ മെത്രാൻ കേരളത്തിൽ വന്ന് സഭാന്തരീക്ഷത്തിൽ കുറേ കുഴപ്പങ്ങളൊക്കെ സൃഷ്ടിച്ചതു പ്രസിദ്ധമാണല്ലോ. നെസ്തോറിയൻ സഭയിൽ നിന്നു കത്തോലിക്ക സഭയിലേയ്ക്കു പുനരൈക്യപ്പെട്ട മാർ ഗബ്രിയേൽ 1712 ഒക്ടോബർ 5-ാം തീയതി ചങ്ങനാശ്ശേരി പള്ളിയിൽ വച്ച് ഒരു വിശ്വാസ പ്രഖ്യാപനം ചെയ്യുകയും, അന്നു വികാരി അപ്പസ്തോലിക്കയായിരുന്ന മാർ ആഞ്ജലസ് ഫ്രാൻസിസിനു താൻ വിധേയനായി വർത്തിച്ചുകൊള്ളാമെന്നും അധികാരപരമായ പ്രവർത്തികളൊന്നും താൻ ചെയ്യുന്നതല്ലെന്ന് സമ്മതിച്ച് ഉറപ്പു നൽകുകയും ചെയ്തു. എങ്കിലും, പിന്നീട് ഈ വാദങ്ങളൊക്കെ മറന്ന് അദ്ദേഹം പ്രവർത്തിക്കുകയും ശെമ്മാശന്മാർക്ക് അനധികൃതമായി വൈദികപട്ടം നൽകുകയുമുണ്ടായി. ഇപ്രകാരം മാർ ഗബ്രിയേലിൽ നിന്നു വൈദികപട്ടം സ്വീകരിച്ചവരിൽ തെക്കൻപള്ളിപ്പുറത്തുകാരൻ ഒരു ഗീവർഗീസ് കത്തനാരെക്കുറിച്ചും കല്ലൂർക്കാട് ഇടവകക്കാരൻ ഒരു പ്രായംചെന്ന കത്തനാരെക്കുറിച്ചും പൗലിനോസ് പാതിരിതന്റെ ഗ്രന്ഥത്തിൽ പ്രസ്താവിക്കുന്നുണ്ട്[28].

18-ാം നൂറ്റാണ്ടിൽ കേരളത്തിലെ നസ്രാണി സമുദായത്തെ ഒന്നടങ്കം വേദനിപ്പിക്കുകയും പ്രക്ഷുബ്ദമാക്കുകയും സമുദായത്തിന്റെ അഭിമാനബോധം സടകുടഞ്ഞെഴുന്നേൽക്കാൻ പ്രേരകമായി തീരുകയും ചെയ്ത ദാരുണ സംഭവങ്ങളിൽ ഒട്ടും അപ്രധാനമല്ലാത്ത ഒന്നാണല്ലോ കർമ്മലീത്താ മിഷനറിമാരുടെ ക്രൂരതയ്ക്ക് ബലിയാടായി തീർന്ന ഇടപ്പള്ളി വികാരി ഇക്കാക്കോ കത്തനാരുടെ നിര്യാണം. വി. അമ്മത്രേസ്യായുടെ തിരുനാൾ ദിവസം ആരാധനയ്ക്ക് ഉപയോഗിച്ച സ്വർണ്ണ അരുളിക്കാ നഷ്ടപ്പെട്ടപ്പോൾ കർമ്മലീത്താ മിഷനറിമാർ, പ്രത്യേകിച്ച് ഫ്രാൻസിസ് സാലെസ് എന്ന വൈദികൻ (അദ്ദേഹം പിന്നീട് വികാരി അപ്പസ്തോലിക്കാ ആയിത്തീർന്നു.) ഇക്കാക്കോ കത്തനാരുടെ മേൽ മോഷണകുറ്റം ആരോപിക്കുകയും അദ്ദേഹത്തെ മനുഷ്യത്വരഹിതമായി പീഡിപ്പിക്കുകയും ചെയ്തത് കേരള സഭാ ചരിത്രത്തിൽ കുപ്രസിദ്ധി നേടിയ ഒരു സംഭവമാണ്. പിന്നീട് നസ്രാണി സമുദായ പക്ഷത്തു നിന്നുണ്ടായ എല്ലാ വിമോചന സംരംഭങ്ങൾക്കും ഇത് ഊർജ്ജം പകർന്നിരുന്നു. ഇങ്ങനെ സമുദായത്തിന്റെ സ്വാതന്ത്ര്യസമര ചരിത്രത്തിൽ അവിസ്മരണീയനായി നിലകൊള്ളുന്ന പുത്തമ്പറമ്പിൽ ഇക്കാക്കോ കത്തനാർ കല്ലൂർകാട് ഇടവകക്കാരനാണെന്നുള്ളത് ശ്രദ്ധേയമാണ്[29].

പൗരസ്ത്യ വിജ്ഞാനീയത്തിൽ അഗാധപണ്ഡിതനും പ്രഖ്യാത മിഷനറിയുമായിരുന്ന പൗലിനോസ് പാതിരി പല പ്രാവശ്യം കല്ലൂർക്കാടുപള്ളി സന്ദർശിച്ചിട്ടുള്ളതായി കാണുന്നു. മുമ്പു പ്രസ്താവിച്ചിട്ടുള്ള ചിത്രമെഴുത്തു കെ. എം. വർഗീസിന്റെ ദീപിക ലേഖനത്തിൽ കല്ലൂർക്കാട് പള്ളിയിലെ ഗ്രന്ഥവരിയിൽ നിന്ന് ഉദ്ധരിച്ചിട്ടുള്ള കണക്കുകളിൽ 961 കന്നി 1-ാം തീയതി പൗലിനോസ് പാതിരി വന്ന വക ചെലവ് എന്നു കാണുന്നുണ്ട്. മറ്റൊരു തീയതിയിൽ പൗലിനോസ് മൂപ്പൻ പാതിരിയും ഭട്ടതിരിപ്പാടും കൂടിക്കാഴ്ചക്കു ചെലവ് എന്നും കാണുന്നു. പൗലിനോസ് പാതിരിതന്നെ അദ്ദേഹത്തിന്റെ India Orientalis Christiana എന്ന പ്രശസ്ത ഗ്രന്ഥത്തിൽ താൻ കല്ലൂർക്കാട് വന്നു താമസിച്ചിരുന്നതും അവിടെനിന്നും നിരണത്തു പോയി ആറാം മർത്തോമ്മാ മെത്രാനെ കണ്ടതും സരസമായി വിവരിക്കുന്നുണ്ട്. പലപ്രകാരത്തിലും ശ്രദ്ധേയമായ ആ ഭാഗം ഇവിടെ ഉദ്ധരിക്കട്ടെ :-

1785 ഡിസംബർ 22-ാം തീയതി ഞാൻ കല്ലൂർക്കാടു താമസിക്കവേ അവിടുത്തുകാരനായ അലക്സാണ്ടർ കത്തനാരൊന്നിച്ച് നിരണത്തുചെന്ന് ഈ മെത്രാനെ (ആറാം മാർത്തോമ്മാ അഥവാ ഒന്നാം മാർ ദിവന്നാസിയോസ്) സന്ദർശിക്കുകയുണ്ടായി. അദ്ദേഹത്തെ മാനസാന്തരപ്പെടുത്തുക എന്നതായിരുന്നു എന്റെ ഉദ്ദേശ്യം. മുറിയിൽ പ്രവേശിച്ചപ്പോൾ ഈ വയോവൃദ്ധൻ ഏതാനും കത്തനാരുടെ സമക്ഷം ഇരിക്കുന്നതു കണ്ടു. നീണ്ടു വെളുത്ത താടിരോമങ്ങൾ അദ്ദേഹത്തിന്റെ മുഖത്തു ഞാന്നു കിടന്നിരുന്നു. അടിഭാഗം വെള്ളികെട്ടിയതെന്നു തോന്നിക്കുന്നതും ഗ്രിക്കുമുറപ്രകാരം മുകൾഭാഗം വളഞ്ഞതുമായ അംശവടികയ്യാൽ ഏന്തികൊണ്ടാണ് അദ്ദേഹം ഇരുന്നിരുന്നത്. മെത്രാന്മാർ കടുത്ത കാപ്പയും പൗരസ്ത്യരിതിയനുസരിച്ച് ശിരസ്സിൽ വൃത്താകൃതിലുള്ള സ്ഥാനികത്തൊപ്പിയും അദ്ദേഹം ധരിച്ചിരുന്നു ശിരസിനെ ആവരണംചെയ്തിരുന്ന ശുഭ്രവർണ്ണത്തിലുള്ള മേൽവസ്ത്രംകൊണ്ട് അണിഞ്ഞിരുന്ന കുരിശ് അല്പം മറഞ്ഞിരുന്നു. ഈ മെത്രാനോടു സംഭാഷണം ചെയ്തു



കൊണ്ടും പലതുംചോദിച്ചറിഞ്ഞുകൊണ്ടും ദീർഘനേരം ഞാൻ ചെലവഴിക്കുകയുണ്ടായി, ചുരുങ്ങിയ സമയം കൊണ്ട് അദ്ദേഹത്തിന്റെ ബുദ്ധിസൂക്ഷ്മതയും ദീർഘദൃഷ്ടിയും കുലിനതയും ബഹുമാന്യതയും എനിക്കുബോദ്ധ്യമായി. ഞാൻ ആരംഭിക്കാനുദ്ദേശിച്ച മുഖ്യസംഭാഷണ വിഷയം മറ്റൊരവസരത്തിലെയ്ക്കുമാറ്റിവെച്ചുകൊണ്ട് തന്റെ അനന്തരവനെ പിൻഗാമിയായി വാഴിക്കുന്നതിനുള്ള ആഗ്രഹം പ്രകടിപ്പിച്ചുകൊണ്ടും അതിനായിപ്രാർത്ഥിച്ചുകൊണ്ടും അദ്ദേഹം ഞങ്ങളുടെ സുഹൃദ്ഭാഷണത്തിനുവിരാമമിട്ടു. കൊമ്പുകണ്ടാൽ വന്യമൃഗം ഏതിനത്തിൽപ്പെടുമെന്ന് അനുമാനിക്കാൻ കഴിയുമായിരുന്നതിനാൽ ഉടനെതന്നെ ആഭവനം വിട്ട് ഞാൻ കല്ലൂർക്കാട്ടുമടങ്ങിയെത്തി."[30]

സഭാപരവും സാമുദായികവുമായ കാര്യങ്ങളിൽ കല്ലൂർക്കാട് ഇടവക മാതൃകാപരമായ നേതൃത്തത്വവും സേവനസന്നദ്ധതയും പ്രകടമാക്കിയിട്ടുണ്ടെന്നു കരുതാൻന്യായമുണ്ട്. കേരളത്തിലെ നസ്രാണികൾക്കു പുരാതനകാലത്തു ചെപ്പേടുകൾ വഴിയും മറ്റും ലഭിച്ചിരുന്ന സ്ഥാനമാനങ്ങളും സാമൂഹ്യപദവികളും വിദേശാധിപത്യകാലങ്ങളിൽ വേണ്ടവണ്ണം മാനിക്കപെടാതെ കിടക്കുകയായിരുന്നല്ലോ. എന്നാൽ 18ാം നൂറ്റാണ്ടിൽ സമുദായത്തിനുനേതൃത്വം കൊടുത്തിരുന്ന പാറേമ്മാക്കൽ ഗോവർന്നദോരും തച്ചിൽ മാത്തുതരകനും പഴയപദവികൾ വീണ്ടെടുക്കാൻ വേണ്ടി പരിശ്രമിക്കുകയും അതിനുസർക്കാരിലേക്ക് ഒരു വലിയതുക അടിയറവെക്കുയുമുണ്ടായി. കേരളത്തിലെ പ്രധാന ഇടവകകളിൽനിന്നും വ്യക്തികളിൽനിന്നും പിരിച്ചെടുത്താണ് ആതുക സഞ്ചയിച്ചത്. അക്കാലത്തു പ്രഖ്യാതമായ മറ്റുപല ഇടവകകളെ അപേക്ഷിച്ച് വളരെ വലിയ ഒരുസംഖ്യതന്നെ ഇതിലേക്കുകല്ലൂർക്കാട് ഇടവകയിൽ നിന്നും സംഭാവനചെയ്യപ്പെട്ടു. കല്ലൂർക്കാട് പള്ളി പതിമൂവായിരം കലിപണം (ഏകദേശം രണ്ടായിരം രൂപ) നൽകിയതായി ശ്രീ റ്റി.കെ. വർക്കിയുടെ 'കേരളമരിയ തീർത്ഥങ്ങൾ' എന്ന ഗ്രന്ഥത്തിൽകാണുന്നു. ഈ പ്രസതാവനയ്ക്ക് ആധാരമായ തെളിവുകൾ അദ്ദേഹത്തിനുണ്ടെന്നുകരുതാം. ചിത്രമെഴുത്തു കെ.എം.വർഗീസ് ഉദ്ധരിക്കുന്ന കല്ലൂർക്കാട്ടുഗ്രന്ഥവരിഭാഗത്ത് ഇതിനോടുബന്ധപ്പെട്ട രണ്ടു രസീതുകൾ കൊടുത്തിടുണ്ട്.

(1) "965ാം മാണ്ടുകർക്കടകം 16ാം തീയതി പറ്റീചീട്ട് ആവിത്: പള്ളിക്കാരു അടിയറ തീർത്ത വകയിൽ കല്ലൂർക്കാട്ടു പള്ളിക്ക് വരിയിട്ടപണത്തിൽ ടി പള്ളി കൈയിസ്താനം പുത്തൻപുരയ്ക്കൽ തൊമ്മൻചാക്കോ മുതൽ പേരു വശം പള്ളി പണം വകയിൽ ഒട്ടുക്കു അനന്തരാമൻ 125-ക്കു കലിപണം 250 പറ്റകൊണ്ടു ഗോവർണ്ണദോർ പള്ളി പണം വക മുതൽ പിട പാലയ്ക്കൽ അയപ്പ് ഉണ്ണിച്ചെറിയ (ഒപ്പ്).

(2) "971-ാമാണ്ട് ചിങ്ങമാസം 11ാം തീയതി എഴുതിയ പറ്റു ചീട്ടി :-

70-ാമാണ്ടു കർക്കടമാസത്തിൽ തത്തമ്പള്ളിയിൽ കൈക്കാരന്മാരു വശം ഗോവർണ്ണദോരച്ചന്റെ സാധനത്തും പടിപറ്റുകലിപ്പണം 600 പറ്റകൊണ്ട് ഗോവർണ്ണദോരച്ചൻ ആളാന മുതൽ പിടി മാത്തൻ ചെറിയാൻ മാത്തൻ - "

ഈ കണക്കു പൂർണ്ണമാണെന്നു കരുതേണ്ടതില്ല. ഇതിനുമുമ്പും പിമ്പും കല്ലൂർക്കാട് ഇടവകക്കാർ പൊതുഫണ്ടിലേയ്ക്ക് സംഭാവന നൽകിയിട്ടുണ്ടാവാം.

18-ാം നൂറ്റാണ്ടിലെ കേരളസഭാചരിത്രത്തിലെ അതിപ്രധാനമായ ഒരദ്ധ്യായമാണല്ലോ ആറാം മാർത്തോമാ മെത്രാന്റെ പുനരൈക്യപരിശ്രമങ്ങൾ. ഈ ലക്ഷ്യം സാധിക്കുന്നതിനു കരിയാറ്റിൽമല്പാനും പാറേമ്മാക്കൽ ഗോവർണ്ണദോരും അന്ന് അതി സാഹസികമായിരുന്ന യൂറോപ്പു യാത്ര നടത്തുകയും അവരുടെ പരിശ്രമങ്ങൾ സഫലമാകാൻ പോകുന്നുവെന്ന പ്രതീക്ഷ പ്രബലമായിത്തീർന്ന മുഹൂർത്തത്തിൽ വിധിവൈപരിത്യത്താൽ കരിയാറ്റിൽ മെത്രാപ്പോലീത്താ ഗോവായിൽ വച്ചു നിര്യാതനാവുകയും ചെയ്തത് സുവിദങ്ങളായ ചരിത്ര സംഭവങ്ങളാണല്ലോ. മെത്രാപ്പോലീത്തായുടെ മരണശേഷവും പുനരൈക്യത്തിനായുള്ള ചില നീക്കങ്ങൾ നടക്കാതെയിരുന്നില്ല. ഇതിന് നേതൃത്വം നൽകിയത് സുറിയാനി സമുദായത്തിന്റെ ആദ്ധ്യാത്മിക നേതൃത്വം വഹിച്ചിരുന്ന വൈദിസത്തമനും സമുദായ സ്വാതന്ത്ര്യത്തിനു വേണ്ടി തൂലികയെ പടവാളാക്കി മാറ്റിയ ധീരദേശാഭിമാനിയുമായിരുന്ന പാറേമ്മാക്കൽ ഗോവർണ്ണദോരും അദ്ദേഹത്തിന്റെ വലംകൈയായി പ്രവർത്തിച്ചിരുന്ന പ്രശസ്ത സമുദായ നേതാവ് തച്ചിൽ മാത്തുതരകനും ആയിരുന്നു.

ആറാം മാർത്തോമ്മായുടെ പുനരൈക്യ വാഞ്ഛക്കു പിന്നിലുള്ള ഉദ്ദേശശുദ്ധിയെക്കുറിച്ച് ഉറപ്പു വരുത്തിയശേഷം കൊച്ചി മെത്രാൻ സൊലെദാദെ അദ്ദേഹത്തെ കത്തോലിക്ക സഭയിലേയ്ക്ക് സ്വീകരിക്കുവാൻ സന്നദ്ധത പ്രകടിപ്പിക്കുകയുണ്ടായി. സഭാപ്രവേശനം 1791-ലെ ഉയിർപ്പു തിരുനാൾ കഴിഞ്ഞു വരുന്ന രണ്ടാം ഞായറാഴ്ച കല്ലൂർക്കാട്പള്ളിയിൽ വച്ചു നടത്തുവാനാണ് തീരുമാനിക്കപ്പെട്ടത്. പുനരൈക്യവേദിയായി ചമ്പക്കുളം തിരെഞ്ഞെടുക്കുവാൻ കാരണം മാത്തുതരകന് ചമ്പക്കുളമായി ഉണ്ടായിരുന്ന ഗാഢബന്ധമായിരിക്കണം. അദ്ദേഹത്തിന്റെ വ്യാപാരശാലകളിൽ പ്രധാനപ്പെട്ട ഒന്ന് ചമ്പക്കുളത്ത് ആയിരുന്നതിനാൽ അദ്ദേഹം പലപ്പോഴും ചമ്പക്കുളത്തു വന്ന് താമസിക്കുമായിരുന്നു.
മാർത്തോമ്മാ മെത്രാന്റെ പുനരൈക്യം നടക്കുമെന്നും, അങ്ങനെ നസ്രാണി സമുദായത്തിന്റെ പുനരേകീകരണം സാധ്യതമാകുമെന്നും പ്രതീക്ഷിച്ചവരെയെല്ലാം നിരാശരാക്കുന്ന വിധമാണ് നിർഭാഗ്യമെന്നു പറയട്ടെ പിന്നീടുള്ള സംഭവഗതികൾ നീങ്ങിയത്. വരാപ്പുഴയിലെ കർമ്മലീത്താകാരനായ അലോഷ്യസ് മെത്രാന്റെ കടുംപിടുത്തവും എതിർപ്പും മൂലം മുൻനിശ്ചയിക്കപ്പെട്ട ദിവസം സംഭവരഹിതമായി കടന്നു പോയി[31].

കേരളത്തിലെ സുറിയാനി സമുദായത്തിന്റെ



സ്വാതന്ത്ര്യവാഞ്ഛ ഒരു കൊടുങ്കാറ്റായി രൂപം കൊണ്ട കാലഘട്ടമാണ് 19-ാം നൂറ്റാണ്ട്. ഈ സ്വാതന്ത്ര്യ മാർഗ്ഗത്തെ അവിഹിതമാർഗ്ഗത്തിലേയ്ക്ക് തിരിച്ചു വിടുവാൻ ചിലർ ശ്രമിച്ചതിന്റെ ഫലമായിരുന്നു ഇവിടെ ആഞ്ഞടിച്ച റോക്കോസിയൻ, മേലൂസിയൻ വിപ്ലവതരംഗങ്ങൾ. അനധികൃതമായി ഇവിടെ എത്തിയ റോക്കോസ്, മേലൂസ് എന്നീ കൽദായ മെത്രാൻമാർക്ക് കേരളത്തിലെ സുറിയാനി പള്ളികൾ പലതും വിധേയത്വം പ്രഖ്യാപിച്ചപ്പോൾ കല്ലൂർക്കാട് ഇടവക സ്വാതന്ത്ര്യത്വരയുടെ കാര്യത്തിൽ മറ്റാരുടെയും പിറകിലായിരുന്നില്ലെങ്കിലും വിശ്വാസത്തിന്റെറയും വിവേകത്തിന്റെറയും മാർഗ്ഗം അവലംബിച്ചു കൊണ്ട് വിപ്ലവകക്ഷികളോടു കൂട്ടുചേരാതെ നായാനുസൃതമായി അധികാരികൾക്കു വിധേയരായി കഴിയുകയാണ് ചെയ്തതെന്നുള്ളതു പ്രത്യേകം സ്മരണീയമാണ്[32].

1887 മേയ് 20-ാം തീയതി 13-ാം ലെയോ മാർപ്പാപ്പ 'കോദ്യാം പ്രിദം' എന്ന തിരുവെഴുത്തു വഴി കേരളത്തിലെ സുറിയാനി കത്തോലിക്കർക്കായി കോട്ടയം, തൃശൂർ എന്നീ രണ്ടു വികാരിയാത്തുകൾ സ്ഥാപിക്കുയും അവിടേയ്ക്ക് യഥാക്രമം ചാൾസ് ലവീഞ്ഞ്, അഡോൾഫ് മെഡ്ലിക്കോട്ട്, എന്നിവരെ വികാരി അപ്പസ്തോലിക്കായി നിയമിക്കുകയും ചെയ്തപ്പോൾ സഭയെ സംബന്ധിച്ചിടത്തോളം ആധുനിക യുഗത്തിന്റെറ അരുണോദയമായിരുന്നു. കോട്ടയം വികാരി അപ്പസ്തോലിക്കാ ചാൾസു ലവീഞ്ഞു മെത്രാൻ ആലുവാപ്പുഴയുടെ തെക്കേതീരം മുതൽ തെക്കോട്ട് അതിവിസ്തൃതമായി കിടക്കുന്ന തന്റെറ വികാരിയാത്തിനെ ഭരണസൗകര്യത്തിനായി ഏഴുഫൊറോനകളിലായി തിരിച്ചു. അവ ചങ്ങനാശ്ശേരി, ആനക്കല്ല് (ഭരണങ്ങാനം), പാലാ, കുറവിലങ്ങാട്, ആരക്കുഴ, കല്ലൂർക്കാട്, ഇടപ്പള്ളി എന്നിവയായിരുന്നു[33]. ഇങ്ങനെ പ്രവിശാലമായ കോട്ടയം വികാരിയാത്തിലെ ആദ്യത്തെ ഏഴുഫൊറോനകളിൽ ഒന്നായി കല്ലൂർക്കാട്പള്ളി തിരഞ്ഞെടുക്കപ്പെട്ടപ്പോൾ ചരിത്രപരവും സാമൂഹികവുമായി ഈ ദേവാലയത്തിനുള്ള പ്രത്യേക പ്രാധാന്യം അംഗീകരിക്കപ്പെടുകയായിരുന്നെന്നു വേണം കരുതുവാൻ.

ഇനി ഇങ്ങോട്ടുള്ള സംഭവഗതികൾ ആധുനിക കാലഘട്ടത്തിന്റെറ ഭാഗമാകയാൽ അത് ഇവിടെ വിവരിക്കേണ്ട ആവശ്യമില്ല. സുദീർഘവും സമ്പന്നവുമായ ചരിത്രപാരമ്പര്യങ്ങൾ തുടികൊട്ടി നിൽക്കുന്ന കല്ലൂർക്കാടു ദേവാലയവും അവിടുത്തെ ദൈവജനവും ഉദാത്തമായ ക്രൈസ്തവ വിശ്വാസത്തിന്റേറയും സ്നേഹോദാരമായ ജീവിതചര്യയുടെയും ഉജ്ജ്വല ദീപസ്തംഭമായി ഭാവിതലമുറകൾക്കു പ്രകാശം ചൊരിയട്ടെയെന്ന് ആശംസിക്കുന്നു.



കുറിപ്പുകൾ

1 തോമസ് തയ്യിൽ, കല്ലൂർക്കാടു ഫൊറോനാപ്പള്ളി, കുര്യാളശ്ശേരി മാർ തോമ്മാ മെത്രാനച്ചൻ തിരുമനസ്സിലെ 25-ാം ചരമവാർഷിക സ്മാരകം, P. 37.
കൂടാതെ ജേക്കബ് ജെ. കുര്യാളശ്ശേരി, കല്ലൂർക്കാട് പള്ളിയും സുറിയാനി ക്രിസ്ത്യനികളും, P. 88

2 ക.നി.മൂ.സ. ഫാ. ബർണാദു തോമ്മാ, മാർതോമ്മാ ക്രിസ്ത്യാനികൾ, (ജോൺ പെല്ലിശ്ശേരി സമ്പുഷ്ടമാക്കിയ പുതിയ പതിപ്പ്), ചരിത്രപ്രസിദ്ധ പള്ളികൾ എന്ന അദ്ധ്യായം P. 412.

3 ഏ. ശ്രീധരമേനോൻ, കേരളചരിത്രം, P. 91.

4 അതേഗ്രന്ഥം P.91.

5 കേരള ഹിസ്റ്ററി അസോസിയേഷൻ, കേരളചരിത്രം, രണ്ടാം വാല്യം, P. 112. കൂടാതെ എ. ശ്രീധരമേനോൻ ഉദ്ധൃത ഗ്രന്ഥം P. 95

6 അതേഗ്രന്ഥം, P. 95.

7 അതേഗ്രന്ഥം, P. 95.

8 Kerala District Gazetters, Alleppey, P35. കൂടാതെ കേരളഹിസ്റ്ററി അസോസിയേഷൻ, ഉദ്ധൃതഗ്രന്ഥം, P. 111.

9 അതേഗ്രന്ഥം, P. 117.

10 ഐ.സി. ചാക്കോ, പ്രക്കാട്ട്, ദീപിക 1916 ഒക്ടോബർ 2, ഒക്ടോബർ 13 തിയതികളിലെ ലേഖനങ്ങൾ.

11 ഏ. ശ്രീധരമേനോൻ, ഉദ്ധൃതഗ്രന്ഥം, P. 87.

12 എറിത്രിയൻ കടൽതീരത്തിലൂടെ ഒരു കപ്പൽ യാത്ര (പെരിപ്ലസ്), വിവർത്തനം, പി.കെ. പത്മനാഭൻനായർ, Pp. 23, 24.

13 Kerala District Gazetters, Alleppey, Pp. 49, 50.

14 ഏ. ശ്രീധരമേനോൻ, ഉദ്ധൃതഗ്രന്ഥം, P. 87

15 ടി.കെ. വർക്കി, കേരളിയ മരിയ തീർത്ഥങ്ങൾ, Pp. 301, 302.
കൂടാതെ തോമസ് തയ്യിൽ, ഉദ്ധൃതലേഖനം, P. 38.

16 ടി.കെ. വർക്കി, ഉദ്ധൃതഗ്രന്ഥം, Pp. 295, 296.

17 ആദ്യത്തെ നാലു ചരിത്രരേഖകളെക്കുറിച്ച് ഫാ. ആൻറണി വള്ളവന്ത്ര, സി.എം.ഐ, പഴമയിലെ പരമാർത്ഥങ്ങൾ, ലീയോ XIII ലൈബ്രറി വജ്രജൂബിലി സ്മാരക ഗ്രന്ഥം Pp. 127
അഞ്ചാമത്തെ ചരിത്രരേഖ, അതായത് കുഭമകുടത്തിനുള്ളിലെ ലിഖിതം ഈ ലേഖകൻ നേരിട്ടു കണ്ടിട്ടുള്ളതാണ്.

18 ജേക്കബ് ജെ. കുര്യാളശ്ശേരി, ഉദ്ധൃതഗ്രന്ഥം P. 94.

19 പി. ഭാസ്ക്കരനുണ്ണി, പത്തൊൻമ്പതാം നൂറ്റാണ്ടിലെ കേരളം.

20 ജേക്കബ് ജെ. കുര്യാളശ്ശേരി, ഉദ്ധൃതഗ്രന്ഥം P.136.

21 കല്ലൂർക്കാടുപള്ളിയുടെ കൂദാശകർമ്മം സംബന്ധിച്ച് 1891 സെപ്തംബർ 1 ലെ നസ്രാണി ദീപികയിൽ കൊടുത്തിരുന്ന വാർത്ത ഉദ്ധരിക്കട്ടെ :-
കല്ലൂർക്കാടു പള്ളി കൂദാശ ഈ കന്നി 14-ാം തീയതി ചെയ്യുന്നതാകകൊണ്ട് അതിലേയ്ക്കായി നി.വ. ദിവ്യശ്രീ കോട്ടയം മെത്രാനച്ചൻ അവർകൾ മൂന്നു ദിവസം മുമ്പെ അവിടെ എത്തുന്നതും വി. വ. ദിവ്യശ്രീ വരാപ്പുഴ കൊച്ചു മെത്രാനച്ചൻ അവർകളുടെ നി.വ. ദിവ്യശ്രീ കൊല്ലം മെത്രാനച്ചൻ അവർകളും 13-ാം തീയതി ഞായറാഴ്ച ചേന്നങ്കരി പള്ളിയിൽ വരുന്നതും അന്ന് ഉച്ചക്കഴിഞ്ഞ് ഒടുവിൽപ്പറഞ്ഞ രണ്ടു മെത്രാനച്ചന്മാരെയും ചുണ്ടൻ മുതലായ പല കളിവള്ളങ്ങളുമായി ചെന്ന് എതിരേറ്റു കൊണ്ടു വരുന്നതുമാണ്. ആ അടിയന്തിരം എത്രയും ഘോഷമായികഴിപ്പാൻ നിശ്ചയിച്ചിരിക്കകൊണ്ട്എല്ലാ പള്ളികളിലെ ബ.പട്ടക്കാരും ജനങ്ങളും വന്നു കാൺമാൻ ആഗ്രഹിക്കുന്നു.

22 ക.നി.മൂ.സ. ഫാ. ബർണാർദ്തോമ്മാ, ഉദ്ധൃത ഗ്രന്ഥം P 440.

23 E.M.Philip, The Indiian Church of St. Thomas, p. 122.
Also, C.B. Forth, An Introduction to Indian church History, P. 94.

24 Joseph Thekedath, The Troubled Days of Francis garcia, S.J. Pp. 143, 144.

25 അതേ ഗ്രന്ഥം P. 155

26 ക.നി.മൂ.സ. ഫാ. ബർണാദ്തോമ്മാ, ഉദ്ധൃത ഗ്രന്ഥം Pp. 615, 616.

27 Thomas Pallipurathukunnel, A double Regime in the Malabar Church, P. 132.

28 അതേ ഗ്രന്ഥം, P. 143.

29 പാറേമാക്കൽ ഗോവർണ്ണദോർ, വർത്തമാനപ്പുസ്തകം (Oriental Institute of Religion Studies, India, Publications) P. 49.

30 പൗരസ്ത്യ ഭാരതത്തിലെ ക്രൈസ്തവ മതം. (പൗളിനോസ് പാതിരിയുടെ India Orientalis Christiana എന്ന ഗ്രന്ഥത്തിന്റെ വിവർത്തനം, വിവർത്തകൻ, ജോൺ പള്ളത്ത്) P. 118.

31 ഡോ. സേവ്യർകുടപ്പുഴ, ഭാരതസഭാചരിത്രം, P. 591.

32 ക.നി.മൂ.സ. ഫാ. ബർണാദ്തോമ്മാ, ഉദ്ധൃത ഗ്രന്ഥം, Pp. 728, 743, 744.

33 ഡോ. സേവ്യർകുടപ്പുഴ, ഉദ്ധൃതഗ്രന്ഥം P. 510.





ദീപമേ നയിച്ചാലും !

ഡെയ്സമ്മ ചാക്കോ

എന്റെ ഗ്രാമമേ നിന്റെ കീർത്തി വർണ്ണിക്കുവാൻ
വാക്കുകൾ കിട്ടാതെ ഞാനുഴലുന്നിന്ന്
ആപാദചൂഢം മനോഹരിയാണെന്റെ
ചമ്പക്കുളം എന്ന കൊച്ചുഗ്രാമം
നാടിന്റെ ഓമനപ്പുത്രനെ വാഴ്ത്തുന്ന
ധന്യമാമീപ്പുണ്യവേളയിങ്കൽ
നൂറുകണക്കിനു വീരരെപ്പെറ്റൊരാ
മാതാവിനിന്നെന്തൊരാനന്ദമേ !
ചരിത്രമുറങ്ങുന്നൊരിത്തറവാടിന്റെ
ശോഭ വർദ്ധിപ്പിക്കുന്ന മൽപ്പാനച്ചാ
നിൻ പുണ്യനാമത്തെ കേൾക്കുന്ന മാത്രയിൽ
കോൾമയിർ ക്കൊള്ളുന്നീക്കൊച്ചു ഗ്രാമം
താളത്തിനൊത്തൊരു പാട്ടു പാടിക്കൊണ്ട്
ചക്രം ചവിട്ടുന്ന കർഷകരും
കാഞ്ചനം പൂശിയ പാടങ്ങളിൽ നിന്നു
കറ്റകൾ കൊയ്യും കൃഷീവലരും
സ്വച്ഛമൊഴുകുന്ന പമ്പാനദിയിലെ
തുള്ളിക്കളിക്കുന്ന മീനുകളും
ഭാരമേറ്റിപ്പോകും കെട്ടുവള്ളങ്ങളും
നിന്നെ വണങ്ങുന്നു മൽപ്പാനച്ചാ
സൂര്യകിരണങ്ങൾ മാരിവിൽച്ചാർത്തുന്ന
നെൽത്തുമ്പിലെ ഹിമബിന്ദുക്കളും
വൃക്ഷത്തലപ്പിലെ കൂട്ടിലിരുന്നൊരു
പാട്ടു പാടുന്ന കുഞ്ഞാറ്റക്കിളികളും
തെന്നലിൻ താളത്തിനൊത്തു തലയാട്ടി
താരാട്ടു പാടും തെങ്ങോലകളും
നിൻ സ്പർശനത്താൽ പവിത്രമീ ഭൂമിയും
ആർത്തു പാടുന്നു നിൻ പുണ്യഗീതം
പരിശുദ്ധ അമ്മ തൻ നാമത്തിലുള്ളോരീ
ദേവാലയത്തിന്റെ ദീപികയേ
ഏഴകളാകുമീ ഞങ്ങൾക്കു നീയെന്നും
മാർഗ്ഗ ദീപകമായിത്തീർന്നിടണേ !





കുട്ടനാട്ടിലെ ക്രിസ്തീയ സഭകളുടെ ചരിത്രം നീണ്ട ഒന്നാണ്. കുട്ടനാട്ടിൽ ക്രിസ്ത്യാനികൾ എന്ന് കുടിയേറിപാർക്കാൻ തുടങ്ങി എന്നും മറ്റുമുള്ള കാര്യങ്ങൾ ഗവേഷണവിഷയമാവേണ്ടതണ്.

ഏതായാലും 150 വർഷം മുമ്പ് അന്തരിച്ച പോരൂക്കര തോമ്മാമല്പാനച്ചനിൽ ആരംഭിക്കുന്ന ഒരു ചരിത്രം നമ്മുടെ അറിവിൽപ്പെട്ടിട്ടുണ്ട്.

ചമ്പക്കുളത്ത് കല്ലൂർക്കാട്ടു പള്ളിയുടെ ഇന്നു കാണുന്ന വിസ്തൃതിയുടെ ഒരു ഭാഗം പോരൂക്കര തറവാടുകൂടി ചേർന്നതാണ്. ഇതു കേവലം ഐതിഹ്യം അല്ല. രേഖ കാണണം എന്നു തോന്നുന്നു. ശരിക്കും മതപരമായ വിദ്യാഭ്യാസം ലഭിച്ച ഒരാളായിരുന്നു പോരൂക്കര മല്പാനച്ചൻ.

രാഷ്ട്രീയ ഉദ്ദേശം കൂടി പ്രബലമായുണ്ടായിരുന്ന പാശ്ചാത്യരായ പുരോഹിതന്മാരുടെ കീഴിലും പിടിയിലും ആയിരുന്നു അക്കാലത്ത കേരള ക്രിസ്തീയ സഭ. അതിൽ നിന്നുമുള്ള മോചന ചരിത്രവും ധൈര്യപൂർവ്വമുള്ളതാണ്. അവിടെയും പോരൂക്കരയച്ചന്റെ പ്രവർത്തനം മുൻപന്തിയിലാണ്.

ഏതായാലും ശരിക്കുള്ള മത വിദ്യാഭ്യാസം ലഭിച്ചിരുന്ന ഒരാളായിരുന്നു പോരൂക്കരയച്ചൻ. അദ്ദേഹത്തിന്റെ പിതാവ് അഞ്ചുതെങ്ങിൽ നിന്നും ആളെ വരുത്തിയാണല്ലോ പഠിപ്പിച്ചത്.


ആദ്ധ്യാത്മിക മണ്ഡലങ്ങളിലെ സ്വാതന്ത്ര്യലബ്ദിക്കുവേണ്ടി വിരോചിതനായി പ്രവർത്തിച്ച് 75 കൊല്ലം മുമ്പ് അന്തരിച്ച മാർ ളൂയീസ് പഴേപ്പറമ്പിലും ചങ്ങനാശ്ശേരി രൂപതയുടെ പ്രഥമ മെത്രാനായ മാർ തോമസ് കുര്യാളശ്ശേരിയും ഡോക്ടർ ജെയിംസ് കാളാശ്ശേരിയും പുണ്യവാളന്മാരുടെ പദവിയിലേയ്ക്ക് ഉയർത്തപ്പെടുന്ന ചാവറ കുര്യാക്കോസ് ഏലിയാസച്ചനും ഒക്കെ പോരൂക്കരയച്ചന്റെ പിൻഗാമികളാണ്.

കുട്ടനാടിന്റെ ചരിത്രം പറഞ്ഞുവരുമ്പോൾ വിശ്രുതനായ രാജ്യതന്ത്രജ്ഞനും പണ്ഡിതനും സാഹിത്യകാരനുമായിരുന്ന സർദാർ കെ. എം. പണിക്കരും പണ്ഡിതാഗ്രസനായിരുന്ന ഐ.സി. ചാക്കോയും മറ്റും ഇതര മണ്ഡലങ്ങളിലും സ്മരിക്കപ്പെടുന്നവരാണ്.

പക്ഷെ ആദ്ധ്യാത്മിക സാമൂഹ്യ മണ്ഡലങ്ങളിൽ പഴേപറമ്പിൽ കുര്യാളശ്ശേരി കാളാശ്ശേരി മെത്രാന്മാരുടെയും ചാവറ അച്ചന്റെയും സേവനങ്ങൾ തെളിഞ്ഞു കാണാവുന്നതാണ്. അവർക്കെല്ലാം പ്രചോദനം കിട്ടിയത് പോരൂക്കര അച്ചനിൽ നിന്നാണെന്ന് സ്പഷ്ടമാണ്.

തകഴി ശിവശങ്കരപ്പിള്ള





കുട്ടനാടും ചമ്പക്കുളവും ചരിത്രത്തിലേയ്ക്ക് ഒരു എത്തിനോട്ടം

(ഡോ: സ്കറിയാ സക്കറിയാ)

ചരിത്രപഠനങ്ങൾ പലപ്പോഴും ശത്രുസംഹാരത്തിനുള്ള ഉപാധിയായി പ്രയോഗിച്ചിരുന്നു. "പണ്ട് പണ്ട് ഇക്കാണുന്നതെല്ലാം നമ്മുടെ അപ്പൂപ്പന്റെ വകയായിരുന്നു. അയൽവക്കക്കാരൻ അപ്പൂപ്പന്റെ കൈയ്യിൽ നിന്നും തട്ടിയെടുത്തതാണ്. അതുകൊണ്ട് നമ്മുക്ക് അവനെ തുരത്തണം" എന്നു തീരുമാനിക്കാൻ വേണ്ടി ചരിത്രം പഠിച്ചിരുന്നു. യഥാർത്ഥ ചരിത്രപഠനം ഇതല്ല. ഇത് ചരിത്രപഠനത്തിലെ കാടൻ സമ്പ്രദായമാണ്. കുറെക്കാലമായി കേരളത്തിലെ ക്രൈസ്തവ സഭ ഈ കാടൻ സമ്പ്രദായമനുസരിച്ച് അന്യോന്യം വെട്ടിമുറിവേല്പിച്ചുകൊണ്ടിരിക്കുകയാണ്. ചരിത്രപഠനം നാം വളർന്നുവന്ന ഇന്നലെകളെയും ജീവിക്കുന്ന ഇന്നുകളെയും മനസ്സിലാക്കി നാളെ കൂടുതൽ ക്ഷേമത്തോടും സമാധാനത്തോടും കഴിഞ്ഞുകൂടുവാൻ ഉതകുന്നതായിരിക്കണം. കുട്ടനാടിന്റെ ചരിത്രത്തെ ഈ കാഴ്ചപ്പാടിലൂടെ നോക്കി കാണാനാണ് ഞാൻ ശ്രമിക്കുന്നത്. കുട്ടനാടിനെ മറ്റു നാടുകളിൽ നിന്നും വേർതിരിച്ചു നിർത്തുന്നത് അത് വെള്ളക്കെട്ടിന്റെ നാട് എന്നുള്ളതാണ്. ഈ വെള്ളക്കെട്ടിനോട് ബന്ധിച്ചുള്ള ചരിത്രം ഒന്നു ഓടിച്ചു കാണുകയാണ്.

ദക്ഷിണേന്ത്യയുടെ പടിഞ്ഞാറെ തീരപ്രദേശത്ത് വെള്ളക്കെട്ടിന്റെ നടുക്ക് അങ്ങിങ്ങു കൊച്ചു കൊച്ചു തുരുത്തുകൾ, വെള്ളക്കെട്ടിൽ മുഴുവൻ ചീങ്കണ്ണിയും മുതലയും. തലമുതിർന്നവർക്ക് അവരുടെ മുൻഗാമികളിൽ നിന്നും ലഭിച്ച അറിവനുസരിച്ച് ചീങ്കണ്ണിയും , മുതലയും അവരുടെ ജീവിതത്തിന്റെ തൊട്ടടുത്ത മേഖലയിൽ ഉണ്ടായിരുന്നു. ചരിത്രത്തിന്റെ അങ്ങു വിദൂരതയിൽ കുട്ടനാട്ടിലേയ്ക്ക് ആദ്യം മനുഷ്യൻ കടന്നുവന്നപ്പോൾ അവരീജലാശയങ്ങളിൽ അങ്ങിങ്ങുകണ്ട കൊച്ചു കൊച്ചു പരപ്പുകളിൽ പാർക്കാൻ തുടങ്ങി. ചുറ്റുപാടുമുള്ള ചീങ്കണ്ണികളും, മുതലകളും ഉയർത്തിയ ജീവന്മരണ ഭയത്തിന്റെ നടുവിൽ അവർ കുടിയിരിക്കുകയാണ് ചെയ്തത്. ഉള്ള പരപ്പുകളിൽ നെല്ല്, തെങ്ങ് തുടങ്ങിയ പല പല സസ്യങ്ങൾ മുളച്ചുപൊങ്ങി. കേരളത്തിൽ തെങ്ങ് വന്നതിനെക്കുറിച്ച് രസകരമായ ഒരു നാടോടിക ഥയുണ്ട്. കടലിലൂടെ തേങ്ങാ ഒഴുകിവന്ന് തീരദേശത്തടിഞ്ഞ് മുളച്ചു പൊങ്ങിയതാണത്രേ. നെല്ലും, തെങ്ങും മുളച്ചുവളർന്നു കണ്ടപ്പോൾ നമ്മുടെ പൂർവ്വികർ കൃഷി വികസിപ്പിക്കാൻ ശ്രമിച്ചു. അവർ തുരുത്തുകൾ വിസ്തൃതമാക്കി. വെള്ളക്കെട്ടുകൾ വരമ്പുകൾ കെട്ടി തിരിച്ച് വെള്ളം കോരിയും ചക്രം ചവിട്ടിയും വറ്റിച്ചു കൃഷി ചെയ്തു. പിന്നീട് എൻജിൻ വച്ചും, ഇപ്പോൾ മോട്ടോർ ഉപയോഗിച്ചും വറ്റിച്ച് കൃഷിയ്ക്ക് ഉപയുക്തമാക്കി. അങ്ങനെ അവർ പ്രകൃതിയെ കീഴടക്കി. വലിയ പാടശേഖരങ്ങൾ വരമ്പുകുത്തി ചക്രം വച്ചു വെള്ളം വറ്റിയ്ക്കേണ്ടിവന്നപ്പോഴും, മടവീഴ്ചകൾ തടയേണ്ടിവന്നപ്പോഴും ആളുകളുടെ കൂട്ടായ യത്നം ആവശ്യമായിവന്നു. കുട്ടനാടിന്റെ വ്യകിതിത്വം മറ്റേതു ദേശത്തെക്കാളുപരി കൂട്ടായ്മയിൽ ഊന്നിയുള്ള വ്യക്തിത്വമായിരുന്നു. ഈ കൂട്ടായ്മ ജാതി മത ഭേദങ്ങൾക്കതീതമായി സാമ്പത്തിക താല്പര്യങ്ങൾക്ക് ഊന്നൽ നൽകിയിരുന്നതായിരുന്നു. മടവീണു കൃഷി നശിച്ചാൽ ഭൂ ഉടമയ്ക്കുമാത്രമല്ല പാട്ടക്കാർക്കും കർഷകത്തൊഴിലാളിയ്ക്കും നഷ്ടമുണ്ടാകുമെന്ന ചിന്തയാൽ എല്ലാവരും ചേർന്ന് പാടശേഖരങ്ങൾ സംരക്ഷിച്ചിരുന്നു. ഭൂതകാലത്തിന്റെ ഓർമ്മകൾ ഒരു സംഘബോധമായി നിലിനൽക്കുകയും അത് നമ്മുടെ കാലങ്ങളിലേയ്ക്ക് പ്രസരിക്കുകയും ചെയ്തു. ചുണ്ടൻ വള്ളങ്ങളുടെ കഥ മനസ്സിലാക്കുവാൻ പിന്നെ ബുദ്ധിമുട്ടാവില്ല. ചുണ്ടൻ വള്ളങ്ങൾ ആദ്യം ഉണ്ടായത് നാടുവാഴിക്ക് അകമ്പടി സേവിക്കുവാൻ വേണ്ടി ആയിരുന്നു എന്നതിനോട് ഞാൻ വിയോജിക്കുന്നു. ചുണ്ടൻ വള്ളങ്ങൾ നാടുവാഴിക്കു മുമ്പേതന്നെ ഇവിടെ ഉണ്ടായിരുന്നു. എല്ലാവരും ഒത്തുചേർന്ന് താളം തെറ്റാതെ ചലനം തെറ്റാതെ ഒന്നിച്ച് പാടിയാണ് ചുണ്ടൻ വള്ളങ്ങളിൽ തുഴഞ്ഞിരുന്നത്. അങ്ങനെ സൃഷ്ടിക്കുന്ന സംഘാത്മകമായ ചലനവും അതിൽ നിന്നുളവാകുന്ന താളവും ആസ്വദിച്ച് വളർന്നു വന്ന ഒരു പാരമ്പര്യമാണ് കുട്ടനാടിനുള്ളത്.

കുട്ടനാടിന് എന്നും സാമ്പത്തിക താൽപ്പര്യങ്ങൾ പ്രധാനമായിരുന്നു. കാരണം ഇത്ര ദ്രുതഗതിയിലുള്ള സാമ്പത്തിക ചലനം മറ്റെങ്ങും തന്നെ ഉണ്ടായിട്ടില്ല. കുട്ടനാട്ടിലെ പല കുടുംബങ്ങളുടെയും ചരിത്രം അതാണ് സൂചിപ്പിക്കുന്നത്. അതിവേഗത്തിലുള്ള വളർച്ച, പെട്ടെന്നുള്ള തകർച്ച. ഈ തകർച്ച അവരെ വേദ പുസ്തകത്തിൽ പറഞ്ഞിരിക്കുന്നതു പോലെ ആത്മാവിൽ ദരിദ്രരാക്കിത്തീർത്തു. പരിപൂർണ്ണ ദൈവാശ്രയത്തിലേയ്ക്ക് അവരെ തിരിച്ചു. ജാതിമതഭേദമെന്യേ കുട്ടനാട്ടിലെ ജനങ്ങൾക്ക് പരിപൂർണ്ണ ദൈവാശ്രയ ബുദ്ധിയുണ്ടായിരുന്നു.

കുട്ടനാട്ടിലെ ചക്കുളത്തു കാവിലാണ് കേരളത്തിൽ സ്ത്രീകളെ പൂജിക്കുന്ന ഏകക്ഷേത്രം. അവിടെ ബ്രാഹ്മണ പൂജാരി ക്ഷേത്രദർശനത്തിലെത്തുന്ന സ്ത്രീകളുടെ പാദം കഴുകി ആ ജലം പുണ്യാഹമായി തളിക്കുന്നു. ആ ജനതയുടെ ആത്മാവിലെ ദാരിദ്രവും ആ സമൂഹ



ത്തിലെ ഏറ്റം ദുർബലമായ വിഭാഗങ്ങളോടു കാണിക്കുന്ന വിധേത്വവും വലിയ കാര്യമായി മഹത്തുക്കൾ ചൂണ്ടിക്കാണിക്കുമ്പോൾ നൂറ്റാണ്ടുകളായി ഈ ആചാരം ഇവിടെ പ്രയോഗത്തിൽ നിലനിന്നിരുന്നു എന്നുള്ളതാണ് സത്യം.

ധാരാളം ക്രൈസ്തവ പുരോഹിതന്മാർ ഉണ്ടായിട്ടുള്ള പ്രദേശമാണ് കുട്ടനാട്. ഇവരുടെ കുടുംബചരിത്രം പരിശോധിച്ചാൽ ആത്മാവിൽ ദാരിദ്രമനുഭവിക്കുന്ന കുടുംബങ്ങളിൽ നിന്ന് സാമ്പത്തികശേഷിക്കതീതമായി പൗരോഹിത്യപദവിയിലേയ്ക്ക് കടന്നുവന്നരാണ് അവരെന്ന് കാണാം. ആത്മാവിൽ പുലർത്തിയിരുന്ന ദാരിദ്രത്തിലൂടെ പൗരോഹിത്യപദവിയിലേയ്ക്ക് കടന്നുവന്നപ്പോൾ അത് ദൈവകൃപയായി സമൂഹം അംഗീകരിക്കുകയും ആ ദൈവകൃപയുടെ അടയാളമായി പൗരോഹിത്യത്തെ കാണുകയും ദൈവീക കുടുംബങ്ങൾക്ക് സമൂഹം മാന്യത കൽപ്പിക്കുകയും ചെയ്തു. അങ്ങനെയുള്ള ഒരു നസ്രാണി പാരമ്പര്യം ഇവിടെ നിലനിന്നിരുന്നു.

കുട്ടനാട് വെള്ളപ്പൊക്കങ്ങളുടെ നാടാണ്. കുട്ടനാട്ടിലെ ഏറ്റം വലിയ വെള്ളപ്പൊക്കം 1099 -ലേതിലാണ്. കുട്ടനാട്ടിന്റെ ചരിത്രത്തിലെ പരിവർത്തന വേദികൾ വെള്ളപ്പൊക്കങ്ങൾ ആയിരുന്നു. കുട്ടനാടിന്റെ പ്രിയപ്പെട്ട കഥാകാരനായ തകഴിയുടെ വെള്ളപ്പൊക്കത്തിൽ എന്ന കഥയിലെ നായക്കുട്ടിക്ക് സംഭവിച്ചതുപോലെയുള്ള അത്യാഹിതങ്ങൾ ഈ സമൂഹത്തിലെ പല വിഭാഗങ്ങൾക്കും കുടുംബങ്ങൾക്കും സംഭവിച്ചിട്ടുണ്ട്.

കുട്ടനാടിന്റെ ചരിത്രം അവിടുത്തെ ഭൂവുടമകളുടെയും കർഷകരുടെയും കാഴ്ചപ്പാടിൽ മാത്രം കാണരുത്. കർഷകത്തൊഴിലാളിയുടെ കാഴ്ചപ്പാടിൽ കൂടി അതു നോക്കിക്കാണണം. വിമോചന സമരത്തിന്റെ ചരിത്രവും ഒപ്പം ഇടതുപക്ഷ പ്രസ്ഥാനങ്ങൾ ഇവിടെ വരുത്തി വച്ച മാറ്റങ്ങളും നമ്മളറിയണം. കുട്ടനാട്ടിലെ കർഷകത്തൊഴിലാളി പ്രസ്ഥാനം എന്ന പേരിൽ ശ്രീ. കമലാസനൻ എഴുതിയ പുസ്തകം വായിക്കുമ്പോൾ കർഷകത്തൊഴിലാളികൾ എന്തുകൊണ്ട് സംഘടിച്ചു പ്രവർത്തിക്കാൻ നിർബന്ധിതരായി, എങ്ങനെയത് ഒരു കലാപമായി വളർന്നു. അതിനെ അടിച്ചമർത്താൻ നടത്തിയ ശ്രമങ്ങളെ അവർ എങ്ങനെ കണ്ടു എന്നു മനസ്സിലാകും. ഈ പരിവർത്തനങ്ങളെ എല്ലാം ബന്ധപ്പെടുത്തി കാണുമ്പോഴാണ് നമുക്ക് വെള്ളപ്പൊക്കത്തിൽ നിന്നുള്ള അനുഭവം ശരിക്കും ലഭിക്കുന്നത്. വെള്ളപ്പൊക്കത്തിലെ പട്ടിക്കുട്ടിയെ പോലെയാണ് കുട്ടനാട്ടുകാർ. ഈ ഭയം കുട്ടനാട്ടുകാരന്റെ സാമ്പത്തികവും സാമൂഹ്യവും സാംസ്ക്കാരികവും ആത്മീയവുമായ ജീവിതത്തെ ബാധിച്ചിട്ടുണ്ട്.

വെള്ളപ്പൊക്കവും കൃഷിനാശവും കഴിഞ്ഞാൽ കുട്ടനാടൻ കുടുംബങ്ങളുടെ തകർച്ചയ്ക്ക് കാരണം പകർച്ച വ്യാധികളായിരുന്നു. ഈ അത്യാഹിതങ്ങളാൽ അനാഥരാക്കപ്പെട്ട കുടുംബാംഗങ്ങളുടെ കഥ പല കുടുംബചരിത്രങ്ങളും വായിക്കുമ്പോൾ നമുക്ക് കാണാൻ സാധിക്കും.

കുട്ടനാടൻ സമൂഹം പരസ്പരാശ്രയത്തത്തിലൂടെ വളർന്ന ഒരു സമൂഹമായിരുന്നു. കുട്ടനാട്ടിലെ പാടശേഖരങ്ങൾ ഒരു കാലത്ത് സംഘർഷമേഖലകളായിരുന്നു. കഴിഞ്ഞ പത്തിരുപതു വർഷങ്ങൾക്കുള്ളിൽ എല്ലാം വ്യവസ്ഥാപിതമായി. വളരെ വേഗം അതുമായി പൊരുത്തപ്പെടുവാൻ അവർക്ക് കഴിഞ്ഞു. എന്നാൽ അവരിന്ന് പുതിയൊരു പ്രളയബോധത്തിൽ അകപ്പെട്ടിരിക്കുകയാണ്. നെൽകൃഷിയും കേരകൃഷിയും പ്രതിസന്ധി നേരിടുകയാണ്. കാർഷിക വിഭവങ്ങൾക്ക് ആദായകരമായ വില ലഭിക്കാതായി.

കാലവർഷത്തെയും പെരുവെള്ളപ്പാച്ചിലിനെയും കണ്ടുമടുത്ത കുട്ടനാട്ടുകാരന് നൂറുവർഷങ്ങൾക്കു മുമ്പ് ക്രൈസ്തവ സമൂഹം ഒരു വഴി തുറന്നു കൊടുത്തു. ഇംഗ്ലീഷ് വിദ്യാഭ്യാസത്തിനേറതായ ആ വഴി മറ്റു സമുദായങ്ങളും തുടർന്ന് ഉപയോഗിച്ചും കുട്ടനാട് വളരെവേഗം വിദ്യാഭ്യാസത്തിൽ പുരോഗമിച്ചു. ഒരു നിർണ്ണായക ഘട്ടത്തിൽ മറ്റാരും ചെയ്യുന്നതിനു മുമ്പ് കുട്ടനാട്ടുകാർ ആളുകളെ കയറ്റുമതി ചെയ്യുവാൻ തുടങ്ങി. കുട്ടനാട്ടിൽ നിന്നുണ്ടായിടത്തോളം നേഴ്സുമാർ മറ്റുനാടുകളിലെ കത്തോലിക്കാ സമുദായത്തിൽ നിന്നും ഉണ്ടായിട്ടില്ല. പുതിയ വെല്ലുവിളികളോട് പ്രതികരിക്കാനുള്ള കുട്ടനാട്ടുകാരന്റെ ശേഷിയാണിതിനു നിദാനം. കുട്ടനാട്ടിലെ കാർഷികാടിത്തറ വലിയ വെല്ലുവിളികൾ നേരിടുമ്പോൾ നമുക്ക് ആഗോളകമ്പോളത്തിലേയ്ക്ക് ഉൽപ്പന്നങ്ങൾ എത്തിക്കുവാനുള്ള ശക്തമായ സ്രോതസ്സായി മാറാൻ കഴിയുമോ എന്നതാണ് പ്രധാനം. വെല്ലുവിളികളെ കുട്ടനാട്ടുകാർ എങ്ങനെ നേരിട്ടു എന്നുള്ളത് കുട്ടനാടിന്റെ ചരിത്രമാണ്. അങ്ങനെ വെല്ലുവിളി നേരിട്ട ഏതാനും ചില വ്യക്തികളെക്കുറിച്ചുകൂടി സൂചിപ്പിക്കട്ടേ.

ആദ്യമായി ഓർമ്മയിൽ എത്തുന്നത് ബഹുമാനപ്പെട്ട പോരൂക്കരയച്ചൻ തന്നെ. അദ്ദേഹം തന്റേടത്തോടെ ളോഹ ധരിച്ചു എന്നുള്ളത്. അന്നു നിലനിന്നിരുന്ന ക്രമത്തിൽ നിന്നും വ്യത്യസ്തമായി അദ്ദേഹം ളോഹ ധരിക്കുകയുണ്ടായി.

കുട്ടനാട്ടിൽ ആദ്യമായി ഷർട്ടിട്ട് പള്ളിയിൽ കയറിയ ധിക്കാരി പുത്തൻപറമ്പിൽ തൊമ്മച്ചൻ എന്ന പരമസാത്വികനായിരുന്നു. അതിനു ശിക്ഷയായി കട്ടക്കയത്തിലച്ചൻ അദ്ദേഹത്തെ പള്ളിമുടക്കുകയുണ്ടായി.

കുട്ടനാട്ടിലെ ക്രൈസ്തവ സമുദായത്തിൽ പ്രാധാനിയായ മറ്റൊരു വ്യക്തി കുര്യാളശ്ശേരിൽ മാർതോമ്മാ മെത്രാനച്ചനായിരുന്നു. കുര്യാളശ്ശേരിൽ പിതാവ് കാലിത്തൊഴുത്തിൽ സന്യാസിനികൾക്ക് ഒരു സമൂഹം തുടങ്ങി. സ്ത്രീകൾക്ക് വിദ്യാഭ്യാസം പ്രോൽസാഹിപ്പിച്ചു. താനെത്തുപെട്ട സ്ഥാനത്തിനു വേണ്ടി ത്യാഗം സഹിച്ച വ്യക്തികളെ ശിക്ഷയിൽ നിന്നും വിടുതൽ ചെയ്തു. എത്തുപെടുന്ന സ്ഥാനങ്ങളിൽ ഉറച്ചുനിന്നു പെരുമാ



റുന്ന കുട്ടനാടുകാരന്റെ വ്യക്തിത്വം നമുക്ക് പോരൂക്കര തോമ്മാച്ചനിലും ചാവറയച്ചനിലും കാണാം. ആഗോളസഭയുടെ ധന്യതയുടെ പൈതൃകം കേരളത്തിലെ ക്രൈസ്തവർക്ക് പങ്കുവെയ്ക്കുവാൻ ചരിത്രത്തിന്റെ ഒരു മുഹൂർത്തത്തിൽ കടന്നുവന്ന പുരുഷന്മാരാണിവർ.

സാംസ്ക്കാരികവേദി എന്ന നിലയിൽ കുട്ടനാടിനെ വേർതിരിച്ച് നിർത്തുന്ന ഒരു സവിശേഷത ജാതിമതങ്ങൾക്കതീതമായി ഈ നാടിന്റെ തനിമയെക്കുറിച്ചുള്ള ബോധമാണ്. ഐ.സി. ചാക്കോയും ചാവറയച്ചനും സംസ്കൃതഭാഷ പഠിക്കണമെന്ന് ശഠിച്ചയാളുകളാണ്. കുട്ടനാട്ടിലെ വീട്ടമ്മമാർ നസ്രാണികളുടെ വീടുകളിലെ സ്ത്രീകളെ നാനംമൂനവും സംസ്കൃതവും പഠിപ്പിച്ചിരുന്നു. വിഭിന്ന സമുദായങ്ങൾ എങ്ങനെ കൂടിക്കഴിഞ്ഞിരുന്നു എന്നുള്ളത് ഇവിടുത്തെ ദേവാലയങ്ങളിലെ വരവും പോക്കും ദർശിച്ചാൽ മതി. അമ്പലപ്പുഴ ക്ഷേത്രത്തിൽ എന്തെങ്കിലും ഒക്കെ ചെയ്യാനില്ലാതിരുന്ന എത്ര നസ്രാണി കുടുംബങ്ങളുണ്ടിവിടെ. നമ്മുടെ ക്ഷേത്രങ്ങൾ; നമ്മുടെ ആരാധനാലയങ്ങൾ ഇവയൊക്കെ നമ്മുടെ പൈതൃകമായി അംഗീകരിക്കുകയും ഈ നാടിന് ധന്യത പകർന്ന സംസ്കാരങ്ങൾ-തമിഴിനെയും സംസ്കൃതത്തെയും ഒക്കെ ഉൾക്കൊള്ളുകയും ഒപ്പം നാട്ടിലേയ്ക്ക് കടന്നുവന്ന പോർട്ടുഗീസും ലത്തീനുമൊക്കെ പഠിപ്പിക്കുകയും ചെയ്തൊരു പൈതൃകം-അന്യാദൃശമായൊരു പൈതൃകമാണ്.

With Best Compliments From :

Mukkoottuthara Traders


Mukkoottuthara

ORIENT CONSTRUCTIONS

Mareena Buildings

Changanachery





കല്ലൂർക്കാട് പള്ളിയുടെ പഴമ ഒരു പഠനം

റവ. ഡോ. ആൻറണി വള്ളവന്തറ സി എം ഐ

പോരൂക്കര തോമ്മാ മല്പ്പാനച്ചന്റെ 150-ാം ചരമ വാർഷിക ഓർമ്മകൊണ്ടാടുന്നയവസരത്തിൽ, കേരളസഭാചരിത്രത്തിൽ നിർണായക സ്ഥാനം വഹിച്ചിട്ടുള്ള പല മഹരഥന്മാർക്കും ജന്മം നൽകിയ കല്ലൂർക്കാട്ടു പള്ളിയെന്ന നാമത്താൽ അറിയപ്പെടുന്ന ചമ്പക്കുളം ദേവാലയത്തിന്റെ പുരാതന ചരിത്രത്തിലേക്കു വെളിച്ചം വീശുന്ന ചില ചരിത്രരേഖകൾ വീണ്ടും അവതരിപ്പിക്കുക അവസരോചിതമാണ്.

പമ്പയാറിന്റെ പടിഞ്ഞാറെക്കരയിൽ ക്രിസ്തുവർഷം 427ൽ സ്ഥാപിതമായി എന്നു വിശ്വസിക്കപ്പെടുന്ന കല്ലൂർക്കാട്ടു ദേവാലയത്തിന്റെ ആദ്യകാല ചരിത്രത്തിലേയ്ക്കു പ്രകാശം വീശുന്ന രേഖകളൊന്നും പുറത്തുകൊണ്ടുവരുവാൻ ആർക്കും ഇതുവരെ കഴിഞ്ഞിട്ടില്ല. കുട്ടനാടിനെയും ചമ്പക്കുളത്തെയും സംബന്ധിക്കുന്ന ചില സൂചനകൾ അവിടിവിടെ കാണുവാൻ കഴിയും എന്നതിനപ്പുറം 15-ാം നൂറ്റാണ്ടിന് മുമ്പുള്ള വിലപ്പെട്ട ചരിത്രരേഖകളൊന്നും വെളിച്ചം കണ്ടിട്ടില്ല. ആവഴിക്കാരും മെനക്കെട്ടിട്ടില്ല. കല്ലൂർക്കാട്ടു ദേവാലയത്തിന്റെയും ചമ്പക്കുളത്തിന്റെയും ആരംഭകാലചരിത്രത്തിന്നധാരമായി കഥകളും കെട്ടുകഥകളുമല്ലാതെ വളരെയേറെ ചരിത്രരേഖകളൊന്നും ഇന്നു നമുക്കില്ലെന്നു സമ്മതിക്കാതെ തരമില്ല. പക്ഷെ, ഈ ദേവാലയത്തിന്റെ ആദ്യകാല ചരിത്രത്തെ സംബന്ധിച്ച ചരിത്രരേഖകൾ ഒന്നും ഇന്നു നമുക്കില്ല എന്നതു കാരണത്താൽ ഈ ദേവാലയത്തിന്റെ പൗരാണികതയെയോ കല്ലൂർക്കാടിന്റെ ചരിത്ര പ്രാമാണികതെയെയോ നിഷേധിക്കാനാരും പുറപ്പെട്ടേയ്ക്കരുതെന്നു ഒരു അപേക്ഷ. കാരണം (മെന്തെന്നല്ലേ?) ചരിത്രവാസനയും ചരിത്രരേഖകൾ സൂക്ഷിക്കുന്ന രീതിയും കേരളീയർക്കു പൊതുവെ കുറവാണല്ലോ. അതു ഇവിടെയും ബാധകമാണെന്നു മാത്രം. അതു കണക്കിലെടുത്തു വേണം ആധുനിക ചരിത്രഗവേഷണത്തിന്റെ അളവുകോലുകൾ ഇവിടെ പ്രയോഗിക്കാൻ.

കേരളീയർക്കു പൊതുവെ ബാധകമായ ചരിത്രരേഖകൾ സൂക്ഷിക്കുന്നതിലുള്ള ശ്രദ്ധയില്ലായ്മ കല്ലൂർക്കാട്ടെ ജനതയെയും ബാധിച്ചിട്ടുണ്ടെന്നുള്ളതു സത്യമെങ്കിലും കല്ലൂർക്കാട്ടുകാർ പരമ്പരാഗതമായി ചരിത്രവാസനതീരെയില്ലാത്തവരായിരുന്നു എക്കാലവും എന്നു കരുതുന്നതു ശരിയല്ല. ഈ ദേവാലയത്തെ സംബന്ധിച്ച ചുരുക്കം ചില ചരിത്രവസ്തുതകളെങ്കിലും രേഖപ്പെടുത്തുവാൻ ചില തലമുറയിലെ ചിലരെങ്കിലും പരിശ്രമിച്ചിട്ടുണ്ട്. ഇതിനു തെളിവാണ് ഇവിടെ നാം പരാമർശിക്കുന്ന ചരിത്രരേഖകൾ.

ഒരു പക്ഷേ, ക്രിസ്തുവർഷം 12-ാം നൂറ്റാണ്ടുവരെയുള്ള ചരിത്രത്തിലേയ്ക്കു വിരൽ ചൂണ്ടാൻ പോരുന്ന ശിലാലിഖിതങ്ങളും മറ്റു ചില രേഖകളും നമുക്കിന്നു ലഭിച്ചിട്ടുണ്ട്. അവയുടെ സഹായത്തോടെ കല്ലൂർക്കാടിന്റെയും ചമ്പക്കുളത്തിന്റെയും പൂർവകാല ചരിത്രം തന്നെയും ചികഞ്ഞെടുക്കുവാൻ നമുക്കു കഴിഞ്ഞേക്കാം.

നാലു സുപ്രധാന രേഖകളാണ് ഈ ലേഖകന് 20 വർഷംമുമ്പ് കണ്ടെത്തുവാൻ കഴിഞ്ഞത്. ഇതിനു മുമ്പാരും കാര്യമായി പഠനവിഷയമാക്കിയതായി അറിവില്ല! ബഹു. പോരൂക്കര തോമ്മാ മല്പാനച്ചന്റെ ശതാതീത ജൂബിലി ആഘോഷിക്കുന്ന ഈ അവസരത്തിൽ, കല്ലൂർക്കാടിന്റെ ചരിത്രത്തോടു ബന്ധപ്പെട്ട ഈ രേഖകൾ വീണ്ടും പ്രകാശനം ചെയ്യുന്നതു വളരെ അവസരോചിതമാണ്. ചമ്പക്കുളം ലിയോ XIII ലൈബ്രറി സുവനീറിൽ 1947-ൽ പ്രസിദ്ധീകരിച്ചിരുന്നു. അവയിൽ പ്രധാനപ്പെട്ട രണ്ടെണ്ണം പോരൂക്കരയച്ചൻ വൈദിക പട്ടമേറ്റു കല്ലൂർക്കാട് വികാരിയാകുന്നതിനു തൊട്ടുമുമ്പുള്ള കാലത്തെ (എ ഡി 1821) സൂചിപ്പിക്കുന്നതാണ്.

ഈ നാലു രേഖകളിൽ ചരിത്രക്രമത്തിൽ ആദ്യത്തേതും അവസാനത്തേതും ശിലാലിഖിതങ്ങളാണ്. കാലഗണനയനുസരിച്ചു രണ്ടാമത്തെ സ്ഥാനം അർഹിക്കുന്നതു തടിയിലുള്ള ലിഖിതമാണ്. മൂന്നാമത്തേതു താളിയോലയിലുള്ള ഒരു രേഖയാണ്. ഈ രേഖയാണു ഏറ്റവും ദൈർഘ്യമുള്ളത്.

ഈ നാലു രേഖകളിൽ ഏറ്റവും പുരാതനമായത് 17-ാം നൂറ്റാണ്ടിലേതാണ്. പഴയ മലയാള ലിപിയായ 'വട്ടെഴുത്തിൽ' അഥവാ 'നാനംമോനം' ലിപിയിൽ ഉള്ളതാണ്. 844 എന്ന വൽസരത്തെക്കുറിക്കുന്ന മൂന്നക്ഷരം ഒഴികെ ഒന്നും വ്യക്തമല്ലാത്ത ഒരു ശിലാലിഖിതമാണിത്. ആരുടെയോ കല്ലറയിൽ സ്ഥാപിതമായിരുന്നു ഈ ലിഖിതം. ചവിട്ടുകല്ലായി വർഷങ്ങൾ കിടന്നതിനാൽ ലിഖിതഭാഗം മിക്കവാറും തേഞ്ഞുമാഞ്ഞുപോയി.

രണ്ടാമത്തെ ലിഖിതം 18-ാം നൂറ്റാണ്ടിലേതാണ്. ഇന്നുള്ള പള്ളിയുടെ "ഹൈക്കലാ'യുടെ (പള്ളിയുടെ മദ്ബഹാ കഴിഞ്ഞു, പാട്ടുകാർ നിൽക്കുന്ന ഇടനാഴിയും കഴിഞ്ഞു, ജനങ്ങൾ നിക്കുന്ന ഭാഗമാണു സുറിയാനിയിൽ ഹൈക്കലാ എന്നു പറയുന്നത്). കിഴക്കെ അറ്റത്തുള്ള ശീലാന്തിയിൽ ഉള്ളതാണ്. ശീലാന്തിയുടെ തടിയിൽ ആര്യ എഴുത്തു ലിപിയിൽ കൊത്തിയിട്ടുള്ള ഈ ലിഖി



തം എ ഡി 1730ലേതാണ്.

മൂന്നാമത്തേതും നാലാമത്തേതും ചരിത്രരേഖകളാണ് പോരുക്കരയച്ചന്റെ ജീവിതകാലത്തോടനു ബന്ധപ്പെട്ടവ. അതിൽ ആദ്യത്തേതു 1821ലേത്. രണ്ടാമത്തേത് 1857ലേതും. എന്നാൽ ഇവ രണ്ടിലും 1821 എന്ന വർഷം പ്രധാനമാണ്. പോരുക്കരയച്ചന്റെ സെമിനാരി ജീവിതത്തിന്റെ അവസാനകാലം. 1823ൽ അദ്ദേഹം വൈദികനായി. ഉടൻതന്നെ കല്ലൂർക്കാട് വികാരിയായി. പോരുക്കരയച്ചന്റെ അജപാലന പ്രവർത്തനങ്ങൾ ആരംഭിക്കുന്ന കാലത്തെ കല്ലൂർക്കാട് ചരിത്രത്തിലേയ്ക്കു വെളിച്ചം വീശുന്നവയാണു ഈ രണ്ടു രേഖകൾ.

ചമ്പക്കുളം കല്ലൂർക്കാട് പള്ളിയുടെ ചരിത്രത്തിലേയ്ക്കു വ്യക്തമായി വിരൽ ചൂണ്ടുന്ന 1857ലെ ലിഖിതമാണ് ഇവിടെ ആദ്യം വിവരിക്കുക. അതിന്റെയും ഒരു പ്രധാന വർഷം 1821 ആണ്. രണ്ടാമതായി 1821ലെ താളിയോല രേഖ ചർച്ച ചെയ്യും. മറ്റു രണ്ടു രേഖകളും പോരൂക്കരയച്ചന്റെ ജീവിതകാലത്തോടു ബന്ധമില്ലാത്തവയും രണ്ടു പ്രധാന വർഷത്തെ മാത്രം സൂചിപ്പിക്കുന്നവയാണെങ്കിലും പ്രധാന രേഖകളോടു ചേർത്തു നമുക്കു പഠനവിഷയമാക്കാം. എങ്കിലും 19-ാം നൂറ്റാണ്ടിലെ രേഖകൾക്കാണു ഇത്തരുണത്തിൽ വ്യക്തമായ പ്രാധാന്യം കൊടുക്കുക.

(1) 1857ലെ കരിങ്കൽ കുരിശു ലിഖിതം

നേരത്തെ സൂചിപ്പിച്ചതുപോലെ ഈ ലിഖിതം 1857ലേതാണെങ്കിലും 1821നാണു ഇവിടെ പ്രാധാന്യം, പോരൂക്കരയച്ചന്റെ ജീവിതകാലത്തോടു ബന്ധപ്പെടുത്തി. പോരൂക്കരയച്ചന്റെ മുൻഗാമിയായി ഇവിടെ വികാരിയായിരുന്ന വൈദികനും 1857ൽ കല്ലൂർക്കാട് വികാരിയായിരുന്ന വൈദികനും പോരൂക്കരയച്ചനെപ്പോലെ ചരിത്രബോധവും ശേഷിയുമുള്ളവരായിരുന്നു എന്നുള്ള സൂചനയും ഈ ലിഖിതം തരുന്നു.

ഈ ലിഖിതം നമുക്കു ഇവിടെ അപഗ്രഥിക്കാം.

(1) 1857ലെ കരിങ്കൽ കുരിശുലിഖിതം

ഇന്നുള്ള പള്ളിയുടെ 'തെക്കേമുറ്റത്തു, സിമിത്തേരിയുടെ കിഴക്കുവശത്തു പള്ളിയുടെ തെക്കേഗയിറ്റിനു നേരെ സ്ഥിതി ചെയ്യുന്ന കൽക്കുരിശിന്റെ കൽത്തറയുടെ വശത്തു ചുറ്റിലുമായി ചതുരവടിവക്ഷരത്തിൽ കൊത്തിയിട്ടുള്ള ഒരു ലിഖിതമാണിത്. കാലപ്പഴക്കത്തിൽ ഇതിന്റെ പല അക്ഷരങ്ങൾക്കും കേടുപാടുകൾ സംഭവിച്ചിട്ടുണ്ടെങ്കിലും അതു കൃത്യമായി വായിച്ചെടുക്കുവാൻ, ശിലാലിഖിതങ്ങളുമായി പരിചയമുള്ളവർക്കു വലിയ പ്രയാസമുണ്ടാവില്ല.

സമചതുരത്തിലുള്ള ഈ കൽത്തറയുടെ അരികിൽ കിഴക്കുവശത്തു തെക്കേ അറ്റത്തുനിന്നും ആരംഭിച്ചു വടക്കുവശത്തും പടിഞ്ഞാറുവശത്തുവായി തുടർന്നു തെക്കുവശത്തു അവസാനിക്കുന്നു. തെക്കുവശത്തുള്ള തലത്തിൽ ലിഖിതം അവസാനിച്ചുകഴിഞ്ഞു കുറച്ചുസ്ഥലം കിടപ്പുണ്ട്.

ആകെ 89 അക്ഷരങ്ങൾ ഉണ്ട്, ഈ ലിഖിതത്തിന്. അവ താഴെപ്പറയുന്ന വിധമാണു ഓരോ വശത്തും ഉല്ലേഖനം ചെയ്തിട്ടുള്ളത്. കിഴക്കുവശത്തു 22 അക്ഷരങ്ങൾ. വടക്കുവശത്തു 24. പടിഞ്ഞാറുവശത്താണ് പിന്നീടുള്ള 25 അക്ഷരങ്ങൾ. തെക്കുവശത്തു വെറും 18 അക്ഷരങ്ങൾ മാത്രമാണുള്ളത്.

ലിഖിതം ഇപ്രകാരമാണ്. അത് കരിങ്കൽ തലത്തിന്റെ ഓരോ വശത്തും കൊടുത്തിരിക്കുന്ന വിധത്തിൽ നാലു വരികളിലായി താഴെ കുറിക്കാം.

"ഈ കുരിശ് കല്ലൂർക്കാടെന്ന നാമം വിളങ്ങുംഈ പള്ളിയുടെ കിഴക്കു (22 അക്ഷരങ്ങൾ കിഴക്കുവശം) വശം വച്ചിരിന്നു. പള്ളിപ്പണി ചെയ്ത ഏറെക്കുറെ 670 വൽസരം ചെന്ന (24 അക്ഷരങ്ങൾ വടക്കുവശം) 1821 കാലം മദ്ബഹ പൊളിച്ചുപണി കഴിച്ചപ്പോൾ പൊളിച്ചു 185- (25 അക്ഷരങ്ങൾ പടിഞ്ഞാറുവശം) 7- കാലം സിമിത്തെരി പണിചെയ്തപ്പോൾ രണ്ടാമതു വച്ചു. (18 അക്ഷരങ്ങൾ തെക്കുവശം). അർഥമിതാണ്:

"ഈ കുരിശ് കല്ലൂർക്കാടെന്ന പേരുള്ള ഈ പള്ളിയുടെ കിഴക്കുവശത്തു വച്ചിരുന്നു. പള്ളി പണിചെയ്ത ഏകദേശം 670 വർഷം കഴിഞ്ഞ് 1821ൽ മദ്ബഹാ പൊളിച്ചു, പണി കഴിച്ചപ്പോൾ പൊളിച്ച്, 1857ൽ സിമിത്തെരി പണിചെയ്തപ്പോൾ രണ്ടാമതു വച്ചു.

താളിയോല ലിഖിതം (1821 എ ഡി)

കേരളാ സർക്കാർവക പുരാതന രേഖാലയത്തിൽ സൂക്ഷിക്കപ്പെടുന്ന താളിലോ ലിഖിതമാണതെന്നു നാം നേരത്തെ കണ്ടു. കൊല്ലവർഷം 996 ഇടവമാസം 17-ാം തീയതി തിരുവിതാംകൂർ മഹാരാജാവ് തുല്യം ചാർത്തിയിട്ടുള്ള ഒരു ഓലക്കരണമാണിത്. ഇന്നുള്ള പള്ളിയുടെ മദ്ബഹാ പൊളിച്ചു പണി ആരംഭിച്ച 1821 തന്നെയാണ് ഈ ലിഖിതവും എഴുതപ്പെട്ടത്.

തിരുവനന്തപുരത്തെ പുരാതനരേഖാലയത്തിൽ "നീട്ടുകൾ" (രാജകൽപന) എന്ന വിഭാഗത്തിൽ ഓലനമ്പർ 553 ആണ് ഇത്. അതിന്റെ ശരിപ്പകർപ്പ് നീട്ടുകളുടെ പകർപ്പു വിഭാഗത്തിൽ 473-ാം നമ്പറിൽ കൊടുത്തിരിക്കുന്നു.

"ചമ്പക്കുളം മുറിയിൽ... കല്ലൂർക്കാട്ടങ്ങാടിയിൽ നസ്രാണിപ്പള്ളി ഇരിക്കുന്ന പുരയിട"ത്തിന്റെ പാട്ടം ഇരുപത്തിമൂന്നര പണം കണ്ടത്, എങ്ങനെ വിനിയോഗിക്കണം എന്നതു സംബന്ധിച്ചുള്ള രാജകൽപനയാണിത്.

രേഖയുടെ ശിരപകർപ്പു ഇവിടെ ചേർക്കുന്നു.

"കൊടുത്തുവിട്ട സാധനവും വായിച്ചുകേട്ട അവസ്ഥയും അറിഞ്ഞു. അമ്പലപ്പുഴ മണ്ഡപത്തും വാതുക്കൽ



ചേർന്ന ചമ്പക്കുളം മുറിയിൽ നടപ്പാകുംമുറിയിൽ കല്ലൂർക്കാട്ടു അങ്ങാടിയിൽ നസ്രാണിപ്പള്ളി ഇരിക്കുന്ന പുരയിടം 92-ാണ്ട് കണ്ടെഴുതുംമ്പോൾ ഇരുപത്തിമൂന്നര പണം കണ്ടു ഒഴുകിൽ എഴുതിയിരിക്കുന്നതിനു പതിവുപിടിപ്പാൻ പള്ളിയിൽ കൈക്കാരനെ വരുത്തിയാറെ ആ പുരയിടത്തിലെ മുതൽ എടുത്തു പള്ളിയിൽ വിളക്കുവയ്പു മുതലായതു കഴിച്ചുവരുന്ന പ്രകാരം ബോധിപ്പിക്കകൊണ്ടു കണക്കു ശോചന ചെയ്യിച്ചാറെ 75-ാമാണ്ടു ഒഴുകിൽ പള്ളിവക തനതായിട്ടു എഴുതിയിരിക്കുന്നതല്ലാതെ 48-ാമാണ്ടും 77-ാമാണ്ടും ആയക്കെട്ടു കണക്കുകളിൽ കരം മുതൽക്കൂട്ടുകയും പള്ളിവകയ്ക്കു ഒഴിഞ്ഞുകൊടുക്കുകയും ഒണ്ടായിട്ടൊള്ള പ്രകാരം കാണായ്ക്ക് കൊണ്ടും ഒഴുകിലും ആയക്കെട്ടിലും പതിയാതെയൊള്ള പുരയിടങ്ങൾ ഹുക്കുന്നാമാപ്രകാരം പാട്ടം മുതൽക്കൂട്ടുവാനുള്ളതാകകൊണ്ടും അതിന്മണ്ണം മേലെഴുതിയ പുരയിടത്തിനു ഇരുപത്തിമൂന്നര പണം പാട്ടം കണ്ടിരുന്നതു പണ്ടാരവക പാട്ടമായിട്ടു മുതൽക്കൂട്ടി ശേഷം പള്ളിയിൽ വിളക്കുവയ്പുവകയ്ക്കു ഒഴിഞ്ഞുകൊടുത്തു വരുന്നതിന്മണ്ണം ഈവകപ്പണം ഇരുപത്തിമൂന്നനര മേലെഴുതിയ പള്ളിയിൽ വിളക്കുവയ്പു വകയ്ക്കു എഴുതി ചിലവായിട്ടും പിരിവും ചിലവും എഴുതിക്കൊടുപ്പാനുള്ളതെന്നല്ലോ എഴുതിവന്നതിലാകുന്നു. അതിന്മണ്ണം ന്തന്നെ മേലെഴുതിയ പുരയിടത്തിനു 92-ാമാണ്ടു പാട്ടം കണ്ടിരിക്കുന്ന പണം ഇരുപത്തിമൂന്നര പള്ളിയിൽ വിളക്കുവയ്പുവകയ്ക്കു എഴുതി ചിലവായിട്ടു പിരിവും ചിലവും എഴുതിച്ചുകൊള്ളുകയും വേണം, എന്നും ഇക്കാര്യം ചൊല്ലി 996-ാമാണ്ടു ഇടവമാസം 17-ാം തീയതി ദിവാൻ ജനാർദനരായർ വെങ്കിട്ടരായർക്കു നീട്ടു എഴുതി വിടു എന്നു തിരുവുള്ളമായ നീട്ടു.

(തുല്യം)

വളരെ വ്യക്തമായ ഈ രേഖ സംബന്ധിച്ചു വിശദീകരണങ്ങൾ ഒന്നും ആവശ്യമില്ല. എന്നാൽ, വേറെ പല രേഖകളിലേയ്ക്കു ഇതു സൂചന നൽകുന്നു എന്നുള്ളതു ചരിത്രരേഖാന്വേഷകർക്കു ഉന്മേഷം നൽകുന്ന ഒരു വസ്തുതയാണ്. കൊല്ലവർഷം 992 മാണ്ടിൽ കണ്ടെഴുതുന്നതു സംബന്ധിച്ച ഗവർമെണ്ടു രേഖകൾ, 948, 977 ഈ വർഷങ്ങളിലെ ആയക്കെട്ടു കണക്കുകൾ, 975 മാണ്ടിലെ ഒഴുക് ഇവ ഈ ദേവാലയത്തിന്റെ വസ്തുക്കളെ സംബന്ധിച്ച കൂടുതൽ വിവരങ്ങൾ നൽകുന്നതാണ്. അതായതു ക്രിസ്തുവർഷം 1773, 1800, 1802 ഈ വർഷങ്ങളിലുള്ള ഈ ദേവാലയത്തെ സംബന്ധിച്ച രേഖകളിലേയ്ക്കു 1821ലെ ഈ താളിയോല ലിഖിതം വാതിൽ തുറക്കുന്നു. (ഈ രേഖകൾ വെളിച്ചത്തു കൊണ്ടുവരാൻ നാം അന്വേഷണം തുടരേണ്ടതാണ്) ഈ ചരിത്രരേഖകൾ കൂടെ പുറത്തുവന്നാൽ ചരിത്രത്തിലെ കെട്ടുപിണഞ്ഞ ചില രംഗങ്ങൾകൂടെ തെളിഞ്ഞുവരുമെന്നു വേണം കരുതുവാൻ.

ശിലാന്തിയിലെ ലിഖിതം

1857ലെ കരിങ്കൽ കുരിശു ലിഖിതത്തിനു ഏതാണ്ടു 127 വർഷവും താളിലോ ലിഖിതത്തിനു 91 വർഷവും മുമ്പുള്ള രേഖയാണിത്. ഇന്നുള്ള പള്ളിയുടെ ഹൈക്കലാ (മദ്ബഹയുടെ അഴിക്കാലുകൾക്കു ജനങ്ങൾ നിൽക്കുന്ന ഭാഗം)യുടെ മുകളിലുള്ള ശിലാന്തികളിൽ ഏറ്റവും കിഴക്കെ അറ്റത്തുള്ള ശിലാന്തിയിലാണ് ഇത് എഴുതിയിരിക്കുന്നത്. 1730 ആണ് ഇതിന്റെ കൃത്യമായ വർഷം. ലിഖിതം ആര്യ എഴുത്തു (ലിപി)യിലാണ്. (1) ശീലാന്തിയുടെ വടക്കേ അറ്റംമുതൽ തെക്കേ അറ്റംവരെ മൂന്നു ഭാഗങ്ങളായാണീ ലിഖിതം. ആകെ 45 അക്ഷരങ്ങളുള്ള ഈ ലിഖിതത്തിൽ ക്രിസ്തുവർഷവും കൊല്ലവർഷവും കാലഗണനയ്ക്കു സഹായമാകത്തവണ്ണം വ്യക്തമായിപ്പറഞ്ഞിട്ടുണ്ട്. കൊല്ലവർഷം 905 മീനമാസത്തിലാണ് ഇത് ലിഖിതമായത്. നമുക്കു ലഭിച്ചിട്ടുള്ള നാലു രേഖകളിൽ ഈ ദേവാലയനിർമിതിയുമായി ഒരു വ്യക്തിയെ കൃത്യമായും ബന്ധപ്പെടുത്തുന്നത്. ലിഖിതം താഴെ ചേർക്കുന്നു.

"മിശിയാ പിറഞ്ഞ 1730
താമല്ലൂര ഇട്ടിക്കുരുവിളക്കത്തനാരു
ഇച്ചീലാന്തി പണീച്ചു: ഈ കൊല്ലം 905ന മീനമാതം"

അർഥം ഇങ്ങനെ കുറിക്കാം.

"ക്രിസ്തുവർഷം 1730ൽ താമല്ലൂർ ഇട്ടിക്കുരുവിളക്കത്തനാർ ഈ ശീലാന്തി പണിയിച്ചു. ഇതു കൊല്ലവർഷം 905 മീന്മാസത്തിൽ".

ചില അടിക്കുറിപ്പുകൾ

ചമ്പക്കുളം കല്ലൂർക്കാട് ദേവാലയത്തെ സംബന്ധിച്ച മൂന്നു ചരിത്രരേഖകൾ നാം കണ്ടു. അവയിലെ സുപ്രധാന ചരിത്രസംഭവങ്ങളിലേയ്ക്കു വിരൽ ചൂണ്ടുന്നു. അത്തരം യാഥാർഥ്യങ്ങളെക്കുറിച്ചും അവയോടു ബന്ധിച്ച നിഗമനങ്ങളുടെ സ്വഭാവത്തെക്കുറിച്ചും ചില അടിക്കുറിപ്പുകൾ കുത്തിക്കുറിക്കുക ആവശ്യമാണ്.

ശീലാന്തിയിലെ ലിഖിതപ്രകാരം ഇന്നുള്ള പള്ളി പണി ചെയ്തത് ക്രിസ്തുവർഷം 1730നോടടുത്ത വർഷങ്ങളിലാണ്. താമല്ലൂർ ഇട്ടിക്കുരുവിള കത്താരായിരുന്നു ആ പണിയിലെ പ്രധാന നായകൻ.

എന്നാൽ 91 വർഷങ്ങൾക്കുശേഷം 1821ൽ മദ്ബഹാ പൊളിച്ചുപണിതു എന്നു കരിങ്കൽ കുരിശുലിഖിതം പറയുന്നു. 1857ൽ സിമിത്തേരി പണിതതായും വ്യക്തമാണ്. ഇന്നുള്ള സിമിത്തേരി പള്ളി ആയിരത്തിത്തൊള്ളായിരത്തി അമ്പതുകളിൽ പണിതതാണു. അതിനുമുമ്പു അമ്പലങ്ങളിലെ പോലെ തടിയിൽ കൊത്തുപണികളോടുകൂടിയ ദേവാലയം ഉണ്ടായിരുന്നു. ആ ദേവാലയത്തി



ന്റെ പൗരാണികത നിഷേധിക്കാൻ പറ്റില്ല. ചമ്പക്കുള ത്തെ സ്കൂളിൽ വിദ്യാർഥിയായിരുന്ന കാലത്തെ ഓർമക ളിൽ ആ പ്രാചീനകാല ശിൽപം ഇന്നും നിലനിൽക്കുന്നു. ഇന്നുള്ള ദേവാലയം പണിയുന്ന 1730 ഒരു ഇരുന്നൂറുവർ ഷം മുമ്പു പണി ചെയ്തയായിരിക്കണം ഇന്നത്തെ സിമി ത്തെരിയിൽ നിന്നിരുന്ന പള്ളി. ആ കാലഘട്ടത്തിൽ ഇന്നത്തെ മദ്ബഹായുടെ സ്ഥാനത്തു കരിങ്കൽ കുരിശു നിന്നിരുന്നെങ്കിൽ അതിന്റെയർഥം സിമിത്തേരിയിലെ പഴയ പള്ളിയുടെ കാലത്തും ഈ കരിങ്കൽ കുരിശു ഇന്നത്തെ പള്ളിയുടെ മദ്ബഹായുടെ സ്ഥലത്തുതന്നെ നിന്നിരുന്നു എന്നുവേണം വിചാരിക്കുവാൻ. അത്തരം ഒരു നിഗമനത്തിലേയ്ക്കു വരുമ്പോൾ, സാധാരണയാ യി കുരിശുകൾ പള്ളിയുടെ നേരെയാണു സ്ഥാപി ക്കുക എന്ന തത്വം സ്വീകരിച്ചാൽ പഴയ സിമിത്തേരി പള്ളി പണിയുന്നതിനുമുമ്പുള്ള 200-300 കൊല്ലം മുമ്പു ഇന്നുള്ള പള്ളി ഇരിക്കുന്ന സ്ഥാനത്തു വേറൊരു പള്ളി ഉണ്ടായിരുന്നു എന്നു വിചാരിക്കണം.

കരിങ്കൽ കുരിശിലെ ലിഖിതം വളരെ വ്യക്തമായി പറയുന്നു 1821നു ഏറെക്കുറെ 670 വർഷം മുമ്പു പണി ചെയ്തിരുന്ന പള്ളിയുടെ കിഴക്കുവശം കുരിശുവച്ചിരു ന്നുവെന്ന്. എന്നുവച്ചാൽ 1821നു ഏകദേശം 670 വർഷം മുമ്പു എ ഡി 1151നോടടുത്ത് ഇന്നത്തെ പള്ളിയു ടെ സ്ഥാനത്തു ഒരു പള്ളിയുണ്ടായിരുന്നു എന്നാണ് (ആ ദേവാലയത്തിന്റെ സ്ഥാനത്തെയും സ്ഥാപനത്തെ യും ബന്ധിച്ച അന്വേഷണം നാം ഇനിയും തുടരണം). ഈ ചരിത്രരേഖകയുടെ പശ്ചാത്തലത്തിൽ കല്ലൂർക്കാട്ടി ന്റെ 12-ാം നൂറ്റാണ്ടിന്റെ മധ്യകാലം മധ്യംവരെയുള്ള ചരിത്രപ്രാമാണികതയെ ആരും നിഷേധിക്കാൻ പുറപ്പെ ട്ടേയ്ക്കരുതെ, തുനിഞ്ഞിറങ്ങരുതേ, എന്നൊരു മുന്നറി യിപ്പ്".

ഒരു കാര്യം കൂടെ. 1857ലെ കരിങ്കൽ കുരിശു ലിഖി തം ആലേഖനം ചെയ്യുന്നതിൽ അതിന്റെ പിന്നിൽ പ്രവർ ത്തിച്ച കരങ്ങൾ കാണിച്ച ശാസ്ത്രീയതയും അവധാനത യും സൂക്ഷ്മനിരീക്ഷണം ചെയ്യുന്നവർക്ക് ഒരു വസ് തുത വ്യക്തമാണ്. അവർ വളരെയേറെ ചരിത്രവാസന ഉള്ളവരും, വസ്തുതകൾ കൃത്യമായി പ്രകാശിപ്പിക്കുന്ന തിൽ നിഷ്ഠയുള്ളവരുമായിരുന്നു എന്ന്. അതുകൊണ്ട്, മുമ്പുള്ള ദേവാലയം പണിചെയ്ത് "ഏറെക്കുറെ 670 വൽസരം ചെന്ന്" എന്നുള്ള അവരുടെ പ്രസ്താവനയ് ക്കാധാരമായി ഈടുറ്റ രേഖകൾ അവർക്കുണ്ടായിരുന്നു എന്നു ന്യായമായി കരുതുവാൻ സാധിക്കും. (ഈ രേഖ കളെപ്പറ്റിയും നാം അന്വേഷിക്കേണ്ടതാണ്). കാരണം, ക്രി സ്തുവർഷം 427 ഡിസംബറിൽ സ്ഥാപിതമായതാണു ഈ ദേവാലയം എന്ന പാരമ്പര്യം നിലനിൽക്കയാണ്. "ഏ റെക്കുറെ 670" വർഷത്തിനു മുമ്പുള്ള ദേവാലയത്തെപ്പറ്റി അവർ ഉറപ്പിച്ചു പ്രസ്താവിക്കുന്നത്.

844-ലെ വട്ടെഴുത്തു ലിഖിതം

നമുക്കു കണ്ടെടുക്കുവാൻ കഴിഞ്ഞിട്ടുള്ളതിൽ ഏറ്റ വും പുരാതന രേഖ, ഇന്നുള്ള ദേവാലയത്തിന്റെ പ്രധാന വാതിൽക്കൽ കൂടി പുറത്തേയ്ക്കു കടക്കു മ്പോൾ, മോണ്ടളത്തിന്റെ കിഴക്കേ അറ്റത്തുള്ള തളത്തിൽ നിന്നു മോണ്ടളത്തിന്റെ വടക്കുവശത്തെ മുറ്റ ത്തേയ്ക്കു ഇറങ്ങുവാനുള്ള ചവിട്ടുപടിയായി ഇട്ടിരി ക്കുന്ന ചുവപ്പുനിറമുള്ള ഒരു കരിങ്കൽ ശിലയാണു കാണുന്നത്. ഏതാണ്ടു നാലു നാലര അടി നീളം വരുന്ന ഈ ശില എവിടെയോ നാട്ടിനിർത്തിയിരുന്നതായി വേ ണം കരുതുവാൻ. കൽപലകയുടെ മുകൾഭാഗം അർധ വൃത്താകൃതിയിൽ ചെത്തി ശരിപ്പെടുത്തിയിട്ടുണ്ട്. ലിഖിത ത്തിനു മുകളിലായി വരകൾ കാണാം. ഇതിന്റെ ഇടതുവ ശത്തിനു കേടുപാടുകൾ സംഭവിച്ചിട്ടുള്ളതിനാൽ ഈ ലിഖിതത്തിന്റെ ഓരോ വരിയിലേയും ആദ്യ ചില അക്ഷരങ്ങൾ- ഒന്നോ രണ്ടോ വീതം നഷ്ടപ്പെട്ടിട്ടുണ്ട്. ലിഖിതത്തിലെ കുരിശിന്റെ താഴെയുള്ള ആദ്യവരിയി ലെ 844 എന്ന അക്കങ്ങൾ മാത്രം വായിച്ചു മനസ്സിലാക്കു വാൻ കഴിയും. കീഴോട്ടുള്ള അഞ്ചുവരികളിൽക്കൂടെ അക്ഷരങ്ങൾ ഉണ്ട്. പക്ഷെ, അവ വായിച്ചെടുക്കുവാൻ വിഷമമാക്കത്തക്കവണ്ണം തേയ്മാനം സംഭവിച്ചവയും, അവ്യക്തമായവയുമാണ്. അതിനും കീഴിലുള്ള വരികൾ മനുഷ്യൻ കയറിനടന്ന് പൂർണമായും തേയ്മാനം വന്നു പോയിരിക്കുന്നു.

വട്ടെഴുത്ത് അഥവാ "നാനം മോനം" എന്നുപറ യുന്ന പഴയ മലയാള ലിപിയിലാണ് ഇതു ലിഖിതമായിരി ക്കുന്നത്. 17 അല്ലെങ്കിൽ 18-ാം നൂറ്റാണ്ടുവരെ മധ്യതിരു വിതാംകൂറിൽ ഉപയോഗത്തിലിരുന്ന ലിപിയാണിത്. നമു ക്കു ലഭിച്ചിട്ടുള്ള ഈ ലിഖിതത്തിലെ '844' എന്ന അക്കം മാത്രമെ തീർച്ചയായി മനസ്സിലാക്കുവാൻ കഴിഞ്ഞിട്ടു ള്ളു. അതിൽ കൂടുതലായി ചില അഭിപ്രായങ്ങൾ പറയാ നേ നമുക്കിന്നു സാധിക്കുകയുള്ളു.

'844' എന്ന അക്കങ്ങൾ ആണ്ടിനെ കുറിക്കുന്നതായി ട്ടു വേണം കരുതുവാൻ. (ശിലാ ലിഖിതങ്ങളുമായി പരിച യമുള്ള ആളുകൾക്കു അതിൽ സംശയമുണ്ടാകുമെന്ന് തോന്നുന്നില്ല). ഈ അക്കങ്ങൾക്കു മുമ്പുള്ള അക്ഷര ങ്ങൾ മാഞ്ഞുപോയിരിക്കുന്നതുകൊണ്ട് അതു കൊല്ലവർ ഷത്തെയോ, ക്രിസ്തുവർഷത്തെയോ സൂചിപ്പിക്കുന്നത് എന്നു കൃത്യമായി പറയുക വിഷമമാണ്. കീഴെയുള്ള അക്ഷരങ്ങൾ കൂടെ മനസ്സിലാക്കുവാൻ കഴിഞ്ഞിരുന്നെ ങ്കിൽ കാലനിർണയം ആശയത്തെ ആസ്പദമാക്കിയെങ്കി ലും ചെയ്യുവാൻ കഴിയുമായിരുന്നു. 844 കൊല്ലവർഷമാ യാലും ക്രിസ്തുവർഷമായാലും ഇതുതന്നെ നമുക്കു ലഭിച്ചിട്ടുള്ളതിൽ ഏറ്റവും പുരാതന രേഖ. എത്ര കുറ ഞ്ഞാലും ക്രി. വ. 1669 ലേതെങ്കിലും ആകണം ഇത്. അല്ലെങ്കിൽ ക്രി. വ. 844 ആണല്ലോ.



844 എന്ന അക്കങ്ങൾക്കു മുമ്പായി രണ്ടക്ഷരങ്ങൾക്കുള്ള സ്ഥലമെ നഷ്ടപ്പെട്ടിട്ടുള്ളു, അതു വേറെ അക്കമാകണമെങ്കിൽ (ആയിരത്തെ സൂചിപ്പിക്കുന്ന രണ്ട് അക്ഷരങ്ങളാകണം. പക്ഷെ, 1844ൽ ആരുംതന്നെ വട്ടെഴുത്തിൽ ലിഖിതം എഴുതില്ല). ഈ പള്ളി 1730ൽ പണിതാണല്ലോ. 1730 ലിഖിതം ആര്യ എഴുത്തിലും. 1821 മദബഹ പൊളിച്ചതായി കരിങ്കൽ കുരിശു ലിഖിതം പറയുന്നു. അതുകൊണ്ട് 1844 ആകുക എളുപ്പമല്ല.

കൊല്ലവർഷത്തെ സൂചിപ്പിക്കുന്ന 'കൊല്ലം' എന്നു വട്ടെഴുത്തിൽ എഴുതുവാൻ ആവശ്യമായിടത്തോളം-രണ്ടക്ഷരങ്ങൾക്കുള്ള സ്ഥലമെ, 844 എന്ന അക്കത്തിനു മുമ്പിൽ ഉണ്ടായിരിക്കാനിടയുള്ളു. കേടുപാടുകൾ പരിശോധിച്ചിട്ട്. അതുകൊണ്ട് 844 വർഷത്തെ സൂചിപ്പിക്കുന്നെങ്കിൽ അതു കൊല്ലവർഷമാകാനേ തരമുള്ളു.

ഇതിനു പുറമെ, കീഴെയുള്ള വരികളിൽ (കൃത്യമായി വായിച്ചുമനസ്സിലാക്കുവാൻ കഴിയാത്തവ) ഉള്ള അക്ഷരങ്ങളുടെ വടിവുനോക്കിയിട്ടു അതു ആദ്യകാല (ക്രിസ്തുവർഷം അല്ലെങ്കിൽ 9-ാം നൂറ്റാണ്ടിലെ) വട്ടെഴുത്താണെന്നു പറയുക എളുപ്പമല്ല. അതുകൊണ്ട് 844 വർഷത്തെക്കുറിക്കുന്നതെങ്കിൽ അതു 17-ാം നൂറ്റാണ്ടിലേത്, ക്രി. വ. 1669 ലേത് ആണ് എന്നുവേണം കരുതുവാൻ. ഇത് ആരുടെയെങ്കിലും കുഴിമാടത്തിൽ സ്ഥാപിച്ച ശില ആകാനും മതി.

എന്തുമാകട്ടെ അതിലെ ഉള്ളടക്കവും അതിന്റെ കാലവും. വട്ടെഴുത്തു പ്രചാരത്തിലിരുന്ന 17-ാം നൂറ്റാണ്ടിലേത് എങ്കിലും ആയിരുന്നിരിക്കണം എന്നു കരുതുന്നതിൽ തകരാറൊന്നുമില്ല.


ഈ നാലു രേഖകളെ മാത്രം ആധാരമാക്കി കല്ലൂർക്കാട്ടു ദേവാലയത്തിന്റെ പൂർവ്വകാല ചരിത്രം പൂർണമായി രൂപപ്പെടുത്തിയെടുക്കുവാൻ നമുക്കു കഴിയുകയില്ലായിരിക്കാം. ശരിതന്നെ. പക്ഷെ, മറ്റു ചരിത്രവസ്തുതകളെയും സംഭവങ്ങളെയും പരസ്പരം ബന്ധപ്പെടുത്തുവാനും അവയുടെ വെളിച്ചത്തിൽ വളരെ ആധികാരികമായൊരു ചരിത്രത്തിനു രൂപം നൽകുവാനും ഒരുപക്ഷെ, ഇതുപകരിച്ചേക്കാം. അതുമല്ലെങ്കിൽ, ഗവേഷണകുതുകികൾക്കും ചരിത്രാന്വേഷകർക്കും കുറെക്കൂടെ വെളിച്ചം നൽകുവാനെങ്കിലും, ഉത്തേജനം നൽകാനെങ്കിലും, കഴിഞ്ഞേക്കാം. എങ്കിൽ ഈ തൂലിക കൃതാർത്ഥമാണ്.

With Best Compliments From :

SISTER PROVINCIAL AND COMMUNITY
S . H. PROVINCIAL HOUSE
PALAI

With Best Compliments From :

VEMPENI FREIGTLINES
KOTTAYAM





ദളിത് കത്തോലിക്കരും കല്ലൂർക്കാട് ഇടവകയും

(തോമസ് ചില്ലക്കളം, D.C.M.S. അതിരൂപതാ എക്സി: അംഗം)

ചരിത്രപരമായ കാരണങ്ങളാൽ സമൂഹത്തിന്റെ പൊതു ധാരയിൽ നിന്നും പുറംന്തള്ളപ്പെട്ട ഇന്ത്യയിലെ ഗോത്രവർഗ്ഗ സ്വഭാവമുള്ള ഒരു ജനത ഈ ലോകത്ത് മൃഗതുല്യരായി ജീവിച്ചിരുന്നു എന്നുള്ളത് ഇന്ന് സങ്കല്പിക്കുവാൻ പോലും പ്രയാസമാണ്.

ഒരു കാളയ്ക്ക് ഇരു കാളയായ് പാടത്തും പറമ്പിലും പണിയെടുത്തും; സ്ത്രീ പുരുഷ ഭേദമെന്യേ അരയ്ക്കു താഴെയും മുട്ടിനു മുകളിലായി വസ്ത്രം ധരിച്ചും; വേദം കേട്ടാൽ ചെവിയിൽ ഈയം ഉരുക്കി ഒഴിച്ചും; വേദം ഉരുവിട്ടാൽ നാവറത്തും; ഈ രാജ്യത്ത് ബഹുഭൂരിപക്ഷം ജനങ്ങളെ അടിമത്വത്തിലും അസ്പർശതയിലും നിർത്തി സ്വന്തം താൽപര്യങ്ങൾ കാത്തു സൂക്ഷിച്ചിരുന്ന വരേണ്യവർഗ്ഗത്തിന്റെ കിരാത സംസ്ക്കാരത്തിൽ നിന്നും തെല്ലൊരു ആശ്വാസം കിട്ടാൻ ഈ രാജ്യത്തെ പിന്നോക്ക വിഭാഗത്തിനു കഴിഞ്ഞത് ക്രിസ്ത്യൻ മിഷനറിമാരുടെ പ്രവർത്തന ഫലം ആണ്.

"അദ്ധ്വാനിക്കുന്നവരും ഭാരം ചുമക്കുന്നവരും എന്റെ അടുക്കൽ വരുവിൻ" എന്നു പറഞ്ഞ ക്രിസ്തുനാഥന്റെ വിളികേൾക്കാൻ താമസിച്ചു എങ്കിലും തലമുറകളുടെ പഴക്കം എത്രയെന്നു നിശ്ചയിക്കാൻ കഴിയാത്ത വളരെയധികം പരിവർത്തന ക്രൈസ്തവ കുടുംബങ്ങൾ ഇന്ന് കല്ലൂർക്കാട് ഫൊറോനയിൽ ഉണ്ട്. ആദ്യ ക്കാലത്ത് 300 ൽപരം കുടുംബങ്ങൾ ഉണ്ടായിരുന്നു എന്നാണ് രേഖകളിൽ കാണുന്നത്.

ഈ കുടുംബങ്ങൾ കുട്ടനാട്ടിൽ ധനാഢ്യരായ നസ്രാണി കുടുംബക്കാരുടെ ആശ്രിതരായിട്ടാണ് ജീവിച്ചിരുന്നത്. വിശ്വാസത്തിൽ ഒന്നായിരുന്നുവെങ്കിലും പ്രവർത്തന മണ്ഡലങ്ങളിലും മറ്റും തരം തിരിവ് ഉണ്ടായിരുന്നു എന്നുള്ളത് ഒരു ദു:ഖസത്യമാണ്. തിരുക്കർമ്മങ്ങളിൽ പോലും സമഭാവനയിൽ ഉൾക്കൊള്ളാൻ ആകാലങ്ങളിലെ ചിന്താഗതി സമ്മതിക്കുമായിരുന്നില്ല. ഇതിന് വിരാമമിട്ടത് ദൈവദാസൻ കുര്യാളശ്ശേരി മാർ തോമ്മാ മെത്രാന്റെ കാലത്താണ്. തിരുക്കർമ്മങ്ങളിൽ പങ്കെടുക്കുന്നതിന് യാതൊരു വിവേചനവും പാടില്ലായെന്ന് കോയിൽമുക്ക് (എടത്വാ) പള്ളിയിലേയ്ക്ക് കല്പന പുറപ്പെടുവിക്കുകയുണ്ടായി. കുര്യാളശ്ശേരി പിതാവിന്റെ സ്വന്ത ചിലവിൽ ഇന്ന് ചമ്പക്കുളത്ത് കാണുന്ന ഓർശലം ദേവാലയം (കൊച്ചുപള്ളി) സ്ഥാപിക്കുമ്പോൾ അവശ ക്രൈസ്തവർക്ക് അവിടെ പ്രവേശിക്കുന്നതിനും തിരുക്കർമ്മങ്ങളിൽ പങ്കുകൊള്ളുന്നതിനും യാതൊരു വിധത്തിലും ഉള്ള നിയന്ത്രണങ്ങൾ പാടില്ല എന്നുള്ളത് പള്ളി സ്ഥാപിക്കുന്നതിനുള്ള അപേക്ഷയിൽ പ്രത്യേകം എടുത്തു പറഞ്ഞിട്ടുണ്ട്.

സഭാ വിശ്വാസത്തിലേയ്ക്ക് വന്ന ഹരിജനങ്ങളെ സാമൂഹ്യമായും സാംസ്ക്കാരികമായും പൊതുധാരയിലേയ്ക്ക് കൊണ്ടു വരുന്നതിന് പല വൈദിക ശ്രേഷ്ഠന്മാരും ശ്രമിച്ചിട്ടുണ്ട്. അതിൽ പ്രമുഖർ; പോരൂക്കര തോമസ് മൽപ്പാൻ, പോരൂക്കര കുറിയാക്കോ ഏലീയാ കത്തനാർ, കണ്ടകുളത്തിൽ ഈനാസച്ചൻ, കാട്ടാമ്പള്ളിൽ ഗ്രിഗോരിയോസ് അച്ചൻ, പയ്യനാട്ട് യൗസേഫ് കത്തനാർ എന്നിവരാണ്. ചമ്പക്കുളം കല്ലൂർക്കാട് പള്ളിയിൽ പരിവർത്തിത ക്രൈസ്തവരുടെ വിശ്വാസം ഉറപ്പിക്കുന്നതിനു വേണ്ടി പ്രത്യേക ധ്യാനവും അതിനു വേണ്ട സാമ്പത്തിക സഹായവും ചെയ്തിരുന്നു. ഈ ചിലവുകൾ പ്രമുഖ ക്രീസ്തീയ കുടുംബങ്ങളിൽ നിന്നും കൊടുക്കുന്നതിനു വേണ്ട ഏർപ്പാടുകൾ വൈദികർ എന്നും ചെയ്തുകൊണ്ടിരുന്നു.

എന്നാൽ ആധുനിക ഇൻഡ്യയിൽ ഭൂരിപക്ഷ വർഗ്ഗിയതയുടെ പിടിയിലമർന്ന ഭരണാധികാരികളുടെ മതവിവേചന നയം മൂലം വിശ്വാസം നഷ്ടപ്പെട്ട് ഭൗതിക ലാഭത്തിനു വേണ്ടി വളരെയധികം കുടുംബങ്ങൾ ഇന്ന് സഭ വിട്ടു പോയിട്ടുണ്ട്. ഇതിന് വേറെയും കാരണങ്ങൾ ഉണ്ടെന്നുള്ളത് വിസ്മരിക്കുന്നില്ല.

എന്നാൽ വിശ്വാസത്തിന്റെ പേരിൽ ഉറച്ചു നില്ക്കുന്ന 109 കുടുംബങ്ങൾ കല്ലൂർക്കാട്ട് ഫൊറോനയിൽ മാത്രമായുണ്ട്. ചമ്പക്കുളം കല്ലൂർക്കാട്ട് ഇടവകയിൽ 62 കുടുംബങ്ങളുണ്ട്. ഈ കുടുംബാംഗങ്ങൾ എല്ലാവരും സഭാവിശ്വാസത്തിൽ വളരെയധികം തീക്ഷ്ണതയുള്ളവരാണ് എന്ന് എടുത്തു പറയുവാൻ സാധിക്കും. കാരണം, നവഭാരതത്തിൽ പട്ടിക ജാതി ലിസ്റ്റിൽ ഉൾപ്പെടുത്താതെ പുറത്തു നിൽക്കുന്ന ജനത ഉന്നതവും സാങ്കേതികവുമായ വിദ്യാഭ്യാസവും ഉന്നത ഉദ്യോഗങ്ങളും ഉൾപ്പെടെ രാഷ്ട്ര പുനർ നിർമ്മാണ പ്രക്രിയയിൽ പങ്കാളികളാകാൻ കഴിയുന്നില്ലായെങ്കിലും വിശ്വാസം നഷ്ടപ്പെടുത്താൻ കഴിയില്ലായെന്ന് ഉറക്കെ പ്രഖ്യാപിച്ചുകൊണ്ട് സഭാ വിശ്വാസത്തിൽ കഴിയുന്നു. ഇന്ന്, പരിവർത്തിത ക്രൈസ്വരിൽ കത്തോലിക്കാ സഭയിലു!ള്ള വിശ്വാസികൾ അറിയപ്പെടുന്നത് ദളിത് കത്തോലിക്കർ എന്നാണ്.

നമ്മുടെ അതിരൂപതയുടെ അധിപനായ അഭിവന്ദ്യ മെത്രാപോലീത്താ മാർ ജോസഫ് പൗവ്വത്തിൽ C.B.C.I. യുടെ അദ്ധ്യക്ഷനായി വന്നതിനു ശേഷം സമസ്ത ദളിത് ക്രൈസ്തവരുടെ ആത്മീയവും സാമൂഹികവും രാഷ്ട്രീയവുമായ പുരോഗതിക്കുവേണ്ടി അക്ഷീണം പരിശ്രമിക്കുന്നു.

ചമ്പക്കുളം കല്ലൂർക്കാട് ഇടവകയിൽ ദളിത് കത്തോലിക്കരുടെ നാനാവിധമായ പുരോഗതിക്കു വേണ്ടി ഇടവക വികാരിമാർ കാലാകാലങ്ങളിൽ നേതൃത്വം നൽകികൊണ്ടിരിക്കുന്നു എന്നുള്ളത് ഏറെ പ്രസ്താവ്യയോഗ്യമാണ്.



കഥകളി ആചാര്യൻ ചമ്പക്കുളം പാച്ചുപിള്ളയുമായി അഭിമുഖം

കലാകേരളത്തിന്റെ മുഖമുദ്രയാണ് കുട്ടനാട്. കുട്ടനാടിന്റെ സാമൂഹ്യ സാംസ്കാരിക രാഷ്ട്രീയ ആദ്ധ്യാത്മിക രംഗങ്ങൾക്ക് വെളിച്ചം പകരാൻ ചമ്പക്കുളവും പരിസര പ്രദേശങ്ങളും വഹിച്ചു പോരുന്ന പങ്ക് അതുല്യമാണ്.

കടന്നു പോയ തലമുറകൾക്കൊപ്പം ഇന്നുള്ളവരിൽ പ്രസിദ്ധിയിലും പ്രായത്തിലും മുൻപന്തിയിലാണ് കഥകളി ആചാര്യൻ ചമ്പക്കുളം പാച്ചു പിള്ള. ഇക്കഴിഞ്ഞ കന്നി മാസത്തിലെ അനിഴം നക്ഷത്രത്തിൽ തൊണ്ണൂറാം വയസ്സിലേയ്ക്ക് പ്രവേശിച്ച പാച്ചുപിള്ളയുടെ മുഖത്തു മാറിമാറി വരുന്ന ഭാവരസങ്ങൾ കണ്ടിരിക്കുമ്പോൾ നമ്മുടെ മനസ്സിലേയ്ക്ക് കടന്നുവരുന്നത് പടുവൃദ്ധനെയല്ല. കലാകാരനായ ഒരു യുവാവിനെയാണ്. കളിവിളക്കുകളുടെ പ്രകാശധാരയിൽ മിന്നിതിളങ്ങിയ അപൂർവ്വ സിദ്ധി പാച്ചുപിള്ള ചേട്ടന്റെ മാത്രം കൈമുതലാണ്.

കഥകളിപന്തലിൽ നിറഞ്ഞു നിൽക്കുന്ന പ്രശസ്ത കഥകളി നടൻ ചമ്പക്കുളം പാച്ചുപിള്ള കലാ പാരമ്പര്യമുള്ള കുടുംബമായ പെരുമാനൂർ വീട്ടിൽ മാധവിയമ്മയുടെയും കൈപ്പള്ളിൽ ശങ്കരപ്പിള്ളയുടേയും പുത്രനായി 1082 ൽ ജനിച്ചു. പ്രാഥമിക വിദ്യാഭ്യാസത്തിനുശേഷം പതിനാലാമത്തെ വയസ്സിൽ പ്രസിദ്ധ കഥകളി നടനായിരുന്ന ചമ്പക്കുളം പരമുപിള്ള ആശാന്റെ ശിക്ഷണത്തിൽ കീഴിൽ കഥകളി അഭ്യാസം തുടങ്ങി. ഏഴുകൊ ല്ലത്തെ ശിക്ഷണത്തിനു ശേഷം കഥകളിയിൽ വേഷം കെട്ടാൻ തുടങ്ങി. ഗുരുനാഥന്റെ കളിയോഗത്തിലൂടെ രംഗപരിചയം നേടിയെടുത്തു. മാത്തൂർ കഥകളിയോഗം തകഴി കഥകളിയോഗം തുടങ്ങിയ സംഘങ്ങളിലൂടെ പച്ച, കത്തി തുടങ്ങിയ വേഷങ്ങൾ കെട്ടി പ്രശസ്തിയാർജ്ജിച്ചു. ഈ സന്ദർഭത്തിൽ പ്രശസ്ത കഥകളി നടനായിരുന്ന വെച്ചൂർ രാമൻ പിള്ളയുടെ നിർദ്ദേശ പ്രകാരം താടിവേഷം കെട്ടാൻ തുടങ്ങി. അങ്ങനെ താടിവേഷത്തിൽ പ്രശസ്തനായി. എന്നാൽ കരിവലൻ, മണ്ണാൻ, ആശാരി എന്നീ വേഷങ്ങളും കെട്ടാറുണ്ട്.

1114 ൽ തിരുവനന്തപുരം കൊട്ടാരം കഥകളി നടനായി തിരഞ്ഞെടുത്തു. ഇന്ത്യയിലുടനീളവും വിദേശ രാജ്യങ്ങളിലും കഥകളി സംഘത്തോടൊപ്പം സഞ്ചരിച്ചു കലാപ്രകടനം നടത്തിയിട്ടുണ്ട്. പല ബഹുമതികളും കീർത്തി മുദ്രകളും കൈവന്നിട്ടുണ്ട്. 1969 ൽ കേരളസംഗീത നാടക അക്കാദമിയും 1981 ൽ കേരള കലാമണ്ഡലവും അവാർഡു നൽകി പാച്ചുപിള്ളയെ ആദരിക്കുകയുണ്ടായി. രണ്ട് ആൺ മക്കളും നാലു പെൺമക്കളുമാണ്.

പോരൂക്കര തോമ്മാമല്പാനച്ചന്റെ 150-ാം ചരമവാർഷികം കൊണ്ടാടുന്നതോടനുബന്ധിച്ച സുനവീറിലേയ്ക്ക് ഒരഭിമുഖം നടത്താൻ ആണ് ഈ ലേഖകൻ സുവനീർ കമ്മറ്റ കൺവീനർ പ്രൊഫസർ ജോർജ്ജ് ജെ. കാട്ടാമ്പിള്ളിയുമായി പാച്ചുപിള്ളയുടെ വാസസ്ഥലമായ കൈപ്പള്ളി വട്ടിലെത്തിയത്. ഞങ്ങൾ ചെല്ലുമ്പോൾ അദ്ദേഹം പശുതൊഴുത്തു വൃത്തിയാക്കുന്ന ജോലിയിൽ ഏർപ്പെട്ടിരിക്കുകയാണ്. അവിടെ വച്ചാണ് ഞങ്ങൾ അദ്ദേഹത്തെ അഭിവാദ്യം ചെയ്യുന്നത്.

"നിങ്ങൾ അകത്തു കയറിയിരിക്കിൻ ഞാനിതാ വരുന്നു" അങ്ങനെ അദ്ദേഹം തന്നെയാണ് സംഭാഷണം തുടങ്ങിയത്. നിമിഷങ്ങൾക്കകം കൈകാലുകൾ കഴുകി ഞങ്ങളുടെ അടുത്തെത്തി. പിന്നെ എന്തൊക്കെയാ വിശേഷങ്ങൾ" വീണ്ടും അദ്ദേഹം തന്നെ തുടക്കമിട്ടു. ആഗമനോദ്ദേശ്യം പറഞ്ഞപ്പോൾ മറുപടി "പോരൂക്കര തോമാമല്പാൻ എന്നൊരു പുണ്യപുരുഷൻ ഇവിടെ ജീവിച്ചിരുന്നതായി കേട്ടിട്ടുണ്ട്. ഇവിടുത്തെ സി.എം.ഐ. ആശ്രമം എന്റെ വീടിനടുത്താണല്ലോ?

കത്തോലിക്കാ വൈദികരുമായി ബന്ധപ്പെടേണ്ടി വന്നിട്ടുണ്ടോ എന്നു ചോദിച്ചതിനു മറുപടി കല്ലൂപറമ്പിൽ അച്ചൻ ചമ്പക്കുളം വികാരിയായിരിക്കുമ്പോൾ ബന്ധപ്പെട്ടിട്ടുണ്ട്. പിന്നെ കഥകളി സംഘത്തിൽപ്പെട്ട് അമേരിക്കയിലായിരുന്നപ്പോൾ ഷിക്കാഗോയിൽ കുറേ ദിവസം കഴിയേണ്ടിവന്നു. അവിടെ ഞാൻ താമസിച്ചിരുന്ന മുറിയിൽ ഒരു ദിവസം കുര്യാളശ്ശേരി കുട്ടപ്പനച്ചൻ വന്നു. കുട്ടപ്പനച്ചൻ അവിടെ ഉപരിപഠനം നടത്തുകയും ഒരു പള്ളിയുടെ ചാർജ്ജ് വഹിക്കുകയും ചെയ്തിരുന്നു. ഞങ്ങൾ ഒന്നിച്ച് അവിടെ പല പള്ളികളിലും പോയിരുന്നു".

എഴുപതു വർഷം മുമ്പുള്ള മതസൗഹാർദ്ദത്തെ കുറിച്ചു ചോദിച്ചപ്പോൾ പറഞ്ഞത്. 'അന്നത്തെതിലുപരി മതസഹിഷ്ണുതയും സാമൂഹ്യബോധവും സാംസ്ക്കാരിക ചിന്തയും ഇന്നുണ്ട്. അവ ഒന്നിനൊന്നു പുഷ്ടിപ്പെട്ടു വരികയാണ്. അന്ന് ജാതി വ്യവസ്ഥ നിലനിന്നിരുന്നു. ഹൈന്ദവരിൽ തന്നെ നിലനിന്നിരുന്ന ജാതി ചിന്തയ്ക്കു വരെ മാറ്റം വന്നിട്ടുണ്ട്. ക്ഷേത്രപ്രവേശന വിളംബരത്തോടെയാണ് ഈ മാറ്റത്തിനു തുടക്കം കുറിച്ചത്. ഇപ്പോൾ അടിയന്തിരാദികൾ പരസ്പരം വിളിക്കുകയും സഹകരി



ക്കുകയും ചെയ്യുന്നുണ്ട്. അന്ന് ബ്രാഹ്മണരുടെ സദ്യയ്ക്കു പോയാൽ തന്നെ ബ്രാഹ്മണരുടെ ഭക്ഷണത്തിനു ശേഷമേ മറ്റുള്ളവർക്ക് ഇലവച്ചിരുന്നുള്ളൂ. ഇന്നു കല്ല്യാണപന്തലിലും മറ്റും ജാതി മത വ്യത്യാസം ഇല്ലാതായിട്ടുണ്ട്.

കഥകളി രംഗത്ത് ക്രിസ്ത്യാനികൾ കടന്നു വന്നിട്ടുണ്ടല്ലോ എന്ന ചോദ്യത്തിന് മറുപടി "ഹൈന്ദവപുരാണങ്ങളാണല്ലോ കഥകളിയിലൂടെ അവതരിപ്പിക്കുന്നത്. ആ കഥകളുമായി ക്രിസ്ത്യാനികൾ അധികം ഇടപഴകാറില്ലല്ലോ. ഒരു ക്രിസ്ത്യാനി പയ്യൻ കലാമണ്ഡലത്തിൽ അഭ്യസിച്ചിരുന്നു. അദ്ദേഹമിപ്പോൾ കഥകളി രംഗത്ത് വിദേശത്തെവിടെയോ പ്രവർത്തിക്കുന്നുണ്ട്".

പി. ഏ. ജോസഫ്

With Best Compliments From :

ADORATION CONVENT

CHRIST HALL

PALAI

Best Compliments From :

HOTEL PANKAJ

KALPETTA

WAYANAD



കല്ലൂർക്കാട്ട് പള്ളിയിലെ ഗ്രന്ഥവരി

ചങ്ങനാശ്ശേരി അതി രൂപതയുടെ ചരിത്രത്തോടു ബന്ധപ്പെട്ട വിവരങ്ങൾ തേടി ഫാ. ജേക്കബ് നെല്ലിക്കുന്നത്ത് 'നസ്രാണിദീപിക'യുടെ പഴയ പേജുകളിൽ കൂടി കടന്നുപോകുമ്പോൾ അദ്ദേഹം കണ്ടെത്തിയ ഒരു ലേഖനപരമ്പരയാണ് ഇവിടെ കൊടുക്കുന്നത്. കല്ലൂർക്കാടു പള്ളിയിലെ ഗ്രന്ഥവരിയെ ആധാരമാക്കി എഴുതിയിട്ടുള്ള ഈ ലേഖനങ്ങൾ പള്ളിയെ സംബന്ധിച്ചു വളരെ വിലപ്പെട്ട വിവരങ്ങൾ നൽകുന്നുണ്ടെന്നുള്ളതു ശ്രദ്ധേയമാണ്. അധികമാരും ഈ ലേഖനങ്ങൾ ശ്രദ്ധിച്ചിട്ടുണ്ടെന്നു തോന്നുന്നില്ല. കാരണം, ഇവയിൽ കൊടുത്തിട്ടുള്ള വിവരങ്ങളോ ഈ ലേഖനങ്ങളെക്കുറിച്ചുള്ള പരാമർശമോ വേറെങ്ങും ഇതുവരെ കണ്ടിട്ടില്ല. 1921 സെപ്തംബർ 30, 1922 ജനുവരി 20, 1922 ഏപ്രിൽ 29, 1922 മെയ് 2 എന്നീ തീയതികളിലെ നസ്രാണി ദീപികയുടെ പേജുകളിലാണ് ഈ നാലു ലേഖനങ്ങൾ പ്രത്യക്ഷപ്പെടുന്നത്. ആദ്യത്തെ ലേഖനത്തിൽ ലേഖന കർത്താവിന്റെ പേര് കെ വി എന്ന ചുരുക്കെഴുത്തിൽ ഒതുക്കിയിരുക്കുന്നു. പിന്നീടുള്ള ലേഖനങ്ങളിൽ ചിത്രമെഴുത്തു കെ എം വർഗീസ് എന്ന പൂർണനാമവും കൊടുത്തിരിക്കുന്നു. രണ്ടാമത്തെ ലേഖനത്തിൽ "1002-ാമാണ്ട്... 21-ാം നു പൗലീനോസ് മൂപ്പൻ പാതിരിയും ഭട്ടതിരിപ്പാടും കൂടി ക്കാഴ്ചക്കു ചെലവ്" എന്നു കൊടുത്തിരിക്കുന്നിടത്ത് ആണ്ടുപിശകിയിട്ടുണ്ടെന്നു കരുതണം. കാരണം 1787 (കൊ. വ. 962)ൽ പൗലീനോസ് പാതിരി യൂറോപ്പിലേക്കു മടങ്ങിപ്പോയി. താളിയോലയിലെ പഴയ അക്കങ്ങൾ പകർത്തിയപ്പോൾ ലേഖകനു വന്ന പിശകായിരിക്കണം ഇത്. വെറും നാൾ വഴി കണക്കുകളിൽ നിന്ന് എത്രമാത്രം വിലയേറിയ ചരിത്രവസ്തുക്കൾ ചികഞ്ഞെടുക്കാൻ കഴിയുമെന്നതിനു നല്ല ഉദാഹരണമാണ് ഈ ലേഖനങ്ങൾ.

കല്ലൂർക്കാടു പള്ളിയിലെ ഗ്രന്ഥവരി (കെ വി)(ദീപിക 1921 സെപ്തംബർ 30)

മലങ്കര നസ്രാണികളുടെ പുരാതന ദേവാലയങ്ങളിൽ പലതുകൊണ്ടും പ്രാധാന്യമുള്ളതാണ് സുപ്രസിദ്ധമായ കല്ലൂർക്കാട് (ചമ്പക്കുളം) പള്ളി. ആയിരത്തിലധികം കൊല്ലത്തെ പഴക്കമുള്ള പ്രസ്തുത ദേവാലയം ചരിത്രസംബന്ധമായ പല കലാപങ്ങൾക്കും കേളീരംഗമായി പരിണമിച്ചിട്ടുണ്ട്. പ്രസിദ്ധ കവിയായ കുഞ്ചൻ നമ്പ്യാർ മാത്തൂർപ്പണിക്കരുടെ ഗൃഹത്തിൽ താമസിച്ചിരുന്ന കാലത്ത് കാര്യവശാൽ ചിലപ്പോഴൊക്കെ ചമ്പക്കുളം പള്ളിയിൽ പോകാറുണ്ടായിരുന്നു. ഒരിക്കൽ പള്ളിയിലെ ഉൽസവം കാണാൻ നമ്പ്യാർ അവിടെ ചെന്നിരുന്നപ്പോൾ പള്ളി കൈസ്ഥാനികൾ അദ്ദേഹത്തെ വേണ്ടവിധം ബഹുമാനിക്കാഞ്ഞതിനാൽ നമ്പ്യാർ അവരെ ആക്ഷേപിച്ച് ഒരു തുള്ളൽപ്പാട്ടു രചിച്ചു. ഇപ്പോൾ ആർക്കും തന്നെ ആ പാട്ടു അറിഞ്ഞുകൂടെങ്കിലും രണ്ടു വർഷം മുമ്പ് ചമ്പക്കുളത്തുകാരനായ ഒരു നായർ ഈ പാട്ടിന്റെ ആദ്യഭാഗങ്ങൾ അങ്ങിങ്ങായി എന്നെ ചൊല്ലിക്കേൾപ്പിക്കുകയുണ്ടായി. പള്ളിയെയും അതിലെ ശ്രീകോവിലിനുള്ളിലെ വിശേഷ കാഴ്ചകളെയും പറ്റി അദ്ദേഹം അത്യന്തം ചിത്ര നിർമാണ ചാതുരിയോടെ വർണ്ണിച്ചശേഷം കൈസ്ഥാനികളുടെ അഹംഭാവത്തെപ്പറ്റിയും ഭരണരീതിയെ സംബന്ധിച്ചും കണക്കിന് ആക്ഷേപിച്ചിട്ടുണ്ട്. നമ്പ്യാരുടെ ജീവിതകാലത്ത് ചമ്പക്കുളം പ്രബലന്മാരായ നായന്മാരുടെയും ബ്രാഹ്മണരുടെയും നസ്രാണികളുടെയും ഒരു സങ്കേതാശാരമായിരുന്നു. കേരള നിവാസികളായ നായന്മാരുടെയും ബ്രാഹ്മണരുടെയും ജീവിതചര്യകളെ ശരിക്കു കണ്ടറിഞ്ഞിട്ടുള്ള നമ്പ്യാർ തന്റെ തുള്ളൽ കവിതകളിലെല്ലാം തന്നെ പ്രസ്തുത രണ്ടു വർഗത്തെയും ജാതിയടക്കം ആക്ഷേപിച്ചിട്ടുണ്ടെങ്കിലും ചമ്പക്കുളം പള്ളിയിലെ കൈസ്ഥാനികളെ ഒഴിച്ചു കുഞ്ചൻ നമ്പ്യാർ നസ്രാണി വർഗത്തെ അത്യധികം ബാഹുമാനിച്ചിരുന്നുവെന്നുള്ളതിനു അദ്ദേഹത്തിന്റെ മൗനം മതിയായ ലക്ഷ്യമാണ്. മാത്തൂർ തറവാടിന്റെ ചുറ്റിലും അവിടവിടെ പ്രശാന്ത ജീവിതം നയിച്ചിരുന്ന നസ്രാണി വർഗത്തെ അത്യധികം ബഹുമാനിച്ചിരുന്നുവെന്നുള്ളതിന് അദ്ദേഹത്തിന്റെ മൗനം മതിയായ ലക്ഷ്യമാണ്. മാത്തൂർ തറവാടിനെ പരിഹസിക്കാൻ തക്കവിധം അവരുടെ വർഗീയ ജീവിതത്തിൽ എന്തെങ്കിലും വക കണ്ടിരുന്നെങ്കിൽ, പരിഹാസ തൽപരനായിരുന്നു നമ്പ്യാർ ഒരുനിമിഷം പോലും മൗനമായിരിക്കയില്ലെന്ന് നമുക്കു ദൃഢമായി വിശ്വസിക്കാവുന്നതാണ്. ഇതര സമുദായങ്ങളുടെ സമുദായിക ജീവിതക്രമം സന്മാർഗിക സ്ഥിതി മുതലായവയെ സംബന്ധിച്ച് നമ്പ്യാർ നിർദയം പരിഹസിക്കുമ്പോൾ തത്തുല്യമായ ഒരു സമുദായിക ജീവിതത്തെയും സന്മാർഗിക ബോധത്തെയും അദ്ദേഹം നസ്രാണികളിൽ ലേശവും കണ്ടിരുന്നില്ലെന്ന് നമുക്ക് ന്യായമായി മാനിക്കാവുന്നതാണല്ലോ. എന്നല്ല, നസ്രാണി ജാതിയെ സംബന്ധിച്ചും എന്തെങ്കിലും പറയേണ്ടിവന്നിട്ടുള്ള ഘട്ടത്തിൽ ഇന്നത്തെ നസ്രാണി സന്താനങ്ങൾക്ക് അഭിമാനം ജനിക്കത്തക്ക സംഗതികൾ മാത്രമേ പ്രസ്താവിച്ചിട്ടുമുള്ളൂ.

ചമ്പക്കുളം പള്ളി ഇടവകയിലെ ഒരു പ്രധാനിയും മാന്യനുമായ ശ്രീമാൻ പയ്യനാട്ടു വർക്കി മാത്യു അവർ



കൾ പള്ളിയിൽ സൂക്ഷിച്ചിട്ടുള്ള ചില പഴയ റിക്കാർഡുകളിൽ നിന്നാണ് ഈ പഴയ ഗ്രന്ഥവരി ഞാൻ ഇവിടെ ഉദ്ധരിക്കുന്നത്. ചരിത്രകാരന്മാർക്കു ഇതിൽ നിന്നു പല സംഗതികൾ ഗ്രഹിക്കാമെന്നുള്ളതിനാൽ അവയെ അൽപം ചില വിമർശനങ്ങളോടു കൂടെ താഴെ ചേർത്തുകൊള്ളുന്നു:-

"955 ചിങ്ങം 1-ാനു പെരുനാൾ കാരിയത്തിനു പിന്ന പ്ര പോയി പ്രവൃത്തിയാരെ കണ്ടതിനു ചിലവ്"-

'961 കന്നി1-ാംനു പൗലീനോസ് പാതിരി വന്ന വക ചിലവ്"-

"961 മാണ്ടു തുലാമാസം 17നു അനുവാദം കൂടാതെ പള്ളി അകകുറ്റം തീർത്തിനു ഇരെച്ചെരിൽ കുഞ്ഞുമാത്തൻ മുതൽ പേർ അഞ്ചും തിരുവനന്തപുരത്തു പോയി മുഖം കാട്ടി ചോദ്യം ഒഴിഞ്ഞ പ്രകാരം കൽപിച്ചു പത്മനാഭൻ ചെമ്പകരാമൻ വലിയ സർവാധി കാര്യക്കാരു അങ്ങത്തെ സാധനം വാങ്ങിച്ചുകൊണ്ടു വൃശ്ചികം 25-ാനു കല്ലൂർക്കാട്ടു വന്നുചേർന്ന ചേരുത്രിക്കു ചിലവു വിവരം.

തുലാമാസം 15ാനു അഞ്ചുപേരെയും കൊണ്ടുപോകാൻ വന്ന ചെറിയ കുഞ്ചുട്ടക്കാരുവക്ക് കൊടുത്ത ചക്രം25

തിരുവനന്തപുത്തു ചെന്നു വലി സർവാധികാര്യക്കാർക്കു കൊടുത്ത ചക്രം 155 വലിയ മേലഴുത്തു കൊച്ചുങ്കരപ്പിള്ളക്കു കൊടുത്ത ചക്രം 20 കൊച്ചുണ്ണിപ്പണിക്കർക്കു കൊടുത്ത ചക്രം 200 മല്ലൻ പിള്ളക്കു കൊടുത്ത ചക്രം 20 പട്ടതിരി അച്ചനു കൊടുത്ത ചക്രം 32 കൊച്ചു ശങ്കരപ്പിള്ളക്കു കൊടുത്ത ചക്രം 100 പെരുമാപിള്ളയ്ക്ക് കൊടുത്ത ചക്രം 16 ഗോവിന്ദ ചെമ്പകരാമൻപിള്ളക്കു കൊടുത്ത ചക്രം 16 സമ്പ്രതി കേശവപിള്ളക്കു കൊടുത്ത ചക്രം 170 മുഖം കാട്ടിയതിനു അടിയറവച്ച ചക്രം 640 കൂടെ പട്ടുകുത്ത് ഒന്നുക്കു ചക്രം..... (410). കൂടെ പൂവുവക ചക്രം 4 വൃശ്ചികം 25 വരെ ചിലവു ചക്രം 202 ധനു 4 നു സർവാതി അങ്ങത്തെ സാധനം അമ്പലപ്പുഴ കാര്യക്കാർക്കു കൊണ്ടുചെന്നു കൊടുത്തപ്പോൾ കൊടുത്ത ചക്രം 22 ചമ്പക്കുളം പ്രവൃത്തി ഗോവിന്ദൻ അയ്യപ്പൻ പള്ളിയിൽ വന്നു പള്ളിക്കാര്യം പറഞ്ഞതിനു ടിയാനു കൊടുത്ത ചക്രം 22 വെറ്റപാക്കിനു ചിലവു ചാതു കർക്കടകം 10 മണ്ടപത്തും വാതുക്കൽ കാര്യക്കാരു പള്ളിക്കടവിൽ വന്നു പള്ളി പണിക്കാര്യം പറഞ്ഞു പ്രവൃത്തിയാർക്കു ചീട്ടു തന്നതിനു കാര്യക്കാർക്കു കൊടുത്ത ചക്രം 160 വെറ്റില പാക്കു ചിലവു ചക്രം 4

ഇതിൽ നിന്നു പല സംഗതികളും വെളിപ്പെടുന്നുണ്ട്. ചെമ്പകശേരി രാജ്യം തിരുവിതാംകൂറിലേക്ക് അധീനപ്പെട്ടത് 929-ാമാണ്ടായിരുന്നു. അതിനുമുമ്പ് ചമ്പക്കുളം പള്ളിയെ സംബന്ധിച്ചുള്ള രാഷ്ട്രീയാധികാരം നടത്തിവന്നത് ചെമ്പകശ്ശേരി രാജാക്കന്മാരായിരുന്നുവെന്നുള്ളത് ചരിത്രപ്രസിദ്ധമായ സംഗതിയാണ്. ഈ കേരളത്തിലെ പുരാതന നസ്രാണി ദേവാലയങ്ങൾ എല്ലാംതന്നെ ഓരോരോ രാജാക്കന്മാരുടെയും ഇടപ്രഭുക്കന്മാരുടെയും സഹായസഹകരണങ്ങളോടുകൂടി പണിയിച്ചിട്ടുള്ളതാകുന്നു. പള്ളിസ്ഥലം, പള്ളിക്കു വേണ്ടി തടി, പൂജാപാത്രങ്ങൾ മുതലായി പലതും അവർ ദാനം ചെയ്തിട്ടുണ്ട്. ഇതിനുംപുറമേ പള്ളിസംബന്ധമായ നിദാനങ്ങൾ ഭംഗിയായി നടന്നുപോകുന്നതിനു വേണ്ട വസ്തുക്കളും അവർ ഒഴിഞ്ഞുകൊടുത്തിട്ടുണ്ട്. നസ്രാണികളുടെ യുദ്ധവൃത്തി, കച്ചവടം, ദൗത്യവാഹകതടത്തിലും ചാരവൃത്തിയിലും പ്രദർശിപ്പിച്ചിരുന്ന വിശ്വസ്തത മുതലായവയെ പുരസ്കരിച്ചാണ് ഹിന്ദു രാജാക്കന്മാർ ഈവക ആനുകൂല്യങ്ങൾ ചെയ്തുകൊടുത്തിട്ടുള്ളത്. എന്നാൽ പോർച്ചുഗീസുകാരുടെ ആഗമനത്തോടുകൂടി നസ്രാണികളുടെ സാമൂഹ്യശക്തി ക്ഷയിച്ചുപോകയാൽ അവരുടെ അവകാശങ്ങൾ ഓരോന്നായി നഷ്ടപ്പെടുകയും ഹിന്ദു രാജാക്കന്മാർ അവരുടെ മതഭരണത്തിൽ അനാവശ്യമായി കൈകടത്തുകയും ചെയ്തു. കേരള മെത്രാന്മാർ സഭാഭരണം നടത്തുന്നതിനും മഹാരാജാക്കന്മാരിൽ നിന്ന് അധികാരം പ്രാപിക്കണമെന്നുണ്ടായിരുന്ന നിയമം മിക്കവാറും ഇതിനെ അടിസ്ഥാനപ്പെടുത്തിയായിരുന്നു.

ശത്രുരാജാവായ ചെമ്പകശേരി രാജാവിന്റെ രാജ്യാതിർത്തിയിൽ ഉൾപ്പെട്ട ചമ്പക്കുളം പള്ളിയെ സംബന്ധിച്ച് ആ രാജ്യം തിരുവിതാംകൂറിലേക്കു അടങ്ങിയശേഷം തിരുവിതാംകൂർ മഹാരാജാവ് അന്വേഷണം നടത്തിയതായി വെളിപ്പെടുന്നില്ലെങ്കിലും പള്ളിയുടെ അറ്റകുറ്റം പോക്കുന്നതിന് മഹാരാജാവിന്റെ അനുമതി ആവശ്യമാണെന്ന്, ഇവിടുത്തെ കീഴുദ്യോഗസ്ഥന്മാർ ധരിച്ചിരുന്നതായി തോന്നുന്നുണ്ട്. അതനുസരിച്ച് അവർ വിവരം മഹാരാജാവിനെ അറിയിച്ചതിന്റെ ഫലമായിട്ടാണ് പള്ളി പ്രതിനിധി തിരുവനന്തപുരത്തു ചെന്ന് മുഖം കാണിച്ചത്. പള്ളിയുടെ അറ്റകുറ്റം പോക്കുന്നതിനെ സംബന്ധിച്ച വിചാരണ ചെയ്യേണ്ട ആവശ്യമില്ലെന്ന് ഈ മുഖം കാണിക്കലിന്റെ ഫലമായി തിരുമനസിലേക്കു തോന്നിയതുകൊണ്ടാണ് "ചോദ്യം ഒഴിഞ്ഞ പ്രകാരം" കൽപനയുണ്ടായതെന്നുള്ളത് സ്പഷ്ടമത്രെ. ചോദ്യം "ഒഴിഞ്ഞെന്നു പറഞ്ഞാൽ പള്ളിയുടെ അറ്റകുറ്റം പോക്കുന്നതിന്റെ ന്യായതയെ സംബന്ധിച്ചും രാജസമക്ഷത്തിൽ നിന്നുണ്ടായ ചോദ്യാന്വേഷണങ്ങളെ പിൻവലിച്ചിരിക്കുന്നുവെന്നു സാരം. ഇപ്രകാരം ചോദ്യാന്വേഷണങ്ങൾ പിൻവലിച്ചതായി പ്രസ്താവിക്കത്തക്ക വിധം അത്രയും ന്യായതയോടുകൂടി ചെയ്ത ഒരു പ്രവൃത്തിയെ സംബന്ധിച്ചാണ് മേൽ പ്രസ്താവിച്ച സർക്കാർ ഉദ്യോഗസ്ഥന്മാർ പള്ളിക്കാരോടു ഓരോ നല്ല സംഖ്യ കൈപ്പറ്റിയതെന്നുള്ളത് നാം പ്രത്യേകം ഓർമിപ്പാനുള്ളതാണ്. ഇതുപക്ഷേ കൃതജ്ഞതാ സംഭാവനയാണോ? അതോ "കൈമുത്ത്" എന്ന ഇനത്തിൽപെടുന്ന കൈമടക്കാണോ എന്നുള്ള സംഗതി വായനക്കാർ തന്നെ തീർച്ചപ്പെടുത്തേ



ണ്ടതായിണ്ടാണിരിക്കുന്നത്. ഈ വക സംഭാവനകൾ അക്കാലത്തെ നാട്ടാചാരത്തിന് സാന്മാർഗികബോധത്തിന് എതിരായിട്ടുള്ളതാണോ അല്ലയോ എന്നുള്ളതിനെ സംബന്ധിച്ച് ഇവിടെ യാതൊന്നും പറയണമെന്നു വിചാരിക്കുന്നില്ല. നീതിന്യായ സംബന്ധമായ കാര്യങ്ങളിൽ ഇങ്ങനെ തൊട്ടതിനും തൊടുന്നതിനുമൊക്കെ പണം കൊടുക്കുകയും വാങ്ങുകയും ചെയ്യുന്നത് പഴയ കാലത്തെ സ്ഥിതിക്കും മനോബോധത്തിനും എതിരായിട്ടുള്ളതല്ലായിരിക്കാമെങ്കിലും ഇക്കാലത്ത് അതൊരു ഭയങ്കര കൃത്യമാണെന്നുതന്നെ പറയേണ്ടിയിരിക്കുന്നു. പക്ഷേ, വേലുത്തമ്പി ദളവായുടെ കാലത്ത് ശിപാർശ എന്നും കൈക്കൂലി എന്നും പറഞ്ഞാൽ ഇന്നത്തെ അർഥം തന്നെയായിരുന്നു ആളുകൾ കൊടുത്തിരുന്നതെന്നു തോന്നുന്നുണ്ട്.

പള്ളിക്കാരിൽ നിന്ന് ഓരോ സംഖ്യ വാങ്ങിയ ആളുകൾ ആരെല്ലാമാണെന്നു നോക്കിയാൽ വലിയ സർവാധികാര്യക്കാർ മുതൽ ചെറിയ കുഞ്ചുട്ടക്കാരൻവരെയുള്ള സർക്കാർ ജീവനക്കാരെ കാണാവുന്നതാണ്. ഇക്കൂട്ടത്തിൽ തിരുവിതാംകൂറിനു വേണ്ടി ആയുഷ്കാലത്തെ ഹോമിച്ച സിംഹപരാക്രമിയും ഭരണകുശലനും വഞ്ചിരാജ്യത്തിന്റെ ഇന്നത്തെ അഭിവൃദ്ധിക്കു കാരണഭൂതനുമായിരുന്ന രാജാ കേശവദാസൻ അവർകളുടെ പേർകൂടി കാണുന്നതിൽ ആ മഹാനുഭാവനെ യാതൊരു തരത്തിലും അപലപിക്കാൻ പാടില്ലെന്നാണ് എന്റെ അഭിപ്രായം. കേശവദാസൻ അവർകളെ സമ്പ്രതി ഉദ്യോഗത്തിൽ നിന്ന്, ദളവാ ജോലി കൂടി നോക്കത്തക്കവണ്ണം സർവാധിയായി കയറ്റം ചെയ്തത് 963-ാമാണ്ടാണ്. ഇതിനു മൂന്നു വർഷത്തിനു മുമ്പാണ് ഇദ്ദേഹം പള്ളിക്കാരുടെ സംഭാവന സ്വീകരിച്ചത്. അദ്ദേഹത്തിനു ലഭിച്ച 170 ചക്രം അക്കാലത്തെ 170 രൂപയോ അതിൽക്കൂടുതൽ വിലയുള്ളതോ ആയിരിക്കണമെന്നു തോന്നുന്നു. സമ്പ്രതി കേശവപിള്ള അവർകളുടെ സ്വഭാവയോഗ്യതകളെപ്പറ്റി ആലോചിക്കുമ്പോൾ അദ്ദേഹം പള്ളിക്കാരിൽ നിന്നു സ്വീകരിച്ച സംഭാവന കേവലം കൃതജ്ഞതാപരമായ ഒന്നാണെന്നു മാത്രമേ നമുക്കു വിചാരിക്കാൻ പാടുള്ളൂ. നേരേമറിച്ച് അതൊരു കൈക്കൂലിയാണെന്നു വന്നാൽത്തന്നെയും ആ പരമ സാത്വികൻ തന്റെ അന്ത്യകാലത്ത് മാതൃരാജ്യത്തിനുവേണ്ടി അനുഭവിച്ച നിഷ്ഠൂര പീഡികളിലും രാഷ്ട്രീയമായ സ്വദേഹയജ്ഞത്താലും അദ്ദേഹം അക്കാലത്തു പ്രദർശിപ്പിച്ച സർവാദരണീയമായ സ്വാർഥപരിത്യാഗത്താലും ആ മാലിന്യം ഒന്നോടെ സമാർജനം ചെയ്യപ്പെട്ടിട്ടുണ്ടെന്നും അതു മനുഷ്യപ്രകൃതത്തിനു സംഭവിച്ചുപോകാവുന്ന ഒരു ബലഹീനത മാത്രമാണെന്നും നമുക്ക് വിശ്വസിക്കാവുന്നതാണ്. ആയുഷ്ക്കാലത്തിൽ ഒരിക്കലെങ്കിലും ഒരു തെറ്റു ചെയ്തിട്ടില്ലാത്ത മനുഷ്യൻ ഈ ഭൂമണ്ഡലത്തിൽ ഇതുവരെ ഉണ്ടായിട്ടില്ലെന്നുള്ളത് നിശ്ചയമാണോ. രാജാ കേശവദാസന് അന്യായമായി ധനം സമ്പാദിക്കണമെന്ന് ആഗ്രഹമുണ്ടായിരുന്നെങ്കിൽ ജയന്തൻ നമ്പൂതിരിയുടെ പ്രേരണയാൽ മഹാരാജാവ് അദ്ദേഹത്തെ ദിവാൻജി സ്ഥാനത്തുനിന്നു നീക്കിയശേഷം തോട്ടപ്പള്ളി നമ്പൂതിരിയോടു തന്നെ എത്രപണം വേണമെങ്കിലും വാങ്ങാമായിരുന്നല്ലോ.



കല്ലൂർക്കാടു പള്ളിയിലെ ഗ്രന്ഥവരി (2)

(ദീപിക 1922 ജനുവരി 20)

(ചിത്രമെഴുത്തു കെ എം വർഗീസ്)

കല്ലൂർക്കാട്ടു പള്ളി പണി സംബന്ധിച്ച് മുഖം കാണിക്കാൻ തിരുവനന്തപുരത്തേക്കു പോയിരുന്ന ഇടവക പ്രതിനിധികളിൽ നിന്ന് സമ്പ്രതി കേശവപിള്ള മുതലായി അന്നത്തെ ചില സർക്കാർ ഉദ്യോഗസ്ഥന്മാർ വമ്പിച്ച ഓരോ തുക, കൈക്കൂലിയെന്നു പറയേണ്ട, സംഭാവനയായി സ്വീകരിച്ച സംഗതി രേഖാലക്ഷ്യ സഹിതം കഴിഞ്ഞ കുറി പ്രസ്താവിച്ചിരുന്നുവല്ലോ. പിന്നെയും ഗ്രന്ഥവരി വീണ്ടും തുടരുന്നു.

"955-ാമാണ്ട് ചിങ്ങം ഒന്നാം പെരുന്നാൾ കാര്യത്തിന് പിന്നപ്ര പോയി പ്രവൃത്തിയാരേ കണ്ടത്തിനു ചിലവ്"-

"962-ാമാണ്ട് മകരം 26-ാനു മാത്തുത്തരകനോടു വാങ്ങിച്ചു അടിയറവച്ച പട്ടു ഒന്നുക്കു വില ചക്രം നാന്നൂറ്റി ആറ്".

പ്രസിദ്ധ വർത്തകനും നസ്രാണി വർഗശിരോമണിക തികവുമായ മാത്തുത്തരകൻ അക്കാലത്തു പല സ്ഥലങ്ങളിൽ പണ്ടികശാലകൾ പണിയിച്ചിരുന്നതിൽ ഒന്ന് ചമ്പക്കുളം ഇംഗ്ലീഷ് സ്കൂൾ ഇപ്പോൾ നിൽക്കുന്ന സ്ഥലത്തായിരുന്നു. തടി, പട്ട്, ആയുധങ്ങൾ, വെടിമരുന്നു സാമാനങ്ങൾ, രത്നങ്ങൾ, സുഗന്ധദ്രവ്യങ്ങൾ മുതലായവയായിരുന്നു അക്കാലത്തെ തരകന്റെ കച്ചവടസാമാനങ്ങൾ. ഈസ്റ്റിന്ത്യാ കമ്പനിക്കാരെയും തിരുവിതാംകൂറിനെയും ചേർത്തു ബന്ധിച്ചിരുന്ന വാണിജ്യശൃംഖല മാത്തുത്തരകനായിരുന്നുവെന്ന് അതിശയോക്തി കൂടാതെ പറയാവുന്നതാണ്.

"962-ാമാണ്ട് ചിങ്ങമാസം 26നു തിരുവനന്തപുരത്ത് മെത്രാപ്പാലീത്തായുടെ കാര്യത്തിന് തോണിപ്പുരയ്ക്കൽ ഇട്ടിച്ചെറിയ കത്തനാരും പുത്തൻപുരയ്ക്കൽ ചാക്കോ മുതൽ പേരും വൃശ്ചികം ഒന്നിനുവരെ താമസിച്ചതിൽ ചിലവ്"-

"969-ാമാണ്ടു മിഥുനമാസം 29നു പെരുന്നാളിനും നേർച്ചക്കും വരുന്ന മാപ്പിളമാരുടെ വള്ളങ്ങൾ മുറിയിൽ ചേരുമാനക്കാരും മുല്ലക്കാരന്മാരും കൂടി കൊണ്ടു പോവുന്നതിനെ നിർത്തിത്തരണമെന്ന് മാത്തുത്തരകനോടു അപേക്ഷിക്കയും ടിയാന്റെ ചീട്ടുംപടി പ്രവൃത്തിയാർ മേലാൽ അങ്ങനെ വരുന്നതല്ലെന്നു പള്ളിയിൽ ചീട്ടയച്ചു"-

രാജ്യകാര്യ തന്ത്രജ്ഞാനിയായിരുന്ന മാത്തുത്തരകന്റെ ശക്തിയും പ്രതാപവും എത്രമാത്രമാണെന്നു അറിഞ്ഞിട്ടുള്ളവർക്കു ഇതൊരു വലിയ സംഗതിയായി തോന്നുന്നതല്ല.

"965-മാണ്ടു കർക്കടകം 16നു പറ്റുചീട്ടു ആവിത്:- പള്ളിക്കാരു അടിയറ തീർത്ത വകയിൽ കല്ലൂർക്കാട്ടു പള്ളിക്കു വരി ഇട്ട പണത്തിൽ ടി പള്ളി കൈയിസ്താനം പുത്തൻപുരയ്ക്കൽ തൊമ്മൻ ചാക്കോ മുതൽ പേരുവശം പള്ളി പണം വകയിൽ ഒട്ടക്കു അനന്തരാമൻ 125ക്കു കലി പണം 250 പറ്റിക്കൊണ്ടു ശോവർണ്ണ ദോർ ആളാന പള്ളി പണംവക മുതൽപിടി പാലക്കൽ അറിയിപ്പ് ഉണ്ണിച്ചെറിയ (ഒപ്പ്)".

"971-ാമാണ്ടു ചിങ്ങമാസം 11നു എഴുതിയ പറ്റുചീട്ടി:- 70-ാണ്ടു കർക്കടക മാസത്തിൽ തത്തമ്പള്ളിയിൽ നിന്നും പള്ളിപ്പണം വരിയിട്ട വകയിൽ കല്ലൂർക്കാടു പള്ളിയിൽ കൈക്കാരന്മാരു വശം ഗോവർണ്ണ ദോരച്ചന്റെ സാധനതും പടി പറ്റുകലി പണം 600 പറ്റിക്കൊണ്ടു ഗോവർണ്ണ ദോരച്ചൻ ആളാന മുതൽ പിടി മാത്തൻ ചെറിയ മാത്തൻ-".

"971-ാമാണ്ടു മീനമാസം 1-ാനു കല്ലൂർക്കാട്ടു പള്ളി വികാരിക്കും, ടി കൈക്കാർക്കും, ഇടവകക്കാർക്കും വരുന്ന ചീട്ടു. പള്ളി ഇടവകയിൽ പൂന്ത്ര ചാക്കോയുടെ മകൻ കോശിക്കും, തകഴിയിൽ പുല്ലങ്ങടി മുറിയിൽ കിഴക്കേത്തലയ്ക്കൽ കുഞ്ഞുമാത്തന്റെ മകൻ ലോകന്നനും കോഴിമുക്കിൽ ശങ്കരിമുറിയിൽ വലിയ വീട്ടിൽ കുഞ്ഞവരായുടെ മകൻ വർക്കി എന്നവനും, പട്ടം കൊടുക്കുന്നതിനും മരിയാത പോലെ ദേശകുറിയും കൊടുത്ത് പട്ടം കൊടുപ്പിച്ചു കൊള്ളണം. ഇപ്പടിക്കു തെക്കേടത്തു ഭട്ടതിരി-"

929-ാ മാണ്ടാണു ചെമ്പകശ്ശേരി രാജ്യം തിരുവിതാംകൂറിലേക്ക് അധീനപ്പെട്ടത്. എന്നാൽ അക്കാലത്തും അതിൽ പിന്നീടും ചെമ്പകശ്ശേരി രാജാവിന്റെ മന്ത്രിയായിരുന്ന തെക്കേടത്തു ഭട്ടതിരിക്ക് അമ്പലപ്പുഴ താലൂക്കിലും ഇടവകക്കാരുടെ മേലും സ്വാധികാരം പ്രയോഗിപ്പാൻ തടസ്സമുണ്ടായിരുന്നില്ലെന്ന് ഇതിൽനിന്നു കാണാം. കൂടാതെ ഇടവകക്കാരുടെ അറിവും സമ്മതവും കൂടാതെ അധികാരമുള്ള ഒരു ബിഷപ്പുതന്നെയും ഇടവകയിൽപെട്ട ആർക്കെങ്കിലും പട്ടം കൊടുത്തിരുന്നില്ലാ എന്നും വെളിപ്പെടുന്നുണ്ട്. "961 കന്നി 1- ന് പൗലീല നാസ് പാതിരി വന്ന വക ചെലവ്.

"961-ാ മാണ്ടു ധനുമാസം 1നു ഗോവർണ്ണദോരച്ചൻ വന്നചെലവ്-"

"978-ാമാണ്ടു ഇടവം 8-ാനു പുല്ലത്തീനോസ് പാതിരിയച്ചനെ കാണാൻ പോയ ചെലവ്-"

"1002-ാ മാണ്ട്... 21-ാനു പൗലീനോസ് മൂപ്പൻ പാതിരിയും ഭട്ടതിരിപ്പാടും കൂടിക്കാഴ്ചക്കു ചെലവ്-"

"974-ാ മാണ്ടു മിഥുനമാസം 1നു മാർത്തോമ്മാ



മെത്രാനെ തത്തമ്പള്ളിയിൽ നിന്നു കൊണ്ടുവന്ന വള്ള ക്കാർ പല്ലക്കുകാർ ഉൾപ്പെടെ ചെലവ്-

981-ാമാണ്ടു തുലാമാസം 1നു ഗോവർണ്ണ ദോരച്ച ന്റെറ മാസപ്പടി വക ചെലവു ചക്രം 800.

ടി യാണ്ടു തിരുമുഖം കാഴ്ച വകക്കു കൊടുത്ത ചെലവു ചക്രം 299.

994 - മാണ്ട് ധനുമാസം 1 ന് ഇടത്വാപ്പള്ളിയിൽ നിന്നു നേർച്ചയെല്ലാം കൂടി ഇവിടെ മുതൽക്കൂട്ട് ചക്രം 890.

ഇടത്വാപ്പള്ളിക്കാർ ചമ്പക്കുളത്തുപള്ളിയിൽ നിന്നും ഇടക്കാലത്തു പിരിഞ്ഞുപോയവരാണ്. എങ്കിലും 994-മാണ്ട് വരെ രണ്ടുപള്ളിയിലെയും മുതൽകെട്ടു ഒരു മിച്ചായിരുന്നുവെന്ന് ഇതിൽ നിന്നു സ്പഷ്ടമാവുന്നു ണ്ട്.

997-ാമാണ്ടു മിഥുനമാസം 25-ാനു ആലപ്പുഴപ്പള്ളി വക വെളി, പൊന്ന് ഉരുപ്പടി ഇവിടെ പണയം വച്ചത് തിരുനാൾ ആവശ്യത്തിന് കൊടുക്കണമെന്ന്- ആവശ്യം കഴിഞ്ഞു തിരിയെ ഏൽപിക്കാമെന്നു അപേക്ഷ.



കല്ലൂർക്കാടു പള്ളിയിലെ ഗ്രന്ഥവരി (3)

(ദീപിക 1922 ഏപ്രിൽ30)

ചിത്രമെഴുത്തു കെ എം വർഗീസ്

"1828-ാം കാലം മകരം 7-ാനു കുമ്പസാരിപ്പിപ്പാൻ ച്ചൻ അനുവാദം കൊടുക്കണമെന്ന് യോഗക്കാരുടെ അപേക്ഷ അതനുസരിച്ചു കൽപന ഓരോ പട്ടക്കാർക്കും വേണ്ടി അനുവാദം വാങ്ങണം".

പണ്ടത്തേക്കാലത്ത് ഒരു ഇടവകയിൽ കുമ്പസാര കർമ്മം നടത്താൻ ഒരു പട്ടക്കാരനു മെത്രാപ്പൊലീത്തായുടെ പ്രത്യേക കൽപന ആവശ്യമായിരുന്നു. പ്രഥമമായി കുമ്പസാര കർമ്മം നടത്താൻ ഉദ്ദേശിക്കുന്ന പട്ടക്കാരനായിരിക്കാം ഈ അനുവാദം വേണ്ടിയിരുന്നത്. എന്നാൽ മെത്രാപ്പോലിത്താ ഇപ്രകാരമൊരു അനുവാദം കൊടുക്കണമെങ്കിൽ അതിലേക്കു യോഗക്കാരുടെ സമ്മതിയും അപേക്ഷയും ആവശ്യമായിരുന്നെന്ന് ഇതിൽ നിന്നു വെളിപ്പെടുന്നുണ്ട്.

(990-ാമാണ്ടു വരെയുള്ള കണക്കുകളില "മൂന്നു നുയമ്പ്" ധനുമാസത്തിലെ പെരുനാൾ ഇതുകൾക്കു താഴെപ്പറയുന്ന പതിവുണ്ട്).

'ഹരിഹര തുള്ളൽ തകഴിയിൽ പോണോത്തു കൃഷ്ണപിള്ള പേര് ഏഴുക്കു ചെലവ്-

ടി തുള്ളൽ വടക്കൻ ഈശ്വരപ്പണിക്കർ പേര് ഏഴുക്കുചിലവ്-

ടി തുള്ളൽ ശ്രാമ്പക്കൽ രാമപ്പണിക്കർ പേര് ആറുക്കു ചിലവ്-

മെന്നഞ്ചേരി പോത്തൻ മകുടം കളിപ്പേര് 4ക്കു ചെലവ്-

ഞാണമേൽ കളി കല്ലുപ്പാറ ഉതുപ്പു പേര് അഞ്ചുക്ക്-

തുള്ളൽ അമിച്ചകരി കണികൊല്ലൻപറമ്പിൽ ഇട്ടിക്കുഞ്ഞു മുതൽ പേര് അഞ്ച്-

തുള്ളൽ കണ്ടൻകരി വടക്കേടത്തു കണ്ണി ഇട്ടിണ്ണാൻ പേര് ഏഴുക്ക്-

വാഴപ്പള്ളി മേലത്തു പണിക്കരു വളേറു പേര് 18-

വാളേറു തോപ്പിൽ കുറുപ്പൻ കയ്മളു പേര് 16-

ചെണ്ട പേര് 6-

മദ്ദളം പേര് 2-

മകിടംകളി തലവടി കരിയപ്പള്ളി ഇട്ടി മാത്തപ്പണിക്കർ പേര് 3-

പാണ്ടിവാദ്യം ചങ്ങനാശേരി തകിടിയിൽ മാത്തു മുതൽ പേര് 6-

തെയ്യാണ്ടുകളി ഇളേ കുഞ്ഞു പേര് 8-"

പണ്ടത്തെക്കാലത്തെ നസ്രാണി അപ്പച്ചന്മാർ നിശ്ചയമായും സാഹിത്യരസികന്മാരായിരിക്കണം. അല്ലെങ്കിൽ ഹൈന്ദവ കഥകളെ അടിസ്ഥാനപ്പെടുത്തിയുള്ള ഓട്ടംതുള്ളലീന് നസ്രാണിപ്പള്ളിപ്പറമ്പുകളിൽ പ്രവേശനം കിട്ടുവാൻ ഇടയില്ലായിരുന്നു- പുരാതന നസ്രാണികൾ അഭിജ്ഞന്മാരായിരുന്നതിനാൽ കഥ ഹൈന്ദവമായിരുന്നാലും അതിലെ സാഹിത്യ രസാമൃതം പാനം ചെയ്യാൻ അവർ അത്യധികം ഉൽസുകന്മാരായിരുന്നു. ഏതാണ്ട് ഈ അടുത്തകാലത്തല്ലേ നസ്രാണികൾ സംസ്കൃതഭാഷയോ കാവ്യമോ അമരകോശമോ അഭ്യസിച്ചു പോയാൽ നരകത്തിൽ താണുപോകുമെന്ന് ചില കിഴട്ടു മാപ്പിളമാർ പറഞ്ഞു പരത്തിയത്. ഈ മിഥ്യാവിശ്വാസത്തെ ആദ്യമായി എതിർത്തത് ഉശിരുള്ള രാജശ്രീ കട്ടക്കയത്തിൽ ചെറിയാൻ മാഷ് അവർകളാണ്. അദ്ദേഹം ബാല്യകാലത്ത് ഈ അന്ധവിശ്വാസത്തെ തൃണവൽഗണിച്ച് സാഹിത്യപരിശ്രമം ചെയ്തു തുടങ്ങിയതിൽ പ്രദർശിപ്പിച്ചിരുന്ന ആ നസ്രാണിച്ചുണയെപ്പറ്റി ഞാൻ ആ ഭക്ത കവിയെ എത്രയോ പ്രാവശ്യം മനസാ വാഴ്ത്തിയിരിക്കുന്നു-

കല്ലൂർക്കാടു പള്ളിയോടു അടുത്ത താമസിച്ചിരുന്ന കുഞ്ചൻനമ്പ്യാർ ചാക്യാരാൽ അവഹേളിതനായി പിന്തിരിഞ്ഞു തുള്ളൽക്കഥ നിർമിച്ച ആടിത്തുടങ്ങിയ സന്ദർഭത്തിൽ ചാക്യാരുടെ ജനസ്വാധീനം നിമിത്തം ഹുന്ദുക്കളിൽ അധികമാരുംതന്നെ കളി കാൺമാൻ പോയിരുന്നില്ലെന്നും തന്നിമിത്തം നമ്പ്യാർക്കുണ്ടായ ഇഛാഭംഗത്തെ പരിഹരിച്ച് അദ്ദേഹത്തെ പ്രോൽസാഹിപ്പിപ്പാൻ ചമ്പക്കുളം നിവാസികളായ നസ്രാണികൾ കൂട്ടംകൂട്ടമായി കളി കാൺമാൻ പോയിരുന്നുവെന്നും അങ്ങനെ നസ്രാണികൾക്കു നമ്പ്യാരോട് ഉണ്ടായിത്തീർന്ന അനുകമ്പയും നമ്പ്യാർക്കു നസ്രാണികളോടുണ്ടായ ബഹുമാനവും കൃതജ്ഞതയും നിമിത്തമാണ് ആദ്യകാലത്തു നമ്പ്യാരുടെ കളി യോഗത്തിനും പിന്നീടു മറ്റു തുള്ളൽക്കാർക്കും ചമ്പക്കുളം പള്ളിയിലെ പെരുന്നാൾ ഉൽസവങ്ങളിലും പതിവേർപ്പെടുത്തിയെന്നും ചിലരിൽ നിന്നെല്ലാം അറിവാൻ ഇടയായിട്ടുണ്ട്. എന്തായാലും സാഹിത്യരസാസ്വദനത്തിൽ ഇന്നുള്ളവരേക്കാൾ കൂടുതൽ വ്യഗ്രതയും സഹൃദയത്വവും പണ്ടെത്ത നമ്മുടെ നസ്രാണി അപ്പച്ചൻ മാർ പ്രദർശിപ്പിച്ചിരുന്നുവെന്നുള്ളത് നിശ്ചയമാണ്. ഇക്കാലമാകട്ടെ, സാഹിത്യത്തിൽ വിശിഷ്യ സ്വഭാഷാ സാഹിത്യത്തിൽ അഭിവൃദ്ധി പ്രാപിക്കാത്ത യാതൊരു ജനസമുദായത്തിനും രാഷ്ട്രീയ ലോകത്തിൽ സ്ഥാനം



ഉറപ്പിക്കാൻ സാധിക്കുന്നതല്ലെന്നു പ്രത്യക്ഷമായി തെളിയിച്ചിട്ടും ഉൽക്കർഷേച്ചുക്കളായ നസ്രാണികൾ സംസ്കൃതഭാഷാഭ്യാസനത്തിൽ കാണിച്ചുപോരുന്ന അനാസ്ഥ എത്രയും ലജ്ജാവഹമാണ്. ഇതിന്റെ ഫലം ഒരു അൻപതുവർഷത്തിനുള്ളിൽ നസ്രാണി സമുദായം കുണ്ഠിതത്തോടുകൂടി അനുഭവിക്കുമെന്നു ഞാൻ ദീർഘദർശനം ചെയ്യുന്നു. ഓട്ടംതുള്ളലിന്റെ പ്രാരംഭ പുറപ്പാടിൽ നസ്രാണികൾ കളിക്കാരെ പ്രോൽസാഹിപ്പിച്ചിരുന്നുവെന്നുള്ളതു നമ്മുടെ വർഗത്തിനു അഭിമാന ഹേതുകം തന്നെ.

ഈ 'ചെത്തച്ചേരി പോത്തൻ" ആരാണ്? ഇദ്ദേഹത്തിന്റെ മകുടംകളിയുടെ സ്വഭാവം എന്താണ്- ഈ സംഗതിയെപ്പറ്റി വേണ്ടവിധം അന്വേഷിച്ച് വിവരം ദീപികയിൽ പ്രസിദ്ധപ്പെടുത്താൻ ചമ്പക്കുളം കത്തോലിക്ക വായനശാലാ സെക്രട്ടറിയുടെ സഹായം ഞാൻ സവിനയം അപേക്ഷിക്കുന്നു. കളികളുടെ കൂട്ടത്തിൽ 'തെയ്യാണ്ടുകളി" എന്നൊന്നു കൂടി കാണുന്നുണ്ട്. ഇതിനെപ്പറ്റിയും ഞാൻ അന്വേഷിച്ചതിൽ ശരിയായ അറിവൊന്നും കിട്ടിയില്ല. അറിവുള്ളവർ വിവരം ദീപികയിൽ പ്രസിദ്ധപ്പെടുത്തിയാൽ കൊള്ളാം.

അടുത്ത പതിവുകാരൻ ഞാണിന്മേൽ കളിക്കാരൻ കല്ലൂപ്പാറ ഉതുപ്പു മാപ്പിളയാണ്. അത്ഭുതം, ആനപ്പുറത്തെ അമ്പാരികയറാനും പടവെട്ടാനും വെടിക്കോപ്പ് വിൽക്കാനും കപ്പലോടിക്കാനും ദേശാന്തരങ്ങളിൽ പോയി കച്ചവടം ചെയ്യാനും കഴിവുള്ള പുരാതന നസ്രാണിക്ക് ഞാണിന്മേൽ കളിയും വശം; അത്ഭുതം! ഓ, നസ്രാണി വർഗമാതാവേ, ഭവതി പിന്തിരിഞ്ഞ് ഭൂതകാലദേവതയാൽ വിഴുങ്ങപ്പെട്ട ആ സുവർണ്ണ കാലഘട്ടങ്ങളിലേക്ക് കണ്ണോടിച്ച് അംബയുടെ ഓമനസന്താനങ്ങളുടെ ബഹിർമുഖങ്ങളായ വ്യാപരങ്ങളെ അഭിമാനപൂർവം ദർശിച്ചാലും!!! ദർശിച്ചാലും!!!

സന്ദർഭവശാൽ ഞാൻ ഈയിടെ ഒരു സ്നേഹിതനോടു പണ്ടത്തെ നസ്രാണികളുടെ യുദ്ധ സാമർഥ്യത്തെ ക്കുറിച്ചു വർണ്ണിക്കയിൽ അദ്ദേഹം, ചരിത്രത്തിൽ എന്തെല്ലാം പറഞ്ഞിരുന്നാലും നസ്രാണികൾ ഭീരുക്കൾ തന്നെയാണെന്നു പറയുകയുണ്ടായി.

ഞാൻ:- കാരണം!

സ്നേഹിതൻ:- മാപ്പിളമാർ ആനയെ തീറ്റുകയോ ആനപ്പുറത്തു കയറുകയോ ചെയ്യാറുണ്ടോ? ഇല്ല, കാരണം, ആനയെക്കുറിച്ചുള്ള പേടിതന്നെ. നമ്പൂതിരി കയറും, നായർ കയറും, മഹമ്മദൻ കയറും, മാപ്പിള കയറിക്കേട്ടിട്ടില്ല.

ഞാൻ:- മാപ്പിള ഞാണിന്മേൽ കയറിയതായി വന്നാലോ-

സ്നേഹിതൻ:- സാരമില്ല, ഞാണിനു കൊമ്പും തുമ്പിക്കയ്യും ഇല്ലെന്നു മാപ്പിളക്ക് അറിയാം.

ഞാൻ:- ശരി, ശരി. അതു മറ്റൊന്നുമല്ല. പണ്ടത്തെ മാപ്പിളമാർ കയറിയിരുന്നത് ആനയമ്പാരിയിലായിരുന്നതുകൊണ്ട് ആനയെ തീറ്റുന്ന ഭാരം വേറെ ചിലർ ഏൽക്കേണ്ടിവന്നു- അത്രയേയുള്ളു.

സാധു! ആ തൊഴിൽ അറിയുന്ന മാപ്പിളമാർ ഇന്നുമുണ്ടെന്നുള്ളത് അദ്ദേഹം അറിഞ്ഞിട്ടില്ല.

എന്തുകൊണ്ടോ ഇടക്കാലത്തുള്ള നസ്രാണികൾ ഈ വക അഭ്യാസപരിശീലനങ്ങളിൽ വൈമുഖ്യമാണു പ്രദർശിപ്പിക്കാറുള്ളത്. ഇതു സമുദായശാസ്ത്രദൃഷ്ടാ ക്രിസ്ത്യൻ സമുദായത്തിൽ അത്യന്തം ദോഷഹേതുകമായിട്ടുള്ളതാണെന്ന് പ്രസിദ്ധന്മാരായ സമുദായനേതാക്കന്മാർ ഇനിയെങ്കിലും ബോധിക്കുമാറാകട്ടെ.

ഉതുപ്പു പണിക്കർ ആൾ ഒരു വലിയ അഭ്യാസിയും വീരനുമായിരുന്നു. പണിക്കരുടെ പൂർവികന്മാർ ഇടള്ളിതമ്പുരാക്കന്മാരുടെ സൈന്യങ്ങളെ ആയോധന വിദ്യ അഭ്യസിപ്പിക്കുന്ന ഗുരുക്കന്മായിരുന്നുവെന്നു കൂടി കേട്ടിട്ടുണ്ട്. ഒരിക്കൽ പണിക്കർ കളികഴിഞ്ഞു ശിക്ഷ്യനോടൊരുമിച്ചു സ്വഗൃഹത്തിലേക്കു മടങ്ങുകയിൽ പമ്പാനദിയുടെ തീരപ്രദേശമായ തിരുവൻമണ്ടൂർ പാടത്തുവച്ച് പൂർവ വിരോധികളും ആയുധഭ്യാസികളുമായ ഒരുകൂട്ടം പറയരുമായി എതിരിടുകയുണ്ടായി. വിജയസിദ്ധി സന്നിഗ്ദ ദശയിലായപ്പോൾ പണിക്കർ ശിഷ്യന്റെ കൈയിലുണ്ടായിരുന്ന ചെണ്ട വാങ്ങി ഒരു പ്രത്യേകതരം താളം മേളിച്ചു തുടങ്ങി- വിദൂരസ്ഥന്മരായ ശിഷ്യന്മാർ താളമേളംകൊണ്ട് ആൾ ഇന്നതാണെന്നു മനസ്സിലാക്കി പാടത്തേക്ക് ക്ഷണത്തിൽ പാഞ്ഞെത്തുകയും പറയരെ തോൽപിച്ച് ഗുരുവിനെ സംരക്ഷിക്കുകയും ചെയ്തു. ശിഷ്യന്മാർ വന്നെത്തുന്നതുവരെ പണിക്കർ ചെണ്ടകൊണ്ട് വെട്ടുകയും അതേസമയംതന്നെ താളം മുഴക്കുകയും ചെയ്തുകൊണ്ടാണ് പോർ നടത്തിയതെന്നു കേട്ടിട്ടുണ്ട്.

ചങ്ങനാശേരി തകിടിയിൽ പാണ്ടിവാദ്യം മാത്തു- ഇദ്ദേഹം ആരാണ്. നാഗസ്വര വായനക്കാരായ നസ്രാണികൾ ഇക്കാലത്തു മധ്യതിരുവിതാംകൂറിൽ ആരുംതന്നെ ഉണ്ടെന്നു തോന്നുന്നില്ല. ആറേഴു വർഷങ്ങൾക്ക് മുമ്പുവരെ മാവേലിക്കര സൂറിയാനിപ്പള്ളിയിലെ ശ്രാദ്ധോൽസവ വേളകളിൽ നാഗസ്വരവായന നടത്തിയിരുന്നത് നിരണംകാരായ ചില നസ്രാണികൾ ആയിരുന്നു. ഒരു പത്തുവർഷങ്ങൾക്കുമുമ്പ് മേൽപടി പള്ളിയിൽവച്ച് അവരിൽ രണ്ടുപേർ കൂടി രാഗത്തിൽ ഒരു പല്ലവി പിണങ്ങി വായിച്ചതായി ഞാൻ ഓർമ്മിക്കുന്നുണ്ട്. ഇക്കഴിഞ്ഞ മാസത്തിൽ പുലയരുടെ വിവാഹം പ്രമാണിച്ചുള്ള ഒരു ഘോഷയാത്രയിൽ രണ്ടു പുലയർ നാഗസ്വര വായന പൊടിപൊടിക്കുന്നതായി ഞാൻ കേൾക്കുകയുണ്ടായി. എന്നാൽ, കഷ്ടം! പ്രസിദ്ധനായ മാവേലിക്കര മറ്റം കൊച്ചുകുഞ്ഞു ഭാഗവതർ അവർകളുടെ നിര്യാണശേഷം ശാസ്ത്രീയരീത്യാ സംഗീതാലാപം ചെയ്യാൻ കഴിവുള്ള ഒരു നസ്രാണിയെ നമ്മുടെ ശ്രേഷ്ഠ വർഗത്തിൽ കാണാനില്ലല്ലോ.



കല്ലൂർക്കാടു പള്ളിയിലെ ഗ്രന്ഥവരി (4)

(ദീപിക 1922 മെയ് 2)

ചിത്രമെഴുത്തു കെ എം വർഗീസ്

പഴയകാലത്തു നസ്രാണിപ്പള്ളികളിൽ ഉൽസവങ്ങൾ ആഘോഷിച്ചത് എന്തിനായിട്ടായിരുന്നു. നമ്മുടെ പൂർവന്മാരെ അതിലേക്കു പ്രേരിപ്പിച്ച സംഗതികൾ എന്തൊക്കെയാണ്. മതം, മതം എന്നു മാത്രം സദാ മന്ത്രിക്കുന്ന ഇന്നത്തെ നസ്രാണികൾ ഇതേപ്പറ്റി ആലോചിക്കേണ്ടതു തന്നെയാണ്. പണ്ടുള്ളവർ എന്തൊക്കെയോ കാട്ടിക്കൂട്ടി എന്നു പറയുന്ന ഇന്നത്തെ നസ്രാണിയുടെ ഗൗരവബുദ്ധിയെ അർഹിക്കുന്ന ഒരു ചോദ്യമാണിത്. മതാഭിവൃദ്ധിയുടെ അടിസ്ഥാനം സമുദായിക ശക്തിയാണെന്ന് നമ്മുടെ പൂർവന്മാർ വിശ്വസിച്ചിരുന്നു. സമുദായ ശരീരം ക്ഷീണിക്കുന്തോറും മതശക്തി താനെ ക്ഷയിക്കുമെന്നായിരുന്നു അവരുടെ വിശ്വാസം. അതിനാൽ മതസംബന്ധമായ ഒരു വിശേഷ ദിവസത്തോടു ഘടിപ്പിച്ച് നസ്രാണി സമുദായത്തിലെ കലാവാസനയെ പരിപുഷ്ടിപ്പെടുത്തുന്നതിനും പരിശോധിക്കുന്നതിനുമുള്ള ചില ചട്ടവട്ടങ്ങളെ അവർ ഏർപ്പെടുത്തി. നസ്രാണി യുവാക്കന്മാരുടെ ഹൃദയത്തിൽ കലാവാസനയെ അങ്കുരിപ്പിക്കുന്നതിനുള്ള ഒരു രംഗമായിരുന്നു അത്. സമുദായത്തോടും മതത്തോടുമുള്ള സ്നേഹത്തെയും ബന്ധത്തെയും ദൃഢപ്പെടുത്തുന്നതിനുള്ള പര്യവേഷണമായിരുന്നു അത്. ഐക്യബുദ്ധിയെയും ആത്മാഭിമാനത്തെയും വർധിപ്പിക്കുന്നതിനുള്ള ഒരു മഹനീയ സന്ദർഭത്തെയായിരുന്നു അവർ സൃഷ്ടിച്ചത്. ഒരു മഹാസമുദായവിഗ്രഹത്തിൽ ഘടിപ്പിച്ചിട്ടുള്ള അംഗവ്യക്തികളാണു തങ്ങൾ എന്നുള്ള ആ ഉൽക്കൃഷ്ട ബോധത്തെ യുവഹൃദയങ്ങളിലേക്കു പകരുന്ന ഒരു സന്ദർഭമായിത്തന്നെ പൂർവന്മാർ അതിനെ രൂപവൽക്കരിച്ചു സമുദായികശക്തിയെ സഞ്ചയിച്ചു ഏക സ്ഥാനത്തേക്കു നയിക്കേണ്ട അവസരത്തിൽ അഭിപ്രായ പരമ്പരകളെയും വ്യക്തി സ്വാതന്ത്ര്യത്തെയും ഒരേ ഒരു കേന്ദ്രത്തിലേക്ക് ആകർഷിപ്പാൻ അവരെ ശക്തിപ്പെടുത്തിയ വിദ്യുക്തി ഈ സാമുദായിക പരിശീലനങ്ങളിൽ നിന്നുമാത്രം ഉൽഭൂതമായതായിരുന്നു. "ഞങ്ങളുടെ സമീപത്ത് ഒരു കോട്ട കെട്ടിക്കാമെങ്കിൽ ഈ ഹിന്ദു രാജ്യം മുഴുവൻ ഞങ്ങൾ കൈവശപ്പെടുത്തിത്തരാമെന്ന് അനന്യ സാധാരണമായ വീര്യത്തോടുകൂടി വാസ്കോഡിഗാമയോടു വാഗ്ദാനം ചെയ്യാൻ പുരാതന നസ്രാണികളെ ശക്തിപ്പെടുത്തിയ ഐക്യബുദ്ധിയുടെ പ്രസ്രവണ സ്ഥാനം ഇതൊന്നു മാത്രമായിരുന്നു- അഹോ! മുപ്പതിനായിരംപേർ ഒന്നു ചേർന്നു പ്രദർശിപ്പിച്ച ഒരു ഐക്യബുദ്ധി! സമുദായ ഹൃദയത്തിന്റെ ഒരു വമ്പിച്ച ചൈതന്യം!

യുദ്ധമാണെങ്കിൽ അത്; കച്ചവടമാണെങ്കിൽ അതു തന്നെ; സാന്മാർഗികമായ ഏതിലും അങ്ങനെതന്നെ. അല്ലയോ നസ്രാണി യുവാവേ, ഒന്നിലും ഒരു വിധത്തിലും പിന്നോക്കമല്ലായിരുന്ന മഹാശക്തന്മാരായ നിന്റെ പൂർവ പുരാതനന്മാരെ അഭിമാനപൂർവം സ്മരിച്ചാലും! സമുദായവിഗ്രഹത്തിന്റെ ആദ്ധ്യാത്മിക വശങ്ങളെ മാത്രം പുഷ്ടിപ്പെടുത്തുവാൻ തക്ക മഠയന്മാരാല്ലായിരുന്നു അവർ. ആദൂര വീക്ഷണ വിചക്ഷണന്മാർ സമുദായ ഗാത്രത്തിന്റെ സർവതോന്മുഖമായ വികാസത്തെ ആഗ്രഹിച്ചു. അതിനായി വേല ചെയ്തു. പെരുന്നാൾ കാലത്തു ഓരോ പള്ളികളിലും കായികാഭ്യാസം, ആട്ടം, സംഗീത പരീക്ഷ മുതലായവ എത്രയോ ആലോചനയോടു കൂടിത്തന്നെ ഏർപ്പെടുത്തി. എന്നാൽ, ഇക്കാലത്തു പെരുന്നാൾ ഉൽസവം കേവലം ആഡംബര പ്രധാനമായ ഒന്നാണെന്നു വിശ്വസിപ്പാൻ തക്ക മറ്റ് സാഹചര്യങ്ങൾ ദൃഷ്ടിതമായിത്തിരുകയാൽ അധികാരികൾ അവയെ നിശ്ശേഷം നിറുത്തൽ ചെയ്യാൻ ഉൽസാഹിച്ചു. അടുപ്പിച്ച് എട്ടുപത്തുദിവസം ഉണ്ടായിരുന്ന ഈ ഉൽസവ കാലങ്ങളിൽ സംബന്ധിച്ചിട്ടുള്ള വയസ്സന്മാരോടു ചോദിച്ചാൽ ആവക സന്ദർഭങ്ങൾ അവരുടെ ആയുഷ്കാലത്തിലെ അവിസ്മരണീയ ഘട്ടങ്ങളാണെന്നു തോന്നുമാറ് അവർ അഭിമാനത്തോടും സന്തോഷത്തോടുംകൂടെ അതിനെപ്പറ്റി സംസാരിക്കുന്നതു കേൾക്കാം.

പെരുന്നാൾ ഉൽസവങ്ങളുടെ സാക്ഷാൽ സ്വാഭാവത്തിനു രൂപാന്തരം സംഭവിച്ചതോടു കൂടി നസ്രാണി സമുദായത്തിലെ കാലാവസ്ഥകളും ഒന്നോടെ നഷ്ടപ്പെടുവാൻ തുടങ്ങി. "ആയുധാഭ്യാസത്തിലും കലാവിദ്യകളിലും". പക്ഷേ സന്മാർഗ നിഷ്ഠയിലും അവർ (നസ്രാണികൾ) ഹിന്ദുസ്ഥാനത്തിൽ സ്വദേശികളെക്കാൾ ഉൽക്കർഷം പ്രാപിച്ചവർ ആയിരുന്നു. കൃഷിക്കാർ തെങ്ങുകൃഷി ചെയ്തുവന്നു. അവരുടെ പടയാളികൾ കുലീനന്മാരായ നായന്മാരേക്കാൾ മുമ്പന്മാരായിരുന്നു. കൊച്ചി രാജാവും സാമൂതിരിപ്പാടും ഭയംകൊണ്ടോ ഉപകാരസ്മരണ കൊണ്ടോ അവരുടെ പാരമ്പര്യ പദവികളെ ബഹുമതിച്ചു പോരുന്നുവെന്നു പോർട്ടുഗീസുകാർ കേരളത്തിൽ വരുന്നതിനുമുമ്പുള്ള നമ്മുടെ സ്ഥിതിയെക്കുറിച്ച് എഴുതിയിട്ടുള്ള പ്രസിദ്ധ ചരിത്രകാരനായ ഗിബ്ബൺ, ഇന്നു ജീവിച്ചിരുന്നുവെങ്കിൽ നസ്രാണികളുടെ ഇന്നത്തെ സ്ഥിതിയെക്കുറിച്ച് എന്തു പറയുമെന്ന് നമുക്ക് ഏകദേശം ഊഹിക്കാവുന്നതാണ്.

ഇതുനിമിത്തം നസ്രാണി സമുദായത്തിലെ കലാവാസന നഷ്ടപ്പെട്ടിരിക്കുന്നുവെന്നു വ്യസനസമേതം പറഞ്ഞേയിരിക്കുന്നു. ഞാൻ ഈ സംഗതിയെ



സംബന്ധിച്ച് സമുദായ കാംക്ഷികളായ പലമാന്യന്മാരോടും പറയുകയുണ്ടായിട്ടുണ്ട്. ആരും തന്നെ ഇതേപ്പറ്റി കാര്യമായി ചിന്തിച്ചിട്ടുണ്ടെന്നു തോന്നുന്നില്ല. ഇനിയും ഇക്കാര്യത്തിൽ നാം മൗനം അവംലമ്പിക്കുന്ന പക്ഷം കലാപ്രദർശന വിഷയത്തിൽ നസ്രാണി സമുദായം ഇതര സമുദായങ്ങളുടെ പിന്നിലായിപ്പോകാൻ ഇടയുണ്ടെന്നുള്ളത് സ്പഷ്ടമാണ്.

ഇപ്പോൾ ഞാൻ ഈ സംഗതി സമുദായ ശ്രേയസ്സിനെക്കൂടി പരിപോഷിപ്പിപ്പാൻ ഉറ്റു ശ്രമിക്കുന്ന നമ്മുടെ വന്ദ്യവൈദികരുടെ വിചിന്തനത്തിനായി വിനയപൂർവ്വം സമർപ്പിക്കുന്നു നമ്മുടെ പള്ളികളിന്നും ഉത്സവകാലങ്ങളിൽ വി. കുർബാന, ധ്യാനം, പ്രസംഗം, ഭക്ഷണം, മുതലായവയ്ക്കുള്ള സമയം നീക്കി ഒഴിവു സമയങ്ങളിൽ സംഗീതം, വീണവായന, നാദസ്വരവായന, കവിത, വാചാപ്രസംഗം മുതലായവയെ ആസ്പദമാക്കിയുള്ള പരീക്ഷകൾ (ക്രൈസ്തവ കഥകളെ വിഷയീകരിച്ചും യോഗ്യവും ഉചിതവുമായ വേഷത്തോടും അഭിനയത്തോടും കൂടെ ക്രൈസ്തവ മനസ്സിനു യോജിക്കുന്ന വിധം നടത്തപ്പെടാവുന്നവ) ഓട്ടംതുള്ളൽ മുതലായവ നിർദ്ദോഷമായ രീതിയിൽ യോഗ്യന്മാരും നിയന്ത്രണ കുശലന്മാരുമായ മാന്യമാരുടെ മേൽനോട്ടത്തിൽ നടത്തപ്പെടുന്ന പക്ഷം ആയതു എത്രമാത്രം ഗുണകരമായിരിക്കുമെന്ന് സമുദായ ശാസ്ത്രജ്ഞന്മാരായ മാന്യമാരോടു ഞാൻ വിശേഷിച്ചു പറയേണ്ടതില്ല. സമുദായമില്ലെങ്കിൽ മതശക്തിക്ഷയിച്ചുപോവുമെന്നുള്ള തത്വം ഓർത്തിരുന്നാൽ ആദ്ധ്യാത്മികാഭിവൃദ്ധിയോടൊപ്പം തന്നെ സമുദായാഭിവൃദ്ധിയെയും കാര്യമായി ഗണിച്ച് പ്രവർത്തിക്കേണമെന്നു ബോദ്ധ്യപ്പെടും. ദൈവവിശ്വാസത്തിലും ദൈവഭക്തിയിലും പൂർവ്വന്മാർ ഇന്ന് ഉള്ളവരെക്കാൾ എത്രയോ ഉയർന്ന പടിയിലാണു ജീവിച്ചു പോന്നതെന്നു ഞാൻ വിശേഷിച്ചും പ്രസ്താവിക്കേണ്ടതായിട്ടില്ല. അത്രമാത്രം മതഭക്തന്മാരായ പൂർവ്വന്മാർ നസ്രാണി സമുദായത്തിന്റെ കലാവാസനയെ പരിപുഷ്ടമാക്കാൻ വേണ്ടി ആ കാലസ്ഥിക്ക് അനുസരണമായി ഓരോ ഏർപ്പാടുകളെ സ്വീകരിച്ചിരുന്നെങ്കിൽ ജീവിത മത്സരവും കലാ മത്സരവും വർദ്ധിച്ചിരിക്കുന്ന ഇന്നത്തെ കാലസ്ഥതിക്ക് അനുസരണമായി അവയെ പുരസ്ക്കരിച്ചു നടപ്പിൽ വരുത്തുന്നതിനു പകരം അജ്ഞത മൂലം ഒന്നോടെ പരിത്യജിക്കാൻ ശ്രമിക്കുന്നത് എത്രയോ ഭോഷത്തമാണ്. ഇക്കാലത്തു വല്ല ദുഷിപ്പുകളും ഉണ്ടായിട്ടുണ്ടെങ്കിൽ അതു വിദ്യാഭ്യാസവും രാഷ്ട്രീയജ്ഞാനവുമുള്ള നേതാക്കന്മാരുടെ അഭാവം ഒന്നുകൊണ്ടു മാത്രമാണ്. എന്നാൽ ഇപ്പോഴാവട്ടെ പഠിപ്പും പാണ്ഡിത്യവും ബുദ്ധിശക്തിയും സന്മാർഗ്ഗ ബോധവുമുള്ള വൈദികന്മാരും അവൈദികന്മാരും നമ്മുടെ ഇടയിൽ ധാരാളമുള്ളതിനാൽ അങ്ങനെയൊരു ശങ്കയ്ക്കവകാശവുമില്ല. അതിനാൽ നമ്മുടെ പള്ളികളിലെ ഉത്സവകാലങ്ങളിൽ ആദ്ധ്യാത്മിക വിഷയങ്ങൾക്കും സമുദായിക വിഷയങ്ങൾക്കും അനുയോജ്യമായ ഒരു വിഷയപരിപാടി മുൻകൂട്ടി നിർമ്മിച്ച് ഞാൻ മേൽ പ്രസ്താവിച്ച സംഗതികൾ നടപ്പിൽ വരുത്തണമെന്ന് എല്ലാ നേതാക്കന്മാരോടും ഞാൻ പ്രശ്രയപൂർവ്വം അപേക്ഷിച്ചു കൊള്ളുന്നു. മതസംബന്ധമായ ആഘോഷണങ്ങളോട് അനുബന്ധിച്ച കലാപ്രദർശനങ്ങൾക്കു മാത്രമേ സമുദായത്തിൽ പൊതുവേ കലാവാസനയേയും കലാജ്ഞാനാഭിവൃദ്ധിയേയും ഉന്നയിപ്പാൻ ശക്തിയുണ്ടായിരിക്കുമെന്നുള്ളത് ഒരു സാരമായ തത്വമാണ്.

976-ാംമത്തെ കണക്കിൽ പെരുനാളിനു പള്ളിയിൽ വരുന്ന അച്ചന്മാർക്ക് അരിയും കോപ്പും കൊടുക്കുന്ന സംഗതിയെപ്പറ്റി പറയുന്നുണ്ട്. അക്കാലത്തെ പട്ടക്കാരുടെ പേരുകൾ താഴെച്ചേർക്കുന്നു.

നാരകത്ര മൂപ്പച്ചൻ, പോത്തൻ കത്തനാർ, ഈയേവു കത്തനാർ, ചെങ്ങാലുമാണിക്കത്തനാർ, ചെറിയാസു കത്തനാർ, വികാരി ഇട്ടൂപ്പ് കത്തനാർ, പുത്തൻപറമ്പിൽ ചാണ്ടിത്തനാർ, തമല്ലൂ കുഞ്ഞുതൊമ്മൻ കത്തനാർ, പുല്ലങ്ങടി ചിറമേൽ ഇട്ടിശമ്മാശ്, പൂന്ത്രകോശിശമ്മാശ്, കോഴിമുക്കിൽ വലിയവീട്ടിൽ ശമ്മാശ്.

ഗ്രന്ഥവരിയിൽ നിന്നു പകർത്തിയെടത്തോളം ഞാൻ പ്രസിദ്ധപ്പെടുത്തിയിരിക്കുന്നു. ബാക്കിയുള്ളവകൂടി ഇടവക ജനങ്ങൾ ഉടൻ പ്രസിദ്ധപ്പെടുത്തുന്നതു കൊള്ളാം. ചരിത്രപ്രസിദ്ധമായ ചമ്പക്കുളം പള്ളിയെ സംബന്ധിച്ച് ഒരു ശരിയായ ചരിത്ര ഗ്രന്ഥം പ്രസിദ്ധപ്പെടുത്തുത്തക്ക സമുദായബോധവും ജാത്യാഭിമാനവും ചമ്പക്കുളം നസ്രാണി യുവാക്കൾക്ക് ഇനിയും ഉണ്ടായിട്ടില്ലന്നു തന്നെയോ ഈയുള്ളവർ വിശ്വസിക്കേണ്ടത്?

With The Best
Compliments From :

A WELL WISHER



ദൈവദാസൻ തോമസ് കുര്യാളശ്ശേരിയും വി. കുർബാനയുടെ ആരാധനാ സന്യാസിനീ സമൂഹവും

സിസ്റ്റർ മേരി ഇസ്പിരിത്ത് പോരൂക്കരSABS

1888 മേടമാസത്തിലെ ഒരു സായാഹ്നം. നീല നിർമ്മലമായ ആകാശത്തിന്റെ പശ്ചിമ ഭാഗത്ത് സൂര്യൻ അസ്തമനോദ്യുക്തനായി നിലകൊള്ളുന്നു. പക്ഷിജാലങ്ങൾ 'കളകളാ' ശബ്ദത്തോടെ വൃക്ഷ ശിഖരങ്ങളിൽ ചേക്കേറുവാൻ വെമ്പൽകൊള്ളുന്നു. സൂര്യബിംബം ക്രമേണ അദൃശ്യമാകുന്നു. മങ്ങിയ പ്രകാശത്തെ തള്ളിമാറ്റികൊണ്ട് ഇരുളിന്റെ കാളിമ വ്യാപരിക്കുവാൻ തുടങ്ങി. പമ്പയുടെ കരയിൽ സ്വഭവനാങ്കണത്തിൽ നിന്നുകൊണ്ട് ഈ പ്രകൃതി ദൃശ്യം വീക്ഷിച്ചുകൊണ്ടിരുന്ന ഒരു ചെറുബാലന്റെ ഹൃദയത്തിൽ ചിന്തകൾ വേലിയേറ്റം സൃഷ്ടിച്ചു..... ക്ഷണപ്രഭാചഞ്ചലമായ ഐഹിക സൗഭാഗ്യങ്ങൾ കൊണ്ട് എന്തു പ്രയോജനം? ശാശ്വതമായ ആനന്ദം പരാത്രികയല്ലേ? അതുകൈവരിക്കുവാൻ എന്തു ത്യാഗവും അനുഷ്ഠിക്കേണ്ടതല്ലേ? ഇഹലോകവും അതിന്റെ നേട്ടങ്ങളും ഈ സൂര്യബിംബം പോലെ ക്ഷണത്തിൽ അപ്രത്യക്ഷമാവില്ലേ?..... പാടില്ല. തന്റെ ജീവിതം ഐഹിക സൗഭാഗ്യത്തിനു വേണ്ടി സമർപ്പണം ചെയ്യേണ്ടതല്ല. ദൈവത്തിനു വേണ്ടി മാത്രം ഉള്ളതാണ്..... ദൈവത്തിന് വേണ്ടി മാത്രം. ആ ചെറുബാലൻ പമ്പയുടെ തീരത്തുവച്ചുതന്നെ സ്വയം സമ്പൂർണ്ണമായി ദൈവത്തിനു സമർപ്പിച്ചുകൊണ്ടാണ് ഭവനത്തിലേയ്ക്ക് പിൻതിരിഞ്ഞത്.

1899 ലെ പവിത്രമായ മറ്റൊരു സായാഹ്നം. റോമിലെ പ്രധാന വീഥികളിലൊന്നിലൂടെ കൃശഗാത്രനായ ഒരു യുവവൈദികൻ ഏതോ ഒരു വലിയ ലക്ഷ്യം മുന്നിൽ കണ്ട് അതിവേഗം നടന്നു നീങ്ങുന്നു. സ്ഥലത്തെ നിത്യാരാധകരായ സിസ്റ്റേഴ്സിന്റെ ആശ്രമത്തിന്റെ മുൻപിൽ എത്തിയപ്പോൾ അദ്ദേഹം നിന്നു. ഏതാനും നിമിഷങ്ങൾക്കുള്ളിൽ അദ്ദേഹം ആശ്രമ ചാപ്പലിൽ പ്രവേശിച്ചു. വി. കുർബാന പരസ്യമായി എഴുന്നള്ളിച്ചുവച്ച് സിസ്റ്റേഴ്സ് ആരാധന നടത്തുന്നു. എല്ലാം മറന്ന് കൈകൾ കൂപ്പി, ഏകാഗ്രചിത്തരായി ദിവ്യകാരുണ്യ ഈശോയിൽ ദൃഷ്ടികളൂന്നി സ്വർഗ്ഗീയ മാധുര്യം ആവോളം ആസ്വദിച്ച് മുട്ടിന്മേൽ നിൽക്കുന്ന കന്യകകൾ! ഈ കാഴ്ച അദ്ദേഹത്തിന്റെ ഹൃദയത്തെ പുളകമണിയിച്ചു. ഇതുപോലൊരു സന്യാസിനീ സമൂഹം എന്റെ നാട്ടിലും ഉണ്ടായിരുന്നെങ്കിൽ, അവരിലൂടെ മനുഷ്യമക്കളെ മുഴുവൻ ദിവ്യകാരുണ്യ ഈശോയിലേയ്ക്ക് ആനയിക്കുവാൻ കഴിയുമായിരുന്നു! തന്റെ ഭാവനയിൽ മുളയെടുത്ത വി. കുർബാനയുടെ ആരാധന സന്യാസിനീ സമൂഹത്തിനു രൂപഭാവങ്ങൾ നൽകുവാനുള്ള ദൃഢ നിശ്ചയവുമായി ആ വൈദികൻ ദേവാലയത്തിൽ നിന്നും പുറത്തേയ്ക്കിറങ്ങി.

പമ്പയുടെ തീരത്ത് ആത്മസമർപ്പണം നടത്തിയ ബാലനും റോമിലെ നിത്യാരാധനാ ചാപ്പലിൽ വച്ചു ദിവ്യകാരുണ്യ ആരാധനാ സന്യാസിനി സമൂഹത്തിനു ഭാവനയിൽ രൂപം കൊടുത്ത യുവ വൈദികനും ദൈവദാസൻ തോമസ് കുര്യാളശ്ശേരിയല്ലാതെ മറ്റാരുമായിരുന്നില്ല! സ്വർഗ്ഗത്തിൽ മാലാഖമാർ ചെയ്തുകൊണ്ടിരിക്കുന്ന മഹനീയ കൃത്യം പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ എന്ന സ്തുതി ഗീതത്താൽ ദൈവസന്നിധിയിൽ നിരന്തരം അർപ്പിക്കപ്പെടുന്ന ആരാധന, ഭൂമിയിൽ രാപകൽ തുടർന്നുകൊണ്ടു പോകണമെന്ന കുര്യാളശ്ശേരി പിതാവിന്റെ ഉത്ഘടമായ അഭിനിവേശത്തിന്റെ സാക്ഷാത്ക്കാരമാണ് 87 വർഷങ്ങൾക്കു മുൻപ് എടത്വാ പള്ളിയിൽ വച്ചചു ആറ് കന്യകകൾക്കു ശിരോവസ്ത്രം നൽകികൊണ്ട് ആരംഭം കുറിച്ച ദിവ്യകാരുണ്യ ആരാധന സന്യാസിനീ സമൂഹം.

ജീവിതത്തിലേയ്ക്ക് ഒരു എത്തിനോട്ടം

പമ്പയാറിന്റെ തീരത്ത് പ്രകൃതിലാവണ്യം വഴിഞ്ഞൊഴുകുന്ന കുട്ടനാടൻ ഗ്രാമമായ ചമ്പക്കുളത്തു കുര്യാളശ്ശേരി ചാക്കോച്ചന്റെയും അക്കമ്മയുടേയും ആറാമത്തെ സന്താനമായി 1873 ജനുവരി 14-ന് ദൈവദാസൻ തോമസ് കുര്യാളശ്ശേരി ഭൂജാതനായി. കുഞ്ഞുതോമ്മാച്ചൻ എന്ന ഓമനപ്പേരിൽ ഇദ്ദേഹം അറിയപ്പെട്ടു. കുഞ്ഞുതോമ്മാച്ചന്റെ ബാല്യകൗമാരകാലഘട്ടങ്ങൾ വി. കുർബാനയോടുള്ള വ്യക്തി ബന്ധത്താൽ സമാകർഷകമായിരുന്നു. 1890 ജനുവരി 18-ാം തീയതി മാർ. കാർലോസ്വീഞ്ഞിൽ നിന്നും ആസ്തപ്പാടു പട്ടം സ്വീകരിച്ച് റോമിലെ പ്രൊപ്പഗാന്താ(ഉർബാൻ കോളേജ്) യിൽവൈദിക വിദ്യാഭ്യാസം ആരംഭിച്ച കുഞ്ഞുതോമ്മാച്ചൻ 1899 മെയ് 27-ന് കർദ്ദിനാൾ കസേന്തായിൽ നിന്നും വൈദികാഭിഷിക്തനായി റോമിലെ ജെസ്യൂദേവാലയത്തിൽ പ്രഥമ ദിവ്യബലിയർപ്പിച്ചു.

പ്രേക്ഷിതവയലുകളിൽ

1899 നവംബർ 1-ാം തീയതി നാട്ടിൽ തിരിച്ചെത്തിയ ബ. കുര്യാളശ്ശേരി തോമ്മാച്ചൻ ചങ്ങനാ



ശ്ശേരി സെൻറ്. ബർക്കുമാൻസ് ബോർഡിംഗ് വൈസ് റെക്ടറായും ചേന്നങ്കരി, കാവാലം, എടത്വാ, ചമ്പക്കുളം എന്നീ ഇടവകകളിൽ വികാരിയായും ഒരു വ്യാഴവട്ടക്കാലം സഭാസേവനം നിർവഹിച്ചു. 1911 ഡിസംബർ 3-ാം തീയതി അദ്ദേഹം ചങ്ങനാശ്ശേരിയുടെ വികാരി അപ്പസ്തോലിക്കായും പെല്ലായുടെ മെത്രാനുമായി കാൻഡിയിൽ(ശ്രീലങ്ക) വച്ചു മോൺസിഞ്ഞോർ സെലസ്തിയാൽ അഭിഷിക്തനായി. 1923-ൽ ചങ്ങനാശ്ശേരി വികാരിയാത്ത് രൂപതയായി ഉയർത്തപ്പെട്ടപ്പോൾ മാർ. തോമസ് കുര്യാളശ്ശേരി ചങ്ങനാശ്ശേരിയുടെ പ്രഥമ മെത്രാനായി ഉയർത്തപ്പെട്ടു. 13 വർഷത്തിലധികം ചങ്ങനാശ്ശേരിയുടെ സാരഥ്യം വഹിച്ച ഇദ്ദേഹം1925 ജൂൺ 2-ാം തീയതി റോമിൽ വച്ച് ദിവംഗതനായി. ഇദ്ദേഹത്തിൻെറ ഭൗതികാവശിഷ്ടങ്ങൾ 1935 ജൂലൈ 25-ാം തീയതി നാട്ടിൽ കൊണ്ടു വന്ന് ചങ്ങനാശ്ശേരി കത്തീഡ്രൽ ദേവാലയ മദ്ബഹയിൽ അടക്കം ചെയ്തു. 1983-ൽ ഇദ്ദേഹത്തെ വിശുദ്ധ പദവിയിലേയ്ക്ക് ഉയർത്തുന്നതിനുള്ള നടപടികൾക്കു തുടക്കം കുറിച്ചു.

നവീകരണ യത്നങ്ങൾ

'ക്രിസ്തുവിൽ എല്ലാം നവീകരിക്കുക' എന്ന ആദർശ സൂക്തം ജീവിതവ്രതമാക്കിയ ദൈവദാസൻ തോമസ് കുര്യാളശ്ശേരി ചങ്ങനാശ്ശേരി രൂപതയുടെ ആദ്ധ്യാത്മിക സാമൂഹ്യ സാമ്പത്തിക മണ്ഡലങ്ങളിൽ നിർണ്ണായക പുരോഗതി കൈവരിച്ചു. വിദ്യാഭ്യാസത്തിലൂടെ മാത്രമേ സാമൂഹ്യ പുരോഗതി നേടാനാവുമെന്ന് ആ ക്രാന്തദർശി മനസ്സിലാക്കി.

വിദ്യാഭ്യാസത്തിനുള്ള മൗലികാവകാശം ഒരു വ്യക്തിക്കും നിഷേധിക്കാനാവില്ല എന്ന ചിന്താഗതി ആധുനിക ലോകത്തിൽ വളർന്നു വരുന്നത് ശുഭോദർക്കമാണ്. എന്നാൽ ഒരു നൂറ്റാണ്ടു മുൻപ് ഭാരതത്തിലെ പ്രത്യേകിച്ചും കേരളത്തിലെ സ്ഥിതി ഇതായിരുന്നില്ല. സമൂഹം പുരോഗമിക്കണമെങ്കിൽ വിദ്യാഭ്യാസം അനിർവാര്യമാണ് എന്ന ചിന്താഗതി വളർന്നു വന്നിരുന്നെങ്കിലും അതിനുവേണ്ടിയുള്ള യത്നങ്ങൾ കർമ്മപഥത്തിലെത്തിയിരുന്നില്ല.

"രാഷ്ട്രത്തിൻെറ ഏറ്റം പ്രധാന ഘടകമാണ് കുടുംബം. മനുഷ്യനെ സംസ്ക്കാര സമ്പന്നനാക്കുന്ന അവസാന ഘടകമാണ് സ്ത്രീ." സുന്ദരിയായ സ്ത്രിയെ, മുനുഷ്യനെ മെരുക്കിയെടുക്കുവാൻ വേണ്ടി പ്രകൃതി നിന്നെ സൃഷ്ടിച്ചു. നീ ഇല്ലായിരുന്നുവെങ്കിൽ ഞങ്ങൾ (പുരുഷന്മാർ) കിരാതന്മാരായിത്തീരുമായിരുന്നു, എന്ന സോക്രട്ടീസിൻെറ ചിന്താധാര സ്ത്രീകൾക്കു സമൂഹത്തിലുള്ള സ്ഥാനം വ്യക്തമാക്കുന്നു. "സ്ത്രീ അബലയല്ല, മറിച്ച് തൻെറ ശക്തി മനസ്സിലാക്കിയാൽ പുരുഷനേക്കാൾ അധിക ബലമുള്ളവളാണ്" എന്ന ഗാന്ധിജിയുടെ വാക്കുകളും ഇവിടെ സ്മരിക്കുക.

എന്നാൽ കേരളത്തിലെ സ്ത്രീകൾ, വിശിഷ്യാ കത്തോലിക്കാ വനിതകൾ സമുദായം സൃഷ്ടിച്ച അടിമത്വത്തിൻെറ ചങ്ങലയിൽ കുരുങ്ങി കിടക്കുകയായിരുന്നു. വീടിനു പുറത്തു മറ്റൊരു ലോകമുണ്ടെന്ന് സങ്കല്പിക്കുവാൻ പോലും സാദ്ധ്യമല്ലാതിരുന്ന ഒരു കാലഘട്ടത്തിൽ സ്ത്രികൾക്കു വിദ്യാഭ്യാസം നൽകുവാൻ ദൈവദാസൻ തോമസ് കുര്യാളശ്ശേരി നടത്തിയ യത്നങ്ങൾ ശ്ലാഘനീയമാണ്. അദ്ദേഹത്താൽ സ്ഥാപിതമായ ദിവ്യകാരുണ്യ ആരാധനസഭയ്ക്കു വിദ്യാഭ്യാസം പ്രധാന പ്രേഷിത രംഗമായി നിർദ്ദേശിക്കപ്പെട്ടു. ആൺകുട്ടികൾക്കുവേണ്ടി ഒരു കലാലയം സ്ഥാപിച്ചു.(എസ്.ബി. കോളേജ്). ഇടവകകളോടനുബന്ധിച്ച് വിദ്യാലയങ്ങൾ സ്ഥാപിക്കുവാൻ പ്രേരണയും പ്രചോദനവും സാമ്പത്തിക സഹായവും നൽകി. രൂപതാ ഭരണം ഏറ്റെടുത്തിട്ട് ഏതാനും വർഷങ്ങൾ കഴിഞ്ഞപ്പോൾ തന്നെ അദ്ദേഹത്തിൻെറ വിദ്യാഭ്യാസ പ്രവർത്തനങ്ങൾ അധികാരികളുടെ മുക്തകണ്ഠമായ പ്രശംസയ്ക്കു പാത്രീഭവിച്ചു. അടുത്ത കാലം വരെ തിരുവല്ല മുതലായ ചുരുക്കം ചില താലൂക്കുകളിൽ മാത്രമേ കുട്ടികൾ നൂറിനു നൂറും പള്ളിക്കുടങ്ങളിൽ ചേർന്നു പഠിച്ചിരുന്നുള്ളു. എന്നാൽ ഈ ആണ്ടിൽ ആ അഭിമാനം ചങ്ങനാശേരി താലൂക്കിന് സിദ്ധിച്ചിട്ടുണ്ട്. അതിനും അതുപോലെ തന്നെ മീനച്ചിൽ മുതലായ മറ്റു ചില താലൂക്കുകളിലെ വിദ്യാഭ്യാസാഭിവൃദ്ധിക്കും ഒരു പ്രധാന ഹേതുഭൂതൻ മഹാമനസ്ക്കനായ ചങ്ങനാശ്ശേരി മെത്രാനച്ചൻ അവർകൾ ആണ്. തൻമൂലം ഒരു വിദ്യാഭ്യാസാദ്ധ്യക്ഷൻ എന്ന നിലയിൽ ഞാൻ അദ്ദേഹത്തോടുള്ള കൃതജ്ഞത പ്രകാശിപ്പിച്ചുകൊള്ളുന്നു[1].

വ്യക്തിത്വം പൂർണ്ണതയിലെത്തുന്നതിനു മതാദ്ധ്യയനത്തിനുള്ള സ്ഥാനം നിർണ്ണായകമാണെന്നു മനസ്സിലാക്കിയിരുന്ന ദൈവദാസൻ തോമസ് കുര്യാളശ്ശേരി അതിനുള്ള ഒരു മാദ്ധ്യമം ആയിട്ടു കൂടിയാണ് വിദ്യാലയങ്ങളെ കണ്ടത്.

വിദ്യാഭ്യാസത്തിലൂടെ തൊഴിൽ എന്ന ഗാന്ധീയൻ ആദർശത്തോട് പൊരുത്തപ്പെടുന്ന ഒരു വിദ്യാഭ്യാസ പദ്ധതിയ്ക്ക് ദൈവദാസൻ റോമസ് കുര്യാളശ്ശേരി രൂപം കൊടുത്തു. അതാകട്ടെ ഗാന്ധിയൻ വിദ്യാഭ്യാസത്തെക്കുറിച്ച് അഗ്രാഹ്യമായിരുന്ന ഒരു കാലഘട്ടത്തിലും കാർഷിക രാജ്യമായ ഭാരതത്തിലെ പൗരന് വിദ്യാഭ്യാസം തൊഴിലിനുമുള്ള മാദ്ധ്യമം ആകണമെന്ന് അദ്ദേഹം നിർമദ്ദശിച്ചു. അതിനുപയുക്തമായ ഒരു വിദ്യാഭ്യാസ പദ്ധതിക്കു തന്നെ അദ്ദേഹം രൂപം കൊടുത്തു. "ആകയാൽ പെൺപള്ളിക്കുടങ്ങൾ ഏർപ്പെടുത്തി പെൺകുട്ടികളെ അക്ഷരാഭ്യാസം, പാചകവൃത്തി, തയ്യൽ, സംഗീതം, ചിത്രമെഴുത്ത് ആദിയായ ലോകോപകാരപ്രദങ്ങളായ വേലകളെയും പ്രത്യേകം താഴ്മ, വിനയം, സൗമ്യത, ആശാനിഗ്രഹം, ദൈവപേടി ആദി



യായ സന്മാർഗ്ഗ നിഷ്ഠയ്ക്ക് ആവശ്യമായ പുണ്യങ്ങളെയും ശുചിത്വം കൃത്യനിഷ്ഠ മര്യാദ ആദിയായ പരിഷ്ക്കാര പൂർണ്ണതകളെയും പഠിപ്പിക്കുന്നതു നിങ്ങളുടെ വിളിപ്പിനു വളരെ അനുരൂപമുള്ളതാകുന്നു.....[2]

വ്യക്തി ജീവിതത്തിന്റെ വിവിധ തലങ്ങളിൽ സ്വാധീനം ചെലുത്തുന്നതും മാനുഷികവും മതാത്മകവുമായ വീക്ഷണങ്ങൾ ആഴപ്പെടുത്തുവാൻ സഹായകരവുമായ സമ്പർക്ക മാദ്ധ്യമങ്ങളുടെ കാര്യത്തിൽ ദൈവദാസൻ തോമസ് കുര്യാളശ്ശേരിക്കു തനതായ വീക്ഷണമുണ്ടായിരുന്നു. ചലചിത്രങ്ങൾ, പത്രങ്ങൾ, പുസ്തകങ്ങൾ, മാസികകൾ തുടങ്ങിയവ ധാരാളമായി ഉപയോഗപ്പെടുത്തുന്നതോടൊപ്പം അവ മനുഷ്യ മനസ്സുകളെ വികലപ്പെടുത്തുവാൻ ഒരിക്കലും അനുവദിക്കരുതെന്നും അദ്ദേഹം നിഷ്കർഷിച്ചു. ധാർമ്മിക നിലവാരമുയർത്തുവാൻ ഉപകരിക്കുന്ന പത്രമാസികകൾ വാങ്ങി വായിക്കണമെന്നും ഉദ്ബോധിപ്പിച്ചിരുന്നു.

അർത്ഥരഹിതമായ അന്ധവിശ്വാസങ്ങളിലും പഴകിദ്രവിച്ച പാരമ്പര്യത്തിലും കുടുങ്ങിക്കിടക്കാതെ പുതുമയുടെ കാഹളമുതിർത്തുവാൻ അദ്ദേഹം ആഹ്വാനം ചെയ്തു.

കൃഷിയെ കുലത്തൊഴിലെന്ന പോലെ സ്വീകരിച്ചിരുന്ന ക്രൈസ്തവർ സാമ്പത്തികാരിഷ്ടതകളിൽ കുരുങ്ങിക്കിടക്കുന്നതു കണ്ട് അവർ ഇതര ധനാഗമ മാർഗ്ഗങ്ങൾ അന്വേഷിക്കണമെന്ന് പിതാവ് ഉപദേശിച്ചു. ആധുനിക കൃഷിരീതികൾക്കു പ്രോത്സാഹനം നൽകുവാനും അദ്ദേഹം മറന്നില്ല. ഒരു തൊഴിലിനും ആഢ്യത്വം കല്പിക്കാതെ ഓരോരുത്തരുടേയും അഭിരുചിക്കനുസൃതമായി തൊഴിൽ കണ്ടെത്തി സാമ്പത്തികാരിഷ്ടതകളിൽ നിന്നും വിമുക്തരാകണമെന്ന് അദ്ദേഹം അഭിലക്ഷിച്ചു. അതിനുള്ള നിർദ്ദേശങ്ങളും നൽകി. "പരസ്പര വിശ്വാസം, ഉത്സാഹം, സ്ഥിരത ആദിയായ ഗുണങ്ങൾ നമ്മുടെയിടയിൽ ഉളവാക്കുകയും തദ്വാര കമ്പനികൾ ചേർന്ന് കച്ചവടം, കൃഷി മുതലായവ വർദ്ധിപ്പിച്ചു ധനധാന്യ സമൃദ്ധിയുള്ളവരായിരിക്കുകയും ചെയ്യണമെന്ന് നാം അനുശാസിക്കുന്നു"[3].

കുടുംബങ്ങളിൽ ധനനാശത്തിനും അസമാധാനത്തിനും കാരണമാക്കുന്ന മദ്യപാനത്തിനെതിരെ പലപ്പോഴും അദ്ദേഹം ശബ്ദമുയർത്തിയിരുന്നു. ഈ വത്സല പിതാവിന്റെ സ്നേഹനിർഭരമായ ഉപദേശങ്ങൾ അദ്ദേഹത്തിന്റെ ആത്മീയമക്കൾക്കു എത്രമാത്രം സ്വീകാര്യമായിരുന്നു എന്നു വർത്തമാന പത്രങ്ങളുടെ പ്രതികരണങ്ങളിൽ നിന്നു മനസ്സിലാക്കാം. ചങ്ങനാശ്ശേരി മെത്രാനച്ചൻ അവർകളുടെ മദ്യപാന നിരോധന കല്പന അന്യമതസ്ഥർക്കും പൊതുവെയും പ്രസ്തുതമിസ്സത്തിലുൾപ്പെട്ടിരിക്കുന്ന വൻ മദ്യപാനാസക്തന്മാരൊഴികെയുള്ളവർക്കു പ്രത്യേകിച്ചും സന്തോഷത്തിനും സംതൃപ്തിക്കും കാരണമായിട്ടുണ്ടെന്നു ഇവിടെ പ്രസ്താവിക്കണമെന്നില്ലല്ലോ. സമാധാനക്കേടും ശണ്ഠയും പ്രബലപ്പെട്ടിരിക്കുന്ന മിസത്തിലെ എത്ര കുടുംബങ്ങളിലാണ് ഈ കല്പന നിമിത്തം സമാധാനവും ഐക്യമത്യവും ഉണ്ടായിത്തീർന്നിട്ടുള്ളതെന്നും എത്ര സ്ത്രീകളും കുട്ടികളുമാണ് ഇപ്പോൾ ഈ കല്പനയുടെ കർത്താവിനെ സ്തുതിച്ചു വരുന്നതെന്നും ശരിയായി അന്വേഷിക്കുന്നവർക്കും സുലഭമായി ലഭിക്കാവുന്നതാണ്.....[4]

സമൂഹത്തിൽ സാധാരണയായി കണ്ടുവന്നിരുന്നതും കുടുംബങ്ങളുടെ സാമ്പത്തിക തകർച്ചയ്ക്കു കാരണമാകുന്നതുമായ എല്ലാ കാര്യങ്ങളെ ക്കുറിച്ചും വ്യക്തമായ ധാരണ വച്ചു പുലർത്തിയിരുന്ന ദൈവദാസൻ തോമസ് കുര്യാളശ്ശേരി ഈ സാമൂഹ്യ തിന്മകൾക്കെതിരെ ശക്തമായിത്തന്നെ തന്റെ തൂലിക ചലിപ്പിക്കുന്നതിൽ ഒരിക്കലും വിമുഖനായിരുന്നില്ല. "നമ്മുടെയിടയിൽ ധനനാശത്തിനുള്ള മാർഗ്ഗങ്ങളിൽ മദ്യപാനം കഴിഞ്ഞാൽ പ്രധാനമായിട്ടുള്ള വേറൊന്ന് കല്ല്യാണാഘോഷവും സദ്യകളുമായിരിക്കുന്നു. ദമ്പതിമാർക്ക് അമിതമായ ആഭരണങ്ങളുണ്ടാക്കിച്ചും ചീട്ടിത്തരങ്ങളും കസവുതരങ്ങളുമായ വസ്ത്രങ്ങൾ വാങ്ങിച്ചും അന്തസ്സിൽ കവിഞ്ഞ സദ്യകൾ നടത്തിയും എത്ര കുടുംബങ്ങളാണ് നിർദ്ധനാവസ്ഥയെ പ്രാപിച്ചിട്ടുള്ളതെന്നും എത്രയോ ആളുകൾ വ്യസന സാഗരത്തിൽ മുങ്ങിത്താണുപോയിട്ടുണ്ടെന്നും നമ്മുടെ ചുറ്റും നടക്കുന്ന പല സംഭവങ്ങൾ കൊണ്ടും നമുക്കു ഗ്രഹിക്കാവുന്നതാണ്. ആയതിനാൽ ഏതാദൃശമായ മൗഢ്യപ്രവൃത്തികളെ ദൂരികരിക്കുകയും ധനാഗമ മാർഗ്ഗങ്ങളെ ബുദ്ധിപൂർവ്വം ആലോചിച്ചു നടത്തുകയും ചെയ്യുന്നതിന് സ്നേഹബുദ്ധ്യാ നാം ഉപദേശിക്കുന്നു"[5].

അക്കാലത്ത് കുടുംബങ്ങളുടെ ക്ഷയത്തിനു ഒരു മുഖ്യ കാരണമായി കരുതപ്പെട്ടിരുന്ന വ്യവഹാര പ്രവണതയെ സമൂഹമദ്ധ്യത്തിൽ നിന്നും നിർമ്മാർജ്ജനം ചെയ്യുവാനും ഇദ്ദേഹം ശ്രമിക്കുകയുണ്ടായി. സിവിലും ക്രിമിനലുമായ വ്യവഹാരങ്ങളിൽ ഏർപ്പെട്ട് നാശഗർത്തത്തിലേയ്ക്ക് ത്വരിത ഗമനം ചെയ്യുന്ന കേരളമക്കളുടെ ദു:സ്ഥിതി ഉപദേശ ലേഖനങ്ങളിലൂടെ അദ്ദേഹം വരച്ചു കാട്ടി. അന്യായ മാർഗ്ഗങ്ങളിലൂടെ പണം സമ്പാദിക്കുവാൻ ചിലർ കാണിക്കുന്ന വ്യഗ്രതയെ അദ്ദേഹം നിശിതമായി അപലപിച്ചു.

പാശ്ചാത്യ സംസ്ക്കാരത്തിന്റെ സ്വാധീനം നമ്മുടെ നാട്ടിൽ ദൃശ്യമായതോടുകൂടി വിവാഹ ബന്ധത്തിന് ആർഷഭാരതം കൊടുക്കുന്ന പവിത്രതയും അഖണ്ഡതയും നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നു. കേരളത്തിന്റെ മതസാമൂഹ്യസാംസ്ക്കാരിക കെട്ടുറപ്പിന് വിഘാതമായിത്തീരാവുന്ന ഒരു പ്രതിഭാസമാണിത്. ഇത് മുൻകൂട്ടി കണ്ട ദൈവ ദാസൻ തോമസ് കുര്യാളശ്ശേരി സുദൃഢമായ കുടുംബബന്ധത്തിനു സഹായകരമായ മാർഗ്ഗങ്ങൾ നിർദ്ദേശിച്ചു കൊടുത്തു.

ദളിത് ക്രൈസ്വർ സഭയുടെ മുഖ്യധാരയിലേയ്ക്ക്

സമൂഹത്തിലെ ആഢ്യന്മാരെന്നു കരുതപ്പെട്ടി



രുന്ന മാന്യവ്യക്തികളാൽ തിരസ്കൃതരായിരുന്ന ദളിത് ക്രൈസ്തവർക്കു മനുഷ്യാവകാശങ്ങൾ നേടികൊടുക്കുവാൻ ധീരതയോടെ കർമ്മഭൂമിയിലേയ്ക്ക് ഇറങ്ങിയ മനുഷ്യ സ്നേഹിയാണ് കുര്യാളശ്ശേരിപ്പിതാവ്. സമൂഹത്തിൽ എന്നും അടിമകളെപോലെ കഴിയുവാൻ വിധിക്കപ്പെട്ടിരുന്ന അവരുടെ ദയനീയ ചിത്രം അദ്ദേഹത്തിന്റെ ഹൃദയത്തെ സദാ മഥിച്ചിരുന്നു. ദളിത് ക്രൈസ്തവർക്ക് ഇതര ക്രിസ്ത്യാനികളോടൊപ്പം ദൈവാരാധനയിൽ പങ്കെടുക്കുവാൻ പോലും സാധിക്കാതിരുന്ന ആ കാലഘട്ടത്തിൽ ദേവാലയ കവാടങ്ങൾ അവർക്കായി അദ്ദേഹം തുറന്നുകൊടുത്തു. അതിനെതിരായി നിന്നവർക്കും കർശനമായ ശിക്ഷ നൽകാനും അദ്ദേഹം ധീരത പ്രകടിപ്പിച്ചു. 1140-ാം നമ്പറായി എടത്വാ കോയിൽമുക്കു പള്ളി വികാരിക്കു പിതാവ് നൽകിയ കല്പന ഇത്തരുണത്തിൽ പ്രസ്താവ്യമാണ്. "പുതുക്രിസ്ത്യാനികളും, പഴയ ക്രിസ്ത്യാനികളും കർത്താവിന്റെ മുൻപിൽ ഭേദമില്ലാത്തവരാകയാൽ ഒരു കൂട്ടർക്കു ഒരു പ്രത്യേക സ്ഥലം മറ്റൊരു കൂട്ടർക്കു മറ്റൊരു സ്ഥലം എന്നു വരുത്തുന്നതു ഒട്ടും ശരിയല്ല. ആയതിനാൽ മദ്ബഹയിൽ പഴയ ക്രിസ്ത്യാനികൾ കുർബാന കൈകൊള്ളുന്നിടത്തു തന്നെ പുതു ക്രിസ്ത്യാനികളും കുർബാന കൈകൊള്ളേണ്ടതാണ്." (19.6.1922)

സെമിനാറുകളും ധ്യാനങ്ങളും നടത്തി ദളിത് ക്രൈസ്തവർക്കു മറ്റുള്ളവരോടൊപ്പം പൊതുരംഗത്ത് പ്രവർത്തിക്കാനുള്ള ആത്മധൈര്യം പകർന്നുകൊടുത്തു. അവരുടെ പ്രാഥമിക അവകാശങ്ങളെങ്കിലും നേടിയെടുക്കുവാൻ അദ്ദേഹം ബദ്ധശ്രദ്ധനായിരുന്നു. അവർ വേദനിക്കുന്നതും രോഗാവസ്ഥയിൽ മാനുഷിക ശുശ്രൂഷകൾ നിഷേധിക്കപ്പെടുന്നതും കണ്ട് അദ്ദേഹത്തിശന്റെ ഹൃദയം തേങ്ങി. വർഗ്ഗവ്യത്യാസം പാടേ ഇല്ലാതാക്കി എല്ലാ ജീവിത നിലവാരത്തിലുമുള്ള കഷ്ടപ്പെടുന്നവരേയും രോഗികളേയും പരിചരിക്കുന്ന ഒരു നല്ല നാളേയ്ക്കു വേണ്ടിയുള്ള പ്രവർത്തനങ്ങളിലേയ്ക്ക് വൈദികനായിരുന്ന കാലം മുതൽ അദ്ദേഹം ഊളയിട്ടിറങ്ങി. ദളിത് ക്രൈസ്തവരോട് അദ്ദേഹം പ്രദർശിപ്പിച്ച സ്നേഹവും കാരുണ്യവും അവർക്കു വേണ്ടി പ്രവർത്തിക്കുവാൻ അദ്ദേഹത്തിന്റെ പിൻഗാമികൾക്കും പ്രചോദനം നൽകിയിട്ടുണ്ടാവും.

മറിയം വഴി ഈശോയിലേയ്ക്ക്

കേരളസഭയിൽ മര്യഭക്തി ഇന്നും സജീവമായി നിലകൊള്ളുന്നതിന് മാർ. തോമസ് കുര്യാളശ്ശേരിയോടുള്ള കടപ്പാട് നമുക്ക് വിസ്മരിക്കാവതല്ല. ആഴമായ മരിയൻ വിജ്ഞാനം സ്വന്തമാക്കിയിരുന്ന കുര്യാളശ്ശേരിപ്പിതാവ് തന്റെ മരിയഭക്തിയും വിജ്ഞാനവും സാധാരണക്കാരായ വിശ്വാസികൾക്കും കൂടി പകർന്നു കൊടുക്കുവാൻ ശ്രമിച്ചു. സഭയിലും ദൈവജനത്തിന്റെ ആദ്ധ്യാത്മിക ജീവിതത്തിലും മറിയത്തിനുള്ള സ്ഥാനത്തെക്കുറിച്ചും പങ്കിനെക്കുറിച്ചും ഉന്നതനായ ഒരു ദൈശാസ്ത്രജ്ഞന്റെ കാഴ്ച്ചപാട് അദ്ദേഹം വച്ചു പുലർത്തി. ദൈവമാതൃഭക്തി അജഗണങ്ങളിൽ വർദ്ധിപ്പിക്കാനുള്ള ഒരവസരം പോലും അദ്ദേഹം നഷ്ടപ്പെടുത്തിയിരുന്നില്ല. പരി. കന്യകയുടെ തിരുനാളുകൾ അദ്ദേഹത്തിനു ഏറ്റം ആഹ്ലാദകരമായ ദിനങ്ങളായിരുന്നു. രൂപതയിലെ എല്ലാ ദേവാലയങ്ങളിലും പരി. അമ്മയുടെ തിരുനാളുകൾ ഏറ്റം ആഡംബരപൂർവ്വം ആഘോഷിക്കുവാൻ നിർദ്ദേശം നൽകി. പരി. അമ്മയിൽ വിളങ്ങിയിരുന്ന അത്യുൽകൃഷ്ടഗുണങ്ങൾ സ്വാംശീകരിക്കുന്നതിനുള്ള ഒരവസരമായി ഈ തിരുനാളുകളെ അദ്ദേഹം വീക്ഷിച്ചു. പരി. കന്യക തന്റെ ദിവ്യകുമാരന്റെ ബലിയിൽ സജീവഭാഗഭാഗത്വം വഹിച്ചു ലോകത്തിനു രക്ഷ കൈവരിച്ചതുപോലെ ദിവ്യബലിയിൽ സംബന്ധിച്ചും വി. കുർബാന സ്വീകരിച്ചും ഓരോ വിശ്വാസിയും തന്റെ ജീവിതത്തിൽ രക്ഷയുടെ സന്ദേശം ഉൾക്കൊള്ളണമെന്നു അദ്ദേഹം നിർദ്ദേശിച്ചിരുന്നു.

പുനരൈക്യത്തിന്റെ പ്രവാചകൻ

"ഈ തൊഴുത്തിൽപ്പെടാത്ത മറ്റാടുകളും എനിക്കുണ്ട്. ഞാൻ അവയെയും കൊണ്ടുവരേണ്ടിയിരിക്കുന്നു. അവ എന്റെ സ്വരം ശ്രവിക്കും. അങ്ങനെ ഒരാട്ടിൻ പറ്റവും ഒരിടയനുമാകും" (യോഹ: 10/16) പരസ്പരം ഭിന്നിച്ചു കഴിയുന്ന സഭാവിഭാഗങ്ങൾ ഏക ഇടയന്റെ കീഴിലാകുവാൻ കുര്യാളശ്ശേരിപ്പിതാവ് തീക്ഷ്ണമായി ആഗ്രഹിച്ചു. 1915-ൽ മല്ലപ്പള്ളിയിൽ യാക്കോബായ സഭാംഗങ്ങളായ ദാവീദച്ചനും 40 വീട്ടുകാരും കത്തോലിക്കാ സഭയുമായി പുനരൈക്യപ്പെട്ടു. പുനരൈക്യപ്പെട്ടവരുടെ ആദ്ധ്യത്മികാവശ്യങ്ങൾ നിർവഹിച്ചു കൊടുക്കുവാനും പുനരൈക്യ പ്രസ്ഥാനത്തിന്റെ ത്വരിത ഗതിയിലുള്ള വളർച്ചയ്ക്കും വേണ്ടി കുര്യാളശ്ശേരിപ്പിതാവിനാൽ സ്ഥാപിതമായതാണ് മല്ലപ്പള്ളി മിഷൻ സ്റ്റേഷൻ. അകത്തോലിക്കാ സഭക്കുള്ളിൽ നിന്നും പുരൈക്യപ്പെട്ടവർക്കായി സീറോ മലങ്കര റീത്ത് അനുവദിച്ചു കൊടുക്കുവാനുള്ള ശ്രമങ്ങളും അദ്ദേഹം നടത്തുകയുണ്ടായി.

മാർ കുര്യാളശ്ശേരി സ്മരണകളിലൂടെ

മനുഷ്യ ജീവിതത്തിന്റെ എല്ലാ തലങ്ങളിലും കടന്നു ചെന്ന് സമൂഹത്തിന്റെ വിപ്ലവാത്മക പരിവർത്തനം വരുത്തുവാൻ ആത്മ സമർപ്പണം ചെത്ത ദൈവദാസൻ തോമസ് കുര്യാളശ്ശേരി അദ്ദേഹത്തിന്റെ വിശുദ്ധമായ ജീവിതം കൊണ്ടും അജഗണങ്ങൾക്ക് മാർഗ്ഗദർശകനായി ഭവിച്ചു. വിരോചിതമായ ക്രിസ്തീയ സുകൃതങ്ങൾ അദ്ദേഹത്തിൽ തളിരിട്ടു നിന്നിരുന്നു. അന്നത്തെ വർത്തമാന പത്രങ്ങളുടെയും ഗ്രന്ഥങ്ങളുടെയും പേജു



കളിലൂടെ കണ്ണോടിച്ചാൽ ആ പരിശുദ്ധ ജീവിതത്തിന്റെ ഭാവമുദ്രകൾ നമുക്കു ഉൾക്കൊള്ളുവാനാകും. ദൈവദാസൻ തോമസ് കുര്യാളശ്ശേരിയുടെ വ്യക്തിജീവിതത്തിന്റെ ആഴങ്ങളിലേയ്ക്ക് കടന്നു ചെന്നിട്ടുള്ള പലരും അദ്ദേഹത്തിന്റെ സ്വഭാവവൈശിഷ്ട്യങ്ങൾ കണ്ട് അത്ഭുതാദരവുകളോടെ സംസാരിച്ചിട്ടുണ്ട്. "സത്യനിഷ്ഠ കൊണ്ട് ഹരിശ്ചന്ദ്ര രാജാവിനോടും കൃത്യശ്രദ്ധകൊണ്ട് ജോർജ് രാജാവിനോടും ശിഷ്യ സ്നേഹംകൊണ്ട് ക്രിസ്തു ഭഗവാന്റെ ശിഷ്യരോടും സ്വദേശസ്നേഹം, സഹനഭാവം ഇവകൊണ്ട് സോക്രട്ടീസിനോടും ഭൂതദയകൊണ്ട് ശ്രീ ബുദ്ധനോടും കുര്യാളശ്ശേരിപ്പിതാവിനെ ഉപമിക്കാം."[7]

മാർ. തോമസ് കുര്യാളശ്ശേരി ദിവംഗതനായപ്പോൾ അദ്ദേഹത്തെക്കുറിച്ചു നസ്രാണി ദീപികയിൽ വന്ന റിപ്പോർട്ടുകളും പരിചിന്തനമത്രേ. "കുര്യാളശ്ശേരിത്രാന്റെ ചരമം ഒരു രൂപതയേയോ സമുദായത്തേയോ മാത്രമല്ല, ദു:ഖാബ്ധിയിൽ നീന്തിക്കുന്നത്. പല രൂപതകളും പല സമുദായങ്ങളും വിലപിക്കുന്നു. വിവിധ ജാതി മതസ്ഥർ നെഞ്ചത്തടിച്ചു വിലപിക്കുന്നു. ഹിന്ദുവും മുസ്ലീമും ഹൃദയപൂർവ്വം ഈ വിയോഗത്തിൽ ഖേദിക്കുന്നു! ഡോ. തോമസ് കുര്യാളശ്ശേരി അമദ്ഹത്തിന്റെ ഗുണങ്ങളിലും ചിത്തവൃത്തിയിലും ഔദാര്യത്തിലും ആത്മശുദ്ധിയിലും ഒരു സമുദായത്തേയോ രാജ്യത്തേയോ മാത്രമല്ല, അത്ഭുതപരതന്ത്രരാക്കിയിരിക്കുന്നത്! അദ്ദേഹത്തിന്റെ ഗുണങ്ങൾ ജാതിമതങ്ങളുടെ പരിമിതാതിർത്തികളെ ലംഘിച്ചതു പോലെ അദ്ദേഹത്തിന്റെ പേരിലുള്ള ഭക്തി ബഹുമാനാദരങ്ങളും ബഹു രാജ്യബന്ധിതവും വിവിധ സമുദായ സ്പർശകവും ആയിരുന്നു.....[8]

ദൈവദാസൻ തോമസ് കുര്യാളശ്ശേരിയുടെ വ്യക്തി ജീവിതത്തിന്റെ ഏറ്റവും വലിയ സവിശേഷത അദ്ദേഹത്തിന്റെ വി. കുർബാനയോടുള്ള ഭക്തിയായിരുന്നു. ശൈശവം മുതൽ ഈ ഭക്തി അദ്ദേഹം വളർത്തിയെടുത്തു. നിശയുടെ നിശബ്ദതയിൽ മണിക്കുറുകളോളം വി. കുർബാനയുടെ സന്നിധിയിൽ ചിലവഴിച്ച ശേഷമാണ് അദ്ദേഹം ഉറങ്ങാൻ പോവുക. കാൽനൂറ്റാണ്ടു കാലത്തെ ഇദ്ദേഹത്തിന്റെ അജപാലന ശുശ്രൂഷയുടെ ജീവസ്രോതസ് വി. കുർബാനയായിരുന്നു. സ്വമാതൃകകൾ കൊണ്ടും ഉപദേശ ലേഖനങ്ങൾ കൊണ്ടും 40, 13, 1 മണി ആരാധനകൾ പ്രോത്സാഹിപ്പിച്ചു. വി. കുർബാനയോടുള്ള ഭക്തി തന്റെ ഭരണീയരിലും വളർത്തികൊണ്ടുവരുവാൻ അദ്ദേഹം ശ്രമിച്ചു. അദ്ദേഹം എഴുതിയ 113 ഇടയലേഖനങ്ങളിൽ വി. കുർബാനയെക്കുറിച്ചു പരാമർശിക്കാത്തവ ചുരുക്കമാണ്. സൂര്യകാന്തിപുഷ്പം എപ്പോഴും സൂര്യന് അഭിമുഖമായിരിക്കുന്നതു പോലെ നമ്മുടെ ഹൃദയവും എപ്പോഴും ദിവ്യകാരുണ്യ സൂര്യനിലേയ്ക്ക് തിരിഞ്ഞിരിക്കണമെന്ന് അദ്ദേഹം പലപ്പോഴും പറയാറുണ്ടായിരുന്നു. ദിവ്യകാരുണ്യ ഈശോയോടുള്ള അദമ്യമായ ഈ സ്നേഹമാണ് വി. കുർബാനയോടുള്ള നിരന്തരമായ ആരാധനയിലൂടെ മനുഷ്യ സമൂഹത്തിനു സേവനമർപ്പിക്കുവാൻ ഒരു സന്യാസിനീ സമൂഹത്തിനു രൂപം കൊടുക്കുവാൻ അദ്ദേഹത്തെ പ്രേരിപ്പിച്ചത്. ക്രിസ്തീയ ജീവിതത്തിന്റെ ശിരാകേന്ദ്രവും ഉറവിടവുമാണ് വി. കുർബാന. ഈശോ പിതാവിനർപ്പിച്ച ഏറ്റവും ശ്രേഷ്ഠവുമായ ആരാധനയും അവിടുത്തെ രക്ഷാകര പദ്ധതിയുടെ സംഗ്രഹവും കേന്ദ്രവുമാണ് ദിവ്യബലി. ദിവ്യബലിയിലുള്ള സജീവ ഭാഗഭാഗിത്വത്തിലൂടെയും ആരാധനയിലൂടെയും ആർജ്ജിച്ചെടുക്കുന്ന ആത്മീയ ചൈതന്യം കൈമുതലാക്കികൊണ്ട് വിവിധ പ്രേഷിത പ്രവർത്തനങ്ങളിൽ ഏർപ്പെട്ട് ഈ സന്യാസിനി സമൂഹം തന്റെ ജീവിത ദൗത്യം ഈ ലോകത്തിൽ പരിപൂർത്തിയിൽ എത്തിക്കും എന്നും ദൈവദാസൻ പ്രതീക്ഷിച്ചിട്ടുണ്ടാവും.

ആരാധനാ സമൂഹം കർമ്മരംഗത്ത്

വി. കുർബാനയിലൂടെ മനുഷ്യ വർഗ്ഗത്തിനുവേണ്ടി സ്വയം ശൂന്യനാക്കുന്ന ഈശോയുടെ വ്യക്തിത്വത്തെ സ്വായത്തമാക്കികൊണ്ട് അവിടുത്തെ ബലി ജീവിതത്തെ സ്വാംശീകരിക്കുകയാണ് ഈ സന്യാസിനീ സമൂഹത്തിന്റെ ജീവിത ശൈലി. മറ്റുള്ളവർക്കു വേണ്ടി സ്വയം അർപ്പിതരാകുവാൻ ദിവസത്തിലെ എല്ലാ നിമിഷങ്ങളിലും ഏതെങ്കിലും ഒരു സമൂഹാംഗം വി. കുർബാനയുടെ മുൻപിൽ സന്നിഹിതയാകുന്നു. 1908-ൽ ദൈവദാസൻ തോമസ് കുര്യാളശ്ശേരി ആരാധനാ സന്യാസിനീ സമൂഹമാകുന്ന വൻ വൃക്ഷത്തിന്റെ കടുകുമണി സദൃശമായ വിത്തു വിതച്ചു. ദൈവപ്രസാദവരത്താൽ സമ്പുഷ്ടമാക്കപ്പെട്ട ആദ്യത്തെ ഈ ചെറുമണി വളർന്ന് ഒരു മഹാ വൃക്ഷമായി രൂപാന്തരപ്പെട്ട് അതിന്റെ ശാഖോപശാഖകൾ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ എത്തപ്പെട്ട് സമൃദ്ധമായി ഫലം നൽകുന്നു. കേവലം ആറ് അംഗങ്ങളെ കൊണ്ട് ആരംഭമിട്ട ആരാധനാസന്യാസിനീ സമൂഹത്തിന് ഇന്ന് ഏഴ് പ്രോവിൻസുകളും റീജിയനുകളും ഉണ്ട്. 4000-ൽ അധികം സിസ്റ്റേഴ്സ് കേരളത്തിലെ വിവിധ രൂപതകളിലും ഇൻഡ്യയുടെ വിവിധ ഭാഗങ്ങളിലും ജർമ്മനി, ആസ്ത്രേലിയ, സ്വിറ്റ്സർലൻറ്, സിസിലി, ആഫ്രിക്ക, ഇറ്റലി, വത്തിക്കാൻ തുടങ്ങിയ രാജ്യങ്ങളിലുമായി സേവനമനുഷ്ഠിക്കുന്നു.

വി. കുർബാനയിലെ ഈശോയുമായി വ്യക്തി ബന്ധം സ്ഥാപിച്ച് ആ സനാതന സ്നേഹത്തിന്റെ ശീതളഛായയിൽ സമസൃഷ്ടങ്ങൾക്കു വേണ്ടി സ്നേഹ സമർപ്പണം ചെയ്തു ദിവ്യകാരുണ്യ മാകുക എന്നതാണ് ഈ സന്യാസിനീ സമൂഹത്തിന്റെ വ്രതനിഷ്ഠ. വി. കുർബാനയിലെ ഈശോയുടെ സ്നേഹവും കാരുണ്യവും ക്ഷമയും ജീവിതത്തിൽ സ്വാംശീകരിക്കുന്ന ഓരോ ആരാധനാസന്യാസിനിയും തന്റെ ജീവിത പ്രവർത്തനങ്ങളിലൂടെ അവിടുത്തെ കരുണാർദ്രമായ സ്നേഹത്തി



നും സാക്ഷ്യം വഹിക്കുന്നു. ഇതിനായി വിദ്യാഭ്യാസം, സാമൂഹ്യസേവനം, ആതുരശുശ്രൂഷ, അഗതി സംരക്ഷണം, മതാദ്ധ്യാപനം, മുദ്രാലയ പ്രേഷിതത്വം, സാമൂഹ്യ സമ്പർക്ക പരിപാടികൾ, ജയിൽ പ്രേഷിതത്വം, ഇടവക പ്രവർത്തനങ്ങൾ തുടങ്ങിയവ ഇവർ ഏറ്റെടുക്കുന്നു.

ദിവ്യകാരുണ്യ ആരാധനാ സമൂഹം അതിന്റെ സ്ഥാപകൻ ഉദ്ഘോഷിച്ച വിദ്യാഭ്യാസാദർശങ്ങളോട് പൊരുത്തപ്പെട്ടു പോകുവാൻ ആരംഭം മുതൽ ശ്രമിച്ചു. മനസ്സിന്റെയും ശരീരത്തിന്റെയും ശക്തികളെ നിയന്ത്രിച്ചു തങ്ങളെത്തന്നെ സമ്പൂർണ്ണമായി ജനസമൂഹത്തിന്റെ വിദ്യാഭ്യാസാവശ്യങ്ങൾക്കു വേണ്ടി വിനിമയം ചെയ്യുവാൻ ആരാധനാസമൂഹാംഗങ്ങൾ ബദ്ധശ്രദ്ധരായി കാണപ്പെട്ടു. ഈശ്വരന്റെ പരമമായ സ്നേഹത്തെ അംഗീകരിക്കുകയും ആസ്വദിക്കുകയും ചെയ്തുകൊണ്ട് ആ സ്നേഹത്തിനു പ്രത്യുത്തരമരുളി കുട്ടികളെ ആ സ്നേഹത്തിലേയ്ക്കാനയിക്കുവാൻ പ്രതിജ്ഞാബദ്ധരാണ് അവർ. ധാർമ്മിക മൂല്യങ്ങളിലും ഈശ്വരവിശ്വാസത്തിലും അധിഷ്ഠിതമായ ഒരു തലമുറയ്ക്ക് ജന്മം കൊടുക്കുകയാണ് ഈ സന്യാസിനീസമൂഹത്തിന്റെ വിദ്യാഭ്യാസ പ്രവർത്തനങ്ങളുടെ ലക്ഷ്യം. കുട്ടികളുടെ മാനസ്സികവും ഭൗതികവും ആദ്ധ്യാത്മികവുമായ തലങ്ങളിലെല്ലാം സ്പർശിച്ച് ഉദാത്തമായ, ആദർശനിഷ്ഠമായ ഒരു ജീവിത ദർശനം കരുപിടിപ്പിക്കുവാൻ അവരെ സഹായിക്കുന്നതിലും ഈ സന്യസിനീസമൂഹം ഉന്നം വെയ്ക്കുന്നു. അദ്ധ്യാപനവും അതിലുപരി ക്രൈസ്തവ ശിഷണവും നൽകി ഓരോ വ്യക്തിയിലുമുള്ള ദൈവത്തെ കണ്ടെത്തി പരസ്പര സാഹോദര്യം പുലർത്തി ഉന്നതമായ ആദർശങ്ങളോടും മഹത്തായ മൂല്യങ്ങളോടും ആഭിമുഖ്യം വളർത്തുക എന്നതും ഈ സമൂഹത്തിന്റെ വിദ്യാഭ്യാസ പ്രേഷിത ലക്ഷ്യമാണ്.

ദിവ്യകാരുണ്യ ഈശോയിൽ നിന്നും താൻ ദാനമായി സ്വീകരിച്ച സിദ്ധി ലോകത്തിനു പകർന്നു കൊടുത്ത് അവരേയും ദിവ്യകാരുണ്യ സ്നേഹത്തിലേയ്ക്ക് ആനയിക്കുക എന്ന ദൗത്യമാണ് വിദ്യാഭ്യാസ പ്രേഷിതത്തിലൂടെ ഒരു ആരാധനാസന്യാസിനീ ഏറ്റെടുക്കുക. അനുദിനമുള്ള ധ്യാനം, വി. കുർബാന, യാമപ്രാർത്ഥനകൾ, ആരാധന എന്നിവയിലൂടെ ഈ ദൗത്യനിർവഹണത്തിനുള്ള ശക്തി സമാഹരിക്കുന്നു. ദിവ്യകാരുണ്യ ഈശോയുടെ വ്യവസ്ഥയില്ലാത്ത കരുണാദ്രമായ സ്നേഹം കുട്ടികളിലേയ്ക്കും സഹപ്രവർത്തകരിലേയ്ക്കും പ്രസരിപ്പിച്ചുകൊണ്ട് അവരെ രൂപാന്തരപ്പെടുത്തി അനുദിന ജീവിതത്തിലെ ക്ലേശങ്ങൾ ഉത്ഥാനത്തിന്റെ പ്രതീക്ഷയിൽ സന്തോഷപൂർവ്വം സ്വീകരിക്കുവാൻ അദ്ധ്യാപകരായ സിസ്റ്റേഴ്സ് അവരെ പ്രേരിപ്പിക്കുന്നു.

ഇന്നത്തെ സാഹചര്യത്തിൽ ഒരു വീടിന്റെ അന്തരീക്ഷത്തിൽ ജീവിക്കുവാൻ പലകുട്ടികൾക്കും ആവുന്നില്ല. അതിനാൽ മാനുഷികമായും ആദ്ധ്യാത്മികമായും ഒരു at home feeling സംജാതമാക്കുവാനും അദ്ധ്യാപകരായ സിസ്റ്റേഴ്സ് ശ്രദ്ധിക്കുന്നു. ഒരു സ്ഥാപനമെന്നതിലുപരി ഒരു സമൂഹം എന്ന നിലയിലേയ്ക്കും വിദ്യാലയത്തെ പരിവർത്തനം ചെയ്യിക്കാനും ഈ സന്യാസിനീ സമൂഹം ഉത്സുകമാണ്.

രാഷ്ട്രത്തോടും രാഷ്ട്രീയാധികാരികളോടുമുള്ള ആദരവ് നിയമപാലനം, പൊതുനന്മയ്ക്കുവേണ്ടിയുള്ള പരിശ്രമങ്ങൾ, തൊഴിലിന്റെ മേന്മ എന്നിവകളെ പ്രോത്സാഹിപ്പിക്കുന്നു. " ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങൾ പരസ്പരം സ്നേഹിക്കണം" എന്ന ഈശോയുടെ സ്നേഹത്തിന്റെ പ്രമാണത്തെക്കുറിച്ചും ഈശോയുടെ സ്നേഹത്തിന്റെ ജീവിത ശൈലിയെക്കുറിച്ചും കുട്ടികൾക്കു ആഴമായ അവബോധം നൽകുവാനുള്ള വേദിയായി വിദ്യാഭ്യാസ മേഖലയെ ആരാധനാ സന്യാസിനികൾ കാണുന്നു. നേഴ്സറി വിദ്യാലയങ്ങൾ മുതൽ കലാലയങ്ങൾ വരെ സിസ്റ്റേഴ്സിന്റെ പ്രവർത്തന രംഗങ്ങളാണ് ദിവ്യകാരുണ്യ ആരാധന സഭയുടെ വിദ്യഭ്യാസ പ്രേഷിതത്വത്തെക്കുറിച്ചു ചിന്തിക്കുമ്പോൾ ഒരിക്കലും വിസ്മരിക്കാനാവാത്ത ഒരു വ്യക്തിയാണ് സമൂഹത്തിന്റെ പ്രഥമാംഗമായ മദർ. ഷന്താൾ. ആരാധനാ സമൂഹത്തിന്റെ അധീനതയിലുള്ള വാഴപ്പള്ളി, തുരുത്തി, മല്ലപ്പള്ളി തുടങ്ങിയ സ്ക്കൂളുകളുടെ സ്ഥാപനത്തിൽ മദർ ഷന്താൾ വഹിച്ച പങ്ക് നിർണ്ണായമാണ്. ചമ്പക്കുളം കല്ലൂർക്കാട്ട് ഇടവകാംഗമായ മദർ ഷന്താൾ (വല്ലയിൽ ഫിലോമിന) ആരാധനാ സന്യാസിനി സമൂഹ സ്ഥാപനത്തിൽ ദൈവദാസൻ തോമസ്സ് കുര്യാളശ്ശേരിയുടെ വലംകൈ ആയി പ്രവർത്തിച്ച വ്യക്തിയാണെന്നുള്ള യഥാർത്ഥ്യവും ഇവിടെ സ്മരിക്കട്ടെ.

ആതുര ശുശ്രൂഷാ രംഗത്തു ഈ സമൂഹം നിസ്തുലസേവനമർപ്പിക്കുന്നു. ഇവർ ക്രിസ്തു നാഥന്റെ സൗഖ്യദായകമായ കരസ്പർശം രോഗികൾക്കു അനുഭവവേദ്യമാക്കുന്നു. വരും കാലത്തെ മഹത്വത്തിനായി തങ്ങളുടെ ശാരീരിക മാനസ്സിക വേദനകളെ സ്വീകരിക്കുവാൻ രോഗികളെ തയ്യാറാക്കുന്നു.

ദുർഭഗരും അംഗവിഹീനരും സാധുക്കളും ബുദ്ധിമാന്ദ്യം സംഭവിച്ചവരുമായവരുടെ പക്ഷം ചേർന്ന് ക്രിസ്തീയ സ്നേഹത്തിന്റെ വക്താക്കളാകുവാൻ സിസ്റ്റേഴ്സ് തത്പരരാണ്. സാന്ത്വനത്തിനായി വീർപ്പുമുട്ടുന്ന അനാഥർക്കും ആലംബഹീനർക്കും സ്നേഹ സേവനം അർപ്പിക്കുന്ന വേദിയാണ് ഇവർ നടത്തുന്ന അനാഥാലയങ്ങളും ശിശുമന്ദിരങ്ങളും വൃദ്ധ സദനങ്ങളും.

സാമൂഹ്യ പ്രേഷിതരംഗത്തും മതാദ്ധ്യാപന രംഗത്തും ഇടവകകളിലും ഇവർ നിർണ്ണായക സ്വാധീനം ചെലുത്തുന്നുണ്ട്. ലോകത്തിലുള്ള എല്ലാ വസ്തുക്കളും എല്ലാ മനുഷ്യർക്കും വേണ്ടിയുള്ള ദൈവപിതാവിന്റെ ദാനമാണെന്നും ഏതാനും വ്യക്തികടേയും സമൂഹങ്ങളുടേയും കുത്തകയല്ലന്നും ഉള്ള ആഴമായ അവബോധത്തിലേയ്ക്ക് വ്യക്തികളേയും സമൂഹങ്ങളേയും നയിക്കുകയാണ് ആരാധനാ സന്യാസിനികളുടെ സാമൂഹ്യ



പ്രവർത്തനങ്ങളുടെ ലക്ഷ്യം. തങ്ങളുടെ പണം ആഡംബര വസ്തുക്കൾക്കായി ചിലവഴിക്കാതെ ആവശ്യത്തിലിരിക്കുന്ന സഹോദരങ്ങൾക്കു വേണ്ടി വിനിമയം ചെയ്യുവാനും സ്വന്തമായവ മറ്റുള്ളവർക്കു വേണ്ടി കൈവെടിയാനുമുള്ള ധീരതയും ഉദാരതയും ആർജ്ജിച്ചെടുക്കുവാൻ വ്യക്തികളെ സഹായിക്കുന്നു. ദരിദ്ര ജനങ്ങൾക്കു വേണ്ടിയുള്ള ക്ഷേമപ്രവർത്തനങ്ങൾക്കു രൂപം കൊടുക്കുവാൻ ഇതര സാമൂഹ്യ സംഘടനകളോടും പ്രസ്ഥാനങ്ങളോടും ആരാധനാസന്യാസിനീ സമൂഹവും സഹകരിക്കുന്നുണ്ട്.

അനുദിനം ചുറ്റുപാടും നടക്കുന്ന അധർമ്മങ്ങളിലേയ്ക്കും സാമൂഹ്യ വിരുദ്ധ പ്രവർത്തനങ്ങളിലേയ്ക്കും ശ്രദ്ധതിരുച്ചു വിധ്വംസ പ്രവർത്തനങ്ങൾക്കു എതിരായ മനോഭാവം ജനങ്ങളിൽ ഉളവാക്കുവാനും വിവിധ ഭക്തസംഘടനകളിലൂടെയും സഭാംഗങ്ങൾ ശ്രമിക്കുന്നു. ഇപ്രകാരം സാമൂഹ്യ പുനഃസൃഷ്ടിക്കുവേണ്ടിയുള്ള പരിയത്നങ്ങളിൽ ആരാധനാ സഭാംഗങ്ങൾ ഭാഗഭാക്കാകുന്നു. കുടുംബങ്ങളുടെ വിശുദ്ധീകരണം വഴി നാടിന്റെ വിശുദ്ധീകരണം സാദ്ധ്യമാക്കാനുപയുക്തമായ കർമ്മ പരിപാടികൾ സിസ്റ്റേഴ്സ് ഇടവക പ്രേഷിതരംഗത്ത് ആസൂത്രണം ചെയ്യുന്നു.

കാലത്തിന്റെ ആവശ്യങ്ങൾക്കനുസൃതമായി വിവിധ പ്രേഷിത രംഗങ്ങൾ ഏറ്റെടുക്കുന്നതിന് ആരാധനാസന്യസിനീ സമൂഹം ശ്രദ്ധിക്കുന്നു എന്നതിന്റെ തെളിവാണ് ആകാശപ്പറവകൾക്കു വേണ്ടിയുള്ള സേവനവും ജയിൽ പ്രേഷിതത്വവും. ഇപ്രകാരം സാമൂഹ്യ പുനഃസംഘടനയ്ക്കു വേണ്ടിയുള്ള പരിയത്നങ്ങളിൽ ആരാധനാ സഭാംഗങ്ങൾ ഭാഗഭാക്കാകുന്നു.

1968-ൽ സമൂഹത്തിന്റെ പ്രവർത്തനങ്ങളുടെ അംഗീകാരമെന്ന നിലയിൽ ആരാധനാസന്യാസിനീ സമൂഹം പെന്തിഫിക്കൽ പദവിയിലേയ്ക്ക് അവരോധിക്കപ്പെടുകയും ചെയ്തു.

ഉപസംഹാരം

ചങ്ങനാശ്ശേരി രൂപതയിലെ ക്രൈസ്തവ സമൂഹത്തിന്റെ ആശയാഭിലാഷങ്ങൾക്കും വിശുദ്ധ ജീവിതത്തിനും പാതവെട്ടിയൊരുക്കിയ ആദ്ധ്യാത്മികാചാര്യനും ക്രാന്തദർശിയുമായിരുന്നു ദൈവദാസൻ തോമസ് കുര്യാളശ്ശേരി. കാൽ നൂറ്റാണ്ടുകാലം കൊണ്ട് വൈവിധ്യമാർന്ന പ്രവർത്തന മേഖലകളിൽ ജനോപകാരപ്രദമായ പരിപാടികൾ ആസൂത്രണം ചെയ്തു നടപ്പിലാക്കിയ കർമ്മയോഗി. ജാതി ചിന്തകൾക്കും സങ്കുചിത മനോഭാവങ്ങൾക്കു അതീതമായ ഒരു പുത്തൻ സമൂഹ്യവ്യവസ്ഥിതി പടുത്തുയർത്തുവാൻ വേണ്ട ഹൃദയ വിശാലത ജീവിതത്തിലുടെനീളം പ്രകടിപ്പിച്ച ത്യാഗിവര്യൻ. ആധുനിക കൃഷിരീതികൾ അവലംബിച്ചും കുടിൽ വ്യവസായങ്ങളിലും കൈത്തൊഴിലുകളിലും ഏർപ്പെട്ടും സാമ്പത്തിക ഭദ്രത കൈവരിക്കുവാൻ ജനങ്ങളെ സഹായിച്ച സാമൂഹ്യ സ്നേഹി.

സമൂഹ ഗാത്രത്തെ വികലമാക്കുന്ന മദ്യപാനം, ചൂതുകളി, ധൂർത്ത്, ആഡംബരഭ്രമം, വ്യവഹാരചിന്ത ജാതിസ്പർദ്ധ തുടങ്ങിയവയെ നിർമൂലനം ചെയ്തും ക്രൈസ്തവ ശിക്ഷണം നൽകിയും സഭാഗാത്രത്തിനു സുന്ദരമായ രൂപഭാവങ്ങൾ നൽകുവാനുള്ള യത്നങ്ങൾ 'സാമൂഹ്യ പരിഷ്കർത്താവ്' എന്ന പദവിയിലേയ്ക്ക് അദ്ദേഹത്തെ ഉയർത്തുന്നു. പീഡനത്തിന്റെയും ചൂഷണത്തിന്റെയും ദാരിദ്ര്യത്തിന്റെയും പിടിയിൽ നിന്ന് ദളിത് ക്രൈസ്തവർക്ക് വിമോചനം നൽകുവാനുള്ള കുര്യാളശ്ശേരി പിതാവിന്റെ സമഗ്ര വിമോചന പ്രക്രിയ തലമുറകളിലൂടെ തുടർന്ന് ഇന്ന് വിജയം ദർശിച്ചുകൊണ്ടിരിക്കുകയാണ്.

വി. കുർബാനയിൽ കേന്ദ്രീകൃതമായ ഒരു ആദ്ധ്യാത്മികതയെ കേരള ക്രൈസ്തവർക്കു പരിചിതമാക്കിയ ദിവ്യകാരുണ്യ ഭക്തനാണ് കുര്യാളശ്ശേരിപ്പിതാവ്. വി. കുർബാനയുടെ ഉപാസകനായിരുന്ന അദ്ദേഹം വി. കുർബാനയുടെ സന്നിധിയിൽ ചെലവഴിച്ച നിമിഷങ്ങൾ അമൂല്യങ്ങളായി കരുതി. ദിവ്യകാരുണ്യ ഈശോയുമായുള്ള വ്യക്തി ബന്ധത്തിൽ നിന്നും കരഗതമായ ആത്മീയോർജ്ജത്തിന്റെ വിനിമയത്തിലൂടെ ഒരു നവയുഗപ്പിറവിക്കു വേണ്ടിയുള്ള യത്നങ്ങളിൽ ഭാഗഭാക്കാകാനും ലോക പാപങ്ങൾക്കു വേണ്ടി പരിഹാരം അനുഷ്ഠിക്കാനും വേണ്ടി വി. കുർബാനയുടെ ആരാധനാസന്യാസിനീ സമൂഹത്തിനു അദ്ദേഹം രൂപം കൊടുത്തു.

ദൈവത്തിനും മനുഷ്യർക്കും വേണ്ടി സ്നേഹപുഷ്കലമായ ജീവിതം നയിച്ചു ചുറ്റുപാടും പരിശുദ്ധിയുടെ പരിമളം പരത്തിയ ദൈവദാസൻ തോമസ് കുര്യാളശ്ശേരി മനുഷ്യ ഹൃദയങ്ങളിൽ എന്നും ജീവിക്കും. വിശുദ്ധിയുടെ പ്രചോദകനായി. കഴിവതും വേഗം അദ്ദേഹം വിശുദ്ധരുടെ ഗണത്തിലേയ്ക്ക് ഉയർത്തപ്പെടുമെന്നു നമുക്കു പ്രതീക്ഷിക്കാം. പ്രാർത്ഥിക്കാം.





ബഹുമാനപ്പെട്ട പോരൂക്കര മൽപാനച്ചന്റെ സ്വഭാവസവിശേഷതകൾ

മാർ ഗ്രേഷ്യൻ മുണ്ടാടൻ CMI

സി . എം . ഐ. സഭയാണ് ഇന്ത്യയിൽ ആദ്യമായി ആരംഭിച്ച ക്രിസ്ത്യൻ സന്യാസ സഭ. ആ സഭ ഇന്നു വളരെയേറെ വളർന്ന് ഇന്ത്യയും കടന്ന് വിദേശരാജ്യങ്ങളിലും സേവനം ചെയ്യുന്നു. സി.എം.ഐ. സഭ സ്ഥാപിച്ചതിനുശേഷം കേരളത്തിൽ തന്നേ അനേകം സന്യാസ സഭകൾ സ്ഥാപിതമായിട്ടുണ്ട്. ഈ സന്യാസ സഭകളുടെ ആരംഭത്തിനെല്ലാം പ്രേരകശക്തിയായി ബഹുമാനപ്പെട്ട പോരൂക്കരയച്ചനെ കരുതാവുന്നതാണ്. ഭാരതത്തിലും വിദേശങ്ങളിലും സേവനമനുഷ്ഠിച്ചിരുന്ന വിദേശസന്യാസ സഭകൾ കത്തോലിക്കാസഭയ്ക്കും സമുദായത്തിനും നൽകിയിട്ടുള്ള സേവനങ്ങൾ എത്ര വിലപ്പെട്ടതാണെന്ന് പോരൂക്കരയച്ചൻ മനസിലാക്കിയിരുന്നു. അതുകൊണ്ടാണ് വൈദീകർക്കുവേണ്ടിയെങ്കിലും ഒരു സന്യാസ സഭ ഉണ്ടാകണമെന്ന് ആഗ്രഹിക്കുകയും അതിനുവേണ്ടി പ്രേരണചെലുത്തുകയും ചെയ്തത്. പാലയ്ക്കൽ തോമാ മൽപാൻ, പോരൂക്കര തോമ്മാ മൽപാൻ, കണിയാന്തറയാക്കോബു സഹോദരൻ എന്നിവരുടെ സ്വപ്നങ്ങൾക്ക് രൂപവുംഭാവവും പിന്നീടുനൽകിയത് വാഴ്ത്തപ്പെട്ട ചാവറ കുര്യാക്കോസ് ഏലീയാസച്ചൻ ആയിരുന്നുവെങ്കിലും യഥാർഥത്തിൽ സി.എം.ഐ. സഭയ്ക്ക് ബീജാവാപം ചെയ്തത് പോരൂക്കര മൽപാനച്ചനായിരുന്നു. അദ്ദേഹത്തിന്റെ സ്വപ്നങ്ങൾ എത്രമാത്രം സഫലമായി എന്നുള്ളത് ഇന്നു നമ്മുടെ ഇടയിൽ പ്രവർത്തിക്കുന്ന സന്യാസ സഭാംഗങ്ങൾ സഭയ്ക്കും സമുദായത്തിനും നൽകുന്ന വിലപ്പെട്ട സേവനങ്ങളിൽ നിന്നും വ്യക്തമാണ്. അത്രയേറെ ദീർഘവീക്ഷണത്തോടുകൂടി ദൈവഹിതം നടപ്പിലാക്കുവാൻ ബുദ്ധിമുട്ടിയ ആളായിരുന്നു ബഹുമാനപ്പെട്ട പോരൂക്കര മൽപാനച്ചൻ.


പോരുക്കര മല്പാനച്ചന്റെ ജീവിതചരിത്രം പരിശോധിച്ചാൽ സന്യാസ ജീവിതത്തിനുള്ള താല്പര്യം ജനിച്ചതുതന്നേ അദ്ദേഹത്തിന്റെ പിതാവിൽ നിന്നാണെന്ന് മനസ്സിലാക്കാം. മൂത്തമകനെ ഒരു വൈദീകനാക്കിതീർക്കുക എന്നുള്ള ആഗ്രഹത്താൽ സന്യാസമെന്നത് വേണ്ട വിധത്തിൽ മനസ്സിലാക്കിയിട്ടാണോ എന്നറിയില്ല, സന്യാസ രീതിയിലുള്ള ഒരു ജീവിതം നയിക്കുന്നതിന് മക്കൾക്ക് പ്രേരണ നൽകിയത് ആ പിതാവാണ്. ഇങ്ങനെ തദ്ദേശ സന്യാസ സഭകൾക്ക് ആരംഭംകുറിച്ചത് ഈ ചമ്പക്കുളത്താണ് എന്നത് അഭിമാനകരമാണ്.

പോരുക്കര മല്പാനച്ചൻ എന്നും സഭാ അധികാരികളോട് വിധേയത്വമുള്ളവനായിരുന്നു. തന്റെ ചിരകാലഭിലാഷമായിരുന്ന ആശ്രമത്തിന്റെ പണികൾ തകൃതിയായി മാന്നാനത്ത് നടക്കുമ്പോൾ പോരുക്കരയച്ചനെയും ചാവറയച്ചനെയും ദൂരസ്ഥലങ്ങളിൽ പള്ളിവികാരിമാരായി മെത്രാനച്ചൻ സ്ഥലംമാറ്റി. തങ്ങളുടെ അസാനിദ്ധ്യം ആശ്രമപണികൾക്ക് തടസ്സമാക്കുമെന്ന് അറിഞ്ഞിട്ടുപോലും ദൈവഹിതത്തിനു വിധേയരായി അധികാരികളുടെ കല്പനകൾക്ക് കീഴ്വഴങ്ങി ആ നിയമനങ്ങൾ സ്വീകരിച്ചു. ദൈവപരിപാലനയിൽ തന്റെ ആഗ്രഹങ്ങൾ സഫലമാകുമെന്ന് ആദ്ദേഹം വിശ്വസിച്ചു.

അന്യമതങ്ങളോട് എന്നും ബഹുമാനത്തോടെയാണ് പോരുക്കരയച്ചൻ പെരുമാറിയിട്ടുള്ളത്. സന്യാസ സഭ സ്ഥാപിക്കുന്നതിനുള്ള അദ്ദേഹത്തിന്റെ പരിശ്രമങ്ങൾക്ക് അന്യമതസ്തരുടെ സഹായമുണ്ടായിരുന്നു. മാന്നാനത്ത് അദ്ദേഹത്തെ സഹായിക്കുവാൻ ഹിന്ദുക്കളും മുസ്ലിംമുകളുമുണ്ടായിരുന്നു. സന്യാസാശ്രമത്തിനായി ആദ്യം ഉദ്ദേശിച്ചിരുന്ന സ്ഥലം ഹൈന്ദവരുടെ വികാരത്തെ മാനിച്ച് അദ്ദേഹം ഉപേക്ഷിച്ച് ഇന്നുള്ള മാന്നാനം കുന്ന് തെരഞ്ഞെടുക്കുകയുണ്ടായി.

(സെമിനാറിൽ ചെയ്ത ഉദ്ഘാടന പ്രസംഗം)







ജീവിതം തന്നെ സന്ദേശം

ജേക്കബ് തോമസ് തയ്യിൽ

19-ാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ ജനിച്ച് 46 വർഷം മാത്രം ജീവിച്ച പോരൂക്കര തോമ്മാമല്പാനച്ചന്റെ 150-ാം ചരമ വാർഷികം 21-ാം നൂറ്റാണ്ടിനോടടുക്കുന്ന ഈ സന്ദർഭത്തിൽ ആചരിക്കുന്നതിലെന്താണു പ്രസക്തി. ചരിത്രത്തിന്റെ കുപ്പത്തൊട്ടിയിലെ മാണിക്യത്തെ കണ്ടെത്തി എന്നു വേണം കരുതാൻ. 46 വർഷം വളരെ ചെറിയൊരു കാലയളവാണ്. എന്നാൽ എത്ര കാലം ജീവിച്ചു എന്നതല്ല, എങ്ങനെ ജീവിച്ചു എന്നതാണ് പ്രധാനം.

23-ാം മത്തെ വയസ്സിൽ വൈദികനായ അദ്ദേഹം ചമ്പക്കുളം പള്ളി വികാരിയായി നിയമിതനായി. പള്ളിയിൽ ഗായകസംഘം രൂപീകരിക്കുകയും വിശുദ്ധ കുർബാന മദ്ധ്യേ പ്രസംഗം എന്ന സമ്പ്രദായം ആരംഭിക്കുകയും വിശുദ്ധ യൗസേഫിനോടുള്ള ഭക്തി പ്രചരിപ്പിക്കുകയും ചെയ്ത അദ്ദേഹം ഇവിടുത്തെ ആദ്ധ്യാത്മിക നവോത്ഥാനത്തിനു തുടക്കം കുറിച്ചു. ഒന്നര നൂറ്റാണ്ടിനു ശേഷവും കല്ലൂർക്കാട് പള്ളിയിൽ മാത്രമല്ല, വ്യാപകമായി ഈ സമ്പ്രദായങ്ങൾ ഇന്നും നിലനിൽക്കുന്നുവെന്നുള്ളത് ശ്രദ്ധേയമാണ്.

രണ്ടു വർഷത്തിനു ശേഷം തങ്കശ്ശേരി പുത്തൻപള്ളിയിൽ വികാരിയായ അദ്ദേഹം അവിടെയും തനതായ ഒരു വ്യക്തി മുദ്ര പതിപ്പിച്ചു. അദ്ദേഹത്തിന്റെ ആദ്ധ്യാത്മിക തേജസ്സ് എത്തിച്ചേരാത്ത വിഭാഗമില്ല എന്നു തന്നെ പറയാം. ഏറ്റവും നല്ല ഉദാഹരണം ഭിക്ഷക്കാരോടുള്ള അദ്ദേഹത്തിന്റെ സമീപനമാണ്. ഭിക്ഷക്കാർക്ക് ഉപദേശം കൊടുക്കുകയും ദേവാലയത്തിൽ അവരോടൊപ്പം പ്രാർത്ഥനയിൽ വളരെ സമയം ചിലവഴിക്കുകയും ചെയ്തിരുന്നു. ഭിക്ഷ കൊടുക്കുന്നതു തന്നെ വലിയ കാര്യമായിക്കരുതുന്ന നമുക്ക് ഒരുജ്ജ്വല മാതൃകയായിരുന്നു അദ്ദേഹമിവിടെ.


സി.എം.ഐ. സഭയുടെ സ്ഥാപനത്തിനു നേതൃത്വം കൊടുത്ത അദ്ദേഹത്തിന്റെ അത്യുദ്ധാനം അളന്നു തിട്ടപ്പെടുത്താനാവാത്തതാണ്. അദ്ദേഹത്തിന്റെ പ്രവർത്തനങ്ങളിൽ കാണുന്ന പ്രത്യേകത ചുരുങ്ങിയ സമയം കൊണ്ട് കൂടുതൽ ചെയ്യുന്നുവെന്നു മാത്രമല്ല; പുതിയ പന്ഥാവ് വെട്ടിത്തെളിക്കുവാൻ അദ്ദേഹം ശ്രദ്ധിക്കുകയും അതിൽ വിജയിക്കുകയും ചെയ്തിരുന്നുവെന്നതു കൂടിയാണ്. ചരിത്രത്തിൽ സ്ഥാനം പിടിക്കുന്നവർ ഇങ്ങനെയുള്ളവരാണ്.

അദ്ദേഹത്തിന്റെ ആദ്ധ്യാത്മിക സന്ദേശം ആ ജീവിതം തന്നെയാണ്. സ്വയം ആദ്ധ്യാത്മികതയെ പുണർന്നതോടൊപ്പം തന്നെ മറ്റുള്ളവരുടെ ആദ്ധ്യാത്മിക വളർച്ചയ്ക്കു വേണ്ടിയും അദ്ദേഹം പ്രവർത്തിച്ചു. ആ ജീവിതത്തിൽ നിന്നും നമുക്ക് ലഭിക്കുന്ന ആദ്ധ്യാത്മിക സന്ദേശം മറ്റുള്ളവർക്കു വേണ്ടി ജീവിക്കുക, അതിലപ്പുറം ഒരാദ്ധ്യാത്മികതയില്ല എന്നുള്ളതാണ്. ക്രിസ്തുനാഥനും ഇതുതന്നെയാണല്ലോ പഠിപ്പിക്കുന്നത്. അതുകൊണ്ടു തന്നെ അദ്ദേഹത്തിന്റെ സന്ദേശത്തിന് എല്ലാക്കാലത്തും പ്രസക്തിയുണ്ടാകും.

കാലഘട്ടത്തിന്റെ ചലനചൈതന്യമെന്നൊക്കെ നാം പലരേയും വിശേഷിപ്പിക്കാറുണ്ട്. അതൊരു ആലങ്കാരിക ഭാഷാപ്രയോഗമാണ്, പലപ്പോഴും. പക്ഷേ പോരൂക്കര തോമ്മാമല്പാനച്ചന്റെ കാര്യത്തിൽ ഇത് വാച്യാർത്ഥത്തിൽ തന്നെ ശരിയാണ്.

❖ ❖ ❖ ❖ ❖





കുട്ടനാട്ടിലെ ക്രിസ്തീയ സമൂഹവും മതസൗഹാർദ്ദവും - ചരിത്രങ്ങളിൽ


പ്രൊഫ: അമ്പലപ്പുഴ ഗോപകുമാർ

ക്രിസ്തുവർഷം 427-ാ മാണ്ട് കല്ലൂർക്കാട്ട് ദേവാലയം സ്ഥാപിതമായി എന്നാണ് ചരിത്രം ഉൽഘോഷിക്കുന്നത്. 1500 വർഷത്തിലേറെ പഴക്കമുള്ള ദേവാലയത്തിന് മതസൗഹാർദ്ദതയുടെ കഥകളാണ് നമ്മോടു പറയുവാനുള്ളത്. ഈ ദേവാലയത്തിന്റെ സ്ഥാപനത്തിലും സുസ്ഥിതിയിലും അമ്പലപ്പുഴ രാജകുടുംബത്തിനുണ്ടായിരുന്ന താല്പര്യം വളരെ സുവിദതമാണ്. ചമ്പക്കുളം വള്ളംകളി വീക്ഷിക്കുവാൻ ചെമ്പകശ്ശേരി രാജാവ് കല്ലൂർക്കാട് പള്ളിമേടയിൽ എഴുന്നുള്ളിയിട്ടുണ്ട് എന്നുള്ളത് ഒരു ചരിത്രസത്യമാണ്. മൂലം വള്ളംകളിയുടെ ഉൽഭവം തന്നേ അമ്പലപ്പുഴ ശ്രീകൃഷ്ണസ്വാമി ക്ഷേത്രവുമായി ബന്ധപ്പെട്ടതാണ്. അമ്പലപ്പുഴ രാജകൊട്ടാരത്തിൽ വിലാമംഗലം സ്വാമിയെ താമസിപ്പിക്കുന്ന കാലം. ഒരു ദിവസം എവിടെ നിന്നോ കർണ്ണാനന്ദകരമായ ഒരു വേണുഗാനം അദ്ദേഹം ശ്രവിച്ചു. പുറത്തിറങ്ങി ശ്രദ്ധിച്ച സ്വാമിയാർക്ക് ആ ഗാനം ഒരു ആൽമരത്തിൻ മുകളിൽ നിന്നാണെന്ന് മനസ്സിലായി. പൊന്നോടകുഴൽ വായിക്കുന്ന ഭഗവാൻ ശ്രീകൃഷ്ണന്റെ നയനാഭിരാമമായ വിഗ്രഹവും അദ്ദേഹം ദർശിച്ചു. സ്വാമിയാർ ഉടൻ തന്നെ മഹാരാജാവിനെ മുഖം കണ്ട് അവിടെ ഭഗവാൻ ശ്രീകൃഷ്ണന്റെ സാന്നിധ്യമുള്ള സ്ഥലമാണെന്നും. ആ സ്ഥലത്ത് ഉടൻതന്നെ ഒരു ക്ഷേത്രം പണിക്കഴിപ്പിച്ച് ഭഗവാൻ ശ്രീകൃഷ്ണന്റെ വിഗ്രഹം പ്രതിഷ്ഠിക്കണമെന്നും നിർദ്ദേശിച്ചു. ക്ഷേത്രം പണിക്കുള്ള ഉത്തരവുകൾ രാജാവ് ഉടൻതന്നെ നൽകുകയും താമസം വിനാ ക്ഷേത്രംപണിപൂർത്തിയാക്കുകയും പ്രതിഷ്ഠക്കുള്ള വിഗ്രഹം തയ്യാറാക്കുകയും ചെയ്തു. എന്നാൽ തന്ത്രിമുഖ്യനായ പുതുമന നമ്പൂതിരി വിഗ്രഹം അശുദ്ധമാണെന്നും പ്രതിഷ്ഠയോഗ്യമല്ലെന്നും കണ്ടെത്തി. പക്ഷേ തെക്കേടത്ത് ഭട്ടതിരിപ്പാട് വിഗ്രഹം ശുദ്ധമാണെന്നും വാദിച്ചു. തർക്കം മൂത്ത് തന്റെ വാദം ശരിയാണെന്ന് പുതുമന നമ്പൂതിരി സ്ഥാപിച്ചു. വിഗ്രഹത്തിന്റെ വയർ ഭാഗം പൊട്ടിച്ചപ്പോൾ അതിൽ നിന്നും ഒരു തവളയും കുറേ വെള്ളവും പുറത്തേയ്ക്ക് ചാടി. എല്ലാം അശുദ്ധമായി പ്രതിഷ്ഠ മുഹൂർത്തതിനു നടക്കണം രാജാവിന് ദു:ഖവും പരിഭ്രമവും ഉണ്ടായി. പ്രശ്നക്കാരെ വരുത്തി പ്രശ്നം വച്ചു. കുറിച്ചികരിങ്കുളം ക്ഷേത്രത്തിലെ പാർത്ഥസാരഥി വിഗ്രഹം ഇവിടെ പ്രതിഷ്ഠിക്കേണ്ടതാണെന്ന് തെളിഞ്ഞു. പക്ഷേ എങ്ങനെ വിഗ്രഹം അമ്പലപ്പുഴ എത്തിക്കും. മന്ത്രിമുഖ്യൻ പാറയിൽ മേനവൻ മുഹൂർത്തത്തിനുമുൻപ് വിഗ്രഹം എത്തിച്ചുകൊള്ളാമെന്ന് ഉറപ്പു കൊടുത്തു. അദ്ദേഹം ഏതാനും സഹായികളുമായി കുറിച്ചിയിലെത്തി അവിടുത്തെ ആളുകളെ വശത്താക്കി വിഗ്രഹം കൈക്കലാക്കി വേഗം അമ്പലപ്പുഴയ്ക്കു പുറപ്പെട്ടു. ചമ്പക്കുളത്തുവന്നപ്പോൾ നേരം സന്ധ്യയായി. കല്ലൂർക്കാട്ടു പള്ളിക്കാരുടെ സഹായത്താൽ വിഗ്രഹം മാപ്പിളശ്ശേരിയിൽ ഇറക്കിവച്ച് പൂജകൾ നടത്തി. രാജാവും പരിവാരങ്ങളും വിവരമറിഞ്ഞ് ചമ്പക്കുളത്തെത്തുകയും നാനജാതിമതസ്ഥരായ ചമ്പക്കുളത്തുകാരുടെ സഹകരണത്തിൽ അനേകം കളിവള്ളങ്ങളുടെ അകമ്പടിയോടെ വിഗ്രഹം അമ്പലപ്പുഴയ്ക്ക് ജലഘോഷയാത്രയായി കൊണ്ടുപോയി. ഈ സംഭവം നടന്നത് ഒരു മിഥുനമാസത്തിലേ മൂലം നക്ഷത്രത്തിലാണ്. തുടർന്നുള്ള വർഷങ്ങളിൽ ഇതിന്റെ ഓർമ്മയ്ക്കായി മിഥുനമാസത്തിലെ മൂലം നക്ഷത്രത്തിൽ ചമ്പക്കുളം വള്ളംകളി നടത്തിവരുന്നു. കല്ലൂർക്കാട്ടു പള്ളിയിൽ നിന്നും കൊടിയും കയറും നൽകുകയും അന്നേദിവസം പള്ളിയിൽ നിന്നും വെടിവെപ്പിന്നുള്ള ഏർപ്പാടുകൾ ചെയ്യുകയും ചെയ്യുന്നു. ഇവിടുത്തെ ഈഴവതറവാടായ ചെമ്പാപ്പള്ളികുടുംബത്തിലെ കാരണവർ പള്ളിയിൽ നിന്നും കൊടി ഏറ്റുവാങ്ങി മാളിയേയ്ക്കൽ കടവിൽ സ്ഥാപിക്കണമായിരുന്നു

അമ്പലപ്പുഴ ക്ഷേത്രത്തിലെ ഉത്സവത്തിന്റെ നടത്തിപ്പിൽ ഒരു തോമ്മാ കത്തനാരുടെയും മാത്തൂതരകന്റെയും സഹകരണമുണ്ടായിരുന്നു എന്ന് ക്ഷേത്രരേഖകളിൽ കാണുന്നു. ഉത്സവത്തിനാവശ്യമായ പല സാധനങ്ങളും ക്ഷേത്രത്തിൽ എത്തിക്കേണ്ടത് അവരുടെ ചുമതലയിലായിരുന്നു.

നാരായണീയ കർത്താവായ മേല്പത്തൂർ നാരായണ ഭട്ടതിരിക്കും തുള്ളൽകഥാചര്യൻ കുഞ്ചൻനമ്പ്യാർക്കും തുഞ്ചത്ത് രാമനുജൻ എഴുത്തഛനും വർഷങ്ങളോളം ആഥിത്യമരുളിയ ദേവനാരായണന്റെ ചെമ്പകശ്ശേരി രാജ്യം സമ്പന്നതയിലും സംസ്ക്കാരത്തിലും ഉന്നതിയിലായിരുന്നു എന്നുള്ളത് ചരിത്രസത്യമാണ് . ആ രാജ്യത്തെ പ്രധാന കമ്പോളമായിരുന്നു ഈ കല്ലൂർക്കാട്ടങ്ങാടി. ചെമ്പകശ്ശേരി രാജ്യത്തെ സാമ്പത്തിക സാംസ്ക്കാരിക രംഗങ്ങളിൽ കല്ലൂക്കാട്ടെ ക്രീസ്തീയ സമൂഹം നിർണ്ണായക സ്വാധീനം ചെലുത്തിയിരുന്നു എന്ന് ഇതിൽ നിന്നും അനുമാനിക്കാവുന്നതാണ്.

ഈ നാട് മതസൗഹാർദ്ദത്തിന്റെയും സമൂഹ കൂട്ടായ്മയുടെയും ഉത്തമോദാഹരണമായിരുന്നുവെന്ന് ചരിത്രം നമ്മെ പഠിപ്പിക്കുന്നു. നമുക്ക് ഈ പാഠം ഉൾക്കൊണ്ടുകൊണ്ട് സഹിഷ്ണതയിലും കൂട്ടായ്മയിലും ജീവിക്കാം.



കുട്ടനാടൻ ജനതയുടെ മതസഹിഷ്ണുത

(ഉപപ്രഭാഷണം)

പ്രൊഫ: വി. ഗോപാലകൃഷ്ണക്കുറുപ്പ്

കുട്ടനാടൻ കർഷകന് കൃഷിയാവശ്യത്തിന് മങ്കൊമ്പിൽ സ്വാമിമാർ സാമ്പത്തിക സഹായം നൽകിയിരുന്ന ഒരു കാലമുണ്ടായിരുന്നു. ഇന്ന് അവരുടെ സ്ഥാനത്ത് അനേകം സഹകരണ സ്ഥാപനങ്ങൾ മിതമായ പലിശയ്ക്ക് കർഷകന് സാമ്പത്തിക സഹായം നൽകുന്നു എന്നത് സാമ്പത്തിക രംഗത്തുണ്ടായ ഒരു വലിയ പരിവർത്തനമാണ്. ഇത് സാദ്ധ്യമായത് പരസ്പരം സഹകരിച്ചും സഹായിച്ചും ജീവിക്കുവാൻ പ്രേരിക്കപ്പെട്ട ഒരു സമൂഹമാണ് കുട്ടനാടൻ ജനത എന്നുള്ളതുകൊണ്ടാണ്.

കേരളത്തിന്റെ ചരിത്രം പരിശോധിച്ചാൽ ഏറ്റം സംസ്കാര സമ്പന്നമായ ഒരു സമൂഹം കുട്ടനാട്ടിലെ ജനസമൂഹമാണെന്നും കാണാം. 1981 ലെ സെൻസസ് അനുസരിച്ച് ഏറ്റം സാക്ഷരതയുള്ള പ്രദേശം കുട്ടനാട് താലൂക്കാണ്. വിദ്യാഭ്യാസപരമായി മുൻപന്തിയിൽ നിന്ന ഈ പ്രദേശം മറ്റ് സാംസ്കാരിക രംഗങ്ങളിലും മുൻപന്തിയിൽ തന്നെയായിരുന്നു . ജാതി-മത ചിന്തകൾക്കതീതമായി അന്യോന്യം സ്നേഹിച്ചും സഹകരിച്ചും കഴിഞ്ഞിരുന്ന ഒരു സമൂഹമായിരുന്നു ഇവിടെ ഉണ്ടായിരുന്നത്. കല്ലൂർക്കാട് പള്ളിയുടേയും, എടത്വാ പള്ളിയുടേയും സ്ഥാപന ചരിത്രങ്ങൾ അതാണ് നമ്മോട് പറയുന്നത്. വിദേശാധിപത്യം വർഗീയതക്ക് വഴി തുറക്കുകയും, വളം വയ്ക്കുകയും ചെയ്തപ്പോഴും കേരളത്തെപ്പോലെയുള്ള പ്രദേശങ്ങൾ അതിൽ നിന്നെല്ലാം മാറിനിന്നിരുന്നു. മതസൗഹാർദം നിലനിർത്തുന്നതിൽ നമ്മുടെ പൂർവ്വീകന്മാർ ശ്രദ്ധാലുക്കളായിരുന്നു. ബഹു: പോരൂക്കര തോമ്മാ മല്പാനച്ചൻ അക്കാര്യത്തിൽ ശ്രദ്ധാലുവായിരുന്നുവെന്ന് അദ്ദേഹത്തിന്റെ ജീവിത ചരിത്രം വ്യക്തമാക്കുന്നു. അദ്ദേഹം സ്ഥാപിച്ച സന്യാസ സഭ വിദ്യാഭ്യാസം, ആതുരശുശ്രൂഷ മുതലായ രംഗങ്ങളിൽ ചെയ്യുന്ന സേവനം മഹത്തരമാണ് .

ഈ സഭയ്ക്ക് തുടക്കം കുറിച്ചത് ക്രാന്തദർശിയായ കല്ലൂർക്കാട്ട്കാരനായ പോരൂക്കര തോമ്മാ മല്പാനച്ചൻ ആയിരുന്നു എന്നുള്ളത് അഭിമാനാർഹമാണ്. കേരളത്തിൽ നല്ല ശതമാനം ക്രൈസ്തവരുണ്ട്. കേരളത്തിലെ ക്രൈസ്തവ സഭകൾ യോജിച്ച് പ്രവർത്തിക്കുവാൻ കഴിയുന്ന മേഖലകൾ ഉണ്ടാക്കണം. കേരള ക്രൈസ്തവരുടെ ആചാരനുഷ്ഠാനങ്ങളിൽ ഹൈന്ദവ സ്വാധീനങ്ങൾ ധാരാളം കാണാം. ഇത് പരസ്പരം ബഹുമാനത്തോടും, സ്നേഹത്തോടും, സഹകരണത്തോടും വിവിധ സമുദായങ്ങൾ ഇവിടെ കഴിഞ്ഞിരുന്നു എന്നുള്ളതിന് ഉദാഹരണമാണ്. വധൂവരന്മാർ വിവാഹ വേദിയിലേയ്ക്ക്പ്രവേശിക്കുന്നതിന് മുൻപ് ഗുരുദക്ഷിണ കൊടുക്കുക, ശുഭമൂഹൂർത്തങ്ങളിലും, ശൂഭാരംഭങ്ങൾ കുറിക്കാനും നിലവിളക്ക് കൊളുത്തുക എന്നിവ ചിലതു മാത്രമാണ്.

കാല പ്രവാഹത്തിൽ ഈ പരസ്പര ബഹുമാനവും, സ്നേഹവും, സഹകരണവും, സഹായവും കുട്ടനാട്ടുകാർ മറക്കാതിരിക്കട്ടെ.

★ ★ ★ ★ ★





ചരിത്രാവബോധം വളർത്തിയെടുക്കണം.

(വി.വി. ഗ്രിഗരി വൈപ്പംമഠം)


ചമ്പക്കുളം എന്നാൽ ചമ്പ്-മാംസം- ആ കുളത്തിൽ എന്ന് ഹാസ്യരൂപേണയെങ്കിലും അഭിപ്രായപ്പെടുന്നവരുണ്ട്. ഇവിടം ആദിവാസികേന്ദ്രമായിരുന്നു എന്നും പിൽക്കാലത്ത് സംസ്ക്കാരത്തിലും സമ്പത്തിലും ഉന്നതിനേടിയതാണെന്നും ധ്വനി. ചമ്പക്കുളം എന്ന പേര് ചെമ്പകശ്ശേരി രാജ്യവുമായി ബന്ധപ്പെട്ടുണ്ടായതാണെന്നും അഭിപ്രായമുണ്ട്. അമ്പലപ്പുഴ രാജാക്കന്മാരുടെ പ്രധാനയാന പാത്രം ചെമ്പ എന്നാണ് അറിയപ്പെട്ടിരുന്നത്. അവ സൂക്ഷിച്ചിരുന്ന സ്ഥലം- കുളം ഇവിടെയായിരുന്നു. അങ്ങനെ ഈ സ്ഥലം ചെമ്പക്കുളമെന്നും പിൽക്കാലങ്ങളിൽ ചമ്പക്കുളമെന്നും അറിയപ്പെട്ടു. വലിയ ചരിത്ര പാരമ്പര്യമവകാശപ്പെടുന്ന നമുക്ക് ഈ പാരമ്പര്യമുണ്ടോ? കേരള ചരിത്ര ഗ്രന്ഥങ്ങളിൽ ചമ്പക്കുളത്തെക്കുറിച്ച് കാര്യമായ പരാമർശനങ്ങൾ ഒന്നുമില്ല. ചമ്പക്കുളം വള്ളംകളിയുമായി ബന്ധപ്പെടുത്തി ചില പരാമർശനങ്ങളൊഴിച്ചാൽ ഇതിനെല്ലാം കാരണം നാം ചരിത്ര രേഖകൾ എഴുതി സൂക്ഷിക്കാറില്ലായിരുന്നു എന്നതാണ്. ഏ.ഡി. 1500 നുശേഷമുള്ള പാരമ്പര്യത്തിനെ ആധികാരികതയുള്ളു. അതിനുമുമ്പുള്ളവ കേട്ടുകേൾവിയെ അടിസ്ഥാനപ്പെടുത്തിയുള്ളതാണ്.


ചമ്പക്കുളത്തെ ക്രൈസ്തവ സമൂഹത്തിന്റെ പാരമ്പര്യം എന്താണ്? 16-ാം നൂറ്റാണ്ടിനു മുമ്പുള്ള ചരിത്രത്തെക്കുറിച്ച് വസ്തു നിഷ്ഠമായ രേഖകൾ ഇപ്പോൾ നമ്മുടെ കൈവശമില്ല. ഇന്നാട്ടിൽ സുദൃഢമായ സമുദായ സൗഹാർദ്ദം നിലനിന്നിരുന്നു. കല്ലൂർക്കാട്ടു പള്ളിയിലെ തിരുനാളിന് അന്യസമുദായാംഗങ്ങൾ പങ്കെടുക്കുകയും ഓട്ടൻ തുള്ളൽ മുതലായ കലാ പ്രകടനങ്ങൾ തിരുനാളിനോടനുബന്ധിച്ച് നടത്തുകയും ചെയ്തിരുന്നു. അമ്പലപ്പുഴ ക്ഷേത്രത്തിന്റെയും ചെമ്പകശ്ശേരി രാജാവിന്റെയും പ്രതിനിധികൾ കല്ലൂർക്കാടു പള്ളി തിരുനാൾ നിയന്ത്രിച്ചിരുന്നു. അത്ര ഊഷ്മളമായ മതസൗഹാർദ്ദം ഇവിടെ നിലനിന്നിരുന്നു. ഇതിനെല്ലാം ഉപോൽബലകമായ ചരിത്ര രേഖകൾ നമുക്കിന്നു ലഭ്യമാണോ? വരും തലമുറയ്ക്ക് ഈ പാരമ്പര്യം കൈമാറുവാൻ നമുക്ക് കടമയുണ്ട്. ചരിത്രാവബോധം വളർത്തിയെടുത്താൽ മാത്രമേ ഇതുസാധ്യമാകൂ.















പെരിനാഡിലൂടെ.....



























ചരിത്രാതീത കാലത്തെ കുട്ടനാട്

(കുരുവിള കുര്യൻ കിഴക്കുവേലിത്തറ)

ഏതാണ്ട് പതിനായിരം വർഷങ്ങൾക്കു മുമ്പ് കേരളമെന്നത് പശ്ചിമഘട്ടത്തിൽ നിന്നും കടലിലേയ്ക്ക് തള്ളിനിൽക്കുന്ന മലകളും മലയിടുക്കുകളും മാത്രമായിരുന്നു. ഇന്നത്തെ മലനാടും ഇടനാടും മാത്രം. മഴയും വെള്ളപ്പൊക്കവും വേലിയേറ്റവും കടൽ ക്ഷോഭങ്ങളും ഫലമായി തീരദേശം രൂപംകൊണ്ടു. മലവെള്ളം ചെറിയ ചെറിയ എക്കൽ തുരുത്തുകൾ സൃഷ്ടിച്ചു. എക്കൽ സമൂഹത്തിന് കാലക്രമേണ വിസ്തൃതി കൂടികൊണ്ടിരുന്നു. അറബിക്കടൽ തിരമാലകളെകൊണ്ട് ഇടമുറിയാത്ത ഒരു മണൽ തിട്ട നിർമ്മിച്ച് പ്രാചീന കുട്ടനാടിന് അതിരുറപ്പിച്ചു. വെള്ളപൊക്കകാലത്ത് വിവധയിനം വിത്തുകൾ ഒഴുകിവന്ന് എക്കൽ തുരുത്തുകളിൽ അടിഞ്ഞ് കിളിർത്തു വളർന്ന് ചെടികളും മരങ്ങളുമായി. പശ്ചിമഘട്ടത്തിന്റെ പടിഞ്ഞാറെ ചെരുവിൽ വസിച്ചിരുന്ന ആദിവാസികൾ കാലക്രമത്തിൽ ഈ വനപ്രദേശങ്ങളിൽ ചെറുകൂട്ടങ്ങളായി കുടിയേറിപ്പാർത്തു. ഇതായിരിക്കാം ആദിമകുട്ടനാടിന്റെ ചരിത്രം.



ബഹു: പോരൂക്കര തോമ്മാ മല്പാനച്ചന്റെ നൂറ്റിഅൻപതാം ചരമ വാർഷികാഘോഷങ്ങൾ

ഒരു ലഘു വിവരണം

ബേബി ജോസഫ് കീച്ചേരി (ആഘോഷകമ്മറ്റി ജനറൽ സെക്രട്ടറി)

ഭാരതത്തിലെ ആദ്യത്തെ ഏതദ്ദേശിയ സന്യാസ സഭയായ സി.എം. ഐ സഭയുടെ സ്ഥാപക പിതാക്കന്മാരിൽ പ്രമുഖനും കല്ലൂർക്കാട്ട് ഇടവക വികാരിയും , വരാപ്പുഴ രൂപതാബിഷപ്പിന്റെ സെക്രട്ടറിയും, ചമ്പക്കുളം കല്ലൂർക്കാട് ഇടവകാംഗവും ആയിരുന്ന ബഹുമാനപ്പെട്ട പോരൂക്കര തോമ്മാ മല്പാനച്ചന്റെ 150-ാം ചരമ വാർഷികാചരണങ്ങൾ 1995 ഡിസംബർ 27,28,29, തീയതികളിൽ വിപുലമായ പരിപാടികളോടെ ആഘോഷിക്കുകയുണ്ടായി.

ആഘോഷങ്ങളുടെ തുടക്കം കുറിച്ചുകൊണ്ട് ബഹുമാനപ്പെട്ട പോരൂക്കര തോമ്മാ മല്പാനച്ചൻ സ്ഥാപിച്ച മാന്നാനം സെൻറ് ജോസഫ്സ് ആശ്രമ ദേവാലയത്തിൽ അദ്ദേഹത്തിന്റെ കബറിടത്തിങ്കൽ നിന്നും കൊളുത്തിയ ദീപശിഖ അനേകം മോട്ടോർ വാഹനങ്ങളുടെ അകമ്പടിയോടു കൂടി , ഛായചിത്രവും വഹിച്ചിരുന്ന അലംകൃതമായ വാഹനത്തിൽ ജന്മനാടായ ചമ്പക്കുളത്തേയ്ക്ക് പുറപ്പെട്ടു.

വഴിമദ്ധ്യേ അനേകം സ്ഥലങ്ങളിൽ ഛായ ചിത്രത്തിനും, ദീപശിഖക്കും, ഗംഭീരമായ സ്വീകരണങ്ങൾ ലഭിച്ചു. ഇവയിൽ അമലഗിരി, ഗാന്ധിനഗർ, കോട്ടയം പ്രൊവിൻഷ്യൽ ഹൗസ്, തുരുത്തി, വാഴപ്പള്ളി, ചെത്തിപ്പുഴ, കുരിശിൻമൂട്, ആർച്ചുബിഷപ്പ് ഹൗസ്, പെരുന്ന ജംഗ്ഷൻ, പള്ളിക്കുട്ടുമ്മ ജംഗ്ഷൻ എന്നിവിടങ്ങളിൽ ബഹുമാനപ്പെട്ട വൈദീകരുടെയും, സിസ്റ്റേഴ്സിന്റെയും നേതൃത്വത്തിൽ നൽകിയ സ്വീകരണങ്ങൾ പ്രത്യകം എടുത്തുപറയത്തക്ക വിധം ഊഷ്മളമായിരുന്നു.

ചമ്പക്കുളം കൊവേന്ത ജംഗ്ഷനിൽ വച്ച് കല്ലൂർക്കാട് ഇടവക യുവദീപ്തി ഭാരവാഹികൾ ഏറ്റുവാങ്ങിയ ദീപശിഖ റിലേയായി കല്ലൂർക്കാട് ഫൊറോനാ ദേവാലയത്തിങ്കൽ എത്തിയത് വികാരി വെ: റവ: ഫാദർ ജേക്കബ് തോട്ടനാനി ഏറ്റുവാങ്ങി. ദേവാലയത്തിൽ പ്രത്യേകം തയ്യാർ ചെയ്ത പീഠത്തിൽ ഛായചിത്രവും, ദീപശിഖയും സ്ഥാപിച്ചു.

ആഘോഷങ്ങളുടെ രണ്ടാം ദിവസമായ വ്യാഴാഴ്ച ചമ്പക്കുളം പോരൂക്കര നഗറിൽ ആദ്ധ്യാത്മിക-സാംസ്ക്കാരിക-മണ്ഡലങ്ങളിൽ വ്യക്തിമുദ്ര പതിപ്പിച്ചിട്ടുള്ള പ്രമുഖരായ ശ്രഷ്ഠവ്യക്തികൾ സംബന്ധിച്ച സെമിനാറുകൾ നടത്തപ്പെട്ടു. രാവിലെ 9.30 ന് വിശിഷ്ടാതിഥികളെ ഇടവക വികാരിയും, ആഘോഷകമ്മറ്റി പ്രസിഡണ്ടും ആയ വെ: റവ: ഫാദർ ജേക്കബ് തോട്ടനാനിയുടെ നേതൃത്വത്തിൽ സംഘാടകർ സമ്മേളന നഗറിലേയ്ക്ക് ആനയിച്ചു. സൺഡേ സ്ക്കൂൾ വിദ്യാർത്ഥികളുടെ പ്രാർത്ഥനാഗാനാലാപനത്തോടെ ആരംഭിച്ച സമ്മേളനത്തിൽ പ്രൊഫാ: കെ.ജെ. ജോർജ്ജ് കാട്ടാമ്പള്ളി സ്വാഗതം ആശംസിച്ചു. ബിജനോർ രൂപതാദ്ധ്യക്ഷൻ മാർ ഗ്രേഷ്യൻ മുണ്ടാടൻ സി.എം.ഐ സമ്മേളനം ഉത്ഘാടനം ചെയ്തു.

"പോരൂക്കര തോമ്മാ മല്പാനച്ചന്റെ ആദ്ധ്യാത്മീക സന്ദേശം അതിന്റെ സവിശേഷതകൾ - ഇന്നത്തെ പ്രസക്തി " എന്ന വിഷയത്തെ അധികരിച്ച് റവ: ഡോ: ജെ.ബി. ചെത്തിമറ്റം സി.എം. ഐ. ആമുഖ പ്രഭാഷണം നടത്തി. തുടർന്ന് പ്രൊഫ: ജേക്കബ് തോമസ് തയ്യിൽ , റവ: ഡോ ആൻറണി വള്ളവന്തറ, സി.എം. ഐ. എന്നിവർ ഉപ പ്രഭാഷണങ്ങൾ നടത്തുകയും ചെയ്തു. ശ്രീ. സി. എ. സ്ക്കറിയാ ചേലേകാട് നന്ദി പറഞ്ഞു.

ചായ സൽക്കാരത്തിനു ശഷം 11.30 ന് ആരംഭിച്ച രണ്ടാം സമ്മേളനം കല്ലൂർക്കാട് ഇടവക അസിസ്റ്റന്റെ വികാരി റവ: ഫാദർ - സെബാസ്റ്റ്യൻ മണ്ണാംതുരുത്തിയിലിന്റെ സ്വാഗത പ്രസംഗത്തോടുകൂടി ആരംഭിച്ചു. കാലടി സംസ്കൃത യൂണിവേഴ്സിറ്റി പ്രൊഫ: ഡോ: സ്കറിയാ സക്കറിയാ "കുട്ടനാടും ചമ്പക്കുളവും , തലമുറകളിലൂടെ " എന്ന പ്രബന്ധം അവതരിപ്പിച്ചു. പബ്ലീക് സർവീസ് കമ്മീഷൻ മുൻചെയർമാൻ പ്രൊഫ: വി. ഗോപാലകൃഷ്ണകുറുപ്പ്, ശ്രീ കുരുവിളകുര്യൻ കിഴക്കം വേലിത്തറഎന്നിവർ ഉപപ്രഭാഷണങ്ങൾ അവതരിപ്പിച്ച് സംസാരിച്ചു. ശ്രീ.കെ.ജി. ജോർജ് കൊച്ചുതറ കൃതജ്ഞത പറഞ്ഞു. സെമിനാറിനു വന്നു ചേർന്ന എല്ലാ വ്യക്തികൾക്കും വിശാല പോരുക്കര കുടുംബാംഗങ്ങൾ ഒരുക്കിയ വിരുന്ന് സമൃദ്ധമായിരുന്നു.

ഉച്ചകഴിഞ്ഞ് കൂടിയ സാംസ്ക്കാരിക സമ്മേളനം ശ്രീ. ചാക്കോ എം. കളരിക്കലിന്റെ സ്വാഗതം പ്രസംഗത്തോടെ ആരംഭിച്ചു. പ്രൊഫ: അമ്പലപ്പുഴ ഗോപകുമാർ അദ്ധ്യക്ഷം വഹിച്ച പ്രസ്തുത സമ്മേളനത്തിൽ "കല്ലൂർക്കാടിന്റെ പാരമ്പര്യം " അടിസ്ഥാനമാക്കി വെ: റവ: ഫാദർ ജേക്കബ് നെല്ലിക്കുന്നത്ത് മുഖ്യപ്രഭാഷണം നടത്തി. കല്ലൂർക്കാടും അമ്പലപ്പുഴ ശ്രീകൃഷ്ണസ്വാമി ക്ഷേത്രവുമായുള്ള സൗഹൃദ ബന്ധത്തേക്കുറിച്ച് പ്രൊഫ: അമ്പലപ്പുഴ ഗോപകുമാർ സംസാരിച്ചു. ശ്രീ വി.വി. ഗ്രിഗരി വൈപ്പം മഠത്തിന്റെ ഉപപ്രഭാഷണത്തിനു ശേഷം ശ്രീ ജോർജ്ജ്കുട്ടി മാത്യു വടക്കംമുറി പുത്തൻപറ



ന്ന് കൃതജ്ഞത പ്രകാശിപ്പിച്ചു.

വിവിധ സമ്മേളനങ്ങൾക്ക് കൊഴുപ്പ് കൂട്ടുവാൻ ഇടക്കിടെ മാസ്റ്റർ ബോബി സേവ്യർ മാളിയേക്കൽ , കുമാരി ജിസ് കുര്യൻ കിഴക്കം വേലിത്തറ , കുമാരി അന്നമ്മ കുര്യൻ ഓണാട്ട്, കുമാരി ജസ്നാ അബ്രഹാം എന്നിവരുടെ ലളിതഗാനങ്ങളുമുണ്ടായിരുന്നു. ചായക്കു ശേഷം കല്ലൂർക്കാട് ഇടവകയുടെ 1568-ാം സ്ഥാപകദിന ചാരണത്തിന്റെയും, ബഹുമാനപ്പെട്ട പോരൂക്കര തോമ്മാ മല്പാനച്ചന്റെ 150-ാം ചരമവാർഷികത്തിന്റെയും ഭാഗമായി ബിജനോർ രൂപതാദ്ധ്യക്ഷൻ മാർ ഗ്രേഷ്യൻ മുണ്ടാടൻ തിരുമേനിയുടെ മുഖ്യകാർമ്മികത്വത്തിൽ സമൂഹബലിയർപ്പിച്ചു. പ്രയോർ ജനറാൾ റവ: ഡോ: തോമസ് മാമ്പ്ര സി.എം.ഐ വികാർ ജനറാൾ റവ:ഡോ: സെബ്യാസ്റ്റ്യൻ പൂണോലിൽ, സി.ഐ.എം. കോട്ടയം പ്രൊവിൻഷ്യാൽ റവ: ഡോ: ജയിംസ് എർത്തയിൽ , സി. എം.ഐ. , തൃശൂർ പ്രൊവിൻഷ്യൽ റവ: ഡോ. യൂസ്റ്റസ് തോട്ടാൻ. സി. എം. ഐ, കല്ലൂർക്കാട് ഫൊറോനാ ഇടവക വികാരി ബ: റവ: ഫാദർ ജേക്കബ് തോട്ടാനി, കോ -ഓർഡിനേറ്റർ റവ: ഫാദർ തോമസ് മൂർ സി. എം. ഐ., റവ: ഡോ: ആന്റണി കുര്യാളശേരി, റവ. ഫാ: മാത്യു ഐക്കര. സി. എം. ഐ, റവ. ഫാ: പീറ്റർ ജെ. തോട്ടിൽ. സി. എം. ഐ., റവ. ഫാ: അലക്സാണ്ടർ കുലിപുരയ്ക്കൽ. സി. എം. ഐ., റവ. ഫാ: ജോസഫ് മലയാംമ്പുറം സി. എം. ഐ. റവ. ഫാ: ജോസ് കൂലിപുരയ്ക്കൽ സി. എം.ഐ. തുടങ്ങി നിരവധി വൈദികർ സഹകാർമീകരായിരുന്നു. സമൂഹബലി മദ്ധ്യ റവ. ഡോ: യൂസ്റ്റസ് തോട്ടാൻ സി.എം.ഐ. സുവിശേഷ സന്ദേശം നൽകി.

സമാപന ദിവസമായ 29.12.95 വെള്ളിയാഴ്ച രാവിലെ കൈനകരി ചാവറ ഭവനിൽ നടന്ന ആഘോഷമായ ദിവ്യബലിക്കു ശേഷം ബഹുമാനപ്പെട്ട പോരൂക്കര തോമ്മാ മലപാനച്ചന്റെയും, വാഴത്തപ്പെട്ട ചാവറ കുര്യാക്കോസ് ഏലിയാസച്ചന്റെയും, ഛായ ചിത്രങ്ങൾ വാദ്യഘോഷങ്ങളുടെ അകമ്പടിയോടെ ആഘോഷമായി കൈനകരി ആശ്രമ ദേവാലയത്തിലേയ്ക്ക് കൊണ്ടുവന്നു.

ഉച്ചകഴിഞ്ഞ് മൂന്നു മണിക്ക് ഛായ ചിത്രങ്ങൾ അലങ്കരിച്ച ബോട്ടുകളിൽ സഥാപിച്ച് കുട്ടനാട്ടിലെ ചെറു ബോട്ടുകളുടെ അകമ്പടിയോടെ കല്ലൂർക്കാട് പള്ളിക്കടവിലേയ്ക്ക് പമ്പയാറ്റിലൂടെ ജലഘോഷയാത്രയായി സംവഹിച്ചു. അകമ്പടി സേവിച്ച എല്ലാബോട്ടുകളും പേപ്പൽ പതാകകളാൽ കമനീയമായി അലങ്കരിച്ചിരുന്നു. അനേകം നിശ്ചല ദൃശ്യങ്ങളും ബാൻറ് മേളങ്ങളും ജലഘോഷയാത്രയ്ക്ക് മികവേകി വഴി മദ്ധ്യേ കൈനകരി ചാവറഗ്രാമം, കൈനകരി ഇടവക ദൈവാലയം, കൈനകരി ബോയീസ് ഹൈസ്കൂൾ, ഗേൾസ് ഹൈസ്കൂൾ, ചേന്നങ്കരി ഇടവക ദേവാലയം, നെടുമുടി റോഡ്മുക്ക്, ചമ്പക്കുളം വടക്ക് സെൻറ് ജോർജ്ജ് ദേവാലയം, ഓർശ്ലേം ദേവാലയം, ചമ്പക്കുളം സഹകരണ ബാങ്ക് ജെട്ടി, തുടങ്ങിയ സ്ഥലങ്ങളിൽ വിവിധ ഭക്ത സംഘടനകളും, നാട്ടുകാരും ഗംഭീര സ്വീകരണങ്ങൾ നൽകുകയുണ്ടായി.

വലിയ പള്ളി ജട്ടിയിൽ വച്ച് ഛായ ചിത്രങ്ങൾക്കും, വിശിഷ്ടാതിഥികൾക്കും കല്ലൂർക്കാട് ഇടവക വികാരിയുടെ നേതൃത്വത്തിൽ ഇടവക സമൂഹം ഒന്നായി അതിഗംഭീരമായ വരവേൽപ്പ് നൽകി.

വിശിഷ്ടാതിഥികളെ പൂത്താലമേന്തിയ ചമ്പക്കുളം ബി. കെ.എം. സ്കൂൾ വിദ്യാർത്ഥിനികൾ, തിരുവനന്തപുരം, ക്രൈസ്റ്റ്നഗർ, ചെത്തിപ്പുഴ ക്രിസതുജ്യോതി എന്നീ ഹൈസ്ക്കൂളുകളിലെ ബാൻറ് സെറ്റുകൾ, പുളിംകുന്ന് സെൻറ് ജോസഫ്സ്, ചമ്പക്കുളം സെൻറ് മേരീസ്, എന്നീ ഹൈസക്കൂളുകളിലേ എൻ.സി.സി. കേഡറ്റുകൾ എന്നിവരുടെ അകമ്പടിയോടെ സമ്മേളന സ്ഥലമായ പോരൂക്കര നഗരിയിലേയ്ക്ക് ആനയിച്ചു.

ബി.കെ.എം. സകൂളിലെ പിഞ്ചുബാലികമാരുടെ പ്രാർത്ഥനാ ഗാനാലാപനത്തോടെ പൊതു സമ്മേളനം ആരംഭിച്ചു. ആഘോഷകമ്മറ്റി പ്രസിണ്ടൻറ് റവ: ഫാദർ ജേക്കബ് തോട്ടനാനി സ്വാഗതം ആശംസിച്ചു. ചങ്ങനാശ്ശേരി അതിരൂപതാ അദ്ധ്യക്ഷനും, ഇൻഡ്യയിലെ കത്തോലിക്കാ ബിഷപ്സ് കോൺഫ്രൻസ് പ്രസിഡണ്ടുമായ മാർ ജോസഫ് പവ്വത്തിൽ ഉത്ഘാടനം ചെയ്ത പൊതു സമ്മേളനത്തിൽ പ്രിയോർ ജനറൽ റവ: ഡോ: തോമസ് മാമ്പ്ര. സി.എം.ഐ. അദ്ധ്യക്ഷം വഹിച്ചു. ജഗതൽപൂർ രൂപതാദ്ധ്യക്ഷൻ മാർ സൈമൺ സോറ്റാക്ക് പാലാത്തറ. സി.എം.ഐ. മുഖ്യപ്രഭാക്ഷണം നടത്തി. തിരുവനന്തപുരം പ്രൊവിൻഷ്യൽ റവ: ഫാദർ ജെയിംസ് തയ്യിൽ. സി. എം.ഐ. കോട്ടയം പ്രൊവിൻഷ്യൽ റവ: ഡോ. ജെയിംസ് ഏത്തയിൽ സി. എം. ഐ., ഡോ: ആന്റെറണി കുര്യാളശ്ശേരി. ചമ്പക്കുളം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡണ്ട് ശ്രീ. കെ. പങ്കജാക്ഷൻ. ആലപ്പുഴ ജില്ലാ പഞ്ചായത്ത് മെമ്പർ ശ്രീ. ജി. മുകുന്ദൻ പിള്ള നെടുമുടി ഗ്രാമ പഞ്ചായത്ത് പ്രസിഡണ്ട് ശ്രീമതി. മറിയാമ്മ ജോസഫ് വാഴപ്പറമ്പിൽ, ചമ്പക്കുളം ഗ്രാമ പഞ്ചായത്ത് പ്രസിഡണ്ട് ശ്രീ ജേക്കബ് കുര്യൻ മാപ്പിളശേരി, റവ. സിസറ്റർ മേരി ഇസ്പിരിത്ത് പോരൂക്കര എസ്.എ.ബി.എസ്., ചമ്പക്കുളം സെൻറ് മേരീസ് ഹൈസ്കൂൾ ഹെഡ് മിസ്ട്രസ് ശ്രീമതി. റോസമ്മ ജോയികാട്ടാമ്പള്ളി. എന്നിവർ ആശംസാ പ്രസംഗങ്ങൾ നടത്തി. ആഘോഷക്കമ്മറ്റി ജനറൽ കൺവീനർ ശ്രീ. എം. പി.കുര്യൻ മലയാമ്പുറം കൃതജ്ഞത പ്രകാശിപ്പിച്ചു.


മാസറ്റർ ടോം സേവ്യർ മാളിയേക്കൽ, കുമാരി നീതു എബ്രഹാം ചൂരവടി എന്നിവരുടെ ലളിതഗാനങ്ങളും, കുമാരി പടീഷ്യാ ജോസഫ് കിഴക്കേത്തലക്കലിന്റെ നാടോടി നൃത്തവും യോഗത്തിന് മോടി കൂട്ടി.

ദേശീയഗാനാലാപനത്തോടെ ബഹുമാനപ്പെട്ട പോരൂക്കര തോമ്മാ മൽപാനച്ചന്റെ 150ാം ചരമ വാർഷികാഘോഷ പരിപാടികൾക്ക് തിരശീല വീണു.


ദീപ ശിഖാ പ്രയാണം വിവിധ ദൃശ്യങ്ങൾ


















സമൂഹ ബലിവേദിയിൽ.....

THE STRONGEST TEA

AVT

PREMIUM TEA




A World of freshness, flavour and strength in your tea-cup. AVT Premium Tea. Take a sip. And indulge in the strongest blend of taste and tradition.


AVT Premium Tea . Super strong . super special

ഛായചിത്രവും വഹിച്ചുകൊണ്ടുള്ള
ജൂബിലോഷയാത്രയിൽനിന്നും.....

















മഴ മഴ കുട കുട

പോ..പോ...പീ...പീ...പോപ്പികുടകൾ



പോപ്പി. ഇൻഡ്യയിൽ ഏറ്റവും കൂടുതൽ വിൽക്കപ്പെടുന്ന സെന്റ് ജോർജ്ജ് കുടയുടെ നിർമ്മാണത്തിന് നേതൃത്വം വഹിച്ച സെന്റ് ജോർജ്ജ് ബേബി പുതിയതായി വിപണിയിലിറക്കുന്ന കുടയുടെ ഭാഗ്യചിഹ്നമാണ് ഈ കുട്ടി.ഇവന്റെ പേരുതന്നെയാണ് കുടയുടെയും പേര്. ഇപ്പോൾതന്നെ പതിനായിരക്കണക്കിന് കൂട്ടുകാരെ ഇവൻ നേടിക്കഴിഞ്ഞു. നിങ്ങൾക്കും പോപ്പിയെ ഇഷ്ടമാകും, തീർച്ച.

P POPY PY

TRADE MARK

Popy Umbrella Mart

ALAPPUZHA - 688011



പൊതുസമ്മേളനത്തിൽ നിന്ന് .....

ജോർജ് & ബേബി

സഭയോട് ചേർന്നു നിന്ന് വിശ്വാസം സ്വീകരിക്കുകയും സഭയോട് ചേർന്നു നിന്ന് ആ വിശ്വാസം സംരക്ഷിക്കുകയും ചെയ്യുക എന്നതാണ് സത്യവിശ്വാസം എന്ന് മനസ്സിലാക്കി അതിനനുസൃതമായി ജീവിച്ച ഒരു മഹത് വ്യക്തിയായിരുന്നു കല്ലൂർക്കാടിന്റെ സന്താനമായ ബഹുമാനപ്പെട്ട പോരൂക്കര തോമ്മാ മൽപ്പാനച്ചൻ എന്ന് ചങ്ങനാശ്ശേരി അതിരൂപതാദ്ധ്യക്ഷൻ മാർ ജോസഫ് പൗവ്വത്തിൽ പറഞ്ഞു.

കല്ലൂർക്കാട് ഇടവക വികാരി എന്ന നിലയിൽ പോരൂക്കര അച്ചൻ ചെയ്തിട്ടുള്ള പ്രവർത്തനങ്ങൾ, രൂപതാദ്ധ്യക്ഷന്റെ സെക്രട്ടറിയായി രൂപതയ്ക്ക് വേണ്ടി ചെയ്തിട്ടുള്ള സേവനങ്ങൾ, അക്കാലത്ത് സഭയിൽ ചില സ്ഥലങ്ങളിൽ ഉണ്ടായ അന്തഃഛിദ്രങ്ങൾ നിർമ്മാർജ്ജനം ചെയ്യുവാൻ ചെയ്ത പരിശ്രമങ്ങൾ എന്നിവ പ്രത്യേകം എടുത്തു പറയത്തക്ക സഭാ സേവനങ്ങളായിരുന്നു. ഇവ സഭാചരിത്രത്തിൽ എക്കാലവും സ്മരിക്കപ്പെടുന്നതാണ്.

പോരൂക്ക തോമ്മാ മൽപ്പാനച്ചന്റെ നൂറ്റി അൻപതാം ചരമ വാർഷികത്തിന്റെ സമാപന സമ്മേളനം ഉത്ഘാടനം ചെയ്തു കൊണ്ട് പ്രസംഗിക്കുകയായിരുന്ന അഭിവന്ദ്യ തിരുമേനി.

സഭയുടെ ഭക്തി ജീവിതം പുഷ്ടിപ്പെടുത്തുവാനായി അന്ന് നിലവിലിരുന്ന ഭക്താനുഷ്ഠാനങ്ങൾക്ക് പുതുജീവൻ പകർന്നു നൽകിയ പോരൂക്കര അച്ചൻ, തീവ്രമായ ക്രൈസ്തവ ജീവിതം ആഗ്രഹിച്ചിരുന്ന വ്യക്തി കൂടിയായിരുന്നു. ഏതദ്ദേശ സന്യാസ സഭയ്ക്ക് കല്ലൂർക്കാട്ടു നിന്നും ബീജാപാപം ചെയ്യുവാൻ അച്ചനെ പ്രേരിപ്പിച്ചത് ഈ ആഗ്രഹം ആയിരുന്നുവെന്നും അഭിവന്ദ്യ മെത്രാപ്പോലീത്ത കൂട്ടിച്ചേർത്തു.

പൊതുസമ്മേളനത്തിൽ സി.എം.ഐ. സഭാ പ്രയോർ ജനറൽ റവ. ഡോ: തോമസ് മാമ്പ്ര സി.എം.ഐ. അദ്ധ്യക്ഷം വഹിച്ചു. പലതരത്തിലും പ്രത്യേകതകൾ നിറഞ്ഞ ഒരു ജീവിതം, വളരെ ഹൃസ്വമായതെങ്കിലും ധന്യമായ ഒരു ജീവിതം, സഹോദരങ്ങൾക്ക് സ്നേഹവും, സേവനവും അർപ്പിച്ചുകൊണ്ട്, സഭയ്ക്കും, സമൂഹത്തിനും വേണ്ടി വിശ്രമരഹിതമായി ജോലി ചെയ്ത കർമ്മനിരതമായ ഒരു ജീവിതം അതിന്റെ ഉടമയായിരുന്നു ബഹുമാനപ്പെട്ട പോരൂക്കര തോമ്മാമൽപ്പാനച്ചൻ.

കേരളസഭയുടെ വളർച്ചയ്ക്കും, വികാസത്തിനും സർവ്വോത്മുഖമായ അതിന്റെ ഉയർച്ചയ്ക്കും അടിത്തറ പാകിയ ആദ്ധ്യാത്മിക നേതാക്കളിൽ അതികായനായിരുന്നു ബഹു. പോരൂക്കര തോമ്മാ മൽപ്പാനച്ചൻ എന്ന് അദ്ധ്യക്ഷപ്രസംഗത്തിൽ റവ: ഡോ: തോമസ് മാമ്പ്ര സി.എം.ഐ. പറഞ്ഞു.

ചുരുങ്ങിയ കാലം കൊണ്ട് വളരെയേറെ കാര്യങ്ങൾ ചെയ്തു തീർത്ത ഒരു പുണ്യാത്മാവ് സഭയുടെ നവീകരണം ഇടവക തലത്തിലും, സന്യാസ സഭാ തലത്തിലും പ്രവർത്തിച്ച് നടപ്പാക്കുവാൻ ശ്രമിച്ച കർമ്മനിരതനായ വൈദീക ശ്രേഷ്ഠൻ ഇതൊക്കെ ആയിരുന്ന ബഹുമാനപ്പെട്ട പോരൂക്കര തോമ്മാ മൽപ്പാനച്ചൻ.

തീർത്തും ഭാരതീയ സംസ്ക്കാരത്തിനനുരൂപമായ ഋഷിസമാനമായ സന്യാസ സഭയായിരുന്നു പോരൂക്കര മൽപ്പാനച്ചന്റെ ലക്ഷ്യം. എന്നാൽ ദൈവഹിതത്തിനു കീഴ്വഴങ്ങി ഇന്നത്തെ സി.എം.ഐ. സഭയ്ക്ക് ആരംഭം കുറിച്ച അദ്ദേഹത്തിന് നന്ദി പറയാം. അദ്ദേഹം തുടങ്ങിവച്ച നവീകരണ പ്രക്രിയകൾ നമുക്ക് തുടരാം എന്ന് യോഗത്തിൽ മുഖ്യപ്രഭാഷണം നടത്തിയ ജഗത്ൽപൂർ രൂപതാ മെത്രാൻ മാർ സൈമൺ സ്റ്റോക്ക് പാലാത്ര സി.എം.ഐ. പ്രസ്താവിച്ചു.

താൻ ജീവിച്ചിരുന്ന കാലത്ത് നിലനിന്നിരുന്ന പാരമ്പര്യങ്ങളെ ഒക്കെ മറികടന്ന് അന്നുവരെ ആരും ചിന്തിക്കാത്ത രീതിയിൽ ചിന്തിച്ചുകൊണ്ട് പുതിയൊരു ആത്മീയ ജീവിതത്തിന് തുടക്കം കുറിക്കുവാൻ കല്ലൂർക്കാട് പള്ളിമേടയിൽ ഇരുന്നുകൊണ്ട് പദ്ധതി ഇടുകയും അന്ന് തലയെടുപ്പുണ്ടായിരുന്ന വിവിധ വ്യക്തികളെ പങ്കെടുപ്പിച്ചുകൊണ്ട് ഇന്നത്തെ സി.എം.ഐ. സഭയ്ക്ക് തുടക്കമിടുകയും ചെയ്തുകൊണ്ടാണ് ഏതദ്ദേശീയ സന്യാസ സഭകൾക്ക് ആരംഭം കുറിച്ചത്. അതിന് പോരൂക്കര തോമ്മാ മൽപ്പാനച്ചന് ഉറച്ച ദൈവവിശ്വാസവും തത്ഫലമായുള്ള ആത്മധൈര്യവും ഉണ്ടായിരുന്നു എന്ന് കോട്ടയം സെൻറ് ജോസഫ്സ് പ്രൊവിൻഷ്യൽ റവ: ഡോ: ജെയിംസ് എർത്തയിൽ സി.എം.ഐ. തന്റെ ആശംസാ പ്രസംഗത്തിൽ ചൂണ്ടിക്കാണിച്ചു.

ആതുര ശുശ്രൂഷ, വിദ്യാഭ്യാസം മുതലായ രംഗങ്ങളിൽ സി.എം.ഐ. സഭ ഇന്ന് ചെയ്യുന്ന സേവനങ്ങൾ ഈ കല്ലൂർക്കാട് പള്ളിമേടയിൽ കഴിയവേ ഈ പുണ്യപിതാവിന്റെ മനോമുകുരത്തിൽ രൂപം കൊണ്ടതാണ്. കേരള സഭയ്ക്ക് എങ്ങിനെ ഉണർവ്വ് പകർന്നുകൊടുക്കാമെന്ന് ആഴമായി ചിന്തിക്കുകയും അതിനുവേണ്ടി ഒരു സന്യാസസഭയ്ക്ക് തന്നെ ആരംഭം കുറിക്കുകയും ചെയ്ത അദ്ദേഹം താൻ സ്ഥാപിച്ച സന്യാസസഭ വരും കാലങ്ങളിൽ ചെയ്യുന്ന വിവിധങ്ങളായ സേവനങ്ങൾ വഴി സഭയ്ക്കും, സമൂഹത്തിനും ഉണർവ് പകർന്നുകൊടുക്കുന്നതായി തന്റെ മനസ്സിൽ മുൻകൂട്ടി കണ്ടിരുന്നു



എന്ന്, തിരുവനന്തപുരം സെൻറ് ജോസഫ് പ്രൊവിൻഷ്യൽ റവ: ഫാദർ ജെയിംസ് തയ്യിൽ സി.എം.ഐ. അദ്ദേഹത്തിൻെറ ആശംസാ പ്രസംഗത്തിൽ പ്രത്യേകം എടുത്തു പറഞ്ഞു.

ചങ്ങനാശ്ശേരി എസ്.ബി. കോളേജ് മുൻ പ്രിൻസിപ്പാളും, കാരിത്താസ് ഇന്ത്യയുടെ എക്സിക്യൂട്ടീവ് ഡയറക്ടറുമായിരുന്ന റവ: ഡോ: ആൻറണി കുര്യാളശ്ശേരി ആശംസാ പ്രസംഗത്തിൽ – "ബഹുമാനപ്പെട്ട പോരൂക്കര മൽപ്പാനച്ചന് അർഹമായ ബഹുമാനം ഇന്ന് ലഭിക്കുന്നുണ്ടോ, അദ്ദേഹം മരിച്ച് നൂറ്റിയൻപത് വർഷങ്ങൾ കഴിഞ്ഞപ്പോൾ മാത്രമേ ഇങ്ങനെ ഒരു അനുസ്മരണാഘോഷത്തിന് തന്നെ സമൂഹം തുനിഞ്ഞുള്ളല്ലോ, അത് വലിയ പോരായ്മയായിപ്പോയി" എന്ന് പറഞ്ഞു. അനവധി ക്ലേശങ്ങളും ത്യാഗങ്ങളും സഹിച്ച് ഭാരതത്തിൽ ആദ്യമായി ഒരു സന്യാസസഭ സ്ഥാപിക്കുകയും, അതു വഴി മറ്റ് സന്യാസസഭകളുടെ ആരംഭത്തിന് പ്രേരക ശക്തി ആവുകയും ചെയ്ത് ബഹുമാനപ്പെട്ട പോരൂക്കര മൽപ്പാൻെറ ഓർമ്മ എന്നും നിലനിർത്തുവാൻ എല്ലാവരും ആത്മാർത്ഥമായി പരിശ്രമിക്കണമെന്ന് അദ്ദേഹം ആഹ്വാനം ചെയ്തു.

തുടർന്ന് പ്രസംഗിച്ച ചമ്പക്കുളം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡൻറ് ശ്രീ കെ.കെ. പങ്കജാക്ഷൻ കുട്ടനാടിൻെറ വീരസന്താനമായ ബഹുമാനപ്പെട്ട പോരൂക്കര മൽപ്പാനച്ചൻെറ സ്മരണ നിലനിർത്തുവാൻ അദ്ദേഹത്തിൻെറ ജന്മനാട്ടിൽ ഒരു നല്ല കർമ്മ പരിപാടിക്ക് സി.എം.ഐ. സഭ രൂപം കൊടുക്കണമെന്ന് അഭ്യർത്ഥിക്കുകയും, ചമ്പക്കുളം ബ്ലോക്ക് പഞ്ചായത്തിൻെറ എല്ലാവിധ സഹായ സഹകരണങ്ങളും ഈ കർമ്മ പരിപാടിക്ക് വാഗ്ദാനം ചെയ്യുകയും ചെയ്തു.

ആലപ്പുഴ ജില്ലാ പഞ്ചായത്ത് മെമ്പർ ശ്രീ ജി. മുകുന്ദൻപിള്ള തൻെറ പ്രസംഗത്തിൽ ലോകമെമ്പാടും സേവന നിരതമായിരിക്കുന്ന ഒരു ക്രിസ്തീയ സഭയ്ക്ക് രൂപം കൊടുക്കുകയും നേരായ മാർഗ്ഗത്തിൽ സഭയെ നയിക്കുകയും ചെയ്തത് ഒരു ചമ്പക്കുളത്തുകാരൻ ആണ് എന്നുള്ളത് ഇന്നാട്ടുകാർക്ക് ഏവർക്കും എക്കാലവും അഭിമാനാർഹമാണെന്ന് പ്രസ്താവിക്കുകയുണ്ടായി.

നെടുമുടി ഗ്രാമപഞ്ചായത്ത് പ്രസിഡൻറ് ശ്രീമതി മറിയാമ്മ ജോസഫ് വാഴപ്പറമ്പിൽ, കേരള കത്തോലിക്കാ സഭയ്ക്ക് ബഹുമാനപ്പെട്ട പോരൂക്കര മൽപ്പാനച്ചൻ നൽകിയ ധീരമായ നേതൃത്വത്തെ കൃതജ്ഞതാപൂർവ്വം സ്മരിക്കുകയും, ഭാരതീയ സന്യാസ സഭകളുടെ കുലപതി, പ്രഗത്ഭനായ സുവിശേഷ പ്രാസംഗികൻ, സഭാ തനയർക്ക് ഉണർവ് പകർന്നുകൊടുക്കുവാൻ ഭക്താനുഷ്ഠാനങ്ങൾക്ക് രൂപം നൽകിയ വൈദീക ശ്രേഷ്ഠൻ എന്നീ നിലകളിൽ മൽപ്പാനച്ചൻ ചെയ്ത സേവനങ്ങളെ മുക്തകണ്ഠം പ്രശംസിക്കുകയും ചെയ്തു.

ചമ്പക്കുളം ഗ്രാമപഞ്ചായത്ത് പ്രസിഡൻറ് ശ്രീ ജേക്കബ് കുര്യൻ മാപ്പിളശ്ശേരി, മൺ മറഞ്ഞുപോയ പ്രഗത്ഭരായ കുട്ടനാട്ടുകാരെ സ്മരിക്കുവാൻ നമുക്ക് കടമ ഉണ്ടെന്ന് ഓർമ്മിപ്പിക്കുകയും, ബഹുമാനപ്പെട്ട പോരൂക്കര മൽപ്പാനച്ചൻെറ സ്മരണയെ നിലനിർത്തുവാൻ ഒരു ഉന്നത വിദ്യാഭ്യാസ സ്ഥാപനമെങ്കിലും ചമ്പക്കുളത്ത് സ്ഥാപിക്കുവാൻ സി.എം.ഐ. സഭ തന്നെ മുന്നോട്ട് വരണമെന്ന് ആഹ്വാനം ചെയ്തുകൊണ്ടും സംസാരിച്ചു.

ദിവ്യകാരുണ്യ ആരാധനാ സന്യാസിനി സഭയുടെ മുൻ മദർ ജനറാളും ബി.കെ.എം. കോളേജ് പ്രിൻസിപ്പാളും ആയിരുന്ന മദർ മേരി ഇസ്പിരിത്ത് പോരൂക്കര എസ്.എ.ബി.എസ്, തൻെറ ആശംസാപ്രസംഗത്തിൽ പോരൂക്കര തോമ്മാ മൽപ്പാനച്ചനും, കണിയാന്തറ യാക്കോബ് സഹോദരനും തമ്മിൽ കല്ലൂക്കാട്ട് പള്ളിമേടയിൽ വച്ച് നടന്ന സംഭാഷണമാണ് സി.എം.ഐ. സഭ സ്ഥാപിക്കുന്നതിന് പ്രേരകമായത് എന്ന് എടുത്തു പറയുകയുണ്ടായി.

മൽപ്പാനച്ചൻെറ അടിയുറച്ച ദൈവ ഭക്തിയ്ക്കും, ദൈവ സന്നിധിയിൽ വിശുദ്ധ യൗസേഫ് പിതാവിൻെറ മാദ്ധ്യസ്ഥത്തിലുള്ള ദൃഢമായ വിശ്വാസത്തിനും തീക്ഷ്ണമായ പ്രാർത്ഥനാ ചൈതന്യത്തിനും ദൃഷ്ടാന്തമായ സംഭവങ്ങൾ വിവരിച്ച മദർ കുടുംബാംഗങ്ങൾക്ക് വേണ്ടി എല്ലാവർക്കും നന്ദിയും രേഖപ്പെടുത്തി.

ചമ്പക്കുളം സെൻറ് മേരീസ് ഹൈസ്കൂൾ ഹെഡ്മിസ്ട്രസ് ശ്രീമതി റോസമ്മ ജോയി കാട്ടാംമ്പള്ളി സി.എം.ഐ. സഭയുടെ സ്ഥാപകർ എല്ലാവരും തന്നെ കല്ലൂർക്കാട് ഇടവകാംഗങ്ങളും, കല്ലൂർക്കാടുമായി അടുത്ത ബന്ധമുള്ളവരും ആയിരുന്നു എന്ന് ചൂണ്ടിക്കാണിച്ചു. ആഘോഷങ്ങളിൽ മാത്രം ഒതുക്കാതെ മൽപ്പാനച്ചൻെറ സ്മരണ നിലനിർത്താൻ ചമ്പക്കുളത്ത് ഒരു സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനം ആരംഭിക്കുവാൻ സി.എം.ഐ. സന്യാസ സഭ തന്നെ മുന്നോട്ട് വരണമെന്ന് ടീച്ചർ ആഹ്വാനം ചെയ്തു.

ആഘോഷക്കമ്മറ്റി പ്രസിഡൻറും, കല്ലൂർക്കാട്ട് സെൻറ് മേരീസ് ഫൊറോന പള്ളി വികാരിയുമായ വെരി. റവ. ഫാദർ ജേക്കബ് തോട്ടനാനി സ്വാഗതവും, ജനറൽ കൺവീനർ ശ്രീ എം.പി. കുര്യൻ മലയാമ്പുറം കൃതജ്ഞതയും രേഖപ്പെടുത്തി.

❖ ❖ ❖ ❖ ❖

G 2144


പൊതുസമ്മേളന വേദിയിലേയ്ക്ക്
വിശിഷ്ടാതിഥികളെ ആനയിക്കുന്നു.














പൊതുസമ്മേളനം ഉൽഘാടനം.....


DHARMARAM COLLEGE LIBRARY
BANGALORE - 29


പൊതുസമ്മേളനത്തിൽ നിന്നും...






































RAIN OR SHINE JOHN'S UMBRELLA IS FINE





TM

John's Umbrella Mart

BETTER UMBRELLAS THROUGH RESEARCH

POST BAG No. 4407

TELEPHONE : 60346 (OFFICE)
245143 (RES)

TELEGRAM : SAINT JOHNS
FAX : 60346 60356

ALAPUZHA



കല്ലൂർക്കാട് ഇടവകയിൽ നിന്നും ദൈവവിളി സ്വീകരിച്ച് വിവിധ രംഗങ്ങളിൽ സേവനം ചെയ്യുന്നവർ

വൈദികർ

1. റവ: ഡോ. ആൻറണി കുര്യാളശ്ശേരി
2. റവ: ഫാ. ജോസഫ് തുമ്പയിൽ
3. റവ: ഫാ. മാത്യു മുല്ലശ്ശേരി
4. റവ: ഫാ. ആൻറണി പോരൂക്കര
5. റവ: ഫാ. ഫിലിപ്പ് നെൽപ്പുരപ്പറമ്പിൽ
6. റവ: ഫാ. സി.ഏ. ആൻറണി ചേന്നാട്ടുശ്ശേരി
7. റവ: ഫാ. തോമസ് തൈത്തോട്ടം (പുതിയാമഠം)
8. റവ: ഫാ. മാത്യു തെങ്ങുംപള്ളി സി.എം.ഐ
9. റവ: ഫാ. തോമസ് കൊച്ചേളേച്ചംകളം
10. റവ: ഫാ. തോമസ് തുമ്പയിൽ
11. റവ: ഡോ. തോമസ് കൊച്ചുതറ
12. റവ: ഫാ. ആൻറണി എളേച്ചംകളം
13. റവ: ഫാ. സെബാസ്റ്റ്യൻ നാരകത്തറ
14. റവ: ഫാ. കുര്യൻ ഇളംങ്കുളം
15. റവ: ഫാ. മാത്യു തുമ്പേച്ചിറയിൽ
16. റവ: ഫാ. അലക്സാണ്ടർ കൂലിപ്പുരയ്ക്കൽ. C.M.I
17. റവ: ഫാ. ജോസ് കൂലിപ്പുരയ്ക്കൽ സി.എം.ഐ
18. റവ: ഡോ. ആൻറണി വള്ളവന്തറ സി.എം.ഐ
19. റവ: ഫാ. ജെയിംസ് പുത്തൻപറമ്പിൽ സി.എം.ഐ.
20. റവ: ഫാ. ജോസ് ടി. മേടയിൽ സി.എം.ഐ
21. റവ: ഫാ. എബ്രഹാം ജെ. വല്ലയിൽ സി.എം.ഐ
22. റവ: ഫാ. ജോസഫ് മലായമ്പുറം സി.എം.ഐ
23. റവ: ഫാ. ഫിലിപ്പ് ലൂയിസ് പുത്തൻപറമ്പിൽ C.M.I
24 റവ: ഫാ. സെബാസ്റ്റ്യൻ പുനയാർ സി.എം.ഐ
25. റവ: ഫാ. ജെയിംസ് തയ്യിൽ സി.എം.ഐ.
26. റവ: ഫാ. മാത്യുഅറേക്കളം സി.എം.ഐ
27. റവ: ഫാ. നൈനാൻ തെക്കുന്തറ സി.എം.ഐ
28 റവ: ഫാ. നിക്ലാവോസ് വഞ്ചിക്കൽ സി.എം.ഐ
29 റവ: ഫാ. മാത്യു കടവുങ്കൽ എസ്.ഡി.ബി.
30 റവ: ഫാ. ജ്ഞാനപ്രകാശ് മുണ്ടയ്ക്കൽ I.M.S
31 റവ: ഫാ. ദേവസ്യാ മണത്തറ എസ്.ഡി.ബി.
32 റവ: ഫാ. പ്രേം ആൻറണി കരിക്കം മഠം I.M.S
33 റവ: ഫാ. എഡ്വേർഡ് വണ്ടകം OFM cap
34 റവ: ഫാ. ഫിലിപ്പ് മണത്തറ
35 റവ: ഫാ. തോമസ് തുമ്പയിൽചിറയിൽ
36 റവ: ഫാ. ഐസക്ക് അഞ്ചിൽ
37 റവ: ഫാ. ജോസഫ് കൊല്ലംങ്കളം
38 റവ: ഫാ. തോമസ് പുതുക്കരി
39 റവ: ഫാ. ജോസഫ് കല്ലൂപ്പറമ്പിൽ

സന്യാസ സഹോദരന്മാർ

ബ്ര. ആൻറണി പുതുമന
ബ്ര. യേശുദാസ് മുണ്ടകത്തിൽ എം. സി.
ബ്ര. ചാക്കോ വണ്ടകം എസ്. ജെ.

സന്യാസിനികൾ

റവ: മദർ മേരി ഇസ്പിരിയത്ത് പോരൂക്കര S.A.B.S
ഡോ സി. മേബിൽ തോമസ് മാപ്പിളശ്ശേരി എം.എസ്.ജെ
സി. ഫ്രാൻസിസ് പള്ളത്തുശ്ശേരി സി.എം.സി.
സി. ക്രിസ്റ്റില്ലാ ചക്കാലയിൽ സി.എസ്.എൻ.
സി. ഇസ്പിരിത്ത് പോരൂക്കര എഫ്.സി.സി.
സി. റെജിൻ മേരി കാട്ടാമ്പള്ളി എസ്.എ.ബി.എസ്.
സി. ഫബിയോള പുതിയാമഠം എസ്. ഡി.
സി. കൊള്ളറ്റ് പോരൂക്കര എസ്. എച്ച്
സി. മേരി ആൻസലമാ വാഴപ്പറമ്പിൽ R.N.D.M.
സി. ദീമാ മാതിരംപള്ളി എഫ്. സി.സി.
സി. റോസീനാ കൊച്ചേളേച്ചംകളം എഫ്.സി.സി.
സി. റിറ്റി. മാടംമാത്തറ എസ്.എ.ബി.എസ്
സി. സോഫി മേനാംവീട് എഫ്.സി.സി
സി. മേരി മഗ്ദാ എം.സി.
സി. മെർലിറ്റ് വാണിയപുരയ്ക്കൽ S.A.B.S
സി. ജിൻസിഅഞ്ചിൽഎഫ്.സി.സി
സി. റോസിയാ കൊണ്ടകശ്ശേരി എഫ്.സി.സി
സി. ആലീസ് മരിയാ എഫ്.സി.സി.
സി. ട്രീസാ വടക്കംമുറി പുത്തൻപറമ്പിൽS.A.B.S
സി. ആലീസ് പഴവീട്ടിൽ പള്ളത്തുശ്ശേരി എഫ്.സി.സി
സി. കുസുമം പഴവീട്ടിൽ പള്ളത്തുശ്ശേരി എഫ്.സി.സി
സി. ലീമാ വടക്കംമുറി പുത്തൻപറമ്പിൽS.A.B.S.
സി. ബെന്നറ്റ് അറായ്ക്കളം എസ്. എച്ച്
സി. റ്റെസ്മി സെബാസ്റ്റ്യൻ മംഗലം എസ്. എച്ച്
സി. ജ്യോതി തുരുത്തയിൽ എസ്. സി. ബി.
സി. അൽമാ മംഗലം എസ്.ഐ.സി.
സി. സീമാ ഫ്രാൻസിസ് കൊല്ലംങ്കളം എ.എസ്.എം.ഐ
സി. എൽസി വല്യാറ എസ്.എ.ബി.എസ്
സി. പുഷ്പിത പൊറ്റക്കാട് എം.സി.
സി. ആൻസിറ്റാ താമരശ്ശേരി. എസ്.എ.ബി.എസ്.
സി. സ്റ്റാർലെറ്റ് വണ്ടകം എഫ്.സി.സി.
സി. റോസ് തോമസ് കൂലിപ്പുരയ്ക്കൽ. സി.എം.സി.
സി. ബെറ്റി. കൂലിപ്പുരയ്ക്കൽ



സി. ബെറ്റി വല്യാറ ഓണംപള്ളി എസ്.എച്ച്
സി. വിമലാ കരിക്കംമഠം
സി. ആൻസിനാ പഴവീട്ടിൽ
സി. മംഗലാ കൂലിപ്പുരയ്ക്കൽ എസ്.ഐ.സി.
സി. ലിൻസി മേരി തിരുനിലം എസ്.എ.ബി.എസ്.
സി. ഹിലാരിയാ ആലംന്തറ എസ്. എച്ച്
സി. ആൻസില്ലാ കളത്തിപ്പറമ്പിൽ എഫ്.സി.സി.
സി. ആലീസ് ജെറിൻ സി.എം.സി.
സി. ഗ്രേസി തുരുത്തയിൽ എഫ്.സി.സി.
സി. എൽസി കുടിലിൽ. എസ്.എ.ബി.എസ്.
